2024 JUNE 16

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



## സ്വപ്നങ്ങൾ ബാക്കിയാക്കി

# അഗ്നിനാളങ്ങൾ വിഴുങ്ങിയ ജീവിതങ്ങൾ

The Weekly
emalayalee.com
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

Editorial

# കുവൈത്ത് അഗ്നിബാധ തുറന്നുകാട്ടുന്നത് പ്രവാസി ദുരിതത്തിന്റെ നേർചിത്രം

കുവൈത്തിൽ അൽ- മാഗെഫിലെ തൊഴിലാളി ക്യാമ്പിലുണ്ടായ വൻ തീപിടുത്തത്തിൽ മരിച്ച നാൽപ്പത്തൊമ്പതു പേരിൽ നാൽപ്പത്തിമൂന്നുപേരും ഇന്ത്യക്കാരാണ്. മരണമടഞ്ഞ ഇരുപത്തിനാലു മലയാളികളിൽ തിരിച്ചറിഞ്ഞത് പത്തൊമ്പതു പേരെയാണ്. ഇനിയും ഒമ്പതു പേർ അതീവ ഗുരുതരാവസ്ഥയിൽ വിവിധ ആശുപത്രികളിൽ തുടരുകയാണ്.



ഈ സംഭവത്തിൽ ദൃക്സാക്ഷികൾക്ക് ഇപ്പോഴും നടുക്കം മാറിയിട്ടില്ല. കെട്ടിടത്തിന്റെ കോണിപ്പടികളിൽ വരെ ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾ ആ ദുരന്തത്തിന്റെ ഭീകരതയുടെ നേർക്കാഴ്ച ആയിരുന്നു. കെട്ടിടത്തിന്റെ (ബ്ലോക്ക് 4) താഴത്തെ നിലയിൽ നിന്നാണ് തീ പടർന്നു തുടങ്ങിയത്.

കെട്ടിടത്തിന്റെ സുരക്ഷാ ജീവനക്കാരന്റെ മുറിയിലെ പാചക വാതക സിലിണ്ടർ പൊട്ടിത്തെറിച്ച് തീ പടരുകയും, പുലർച്ചെ ഉറക്കത്തിൽ ഉണ്ടായ തീപിടുത്തത്തിൽ പരിഭ്രമിച്ച് മുകളിലെ നിലകളിൽ നിന്നും താഴേക്കു ചാടിയവരും ഉറക്കത്തിൽ വിഷപ്പുക ശ്വസിച്ചവരും ഒക്കെയാണ് തത്ക്ഷണം മരിച്ചത്. താഴത്തെ നിലയിൽ നിന്നുയർന്ന കറുത്ത പുകയിൽ കണ്ണുതുറക്കാനാകാതെ രക്ഷപ്പെടാൻ പരക്കം പാഞ്ഞവർ ഒടുവിൽ മരണത്തിനു കീഴടങ്ങുകയായിരുന്നു. കെട്ടിടത്തിൽ നിന്നും താഴേക്കു ചാടിയ പലരും ഗുരുതരാവസ്ഥയിൽ ആശുപത്രികളിൽ കഴിയുകയാണ്.

അപകടം നടന്നത് പുലർച്ചെ ആയത് അപകടത്തിൽ മരണസംഖ്യ വർദ്ധിക്കാൻ കാരണമായി. ഷിഫ്റ്റ് ജോലി ആയതിനാൽ ജോലി സ്ഥലത്തായതും, അഗ്നി രക്ഷാ സേനയ്ക്ക് വളരെ വേഗം തീ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞതുമാണ് ദുരന്ത തീവ്രത ലഘൂകരിച്ചത്. എൻ ബി ടി സി കമ്പനിയിലെ തൊഴിലാളികളായ 195 പേർ ഉൾപ്പെടെ ഇരുന്നൂറു പേർ കെട്ടിടത്തിൽ താമസിച്ചിരുന്നു. സംഭവ സമയത്ത് നൂറ്റി അറുപതോളം പേരാണ് കെട്ടിടത്തിൽ ഉണ്ടായിരുന്നത്.

ഇപ്പോൾ പുറത്തു വരുന്ന വാർത്തകൾ ചൂണ്ടിക്കാട്ടുന്ന മറ്റൊന്നുണ്ട്. അത് കുവൈത്തിലെ ലേബർ ക്യാമ്പുകളിലെ സുരക്ഷയിലെ പാളിച്ചകളെക്കുറിച്ചാണ്. ഇപ്പോൾ ലേബർ ക്യാമ്പുകളിലെ സുരക്ഷാ മാനദണ്ഡങ്ങളെ കൂടുതൽ ഗൗരവത്തോടെ സമീപിക്കുകയാണ് കുവൈത്ത് അധികൃതർ എന്നു കാണാം. കെട്ടിട ഉടമകൾ സുരക്ഷാമാർഗനിർദ്ദേശങ്ങൾ ലംഘിക്കുകയാണണങ്കിൽ കടുത്ത നടപടികളിലേക്കു കടക്കാനാണ് കുവൈത്ത് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. നിയമ ലംഘനം കണ്ടെത്തിയാൽ ഉടമകൾക്കെതിരെ നടപടി ഉണ്ടാകുമെന്ന് കുവൈത്ത് മന്ത്രി ഷെയ്ഖ് ഫഹദ് അൽ യൂസഫ് അറിയിച്ചു കഴിഞ്ഞു.

കുവൈത്ത് ഇതുവരെ കണ്ടിട്ടുള്ളതിൽ ഏറ്റവും ഗുരുതരമായ തീപിടുത്തമാണ് ഇപ്പോൾ സംഭവിച്ചത്. അതിനാൽത്തന്നെ തീപിടുത്തമുണ്ടായ കെട്ടിടത്തിന്റെ ഉടമയെ അറസ്റ്റു ചെയ്യാൻ സർക്കാർ ഉത്തരവിടുകയും ചെയ്തു. നിയമ ലംഘനം ഉണ്ടായിട്ടുണ്ടോ എന്നറിയാൻ അന്വേഷണം തീരുംവരെ കെട്ടിട ഉടമയേയും സെക്യൂരിറ്റി ജീവനക്കാരനേയും കസ്റ്റഡിയിൽ വയ്ക്കാനും ഉത്തരവിട്ടു. രാജ്യത്തെ വിവിധ കെട്ടിടങ്ങളിൽ മിന്നൽ പരിശോധന നടത്തി കെട്ടിടത്തിലെ സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കും. സാധ്യമായ എല്ലാ സഹായങ്ങളും അപകടത്തിൽപ്പെട്ടവർക്കു നൽകാൻ നോർക്കയുടെ ആഭിമുഖ്യത്തിലും പ്രവാസികൾ മുൻകൈ എടുത്തും ശ്രമം നടക്കുന്നുണ്ട്.

ഈ ഘട്ടത്തിൽ ഒന്ന് പറയാതെ വയ്യ. പ്രവാസികളാണ് കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ നെടുംതൂൺ എന്നു പറയുമ്പോഴും വിദേശ രാജ്യങ്ങളിൽ ചെന്ന് ദുരിത ജീവിതം നയിച്ച് ഒടുവിൽ എത്ര പണം നാട്ടിലേക്ക് അയക്കുമ്പോഴും അവരുടെ സുരക്ഷയുടെ കാര്യത്തിൽ ആർക്കും അത്ര വേവലാതിയൊന്നും തോന്നാറില്ല. ഓരോ ദുരന്തവാർത്തയും കുറച്ചു ദിവസത്തെ ചർച്ചകൾക്കുശേഷം എല്ലാവരും കൃത്യമായി മറക്കുകയും ചെയ്യും. ഈ ദുരന്തത്തിനും അതു തന്നെയാവും ഗതി. ശരിയാണ്, ഇത് ഇന്ത്യയിൽ സംഭവിച്ച ദുരന്തമല്ല. മറ്റൊരു രാജ്യത്ത്, ആ നിയമ വ്യവസ്ഥയ്ക്കുള്ളിലാണ് സംഭവം നടന്നത്. അവിടെ ഇടപെടാൻ നമുക്ക് പരിമിതികൾ ഏറെയാണ്. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും, ചികിത്സയിൽ ഉള്ളവർക്ക് വേണ്ട സഹായം ചെയ്യാനും, മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനുമൊക്കെ മാത്രമേ നമ്മുടെ സർക്കാരിനാകൂ. ഇതൊക്കെ സംഭവത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാതെ, പുറമേയുള്ള മരുന്നു വയ്ക്കൽ മാത്രമാണ് എന്നതാണ് സത്യം.



ജോർജ് ജോസഫ്
ചീഫ് എഡിറ്റർ



സുനിൽ ട്രൈസ്റ്റാർ
മാനേജിംഗ് എഡിറ്റർ

കേരളം വിട്ട്, അല്ലെങ്കിൽ രാജ്യം വിട്ട് ഒരാൾ മറ്റൊരു നാട്ടിലേക്ക് ജോലി തേടിപ്പോകുന്നത് എന്തിനാണ്? മതിയായ ജോലിയും അതിന് ന്യായമായ പ്രതിഫലവും കിട്ടാതാകുമ്പോഴാണ് ഒരുവൻ ജന്മനാട് ഉപേക്ഷിക്കുന്നത്. രൂപയുടെ വിനിമയ നിരക്കിലെ അന്തരവും കുടുംബത്തെ സുരക്ഷിതമാക്കാനുള്ള ചിന്തയും ഒക്കെയാണ് ഒരുവനെ പ്രവാസിയാക്കുന്നത്. അങ്ങനെ നാട് ഉപേക്ഷിക്കുന്നവരിൽ ഒരു ചെറിയ കൂട്ടർ വളരെ ഉയർന്ന നിലയിൽ ജീവിക്കുമ്പോൾ ബഹുഭൂരിപക്ഷവും ലേബർ ക്യാമ്പുകളിലെ ഇടുങ്ങിയ മുറികളിൽ ജീവിതം കോർത്തിടുകയാണ്. അവരുടെ ത്യാഗമാണ് നമ്മുടെ നാട്ടിലെ ജീവിതത്തിനു നിറം പകരുന്നത്.

എന്നിരുന്നാലും ഗൃഹാതുരത്വത്തിന്റെ മേലങ്കിയണിയിച്ച് പ്രവാസിയുടെ കണ്ണീർക്കഥകൾ വായിച്ചു നെടുവീർപ്പിടുകയല്ലാതെ അവരുടെ പ്രവാസ ജീവിതം മെച്ചപ്പെടുത്താൻ വേണ്ട ഏതെങ്കിലും പ്രവർത്തനം ആരും നിർദ്ദേശിക്കില്ല. കാരണം, പ്രവാസി പണമുണ്ടാക്കുന്നത് സ്വന്തം കുടുംബത്തിനു വേണ്ടി മാത്രമാണ് എന്ന ചിന്തയാവും നമ്മളിൽ നിറയുക. അവൻ ലേബർ ക്യാമ്പ് പരിമിതിയിൽ താമസിച്ച്, രുചികരമായ ഭക്ഷണം വേണ്ടെന്നു വെച്ച് കരുതിവയ്ക്കുന്ന തുകയാണ് ഇവിടെ നമ്മുടെ സമ്പദ് വ്യവസ്ഥയെ പിടിച്ചു നിർത്തുന്നത് എന്ന സത്യം കണ്ടില്ലെന്നു നടിക്കാനാകും നമുക്ക് താത്പര്യം. ഇപ്പോൾ കുറേ മനുഷ്യർ തീയിൽ പെട്ട ഇയാംപറ്റകളെപ്പോലെ എല്ലാ മോഹങ്ങളും പാതി വഴിക്ക് വിട്ട് എരിഞ്ഞു തീർന്നിരിക്കുന്നു. ഇനിയും ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കട്ടെ എന്നു മാത്രമല്ല, പ്രവാസികൾക്കായി അവരുടെ കുടുംബഭദ്രതയ്ക്കായി നമുക്ക് എന്തു ചെയ്യാനാകും എന്ന ചിന്തയും രൂപം കൊള്ളട്ടെ. ഒരപകടവും ആരുടേയും കണ്ണുതുറപ്പിക്കുന്നില്ല എന്ന യാഥാർത്ഥ്യം മറക്കുന്നില്ല, എങ്കിലും പ്രതീക്ഷയാണ്, ഇനിയുമിത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കട്ടെ.





# സ്വപ്നങ്ങൾ ബാക്കിയാക്കി അഗ്നിനാളങ്ങൾ വിഴുങ്ങിയ ജീവിതങ്ങൾ

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: കഴിഞ്ഞ ദിവസം കുവൈറ്റ് മംഗഫിൽ തൊഴിലാളി ക്യാമ്പ് കെട്ടിടത്തിലെ തീ പിടുത്തത്തിൽ പൊലിഞ്ഞു പോയ 50 ജീവിതങ്ങൾ; വിധിയുടെ ക്രൂരത എന്നല്ലാതെ എന്ത് പറയാൻ. പ്രഭാതത്തിൽ എഴുന്നേറ്റു പതിവ് ജോലികളിൽ ഏർപ്പെടാമെന്ന പ്രതീക്ഷയോടെ രാത്രിയിൽ ഉറങ്ങാൻ കിടന്നവർ രാവിലെ നാലുമണിയോടടുത്ത സമയം അഗ്നിനാളങ്ങളിൽ നിന്നും ഉയർന്ന കറുത്ത പുകയിൽ ശ്വാസം കിട്ടാതെ പിടഞ്ഞു മരിക്കുന്നു. വാർത്ത കെട്ടവരിലെല്ലാവരിലും ഞെട്ടൽ ഉളവാക്കിയ നിമിഷങ്ങൾ. ഒരു മലയാളി സംരംഭകന്റെ എൻ.ബി.ടി.സി എന്ന കെട്ടിട നിർമ്മാണ കമ്പനിയിലെ ജീവനക്കാർ താമസിച്ചിരുന്ന ബഹുനില കെട്ടിടത്തിലെ അമ്പതു പേരാണ് മരണപ്പെട്ടവർ. അതിൽ 46 പേരും ഇന്ത്യക്കാരും അവരിൽ 24 പേർ മലയാളികളും ആയിരുന്നു എന്നറിയുമ്പോൾ മലയാളീ സമൂഹം ആകെ ദുഃഖത്തിലാണ്ടു പോയി. വേർപാടിൽ ദുഖാർത്ഥരായ കുടുംബാംഗങ്ങളുടെ വേദനയിൽ അമേരിക്കൻ മലയാളീ പ്രവാസികളും പങ്കുചേരുകയും പ്രിയപ്പെട്ടവരോടുള്ള അനുശോചനവും ആദരാഞ്ജലികളും രേഖപ്പെടുത്തുകയും ചെയ്യുന്നു.

മരണപ്പെട്ട മലയാളികളിൽ എല്ലാവരും തന്നെ നാൽപ്പതു വയസ്സിൽ താഴെയുള്ള യുവാക്കളാണെന്ന് കാണുമ്പോൾ മനോദുഃഖം കൂടുതൽ ഖനീഭവിക്കുന്നു. സ്വന്തം കുടുംബത്തിന് വേണ്ടിയും കുഞ്ഞുങ്ങളുടെ നല്ല ഭാവിക്കു വേണ്ടിയും ധാരാളം സ്വപ്നങ്ങളുമായി വിദേശത്തേക്ക് തൊഴിൽ സംബന്ധമായി പോയവരാണ് അവരെല്ലാവരും. ഉറങ്ങാൻ കിടന്നവർ നിനച്ചിരിക്കാത്ത നിമിഷത്തിൽ വൻ ദുരന്തത്തിന്റെ പങ്കാളികളായി നേരം വെളുപ്പിക്കാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. ഒത്തിരി പ്രതീക്ഷകളും സ്വപ്നങ്ങളും ബാക്കിയാക്കി പ്രിയപ്പെട്ടവരെ തനിച്ചാക്കി അവർ മറ്റൊരു ലോകത്തിലേക്ക് യാത്രയായി. അവരിൽ പലരും ഓരോ കുടുംബങ്ങളുടെ അത്താണികളായിരുന്നു. നല്ല വിദ്യാഭ്യാസം കൈവരിച്ചവരും വിവിധ തൊഴിലുകളിൽ പ്രാവീണ്യം നേടിയവരും ഉണർന്നെഴുന്നേൽക്കുന്നതിനു മുമ്പ് ഒന്നും ഇല്ലാത്തവരായി.

സ്വന്തമായൊരു വീട് പണിത് വാടക വീട്ടിൽനിന്നുംമാറിതാമസിക്കണമെന്ന് സ്വപ്നം കണ്ടവർ, ദീർഘനാളത്തെ പ്രവാസ ജീവിതത്തിനു ശേഷം രണ്ടു മാസങ്ങൾക്കകം നാട്ടിലെ കുടുംബത്തൊടൊത്തു ജീവിക്കണമെന്ന് ആഗ്രഹിച്ചവർ, കുടുംബ ജീവിതത്തിൽ പുതിയ അംഗമായി വന്ന കൊച്ചു മോൻറെ മാമോദീസ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തവർ, പിറക്കാനിരിക്കുന്ന കുഞ്ഞിനായി പുതിയ ഉടുപ്പുകൾ വാങ്ങി സൂക്ഷിച്ചു വെച്ചവർ, ഒരു ജോലി ലഭിച്ചതിനാൽ ഇനി



അധികം താമസിയാതെ നാട്ടിലെത്തി വിവാഹം കഴിക്കണമെന്നു കണക്ക് കൂട്ടിയവർ, രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പ് അമ്മയും ഭാര്യയുമായി കുശല സംഭാഷണം നടത്തിയവർ... അങ്ങനെ വിവിധങ്ങളായ യാഥാർഥ്യമാകാത്ത സ്വപ്നങ്ങൾ ബാക്കിയാക്കി പ്രിയപ്പെട്ടവരെ അഗാധ ദുഖത്തിലാഴ്ത്തിയാണ് അവർ യാത്ര ആയത്.



ആവശ്യത്തിന് പഠിപ്പും വിദ്യാഭ്യാസവും ഉണ്ടായിട്ടും സ്വന്തം നാട്ടിൽ നല്ലൊരു ജോലിയും ജീവിക്കുവാനുള്ള സാഹചര്യവും ഇല്ലാത്തതിനാലാണ് മരണപ്പെട്ടവരിൽ മിക്കവാറും പേർ സ്വന്തം കുടുംബങ്ങളെ വിട്ട് വിദേശത്തേക്ക് വിമാനം കയറിയത്. അൽപ്പം കഷ്ടപ്പെട്ടിട്ടാണെങ്കിലും കുടുംബാംഗങ്ങളിൽ നിന്നും അകന്നു ജീവിക്കേണ്ടി വന്നാലും ആരുടെ മുൻപിലും കൈ നീട്ടാതെ അന്തസ്സായി ജോലി ചെയ്ത് ജീവിക്കാമെന്ന മോഹത്തിലാണ് അവരെല്ലാവരും കുവൈറ്റിലേക്ക് പോയത്. സ്വന്തം നാട്ടിൽ അന്തസ്സായി ജീവിക്കാൻ പറ്റുന്ന അവസരമുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ഇവരൊന്നും പ്രവാസ ജീവിതം തിരഞ്ഞെടുക്കില്ലായിരുന്നു. നമ്മുടെ നാട്ടിലെ യുവജനങ്ങൾ അധികം പേരും അന്യ സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും പോകുന്നത് സ്വന്തം നാട്ടിൽ നല്ലൊരു തൊഴിലവസരം ഇല്ലാത്തതിനാലാണ്. ഈക്കാര്യത്തിൽ ഭരണകർത്താക്കളും അധികാരികളും ശ്രദ്ധ കൊടുക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. ഇത്തരം ദുരന്തങ്ങളും അവസരങ്ങളാക്കി തങ്ങളുടെ വിജയത്തിനുള്ള വോട്ടുറപ്പിക്കാനാണ് ഭരണകർത്താക്കളുടെ ശ്രമം.

എന്തായാലും ഈ കുവൈറ്റ് അഗ്നിബാധ ദുരന്തത്തിൽ കേന്ദ്ര സർക്കാർ ഉണർന്നു പ്രവർത്തിച്ചു എന്നത് പ്രശംസനീയമാണ്. കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർധൻ സിങ് നേരിട്ട് കുവൈറ്റിലെത്തി വേണ്ട ക്രമീകരണങ്ങൾ ചെയ്തു. അതിനാൽ ഒട്ടും താമസിയാതെ എയർഫോഴ്സിന്റെ പ്രത്യേക വിമാനത്തിൽ മൃതദേഹങ്ങൾ എല്ലാം ഇന്ന് നാടിലെത്തിക്കാൻ സാധിച്ചു എന്നതും എടുത്തു പറയേണ്ടതാണ്. ഇത്തരം അവസരങ്ങളിൽ സർക്കാറിൻെറ ഉണർന്നുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച് വിദേശരാജ്യത്ത് സംഭവിച്ച ഒരു ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇതുപോലുള്ള ഇടപെടലുകൾ നിർബന്ധമാണ്.

പ്രവാസികളായോ കുടിയേറ്റക്കാരായോ സ്വന്തം നാട്ടിൽ നിന്നും അകന്ന് ജീവിക്കുന്ന അമേരിക്കൻ മലയാളികളും, സ്വന്തം നാട്ടിൽ എന്തെങ്കിലും ദുരിതം സംഭവിച്ചാൽ സഹായഹസ്തവുമായി ഓടി എത്താറുണ്ട്. ഈ ദുരന്തത്തിന്റെ പശ്ചാത്തലത്തിലും ദുഖാർത്ഥരായ കുടുംബാംഗങ്ങളോടൊപ്പമാണ് ലോകമെമ്പാടുമുള്ള മലയാളികൾ. നിമിഷ നേരത്തിനുള്ളിൽ കെട്ടണയാവുന്ന ജീവിതത്തിൽ അഹങ്കരിച്ചിട്ടും ശത്രുത വച്ച് ജീവിച്ചിട്ടും എന്ത് കാര്യം. പ്രിയപ്പെട്ടവർ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അത് തീരാനഷ്ടം. സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ സാധിക്കാത്ത ജീവിതാനുഭവം നാളെ നമുക്കും സംഭവിക്കാം. വേർപാടിന്റെ ദുഖത്തിലായിരിക്കുന്ന കുടുംബങ്ങൾക്ക് മുമ്പിൽ ഒരിറ്റ് കണ്ണീരിൽ കുതിർന്ന ബാഷ്പാഞ്ജലികൾ.



# കേരളത്തിൽ ഏറ്റം വലിയ സമൂഹ ബലിദിനം



കുര്യൻ പാമ്പാടി

കേരളീയരുടെ പ്രവാസി ജീവിതം ആരംഭിച്ചു നൂറു വർഷത്തിനുള്ളിൽ ഇങ്ങിനെയൊരു സമൂഹ ശവസംസ്കാരം കണ്ടിട്ടില്ല. കുവൈറ്റിൽ നിന്ന് ഇന്ത്യൻ വ്യോമസേനാ വിമാനത്തിൽ വെള്ളിയാഴ്ച കൊച്ചിയിൽ എത്തിച്ച 23 മൃതദേഹങ്ങൾ കേരളത്തെ മറ്റൊരു ദുഖവെള്ളിയാക്കി മാറ്റി

രണ്ടാം ലോകമഹായുദ്ധത്തിൽ ബർമ്മയിലേക്കു മാർച്ച് ചെയ്തു ജപ്പാനെതിരെ യുദ്ധം ചെയ്തു മരിച്ച മലയാളികളെ കൊഹിമയിലെ വാർ സെമിത്തേരിയിൽ അടക്കം ചെയ്യുകയായിരുന്നു. അവരുടെ പേരുകൾ ഇന്നും അവിടെ മായാതെ നില്കുന്നു. ടോറന്റോയിൽ നിന്ന് വന്ന കനിഷ്ക്ക ജംബോ ജെറ്റ് തകർന്നു മരിച്ച മലയാളികളെ പലനാളുകളിലായി എത്തിക്കുകയായിരുന്നു.

എന്നാൽ വിയറ്റ്നാമിലും അഫ്ഗാനിസ്ഥാനിലും മരിച്ച അമേരിക്കൻ ഭടൻമാരെ കൂട്ടമായി അമേരിക്കയിൽ എത്തിച്ചതു പോലെ മലയാളി മനസിനെ നടുക്കിയ ഒരു രംഗത്തിനാണു നെടുമ്പാശേരി വിമാനത്താവളം സാക്ഷ്യം വഹിച്ചത്.

മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രത്തിലെ മലയാളി മന്ത്രിമാരും ജനപ്രതിനിധികളും മരിച്ചവരുടെ ബന്ധുമിത്രാദികളും അടക്കം വിമാനത്താവളത്തിലെ കാർഗോ ബേയിലെ പന്തലിനുള്ളിൽ ആയിരക്കണക്കിനാളുകളാണ് മൃതദേഹങ്ങൾ






ഏറ്റുവാങ്ങാനും ആദരിക്കാനും ഒത്തുക്കൂടിയത്.

23 മൃതദേഹങ്ങളിലും മുഖ്യമന്ത്രി പുഷപമഞ്ജരി സമർപ്പിച്ചു. ഒപ്പം കുവൈറ്റിൽ മരിച്ച ഏഴു തമിഴ്നാട്ടുകാരുടെ മൃതദേശങ്ങൾ ഏറ്റുവാങ്ങാൻ എത്തിയ ന്യൂനപക്ഷ വകുപ്പ് മന്ത്രി കെഎസ് മസ്താനും ഉണ്ടായിരുന്നു.

മുതദേഹങ്ങൾ എല്ലാം ഗവർമെന്റ് ഏർപ്പെടുത്തിയ ആംബുലന്സുകളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈകുന്നേരത്തോടെ എത്തിച്ചു. പലയിടങ്ങളിലും വെള്ളിയാഴ്ച തന്നെ സംസ്കാരം നടത്തി. ചിലയിടങ്ങളിൽ ശനിയാഴ്ച.





കോട്ടയം ഉൾപ്പെടയുള്ള ചിലയിടങ്ങളിൽ തിങ്കളാഴ്ച്ചയാണ് സംസ്ക്കാരം. കോട്ടയം പാമ്പാടിക്കാരനായ സ്റ്റെഫിൻ എബ്രഹാമിന്റെ സംസ്ക്കാരം മാറ്റിയത് കുവൈറ്റിലുള്ള സഹോദരൻ എത്താൻ വേണ്ടിയാണ്.

ചാവക്കാട്ടെ ബിനോയ് തോമസ് അഞ്ചു ദിവസം മുൻപാണ് കുവൈറ്റിലേക്ക് പോയത്. രണ്ടരസെന്റിൽ കെട്ടിയ ഒറ്റമുറി വീടിന്റെ പണി പകുതിയായി നിൽക്കുമ്പോൾ മൃതദേഹവുമായി ആംബുലൻസ് എത്തി.







മരണമടഞ്ഞവർക്കു സഹായങ്ങൾ പ്രവഹിക്കുന്നുണ്ട്. ഇതിനകം 22 ലക്ഷം വരെയായി. അതിൽ കുവൈറ്റ് കമ്പനിയുടെ വക 8 ലക്ഷവും കേരള ഗവര്മെന്റും യൂസഫലിയും നൽകുന്ന 5 ലക്ഷം വീതവും ഉൾപ്പെടുന്നു. കുവൈറ്റ് ഗവർമെന്റ് വക സഹായം ആളുകൾ നോക്കിപ്പാർത്തിരിക്കുന്നു.

എയർഫോഴ്സ് വിമാനത്തിൽ മൃതദേഹങ്ങൾക്കൊപ്പം എത്തിയ കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർധൻ സിംഗ് പോയ വിവരങ്ങൾ മുഖ്യമന്ത്രിയുമായി പങ്കുവച്ചു. കേന്ദ്രത്തിന്റെ സഹായങ്ങൾക്ക് പിണറായി വിജയൻ നന്ദി പറയുകയും കൂടുതൽ സഹായങ്ങൾ നൽകുമെന്ന് പ്രത്യാശിക്കുകയും ചെയ്തു.

ആരോഗ്യമന്ത്രി വീണ ജോർജിനെ കുവൈറ്റിലേക്കു അയക്കാൻ കേരളം തയ്യാറായിരുന്നു. പക്ഷെ രാഷ്ട്രീയ കാരണങ്ങളാൽ കേന്ദ്രാനുമതി ലഭിച്ചില്ല. അതിന്റെ ന്യായാന്യായങ്ങളിലേക്കു ഇപ്പോൾ കടക്കുന്നില്ലെന്ന് മുഖ്യമന്ത്രി എടുത്തു പറഞ്ഞു. കേന്ദ്ര മന്ത്രി സുരേഷ് ഗോപി നേരത്തെ തന്നെ വിമാനത്താവളത്തിൽ സന്നിഹിതൻ ആയിരുന്നു. ഒരു മൃതദേഹത്തിൽ അദ്ദേഹം ഒരു റോസാ പുഷ്പം സമർപ്പിക്കുന്നതു കണ്ടു.



# കുവൈറ്റിലെ മരണത്തിൽ കലർത്തിയ രാഷ്ട്രീയം

**ഒരു മനുഷ്യന്റെ ഏറ്റവും വല്യ ദുഃഖം എന്താണെന്നറിയാമോ ? നമുക്ക് വേണ്ടപ്പെട്ടവർ മരിക്കുകയും അവരെ ദഹിപ്പിക്കുന്നത്, അടക്കം ചെയ്യുന്നത് കാണുകയും ചെയ്യുന്നതാണ്. അടക്കം ചെയ്ത സ്ഥലം കണ്മുന്നിൽതന്നെയാണെങ്കിൽ അത് ഭയാനകരമായ അവസ്ഥയാണ്. അവരുടെ ഓർമ്മകൾ നമ്മുടെ ചുറ്റും പറന്നു നടക്കുകയാണ് പിന്നെ.അവർ മരിച്ചത് അപകടത്തിൽ ആണെങ്കിൽ പിന്നെ ഒരിക്കലും സമാധാനം എന്തെന്ന് നമ്മളറിയില്ല. അത് വാരിത്തന്ന കൈകളാണെങ്കിലും വരിക്കൊടുത്ത വാ ആണെങ്കിലും സ്നേഹം പങ്കുവെച്ച ഹൃദയങ്ങളാണെങ്കിലും.**



**ചിഞ്ചു തോമസ്**

വിദേശത്തുള്ള ഇന്ത്യക്കാരുടെ കാര്യങ്ങൾ നോക്കാൻ വിദേശകാര്യമന്ത്രി ഉണ്ടെന്നിരിക്കെ കുവൈറ്റിൽ മരിച്ച 45 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരാനുള്ള നടപടികൾ വിദേശകാര്യ മന്ത്രാലയം സ്വീകരിച്ച ശേഷം മൃദേഹങ്ങൾ പെട്ടിയിലാക്കിക്കൊണ്ടിരിക്കുന്ന സമയത്ത് ഉടൻതന്നെ മൃതദേഹങ്ങൾ ചുമന്നുകൊണ്ട് ഇന്ത്യൻ എയർഫോഴ്സ് ഇന്ത്യയിലേക്ക് തിരിക്കുമെന്നിരിക്കെ എനിക്കും പോണം കുവൈറ്റിന് എന്നുപറഞ്ഞു എയർപോർട്ടിൽ കാത്തിരിക്കുന്ന വീണാ ജോർജ്! ഒടുക്കം അനുമതി നിഷേധിച്ചപ്പോൾ നമ്മുടെ ആളുകളാണ് കൂടുതൽ മരിച്ചത് എന്ന്കൂട്ടിച്ചേർത്ത് അനുമതി നിഷേധിച്ചത്തിലുള്ള പ്രയാസം രേഖപ്പെടുത്തി പോന്നു. കേരളത്തിൽനിന്ന് വീണാ ജോർജ് കർണാടകയിൽ നിന്ന് അവരുടെ പ്രതിനിധി പിന്നെ തമിഴ്നാട് ആന്ധ്രാപ്രദേശ് യുപി ഒഡിഷ്യ അങ്ങനെ മരിച്ചുപോയ ആൾക്കാരുടെ സംസ്ഥാനം നോക്കി ഓരോ ആള്ക്കാര് കുവൈറ്റിലേക്ക് പോകാനും കാര്യങ്ങൾ നോക്കാനും അനുമതി ചോദിച്ചു തുടങ്ങിയാൽ പിന്നെ കേന്ദ്ര സർക്കാരിൽ വിദേശകാര്യവകുപ്പ് എന്തിനാണ്? കേന്ദ്ര സർക്കാർ ഇന്ത്യക്കാരുടെ കാര്യങ്ങൾ സംസ്ഥാന വേർതിരിവില്ലാതെ നോക്കാൻ ഇരിക്കുന്നവരാണ്എന്നിരിക്കെ എന്തിനീ പ്രഹസനം? വേർതിരിവ് കാണിച്ചു എന്നൊക്കെ പറയാനില്ലേ നാണം?

സുരേഷ്ഗോപി എന്തുകൊണ്ട് ജയിച്ചു എന്നതിനുള്ള ഉത്തരം തിരയുകയാണ് മറ്റു പാർട്ടികൾ. അതിനുള്ള ഉത്തരം ഇന്ന് അദ്ദേഹത്തിനോട് ഒരു മാധ്യമപ്രവർത്തകൻ 'കുവൈറ്റിൽ മരിച്ചവരിൽ കൂടുതൽ മലയാളികളാണല്ലോ' എന്ന് തുടങ്ങുന്ന ചോദ്യത്തിന് മറുപടിയായിഅദ്ദേഹംപറയുന്നതിലുണ്ട് : മരിച്ചത് മലയാളി അല്ല ഭാരതീയരാണ്. അവരെല്ലാം ഭാരതത്തിന്റെ മക്കളാണ്. രാജ്യം വിട്ട് പുറത്തുപോയിക്കഴിഞ്ഞാൽ ഭാരതത്തിന്റെ പാസ്പോർട്ടിലാണ് പോകുന്നത്. ഭാരതമാണ് പിന്നെഅവരുടെ ജീവനും സ്വത്തിനും ജീവനത്തിനും ഉത്തരവാദികൾ. ഭാരതമത് കൃത്യമായി ചെയ്തിട്ടുണ്ട്!




ഇതിൽനിന്ന് എന്തു മനസ്സിലായി നിങ്ങൾക്ക്? സുരേഷ്ഗോപി എങ്ങനെ ജയിച്ചു എന്നതിനുള്ള ഉത്തരം കിട്ടിയോ?

വീണാ ജോർജിന് കേരളത്തിന്റെ ആരോഗ്യ മന്ത്രി എന്ന നിലയിൽ മുഖ്യമന്ത്രിയോട് പറഞ്ഞു ലോകകേരളസഭ കുവൈറ്റിലെ തീപിടുത്തത്തിൽ മരിച്ച കേരള ജനതയോടുള്ള ആദരസൂചകമെന്നനിലയിൽ നിർത്തിവെക്കാമായിരുന്നു. ലോകകേരളസഭ വിദേശത്തുള്ള കേരളജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ളതാണ് എന്നോർക്കണം. നമ്മളുടെ ആളുകളാണ് കൂടുതൽ മരിച്ചത് എന്ന് പറഞ്ഞ സ്ഥിതിക്ക് നമ്മളുടെ ആളുകൾക്ക് വേണ്ടിയുള്ള ആ പരിപാടി ദുഖസൂചകമായി നിർത്തിവെക്കണമായിരുന്നു.

ഒരു മനുഷ്യന്റെ ഏറ്റവും വല്യ ദുഃഖം എന്താണെന്നറിയാമോ :

നമുക്ക് വേണ്ടപ്പെട്ടവർ മരിക്കുകയും അവരെ ദഹിപ്പിക്കുന്നത്, അടക്കം ചെയ്യുന്നത് കാണുകയും ചെയ്യുന്നതാണ്. അടക്കം ചെയ്ത സ്ഥലം കണ്മുന്നിൽതന്നെയാണെങ്കിൽ അത് ഭയാനകരമായ അവസ്ഥയാണ്. അവരുടെ ഓർമ്മകൾ നമ്മുടെ ചുറ്റും പറന്നു നടക്കുകയാണ് പിന്നെ.അവർ മരിച്ചത് അപകടത്തിൽ ആണെങ്കിൽ പിന്നെ ഒരിക്കലും സമാധാനം എന്തെന്ന് നമ്മളറിയില്ല. അത് വാരിത്തന്ന കൈകളാണെങ്കിലും വരിക്കൊടുത്ത വാ ആണെങ്കിലും സ്നേഹം പങ്കുവെച്ച ഹൃദയങ്ങളാണെങ്കിലും.

അവരുടെ ദുഃഖത്തിൽ പങ്കുചേരുക. മരണത്തിൽ രാഷ്ട്രീയം കലർത്താതിരിക്കുക.

# ഗൾഫ് മലയാളി ചരിത്രത്തിൽ ഏറ്റവും വലിയ ദുരന്തം

## മരിച്ചതു 24 പേർ



കുര്യൻ പാമ്പാടി

കേരളത്തെ ഏറ്റവുംമധികം നടുക്കിയ കുവൈറ്റ് തീപിടുത്തത്തിൽ മരിച്ച അമ്പതിലേറെ പേരിൽ ബഹുഭൂരിപക്ഷവും ഇൻഡ്യാക്കാർ. അവരിൽ തന്നെ ഏറ്റവും അധികംപേർ മലയാളികൾ.

മലയാളിയുടെ കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്തിരുന്നവരാണ് മരിച്ചവരിൽ ഏറെയും.എൻബിടിസി കമ്പനിയിലെജോലിക്കാർക്കുവേണ്ടി കമ്പനി സ്പോൻസറുടെ പേരിൽ പണിത കെട്ടിടത്തിൽ 160 പേരെ താമസിപ്പിക്കാനുള്ള സൗകര്യമേ ഉള്ളുവെങ്കിലും ഇരുനൂറിലേറെ പേരെ കുത്തി നിറച്ചിരുന്നതായാണ് ആരോപണം.

കുവൈറ്റ് ആഭ്യന്തര മന്ത്രി ഷെയ്ഖ് ഫഹദ് അൽ യൂസഫ് അൽ സബാഹ് തന്നെ ഇക്കാര്യം സ്ഥിരീകരി ച്ചിട്ടുണ്ട്. കെട്ടിടത്തിന്റെയും കമ്പനിയുടെയും ഉടമകളെ പിടികൂടി ശിക്ഷിക്കുമെന്നു വരെ അദ്ദേഹം പ്രഖ്യാപിച്ചു.

ഏറ്റവും കൂടുതൽ പേർ മരിച്ച ഇന്ത്യയിൽ നിന്നു വിദേശകാര്യ സഹമന്ത്രി കീത്തി വർധൻ സിംഗ് കുവൈറ്റ് സിറ്റിയിലെ അഞ്ചു ആശുപത്രികളിൽ കഴിയുന്നവരെ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

കേരളത്തിന്റെ പുതിയ ബിജെപി മന്ത്രിമാരിൽ കോട്ടയംകാരൻനായ ജോർജ് കുര്യൻ ചടുലമായി ചരടുകൾ വലിച്ചു. മരിച്ചവരിൽ ഏറ്റവും കൂടുതൽ മലയാളികൾ ആയതിനാൽ കൂടുതൽ ഉത്തരവാദിത്തം തന്റേതാണെന്നു അദ്ദേഹത്തിന് ബോദ്ധ്യമായി. പത്തനംതിട്ടയിൽ മന്ത്രിവീണാ ജോര്ജും എംപി ആന്റോ ആന്റണിയും മരിച്ചവരുടെ വീടുകളിൽ പാഞ്ഞെത്തി.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാജില്ലകളിൽ നിന്നുള്ളവരെ തീപിടുത്തം ഒന്നല്ലെകിൽ മറ്റൊരു വിധത്തിൽ ബാധിച്ചു, കോട്ടയം. പത്തനം തിട്ട, ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലക്കാർക്കാണ് ഏറ്റവും വലിയ ദുരിതം നേരിട്ടത്. മരിച്ചവരിൽ പലരും എൻജിനീയറിങ് ബിരുദം ഉള്ളവരാണ്. നാട്ടിൽ എഞ്ചിനീയഖ്റിങ് കോളജിൽ അധ്യാപകരായിരുന്നവർ വരെ ഭാഗ്യം തേടി കുവൈറ്റിൽ എത്തി.

കോട്ടയം ഇത്തിത്താനത്ത് മരിച്ച സ്റ്റെഫിൻ എബ്രഹാം സാബുവിന്റെ കുടുംബം ഇന്നും വാടകവീട്ടിലാണ് കഴിയുന്നത്. പുതിയ വീട് പൂർത്തിയായി വരുന്നു. അതിന്റെ വെഞ്ചരിപ്പും വിവാഹവും ഒന്നിച്ചു നടത്താൻ പ്ലാനിട്ടിരിക്കുമ്പോഴാണ് എല്ലാ സ്വപ്നങ്ങൾക്കും മുകളിൽ ഇടിത്തീ

**തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാജില്ലകളിൽ നിന്നുള്ളവരെ തീപിടുത്തം ഒന്നല്ലെകിൽ മറ്റൊരു വിധത്തിൽ ബാധിച്ചു, കോട്ടയം. പത്തനം തിട്ട, ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലക്കാർക്കാണ് ഏറ്റവും വലിയ ദുരിതം നേരിട്ടത്. മരിച്ചവരിൽ പലരും എൻജിനീയറിങ് ബിരുദം ഉള്ളവരാണ്. നാട്ടിൽ എഞ്ചിനീയഴ്റിങ് കോളജിൽ അധ്യാപകരായിരുന്നവർ വരെ ഭാഗ്യം തേടി കുവൈറ്റിൽ എത്തി.**

വീഴുന്നത്. മരിച്ചവരുടെ കുടുംബങ്ങൾക്കു അഞ്ചുലക്ഷം രൂപ വീതം നഷ്ട്ട പരിഹാരം പ്രഖ്യാപിച്ച കേരളം ആരോഗ്യമന്ത്രി വീണ ജോർജിനെ അങ്ങോട്ടയക്കാനും നടപടി സ്വീകരിച്ചു. വ്യവസായ പ്രമുഖൻ എംകെ യൂസഫലിയും അഞ്ചു ലക്ഷം വീതം സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

ജീവഹാനി സംഭവിച്ചവർക്കും പൊള്ള ലേറ്റവർക്കും എല്ലാം മതിയയായ നഷ്ടപരിഹാരം നൽകുമെന്ന് കമ്പനി ഉടമ നിരണം നിരണം സ്വദേശി കെജി എബ്രഹാമും അറിയിച്ചു. 38 വർഷം മുമ്പ് 22ആം വയസിൽ സിവിൽ എൻജിനീയറിങ് ഡിപ്ലോമയുമായി കുവൈറ്റിൽ എത്തിയ അദ്ദേഹത്തിന്റെ ആദ്യ ശമ്പളം ശമ്പളം 60 ദിനാർ ആയിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ സ്വത്തു നാലായിരം കോടി രൂപ. കമ്പനികളിൽ ആറായിരം പേർ ജോലിചെയ്യുന്നു.

കൺസ്ട്രക്ഷനാണ് പ്രധാനം. ഓയിൽ വ്യവസായം, വിദ്യാഭ്യാസം, ഹോട്ടൽ തുടങ്ങിയ മേഖലകളിലും കൈവച്ചിട്ടുണ്ട്. എറണാകുളം കുണ്ടന്നൂരിലെ ക്രൗൺ പ്ലാസ, തിരുവല്ലയിലെ എലൈറ്റ് കോണ്ടിനെന്റൽ എന്നിവയുടെ ഉടമയാണ്.

കെജി എബഹാം ജനിച്ചു വളർന്ന നിരണം പഞ്ചായത്തിലെ കാട്ടുനിലം, തോട്ടടി വാർഡുകളിൽ ഒരു വീട്ടിൽ ഒരാളെങ്കിലും എബർഹാമിന്റെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.

ജോലിക്കാർക്കു താമസിക്കുവാൻ കെട്ടിയ ബഹുഃനില കെട്ടിട സമുച്ചയത്തിൽ ഒന്നിന്റെ സ്റ്റോർ മുറിയിൽ സൂക്ഷിച്ചിരുന്ന പാചക സിലിണ്ടറുകൾ പൊട്ടിത്തെറിച്ചാണ് തീ പടർന്നതെന്നാണ് നിഗമനം. അതാകട്ടെ സെക്യൂരിറ്റി ജീവനക്കാരന്റെ മുറിയിൽ നിന്നുണ്ടായ ഷോർട് സർക്യൂട്ട് മൂലവും. നട്ടപ്പാതിരായ്ക്കുണ്ടായ തീപിടുത്തം അധികൃതരെ അറിയിക്കാൻ രണ്ടേകാൽ മണിക്കൂർ താമസിച്ചു എന്ന ആരോപണവും ഉയർന്നിട്ടുണ്ട്.

വ്യാഴാഴ്ച തിരുവനന്തപുരത്ത് നിയമസഭാമന്ദിരത്തിൽ ലോക കേരള സഭയുടെ മൂന്നാം സമ്മേളനം ആരംഭിക്കുന്നതിനു മണിക്കൂറുകൾ മുമ്പാണ് മലയാളികളുടെ പ്രവാസി ജീവിതം ആരംഭിച്ചതിനു ശേഷമുള്ള ഏറ്റവും ഭീകരമായ അത്യാഹിതം നടക്കുന്നത്.

വിവരം തത്സമയം ടൈലിവിഷനിലൂടെ ജനം അറിഞ്ഞുവെങ്കിലും പത്രങ്ങളിൽ എങ്ങിനെ വന്നുവെന്നറിയാൻ എല്ലാവർക്കും താല്പര്യം ഉണ്ടാവുമല്ലോ. എന്നാൽ അവരെ നിരാശപ്പെടിത്തിക്കൊണ്ടു പ്രചാരത്തിൽ ഒന്നാം സ്ഥാനത്തുള്ളമനോരമ മരിച്ച ഒമ്പതു പേരിൽ രണ്ടേ രണ്ടുപേരുടെ ചിത്രങ്ങളുമായി പുറത്തിറങ്ങി. കോട്ടയത്ത് തന്നെയുള്ള മാതൃഭൂമിയിൽ എട്ടു ചിത്രങ്ങൾ, ദേശാഭിമാനിയിൽ ഒമ്പത്, കേരളകൗമുദിയിൽ ഒമ്പത്. മാധ്യമത്തിൽ ഒമ്പത്.

ദേശാഭിമാനി, കൗമുദി മാധ്യമം പത്രങ്ങൾ സ്വന്തം പ്രതിനിധികളുടെ ബൈലൈനിൽ റിപ്പോർട്ടുകൾ നിരത്തി. കൗമുദി കമ്പനി ഉടമ കെജി എബ്രഹാമിന്റെ വിജയ കഥ വിവരിക്കുന്ന സചിത്രറിപ്പോർട്ട് മൂന്ന് കോളം ബോക്സിൽ നൽകിയപ്പോൾ 'പുതിയ കേരളം, പുതിയ വായന, പുതിയ ലോകം' വന്ന മുദ്രാവാക്യവുമായി ഇറങ്ങുന്ന മനോരമയുടെ റിപ്പോർട്ടിൽ കമ്പനിഉടമയുടെ പേരു പോലും ഉണ്ടായിരുന്നില്ല.

എന്നാൽ മനോരമ ന്യൂസ് ചാനൽ അവസരത്തിനൊത്ത് ഉയർന്നു റിപ്പോർട്ടിലും വിഷൽസിലും മറ്റുള്ളവർക്കൊപ്പം നിന്നു.









# കുവൈറ്റിൽ മരിച്ച 24 മലയാളികളുടെ കുടുംബങ്ങൾക്ക് ഫൊക്കാന രണ്ട് ലക്ഷം വീതം നൽകുമെന്ന് പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ



തിരുവനന്തപുരം: കുവൈറ്റിലെ മാൻ ഗഫ് തീ പിടുത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടേയും കുടുംബത്തിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. ലോക കേരള സഭയുടെ നാലാം സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന വേദിയിലാണ് ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ സഹായം പ്രഖ്യാപിച്ചത്.

തീപിടുത്ത ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബത്തിന്റെ ദുഃഖം നികത്താവുന്നതിനും അപ്പുറമാണ്. കേരളത്തിന് പുറത്ത് ജോലി തേടി പോകുന്ന ഓരോ പ്രവാസിയും ഇത്തരം നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. ഈ ദുരന്തം കേരള ജനതയ്ക്ക് താങ്ങാനാവുന്നതല്ല. ദുരന്തത്തിൽ മരിച്ച പ്രിയപ്പെട്ടവരുടെ മൃതദേഹങ്ങൾ ഇന്ന് കേരളം ഏറ്റുവാങ്ങുമ്പോൾ നമുക്ക് അവരുടെ കുടുംബങ്ങൾക്ക് താങ്ങും തണലുമായി ഒപ്പം നിൽക്കാം.ഫൊക്കാനയും ആ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായി ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.

വ്യോമസേന വിമാനത്തിൽ കൊച്ചിയിലെത്തിച്ച 23 മലയാളികളുടെയും മൃതദേഹങ്ങൾ കേരളത്തിന് വേണ്ടി സ്വീകരിച്ച് ആദരാഞ്ജലി അർപ്പിച്ച ശേഷം ലോക കേരള സഭാ വേദിയിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ള സാമൂഹ്യ സാംസ്കാരിക നേതാക്കളുടെ സാന്നിദ്ധ്യത്തിലാണ് ഫൊക്കാനയുടെ സഹായം ഡോ. ബാബു സ്റ്റീഫൻ പ്രഖ്യാപിച്ചത്.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കല ഷഹി, ട്രഷറാർ ബിജു ജോൺ കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ , സണ്ണി മറ്റമന, ഫിലിപ്പോസ് ഫിലിപ്പ്, ജെയ്ബു കുളങ്ങര, സോണി അമ്പൂക്കൻ , വനിതാ ഫോറം ചെയർ പേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജ്, ചാരിറ്റി കോർഡിനേറ്റർ ജോയി ഇട്ടൻ, വിജോയ് പാട്ടമ്പടി , മുൻ ഫൊക്കാന പ്രസിഡന്റ് മന്മഥൻ നായർ, ടെറൻസൺ തോമസ്, ഫിലിപ്പോസ് ഫിലിപ്പ് തുടങ്ങിയവർ ഫൊക്കാനയുടെ പ്രതിനിധികളായി ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.






# തിരിഞ്ഞുനോക്കുമ്പോൾ

(എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്)

ഇ മലയാളി.com



എട്ടു ദശവർഷങ്ങളിലൂടെ ശാന്തമായൊഴുകിയ എന്റെ ജീവനദിയുടെ അവസാനമെന്നോ, എന്നറിയില്ല, അധികം ഒച്ചപ്പാടില്ലാതെ , അധികം ഓളമോ തിരയോ ഇല്ലാതെ ഒഴുകിക്കൊൺടിരിക്കുന്ന ആ നദിയുടെ തീരത്തിരുന്നുകൊൺട് ഞാൻ ഒരോട്ടപ്രദിക്ഷിണം നടത്തുകയാണിവിടെ. അതിനൊരു നിമിത്തമുൺട്. ഇന്ന് ജൂൺ 16. എന്റെ ജന്മദിനം. ഉത്രട്ടാതി നാൾ. 1000 പൂർണ്ണ ചന്ദ്രോദയം കാണാൻ ഇനിയും വർഷങ്ങൾ കാത്തുനിൾക്കുന്ന ഈ വേളയിൽ എന്റെ ജന്മസാഫല്യത്തിന്റെ ഓർമ്മകൾ,പിറന്നാൾ പായസമായി ഞാനിവിടെ വിളമ്പുന്നു. ഏവർക്കും ഈ ആഘോഷത്തിലേക്ക് സ്വാഗതം. ഇത്രത്തോളം എന്നെ നടത്തിയ കാരുണ്യവാനായ ദൈവത്തെ സ്തുതിച്ചുകൊൺട്, എനിക്കു ജന്മമേകിയ വന്ദ്യ മാതാപിതാക്കളെ സ്മരിച്ചുകൊൺട്, എന്നെ ഞാനാക്കിയ എന്റെ ഗ്രാമത്തെയും ചാർച്ചക്കാരെയും കടന്നുപോയ എന്റെ പാണനാഥയെയും നമിച്ചുകൊൺട് ഈ ഓർമ്മക്കുറിപ്പു തുടങ്ങട്ടെ !

ചെറുപ്പം മുതൽക്കേ ഡയറി എഴുതുന്ന ഒരു ശീലം എന്റെ വന്ദ്യ പിതാവിൽനിന്നു ഞാൻ നേടിയതാണ്. ഈ കുറിപ്പ് എഴുതുമ്പോൾ എന്റെ ബാല്യകാലത്തിൽ തുടങ്ങട്ടെ!. ബാല്യത്തിലെ കുടിപ്പള്ളിക്കൂടത്തിലെ ആശാന്റെ അടിയും കൊച്ച് ഓലക്കെട്ടിലെ അക്ഷരമാലയും എന്നും മനസ്സിൽ നിഴലിച്ചു നിൽക്കുന്നു.

വയലേലകളും പുഴകളും കുന്നുകളും ചാരുത ചാർത്തിയ കടമ്പനാട് എന്ന ശാന്തസുന്ദരമായ ഗ്രാമപ്രദേശമാണ് എന്റെ ജന്മസ്ഥലം. അഞ്ച് ആൺമക്കൾ, മൂന്നു പെൺമക്കൾ, മാതാപിതാക്കൾ അടങ്ങുന്ന ഒരു സാധാരണ കുടുംബത്തിലെ രൺടാമത്തെ കുട്ടി, മൂത്ത സഹോദരനും താഴെ ആറു പേരും. എന്റെ പിതാവ് ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ , മാതാവ് ഗൃഹനാഥ. കർഷകരായിരുന്നു ഞങ്ങളുടെ ഗ്രാമത്തിലെ വർണ്ണരാജികൾ. ചുരുക്കം ചില അദ്ധ്യാപകർ, പട്ടാളക്കാർ, ഒക്കെ അങ്ങിങ്ങുൺടായിരുന്നു. മിക്കതും ഓലമേഞ്ഞ വീടുകൾ, ചെമ്മൺ പാതകൾ, മൈലുകൾ അകലെയുള്ള ടാറിടാത്ത റോഡിലൂടെ വല്ലപ്പോഴും ഓടുന്ന ബസുകൾ, ഒന്നോ രൺടോ ടാക്സി കാറുകൾ മാത്രം ഉള്ള ഗ്രാമം. നാലു മൈലുകൾ ദൂരെയാണ് ഒരു ഗവർമ്മെന്റ് ആശുപത്രി, പലപ്പാഴും രോഗികളെ കട്ടിലിൽ നാലാളുകൾ ചുമന്നുകൊൺടു് പോകുന്നതു കൺടിട്ടുൺട്. മൈലുകൾ നടന്നുവേണം സ്ക്കൂളിലും ദേവാലയത്തിലുമൊക്കെ പോകേൺടത്. ചെരുപ്പിടാത്ത കുഞ്ഞിക്കാലുകൾ പെറുക്കി ചെമ്മണ്ണും കല്ലുകളും മാത്രമുള്ള റോഡിലൂടെ ആ നാളുകളിൽ നടന്നത് ആർക്കും അതൊരു ഭാരമോ ദൂരമോ ആയിരുന്നില്ല. ഞങ്ങളുടെ ഊണുമുറിയിൽ തുക്കിയിരുന്ന റ്റൈംറ്റേബിൾ വീട്ടിൽ എവരും ഒരുപോലെ അനുസരിച്ചിരുന്നു. സന്ധ്യയ്ക്കു മെുകുതിരി കത്തിച്ച്, വിരിച്ചിട്ട പുൽപ്പായയിൽ നിരന്നിരുന്നുള്ള പ്രാർത്ഥന എന്നും ഓർമ്മയിൽ നിഴലിച്ചു നിൽക്കുന്നു. സന്ധ്യാപ്രാർത്ഥന കഴിഞ്ഞ് മക്കളെ തലയിൽ കൈവച്ച് എന്റെ അപ്പച്ചൻ അനുഗ്രഹിച്ചിരുന്നു, കൂടുതൽ അനുഗ്രഹം എനിക്കു തരുമ്പോൾ എന്റെ അമ്മച്ചി പറയും മോൾക്കുമാത്രം കൂടുതൽ അനുഗ്രഹം കൊടുക്കുന്നു എന്ന്, അപ്പോൾ അപ്പച്ചൻ പറയും, ഒരു പിതാവിന്റെ അനുഗ്രഹം നീരുറവയാണ്, അത് ഒഴുകിക്കൊൺടേയിരിക്കും, അർഹതയുള്ളവർക്കു ലഭിക്കും, എന്ന്. കഴിച്ച ഭക്ഷണമോ, ധരിച്ച വസ്ത്രമോ ഒന്നുമായിരുന്നില്ല ആനന്ദം. ഒരുമിച്ചിരുന്നുള്ള ഭക്ഷണം, പ്രാർത്ഥന, മാതാപിതാക്കളുടെ ശിക്ഷണത്തോടെയുള്ള വീട്ടിലെ ജീവിതം, ഉള്ളതിൽ സംതൃപ്തി കൺടെത്തി ജീവിച്ച ദിനങ്ങൾ ഓർമ്മയിലെ മായാത്ത വർണ്ണങ്ങളാണ്. ഓണം , വിഷു, ക്രിസ്ത്മസ്സ് , റംസാൻ എല്ലാം ഗ്രാമത്തിലെ എല്ലാവരുടെയും ഒരുമിച്ചുള്ള ആഘോഷങ്ങളായി കരുതി ഏവരും സോദരത്വേന കഴിഞ്ഞ ഗ്രാമം. വീടുകൾക്കു മതിലുകൾ ഇല്ലാതിരുന്നതിനാൽ എപ്പോൾ വേണമെങ്കിലും അയൽ വീടുകളിൽ കയറിച്ചെല്ലാമായിരുന്നു. അവിടെയുള്ളത് യഥേഷ്ടം കഴിക്കാമായിരുന്നു, പിറന്നാളുകൾ ഒരു പായസം വച്ച് ഏവരും ആഘോഷിച്ചിരുന്നു. ഔപചാരികതയില്ലാത്ത ലളിതജീവിതമായിരുന്നു എന്റെ ഗ്രാമത്തിന്റെ മുഖമുദ്ര. പണവും പലവ്യഞ്ജനങ്ങളും, അടുപ്പിലെ തീവരെയും അടുത്ത വീട്ടിൽനിന്നും കടം വാങ്ങുമായിരുന്നു.

'ഉത്രാടനാളിലെ തത്രപ്പാടെത്രയും
താളം തകർത്തുനിന്നെത്തും
ചിങ്ങമാസത്തിലെ തിരുവോണ സദ്യയിൽ
എല്ലാം മറന്നൊരെൻ ഗ്രാമം...
കാളവൺടിയെന്നും നാട്ടിൻപുറത്തിന്റെ
നാരായ വേരായി നിന്ന്
കുടമണി തൂക്കിയ കാളകളെന്നും
ഭാരം വലിച്ചോരു നാട്ടിൽ... (എന്റെ ജന്മനാട് )
വീടിനടുത്തള്ള തോട്ടിൽ തുണികൾ

ശനിയാഴ്ച ശനിയാഴ്ച സോപ്പിട്ടലക്കി, പാറയിൽ വിരിച്ചിട്ടുണക്കിയും, വീട്ടിലെ കൊച്ചു കൊച്ചു ജോലികൾ ചെയ്തും, ഉള്ള ഭക്ഷണം കഴിച്ചും, അമ്മ തരുന്ന പൊതിച്ചോർ റബ്ബറിട്ടു കെട്ടിയ പുസ്തകക്കെട്ടിനോടു ചേർത്ത് നടന്നു നീങ്ങിയ വിദൂരങ്ങളായ വിദ്യാലയ യാത്രകൾ. മഴവരുമ്പോൾ എല്ലാവർക്കും കുടയില്ലാത്തതിനാൽ വാഴയില വെട്ടി തലയ്ക്കു മുകളിൽ ചൂടി വയൽ വരമ്പിലൂടെയും പുഴ കടന്നും ഉള്ള യാത്രകൾ. ഞയറാഴ്ചകളിൽ മൂന്നുമൈലുകൾ അകലെയുള്ള ദേവാലയത്തിലേക്കുള്ള തീർത്ഥയാത്ര, പള്ളിയിലെത്തുമ്പോഴേക്കും വി. കുർബ്ബാന പകുതി കഴിഞ്ഞിരിക്കും. ഒരു വീട്ടിൽ ഒരു കുർബ്ബാനക്രമമേ അന്നുണ്ടായിരുന്നുള്ളു, അതു് അമ്മയുടെ കയ്യിലായിരിക്കും, കുട്ടികൾ കേട്ടു ചൊല്ലും, ക്രമമൊക്കെ മനസിലാക്കിയത് അൽപ്പം അറിവായതിനു ശേഷമാണ്. എല്ലാം ഓർമ്മയുടെ ചെപ്പിലെ മലർമണികളാണ്. രാവിലെ ഉണർന്നാലുടൻ അര കപ്പു ആവി പറക്കന്ന കട്ടൻ കാപ്പി കിട്ടും, അതു കഴിഞ്ഞാൽ വിശാലമായ തെങ്ങിൻ തോപ്പു നിറഞ്ഞ പുരയിടത്തിലൂടെ ഒരോട്ടപ്രദിക്ഷണം നടത്തണം, ഒരുവിധം ഓടാവുന്നവർ ഓടും, തെങ്ങുകളുടെ ചുവട്ടിൽ തേങ്ങാ വീണുകിടക്കുന്നതു പെറുക്കിക്കൊൺടു വരുകയും, വ്യായാമം ലഭിക്കയുമാണ് പ്രധാന ഉദ്ദേശം. ഒരു തേങ്ങാ കൊൺടുവരുന്നയാൾക്ക് 10 പൈസ കൊടുക്കും, എന്താവേശമായിരുന്നു ഓട്ടത്തിന്. ഓട്ടം കഴിഞ്ഞ് വീടിനടുത്തുള്ള തോട്ടിൽ കുളിയും കഴിഞ്ഞാണ് വരവ്. ഓരോരുത്തരും കൊച്ചുകൊച്ചു ജോലികൾ, ചെയ്തും പഠിത്തത്തിൽ സമർദ്ധരായും മുന്നേറി. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന് എന്റെ വന്ദ്യപിതാവ് ഞങ്ങളെ ഓർപ്പിച്ചിരുന്നു.

അധികം ആവശ്യങ്ങളും ആഡംബരങ്ങളും ഇല്ലാത്ത, ലളിതജീവിതം നയിച്ച ആനാളുകൾ. ബസും, വള്ളവും കയറി, എറെദൂരമുള്ള നടപ്പും ഒക്കെ നാളുകൾ എത്ര ആനന്ദപ്രദങ്ങളായിരുന്നു. ബസും, വള്ളവും കയറി, എറെദൂരമുള്ള നടപ്പും ഒക്കെയായി സ്കൂൾ അടയ്ക്കുമ്പോൾ അമ്മവീട്ടിലേക്കുള്ള യാത്രകൾ, വല്യമ്മച്ചിയുടെ അടുത്ത് എത്തുമ്പോഴേയ്ക്കും എല്ലാം മറന്നു സന്തോഷിക്കും കുറച്ചു ദിവസം അടിച്ചു പൊളിച്ചു താമസിച്ചിട്ടു മടക്കം. തിരികെ പോരുമ്പോൾ കൈനിറയെ പൈസ, പുത്തനുടുപ്പുകൾ, ആകെ ആഘോഷപൂരിതം. കരഞ്ഞും തിരിഞ്ഞുനോക്കിയും മടക്കയാത്ര. 'ഉത്രട്ടാതി നാളും സീതയെന്നുള്ള പേരും വരല്ലേ ' എന്റെ വല്യമ്മച്ചി പാടിയത് ഓർക്കുന്നു.

പലപ്പോഴും സ്കൂളിൽ പോകുമ്പോൾ ചൊവ്വാ വെള്ളി ദിവസങ്ങളിൽ കയ്യിലെ ചോറുപൊതി വഴിയരികിൽ ഇരിക്കുന്ന ധർമ്മക്കാർക്കു കൊടുക്കയും ഉച്ചയ്ക്കു വെള്ളം കുടിച്ചു കൊൺട് ഇരിക്കയും ചെയ്തിരുന്നത് കറേ നാൾ കഴിഞ്ഞാണ് വീട്ടിൽ

അറിഞ്ഞത്, അമ്മച്ചി അത്ഭുതപ്പെട്ടു പോയി. പിൽക്കാലത്ത് 'മാർഗ്ഗ ദീപം' എന്ന കവിത ഞാനെഴുതിയത് ഈ പശ്ചാത്തലത്തിലാണ്.

എല്ലാ വെള്ളിയാഴ്ചയും സ്കൂൾ വിട്ടു പോരുമ്പോൾ കൂട്ടുകാരെ വിട്ട് ഞങ്ങളുടെ പള്ളിയുടെ മുന്നിലൂടെ പോകുന്ന റോഡിലൂടെയാണ് എന്റെ മടക്കയാത്ര. പള്ളിയുടെ വാതിൽക്കൽ കയറി പ്രാർത്ഥിക്കാനാണ് ആ വഴി വരുന്നത്. പള്ളിയുടെ പടിഞ്ഞാറെ വാതിൽ അടഞ്ഞു കിടക്കും, വാതിൽക്കൽ മുട്ടുകുത്തി നിന്ന് പ്രാർത്ഥിച്ചിട്ടു മടങ്ങും.



ഒരു ദിവസം പള്ളിയിലെ കപ്യാർ വന്നു പറഞ്ഞു, കൊച്ചിനെ അച്ചൻ അമ്പേഷിക്കുന്നു എന്ന്. അവിടുത്തെ പാഴ്സണേജിലാണ് അച്ചൻ താമസിച്ചിരുന്നത്. ഞാൻ പേടിച്ചാണ് അച്ചനെ കാണാൻ ചെന്നത്, 12 വയസേ ഉള്ളു. 'നീ എതാ' എന്ന് അച്ചൻ ചോദിച്ചപ്പോൾ, മെല്ലെ പേരു പറഞ്ഞു, സെന്റ് തോമസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ തോമസ് സാറിന്റെ മകളാണെന്നും. 'നീ എന്താണു പ്രാർത്ഥിക്കുന്നത്? ' നല്ല കുട്ടി ആക്കണേ, വീട്ടിൽ എല്ലാരേം അനഗ്രഹിക്കണേ, നല്ല ഭാവി തരണേ' എന്ന്. പൊക്കോ, നന്നായി പഠിക്കണം, പ്രാർത്ഥിക്കണം , പള്ളിയിൽ വരണം എന്നു പറഞ്ഞ് മടക്കി അയച്ചു.

കുട്ടികൾ വളർന്നു, ജീവിതം വേറൊരു തലത്തിലേക്കൊഴുകി, കെട്ടിലും മട്ടിലും മാറ്റങ്ങൾ വന്നു. എന്റെ വന്ദ്യപിതാവ് ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്നുവെങ്കിലും എന്നും പണത്തിനു നന്നേ ഞെരുങ്ങിയിരുന്നു, എങ്കിലും മക്കളെയെല്ലാം വിദൂരങ്ങളായ കോളജുകളിൽ വിട്ടു പഠിപ്പിച്ചു.

സന്ധ്യയ്ക്കു കത്തിച്ച നിലവിളക്കിനു മുമ്പിലിരുന്നുള്ള പ്രാർത്ഥനയും രാമരാമാലാപവും ഗ്രാമത്തിൽ ആത്മീയത നിറച്ചിരുന്നു. ഒരു വിധത്തിലും മാതാപിതാക്കളെ വിഷമിപ്പിക്കരുതെന്ന വൃതം എനിക്കുൺടായിരുന്നു. ഒരിക്കൽ എന്റെ അമ്മച്ചി എന്നോട് ഒരു ജോലി ചെയ്യുവാൻ പറഞ്ഞതു ഞാൻ അൽചം താമസിച്ചു ചെയ്തതിനു പ്രായശ്ചിത്തമായി രാത്രിയിൽ അമ്മ ഉറങ്ങിക്കിടന്നപ്പോൾ ആ കാലുകൾ ഒരു മൊന്തയിൽ വെള്ളം കൊൺടുചെന്നു കഴുകിക്കുടിച്ചത് ഓർക്കുന്നു, പത്തു വയസ്സേ അന്നു പ്രായമുള്ളു. അമ്മയെ വിഷമിപ്പിച്ചാൽ കാൽ കഴുകി കുടിക്കണമെന്നു ഞാൻ കേട്ടിരുന്നു.

രൺടാം ലോകമഹായുദ്ധം കഴിഞ്ഞതോടു കൂടി നാട്ടിൽ ക്ഷാമം അതിക്രമിച്ചു. അരി, മണ്ണെണ്ണ, തുണികൾ തുടങ്ങി സകലതിനും റേഷൻ. രാത്രിയിൽ മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെട്ടത്തിലിരുന്നാണ് വീട്ടിൽ കുട്ടികളുടെ പഠിത്തം, രൺടു മൂന്നുപേർ ഒരുമിച്ചിരുന്നാണ് പഠിക്കുന്നത്. അതൊരു പ്രയാസമായി അന്നു തോന്നിയിരുന്നില്ല. വീട്ടിൽ വളർത്തുന്ന പശുവിന്റെ പാലും, കോഴിയുടെ മുട്ടയും, അന്തിച്ചന്തയിലെ മീനും, വല്ലപ്പോഴും വാങ്ങുന്ന മാട്ടിറച്ചിയുമൊക്കെ സുഭിക്ഷത നൽകിയിരുന്നു. ഭക്ഷണത്തിന് ആരും ഒരു നിർബന്ധവും കാണിച്ചിരുന്നില്ല

എന്റെ ഗ്രാമത്തിലെ ഒരു പ്രധാന നീരോട്ടമായിരുന്നു 'വലിയ തോട്'. വെയിലത്തും മഴയത്തും നിറഞ്ഞൊഴുകുന്ന ആ തോട്ടിൽ നീന്തിക്കുളിക്കുന്നതു് ഓർക്കയാണ്. ഇന്ന് ആ തോട് വിഷമൊഴുകുന്ന ഓടപോലെ

യായി. നടന്നുപൊയ്ക്കൊൺടിരുന്ന വലിയ തോട്ടിൽ ഒരു പാലമുയർന്നു. കേരളത്തിൽ 44 നദികളുൺട്. അവ മിക്കതും മാലിന്യക്കൂമ്പാരങ്ങളായി, കുപ്പത്തൊട്ടികളായി പ്ലാസ്റ്റിക്കു നിറയുന്ന ഓടകളായി മാറിക്കഴിഞ്ഞിരിക്കുന്നു. നദികളെ അമ്മയെന്നു കരുതിയ ഒരു കാലമുൺടായിരുന്നു.

ഞാൻ ഹൈസ്ക്കൂൾ കഴിഞ്ഞപ്പോൾ ഇനിയെന്ത് എന്ന ചിന്തയായി, അന്നൊക്കെ എന്റെ ഗ്രാമത്തിലെ മിക്ക ആൺകുട്ടികളും മിലിട്ടറി, നേവി, എയർഫോഴ്സ് എന്നിവിടങ്ങളിലേക്കും പെൺകുട്ടികൾ ദൂരസ്ഥലങ്ങളിലേക്കു നേഴ്സിംഗിനും, ചിലർ ടൈപ്പും ഷോർട്ട് ഹാൻഡും പഠിക്കാനും പോയിരുന്നു. നേഴ്സിംഗിന് സ്റ്റൈപ്പെൻഡ് കിട്ടിയിരുന്നത് ആശ്വാസമായിരുന്നു. 16 , 17 വയസുമാത്രം പ്രായമുള്ള തളിരു പെൺകിടാങ്ങൾ ഒരു തകരപ്പെട്ടിയും തൂക്കി കേരളത്തിനു പുറത്തേക്കു പോയവരാണ് പൽക്കാലത്ത് കേരളത്തിന്റെ നട്ടെല്ലായി സ്വന്തം കുടുംബങ്ങളെ രക്ഷപ്പെടുത്തിയ ജ്യോതിസുകൾ. ഉയർന്ന നിലയിൽ ഹൈസ്ക്കൂൾ പാസായ എന്നെ കലാലയത്തിലയക്കണമെന്ന് അപ്പച്ചനാഗ്രഹം. അങ്ങനെ കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിലാണ് ഞാൻ കലാലയ വിദ്യാഭ്യാസം നടത്തിയത്. കുൺടറെ അമ്മവീട്ടിൽ നിന്നും ട്രെയിനിൽ പോയിവന്നായിരുന്നു യാത്ര. എന്റെ ഇളയ സഹോദരങ്ങളും താമസിയാതെ കോളജിലെത്തി, UC college Alwaye, University college, Trivandrum, Alleppey Medical College എന്നിവിടങ്ങളിലായി പഠനം തുടർന്നത് എന്റെ പിതാവിന് അൽപം ഭാരമായിരുന്നു. ഇന്നത്തേപ്പോലെ അന്നു ലോൺ ഒന്നും ലഭ്യമായിരുന്നില്ല. കൊല്ലം ഫാത്തിമാ കോളജിൽ നിന്നും ഫസ്റ്റ് ക്ലാസോടെ ഞാൻ പാസായതും മെഡിസിനു പോകണമെന്നുള്ള ആഗ്രഹത്തിൽ പൂനാ ആംഡ് ഫോഴ്സസ് ത്തമെഡിക്കൽ കോളജിൽ പ്രവേശനം ലഭിച്ചുവെങ്കിലും, അത്ര ദൂരത്തേക്ക്, മിലിട്ടറി ഡോക്ടറാകാൻ വിടുന്നതിനോട് എന്റെ അമ്മച്ചിക്ക് വിയോജിപ്പായതിനാലും ആ ആഗ്രഹം സഫലമായില്ല, ഞാൻ ഒരാഴ്ച കരഞ്ഞു. അപ്പോഴേയ്ക്കും കൂനൂർ സ്റ്റെയിൻസ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിൽ റ്റീച്ചറായി ജോലി കിട്ടി, അതും അമ്മച്ചിക്ക് മകൾ അത്ര ദൂരത്തിൽ പോകുന്നതിനു വിഷമമായിരുന്നതിനാൽ അമ്മയ്ക്ക് അസുഖമായി, കുറച്ചു മാസങ്ങൾക്കകം എനിക്കു വിഷമത്തോടെ തിരികെപ്പോരേൺടി വന്നു. വളരെ ദുർഘടമായ യാത്രയായിരുന്നു കൂനൂർ യാത്ര. 'മേട്ടുപ്പാളയ'ത്തുനിന്ന് ഒരു മലമുകളിലൂടെ പല്ലും പഴുതും ഉള്ള റെയിൽച്ചക്രങ്ങൾ പാമ്പിഴയുന്നതുപോലെ മെല്ലെ ഇഴഞ്ഞായിരുന്നു അന്നു ട്രെയിൻ നീങ്ങിയിരുന്നത്, ഇന്നു വ്യധവത്യസ്തമായിരിക്കാം. തിരികെയെത്തി പിന്നീട് ബി.എഡ്. കഴിഞ്ഞ് കടമ്പനാട് ഹൈസ്ക്കൂളിൽ റ്റീച്ചറായി..1967ൽ 250 രൂപയായിരുന്നു മാസശമ്പളം.

1970 ജൂലൈ 27 ന് എന്റെ വിവാഹം കഴിഞ്ഞു. കുമ്പഴ യോഹന്നാൻ ശങ്കരത്തിൽ ശെമ്മാശൻ, എന്ന ഒരു യുവകോമളൻ, അന്ന് പ്രഗത്ഭനും പ്രശസ്തനുമായ ഒരു കൺവൻഷൻ പ്രാസംഗികനായിരുന്നു. മലയാളം സംസ്കൃതം എം.എ കഴിഞ്ഞ് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ ജോലി കിട്ടിയതു വിട്ടിട്ട്, 'മലങ്കര സഭ' (മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക നാവ്) യുടെ പത്രാധിപരായിരിക്കെയാണ് ഞങ്ങളുടെ വിവാഹം, താമസിയാതെ വൈദികനായി, അദ്ദേഹത്തിനു ന്യൂയോർക്ക് യൂണിയൻ തീയോളജിക്കൽ സെമിനാരിയിൽ നേരത്തേ പ്രവേശനം ലഭിച്ചിരുന്നതിനാൽ 1970 സെപ്റ്റമ്പർ 10 നു് ന്യൂയോർക്കിനു യാത്രയായി.

ഞാൻ !971 ജനുവരി ഒന്നിന്, ന്യൂയോർക്കിലെത്തി. സംഭവബഹുലമായ വർഷങ്ങൾ കടന്നുപോയി. വിരലിലെണ്ണാവുന്ന മലയാളികളേ ഇവിടെ അന്നുൺടായിരുന്നുള്ളു. 1972 ആയപ്പോഴേയ്ക്കും നേഴ്സിംഗ് രംഗത്ത് വിസാ ലഭ്യമാക്കിയതോടുകൂടി ആളുകൾ കൂടുതൽ വരുവാൻ തുടങ്ങി. പ്രത്യേക തൊഴിൽ പരിജ്ഞാനമില്ലാഞ്ഞതിനാൽ അനേകം ചെറു ജോലികൾ ചെയ്തു, അച്ചന് S.T.M (Master of Sacred Theology) ഡിഗ്രി ലഭിച്ചു. 1971 മെയ് മുതൽ ജൂലൈ വരെ ന്യൂജേഴ്സിയിലുള്ള ഒരു സമ്മർ ക്യാമ്പിൽ രൺടുപേർക്കും ജോലി കിട്ടി, അച്ചന് ചാപ്ലെൻ ആയും എനിക്ക് കൗൺസലർ ആയും. രൺടുമാസത്തേക്ക് രൺടുപേർക്കും കൂടി $2000 കിട്ടി, അന്ന് അതൊരു വലിയ തുക.യായിരുന്നു എന്തു പഠിച്ചാൽ നല്ല ജോലി കിട്ടും എന്നൊന്നും പറഞ്ഞുതരുവാൻ ആരുമില്ലായിരുന്നു, ആ തുക ആദ്യ ഫീസായി കൊടുത്ത് സിറ്റി യൂണിവേഴ്സിറ്റിയിൽ എനിക്ക് M.E-d ന് അഡ്മിഷൻ കിട്ടിയതിനു ചേർന്നു, രൺടു വർഷത്തെ പഠിത്തം, റ്റീച്ചിംഗ് ലൈസൻസും നേടി, ഇടയ്ക്ക് ചെറിയ ജോലിയും ചെയ്തു. വളരെയധികം ദൂരെയുള്ള, ഒരു സ്ക്കൂളിൽ കിട്ടിയ ജോലി തുടരാൻ പ്രയാസമായിരുന്നതിനാൻ അതു വിട്ടിട്ട് എൻജിനീയറിംഗിനു ചേർന്നു, പകൽ ഒരു ലാബിൽ ജോലി കിട്ടി, വൈകിട്ടു കോളജിൽ പോക്ക്. പണത്തിനു നന്നേ ഞെരുക്കം, വൈദികനായി ശെമ്മാശൻ വന്നതിനാൽ മൻഹാറ്റനിലെ ഒരു ഓർത്തഡോക്സ് ദേവാലയത്തിൽ വൈദികനായി, പക്ഷേ വരുമാനമൊന്നും ഇല്ലായിരുന്നു, ഇതിനിടെ Immigrant visa കിട്ടി, ബ്രോംഗ്സിൽ ഒരു സ്റ്റുഡിയോ അപ്പാർട്ടുമെന്റിൽ താമസമായി, മാസം 110 ഡോളർ വാടക, അതും വളരെ ഞെരുങ്ങിയാണു് കൊടുത്തത്. ഇതിനിടെ അച്ചന്റെ ഒരു ആത്മസുഹൃത്തായ ഒരു വൈദികനെ ഇവിടെ എത്താൻ സഹായിച്ചു, അദ്ദേഹവും ഞങ്ങളുടെ ഒറ്റ മുറിയിലെ ഒറ്റ ബെഡ്ഡിലും ഞങ്ങൾ തറയിൽ ഷീറ്റു വിരിച്ചും കിടന്നു. ഏകദേശം ഒരു വർഷം കടന്നുപോയി, അന്നത്തെ ജീവിതം ഇന്ന് ഒരത്ഭുതമായി തോന്നുന്നു. അച്ചനും പഠിക്കാൻ തുടങ്ങി, ലോൺ എടുത്തു പഠിച്ചു.

ഇതിനിടെ Creedmore Psychiatric hospital, New York ൽ അച്ചനു ജോലിയായി, എനിക്ക് നാസാ കൗൺടി DPW Engineer ആയി ജോലി കിട്ടി. ജീവിതം സാവധാനം മുന്നോട്ടു നീങ്ങി, രൺടു പുത്രന്മാർക്കു ജന്മം നൽകി, പല ദേവാലയങ്ങൾ ന്യൂയോർക്കിലും സമീപ ദേശങ്ങളിലും അദ്ദേഹം രൂപീകരിച്ചു, കാലാന്തരത്തിൽ വിശ്രമരഹിതമായ ജീവിതത്താൽ ആകെ അഞ്ചു മാസ്റ്റർ ബിരുദങ്ങൾ (M.A.- Malayalam & Sanskrit (Kerala) , S.T.M.- Theology, MS. – Rehabilitation Counseling, M.S. Therapeutic Recreation, M.S. Counseling Psychology, & Doctorate –(Theology) അച്ചൻ സമ്പാദിച്ചു. ധാരാളം ബന്ധുമിത്രാദികളെ അമേരിക്കൻ മണ്ണിൽ എത്തിച്ചു, ഒരു വീടു വാങ്ങി, അന്ന് 60,000 ഡോളർ വില, ഒരു വലിയ തുകയായിരുന്നു. എന്നും വീടുനിറയെ ആളുകൾ.

'കൂട്ടരു കരയെത്തിയൽപം കഴിഞ്ഞപ്പം
നീയെന്തു ചെയ്തെന്ന ചോദ്യം മിച്ചം'.

ഞങ്ങളുടെ രൺടു വീടുകളിൽ നിന്നും സഹോദരങ്ങളെത്തി, അനേകം ബന്ധുിത്രാദികളെയും ഇവിടെയെത്തിച്ചു, എന്റെ കുഞ്ഞുങ്ങളുടെ ബാല്യത്തിൽ എന്നും വീടു നിറയെ ആളുകൾ, പണത്തിനു ഞെരുക്കം, കുഞ്ഞുങ്ങളും വളർന്നു. അനേകം തവണ ഓരോ ആവശ്യത്തിനു കേരളത്തിലേക്കുള്ള യാത്ര, വീട്ടുകാരെ സഹായിക്കണം, ഒരു ഡോളറിനു് 7 രൂപ വില, ഞങ്ങൾ കൊൺടുവന്നവരെല്ലാം തന്നെ ഇന്ന് സന്തുഷ്ടിയിൽ കഴിയുന്നു. 1970 മുതൽ ഇന്നുവരെ 72 പ്രാവശ്യത്തെ കേരള യാത്ര, അത്ഭുതം തോന്നുന്നു.

സംതൃപ്തമായ ഒരു കുടുംബജീവിതം ദൈവം ഞങ്ങൾക്കു തന്നു, 50 വർഷത്തെ ദാമ്പത്യജീവിതം, പരാതിയോ പരിഭവങ്ങളോ ഇല്ലാതെ പരസ്പരം സ്നേഹിച്ചും, ബഹുമാനിച്ചും , ഭാരങ്ങൾ വഹിച്ചും, ദൈവകരങ്ങളിൽ സമർപ്പിച്ചും ജീവിച്ച നാളുകൾ. എന്നിലെ കാവ്യ നാളത്തെ ഊതിപ്പെരുപ്പിച്ച് 13 കാവ്യ തല്ലജങ്ങൾ വിടർത്താൻ പ്രേരിപ്പിച്ച്, ജീവിതത്തെ ധന്യമാക്കിയ എന്റെ പ്രാണനാഥനെ എന്നും സ്നേഹാദരങ്ങളോടെ നമിക്കുന്നു. ഒരിക്കലും ഒന്നു പിണങ്ങിയിരിക്കാൻ അനുവദിക്കാത്ത സ്വഭാവമായിരുന്നു അദ്ദേഹത്തിന് .ഞങ്ങളുടെ ഭവനം അമേരിക്കയിലെ ഒരു തറവാടായിരുന്നു അദ്ദേഹം ഇവിടെ ഉൺടായിരുന്നപ്പോൾ.. ഇന്ന് എന്റെ അനാഥമായ ഭവനത്തിൽ ആരും വരുന്നില്ല, പൂർണ്ണസംഖ്യയറ്റ പൂജ്യമായി, ഏകാന്തതയുടെ വിഷാദഭൂമിയായി, സുന്ദരസ്വപ്നങ്ങളുടെ ഓർമ്മകളും പേറി, ഈ മനോഹര ഭവനത്തിൽ ഞാൻ ഏകാകിയായി ജീവിക്കുന്നു. മക്കൾ രൺടുപേരും മരുമകളും കൊച്ചുമകളും സ്നേഹസാന്ത്വനങ്ങൾ പകർന്നു തരുന്നുൺട്. എന്നും ഏതിലും സന്തുഷ്ടിയും സംതൃപ്തിയും കാണുവാൻ കഴിയുന്ന ഒരു മനസ്സാണ് എന്റെ സമാധാനവും സന്തോഷവും.

വിശ്രമരഹിതനായി, സ്വദാ പരിശ്രമിയായി, ദൈവപരിഗ്ലാനയിൽ പരിലസിച്ച ആ വന്ദ്യദേഹം 2021 മാർച്ച് 20 നു് 85 ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ ആഗ്രഹം, എഴുതി രേഖപ്പെടു

# ഫോമാ അഡ്വൈസറി ബോർഡ് ചെയർ സ്ഥാനത്തേക്ക്

# തോമസ് ജോസ്



**ഫോമായുടെ ആരംഭകാല നേതാവ്**
**നിഷ്പക്ഷതയും എല്ലാവരുമായും സൗഹൃദവും**
**ആദ്യ മലയാളം ഫോണ്ട് ’ജോസ്‌കുട്ടി ഫോണ്ട്**
**രൂപം കൊടുത്ത ഭാഷാസ്നേഹി**

ത്തിയിരുന്ന പ്രകാരം, കോവിഡിന്റെ പരിമിതിയിൽ ഒരു വർഷം ന്യൂയോർക്ക് ക്യൂഗാർഡൻസ് മേപ്പിൾഗ്രോവ് സെമിറ്ററിയിൽ മൃതദേഹം സൂക്ഷിച്ചശേഷം 2022 മാർച്ചിൽ കുമ്പഴ സെന്റ് മേരീസ് വലിയ കത്തീഡ്രലിൽ സംസ്കരിച്ചു. അനേകം പേർ തീർത്ഥാടനം പോലെ ആ ശവകുടീരം സന്ദർശിക്കുന്നു. ഒരു സ്വർഗ്ഗതുല്യമായ കുടുംബജീവിതത്തിനു തിരശീല വീണു. എഴുത്തും വായനയും പ്രാർത്ഥനയും എന്റെ സമയം അപഹരിക്കുന്നു. അസുഖങ്ങളൊന്നും ഇതുവരെ അലട്ടാൻ തുടങ്ങിയില്ല, ആരെയും ആശ്രയിക്കാതെ കഷ്ടപ്പെടുത്താതെ ജീവിതം ദൈവേശ്ചപോലെ നടത്തണേ എന്ന പ്രാർത്ഥനമാത്രം.

'സന്തോഷമാകിലും സന്താപമാകിലും

ഉള്ളിൽ തുളുമ്പുന്നതാത്മഹർഷം മാത്രം'.

കഴിഞ്ഞ രണ്ടു മാസങ്ങളിലേറെയായി ഞാൻ കേരളത്തിൽ. കുമ്പഴയിൽ താമസിക്കയായിരുന്നു. വീടുകളിൽ ഒന്നോ രണ്ടോ മാത്രം കുട്ടികളേ ഉള്ളു, അവരെല്ലാം ഹൈസ്കൂൾ കഴിഞ്ഞാലുടൻ യു.കെ., കാനഡ. ഓസ്ട്രേലിയ, ജർമ്മനി എന്നിവിടങ്ങളിലേക്കു ചേക്കേറുന്നു. പോകുന്നവരാരും തിരിച്ചുവരില്ല, കേരളം വൃദ്ധസദനമായി മാറിക്കൊണ്ടിരിക്കുന്നു, വൃദ്ധസദനങ്ങളും അനാഥാലയങ്ങളും വർദ്ധിക്കന്നു, എവിടെയും അടഞ്ഞ ജനാലകളുള്ള ഭവനങ്ങളും,

സ്ഥലങ്ങളും വിൽപ്പനയ്ക്കുള്ള പരസ്യങ്ങളും ധാരാളം. അന്യദേശക്കാരുടെ ആദേശം വർദ്ധിക്കുന്നു. വേഷവിധാനത്തിലും ഭക്ഷണരീതിയിലും വലിയ മാറ്റങ്ങൾ, ഭക്ഷണക്രമത്തിലെ വ്യതിയാനം കൊണ്ട് വിവിധങ്ങളായ വ്യാധികൾ മനുഷ്യരെ അലട്ടുന്നു. ആതുരാലയങ്ങൾ വർദ്ധിക്കുന്നു. പണ്ട് 10 പൈസയ്ക്കു കിട്ടിയിരുന്ന ചായയ്ക്ക് 10 രൂപയിൽ കൂടുതൽ. ദിവസം 8 അണയ്ക്കു് ഒരു ദിവസം മുഴുവൻ ജോലി ചെയ്തിരുന്ന ആണാൾക്ക് ഇന്ന് 1000 രൂപ. പഴയ മനസ്സുകൾക്ക് ഈ വ്യതിയാനം ഉൾക്കൊള്ളുവാൻ പ്രയാസമത്രേ. പച്ചക്കറികൾ തമിഴ്നാട്ടിൽ നിന്നു വരണം. മലയാളികൾക്കു കൈകൊണ്ടു ജോലി ചെയ്യാൻ മടി. ഭയാനകമായ അന്തരീക്ഷം. 55 വർഷങ്ങൾക്കു മുമ്പ് എന്റെ വിവാഹസമയത്ത് ഒരു പവന്റെ വില 125 രൂപ, ഇന്ന് 55000 രൂപയിൽ കൂടുതൽ. അന്നു വീട്ടുജോലിക്കു വീട്ടിൽ താമസിച്ചിരുന്ന ഒരു ആൺകുട്ടിക്കോ പെൺകുട്ടിക്കോ മാസം രണ്ടു രൂപാ ശമ്പളം. 60 വർഷങ്ങളായി എന്റെ ജന്മവീട്ടിൽ ജോലിക്കെത്തിയ 'മത്തായി'ക്ക് ഇന്ന് 75 വയസായി, ഇന്നും ഭാര്യയുമൊത്ത് ഞങ്ങളുടെ വീട്ടിൽ താമസിച്ച് പഴയതിലും മോടിയായി വീടു സൂക്ഷിക്കുന്നു. മാതാപിതാക്കൾ വിടപറഞ്ഞുവെങ്കിലും മത്തായിയുടെ സാന്നിധ്യം വീടിനെ ചൈതന്യവത്താക്കുന്നു, രണ്ടു പെൺമക്കൾ വിവാഹിതരും മക്കളുമൊക്കെയായി അവരവരുടെ വീടുകളിൽ താമസിക്കുന്നു. ഇന്ന് ഞങ്ങളുടെ വീടുമെല്ലാം നോക്കി കഴിയുന്ന ഇതുപോലെയുള്ള ആളുകളെ കിട്ടാൻ ഒരിക്കലും സാദ്ധ്യമല്ല, ആരു ചെയ്ത സുകൃതമോ?

എന്റെ ജീവിതത്തെ ധന്യമാക്കിയ, എന്നിലെ സ്വപ്നങ്ങളിൽ പ്രഭചൊരിഞ്ഞ, എന്റെ കാവ്യാഭിരുചി ഊതിക്കാച്ചിയ എന്റെ പ്രണേശ്വരന്റെ പാദാരവിന്ദങ്ങളെ പ്രണമിച്ചുകൊണ്ട് എന്റെ രചനകളുടെ ഒരു ചെറു വിവരണം കുറിക്കട്ടെ1.

ആകെ 13 സാഹിതീ തല്ലജങ്ങൾ എന്റെ വിരൽത്തുമ്പിലൂടെ വെളിച്ചം കണ്ടിട്ടുണ്ട്,

9 കവിതാസമാഹാരങ്ങൾ, രണ്ടു ലേഖനസമാഹാരങ്ങൾ, ഗീതാഞ്ജലീ വിവർത്തനം ഇംഗ്ലീഷിൽനിന്നും 450ൽ പരം വൃത്തബദ്ധമായ കവിതകളായുള്ള രചന, , എന്റെ പ്രാണനാഥന്റെ വിരഹത്തിൽ വാർന്നൊഴുകിയ ബാഷ്പധാര സ്വരുക്കൂട്ടിയ 'സുഗന്ധസ്മൃതികൾ'എന്ന സ്മരണിക.

17 ൽ പരം പ്രശസ്തങ്ങളായ പുരസ്ക്കാരങ്ങൾക്കും അർഹയായിട്ടുണ്ട്.

ഫൊക്കാനാ ഫോമാ പുരസ്ക്കാരങ്ങൾ 1994, 1996, 1998, 2004, 2010, 2010 (ഫോമ) (6 മംമ്യൂറെ)

Jwala Award -Houston, US 1996

AKBS Award - US. 1998

Nalappattu Narayana Menon Award, US 1998

Sankeerthanam Award, Kerala, India 1998

Philadelphia Malayalee Association. Award 1998

Mammen Mapila Memorial Award, US. 1999

Millenium Award , US. 2000

KCNA Baltimore- the Best Poet 2006

Malankara Orthodox Sabha Centenary Award 2012 (സാഹിത്യപ്രതിഭ)

E-Malayalee- The Best Poet of America Award 2016

Kerala Center- 2019- the Best Poet Award 2016

കൃതികൾ:

1. കന്നിക്കൺമണി (1994)
   50 കവിതകൾ (N-B-S, Ko-ttay-am)
2. സ്നേഹതീർത്ഥം (1996)
   20 കവിതകൾ (N-B-S, Ko-ttay-am)
3. ദാവീദിന്റെ രണ്ടു മുഖങ്ങൾ(1998)
   വിദ്യാർഠർത്ഥിമിത്രം
4. ഗലീലയുടെ തീരങ്ങളിൽ (1998) Alois Graphics
5. മൂല്യമാലിക (2000) 110 കവിതകൾ Alois Graphics
6. ഗീതാഞ്ജലി വിവർത്തനം)(2001) 450 കവിതകൾ
   (D.C. Boo-k-s)
7. പിന്നെയും പൂക്കുന്ന സ്നേഹം (2005)
   Current Books
8. ജന്മക്ഷേത്രം (2009) 40 കവിതകൾ (പ്രഭാത് ബുക്ക്സ്)
9. നേർക്കാഴ്ചകൾ (2014) കഥകൾ, ലേഖനങ്ങൾ (പ്രഭാത്..)
10. 10. True Perspectives (2016) 23 Articles, Stories
    - Creative Minds, Kottayam
11. ശങ്കരപുരി കുടുംബത്തിന്നടിവേരുകൾ
12. കാവ്യദളങ്ങൾ (2020) 60 കവിതകൾ Alois Graphics
13. സുഗന്ധ സ്മൃതികൾ(2022) 39 സ്മാരണങ്ങൾ
    Alois Graphics

**കുടുംബം:**

ഭർത്താവ്, മലങ്കര ഓർത്തഡോകസ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ പ്രഥമ വികാരിയും, പ്രഥമ കോറെപ്പിസ്ക്കോപ്പായുമായിരുന്ന വെരി. റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പാ, (2021 മാർച്ച് 20 നു ദിവംഗതനായി). മക്കൾ: മാത്യു യോഹന്നാൻ (ബിസിനസ്), തോമസ് യോഹന്നാൻ .(Corpor-a-te A-ttorn-ey) . മരുമകൾ: Brinda Yohannan, Grand daughter Luna Jaya Yohannan

Address

58 Bretton Road

Garden City Park

New York 11040

Email: Yohannan.elcy@gmail.com

Tel:,516-850-9153

# കുതിച്ചുയരുന്ന അമേരിക്കൻ വിദ്യാർത്ഥി വിസാ ആവശ്യകതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ച് ഇന്ത്യയിലെ യു.എസ്. നയതന്ത്ര മിഷൻ




ചെന്നൈ, ജൂൺ 13: ഇന്ത്യയിലെ യുണൈറ്റഡ് സ്റ്റേറ്റ്സ് നയതന്ത്ര മിഷൻറെ ഭാഗമായ കോൺസുലർ ടീം തങ്ങളുടെ എട്ടാമത്തെ വാർഷിക സ്റ്റുഡന്റ് വിസാ ദിനമായ ജൂൺ 13 വ്യാഴാഴ്ച്ച ഇന്ത്യയിലെ 3,900 വിദ്യാർത്ഥി വിസ അപേക്ഷകരുടെ അഭിമുഖം നടത്തി. സ്റ്റുഡന്റ് വിസ ദിനത്തിൽ വിപുലമായ രീതിയിൽ പരിപാടികൾ നടത്തുന്നതിലൂടെ ഇന്ത്യയിലെ യു.എസ്. നയതന്ത്ര മിഷൻ അമേരിക്കയിലെ ഉന്നത വിദ്യാഭ്യാസത്തോടും അമേരിക്കയും ഇന്ത്യയും തമ്മിൽ വിദ്യാഭാസ മേഖലയിൽ അനുദിനം വളർന്ന് വരുന്ന ബന്ധത്തോടുമുള്ള ശക്തമായ പ്രതിബദ്ധതയാണ് എടുത്തുകാട്ടുന്നത്. യു.എസ്. മിഷൻ ഇന്ത്യ, യു.എസ്. ഡിപ്പാർട്മെൻറ് ഓഫ് സ്റ്റേറ്റ് ആഗോളതലത്തിൽ നടത്തുന്ന ഉപദേശക ശ്രുംഖലയായ എജ്യുക്കേഷൻ യു.എസ്.എ. പ്രതിനിധികൾ യുണൈറ്റഡ് സ്റ്റേറ്റ്സിലെ പഠനം സംബന്ധിച്ച വിവരങ്ങൾ ഈ സ്റ്റുഡന്റ് വിസാ ദിനത്തിൽ അപേക്ഷകരുമായി പങ്കുവച്ചു.

എല്ലാ ഇന്ത്യൻ വിദ്യാർത്ഥികൾക്കും ആശംസകൾ അറിയിച്ചുകൊണ്ട് അംബാസഡർ എറിക് ഗാർസെറ്റി പറഞ്ഞു: ''അമേരിക്കൻ കാമ്പസുകളിലെ ഓരോ അന്താരാഷ്ട്ര വിദ്യാർത്ഥിയും മഹത്തായ നേട്ടങ്ങളെ പ്രതിനിധീകരിക്കുന്നു - അക്കാദമിക മികവിലേക്കുള്ള തയ്യാറെടുപ്പിനായി അവർ നടത്തിയ വർഷങ്ങളുടെ പഠനവും കഠിനാധ്വാനവും. കടന്നു പോയവരെപ്പോലെ തന്നെ, ഇന്നത്തെ ഇന്ത്യൻ വിദ്യാർത്ഥികളും വമ്പൻ സാധ്യതകളെയാണ് പ്രതിനിധീകരിക്കുന്നത് - നിങ്ങൾ നേടുവാൻ പോകുന്ന വിജ്ഞാനം, നിങ്ങൾ അനുഭവിച്ചറിയുവാൻ പോകുന്ന പുതിയ കഴിവുകളും അവസരങ്ങളും, നിങ്ങൾ കെട്ടിപ്പടുക്കുന്ന ബന്ധങ്ങൾ എന്നിവയെല്ലാം നിങ്ങൾ നടത്തിയ നിക്ഷേപത്തിന് തക്കതായ മൂല്യം തിരിച്ച് നൽകുന്നു. ഓരോ വിദ്യാർത്ഥിയും ഇന്ത്യയുടെ അംബാസഡർമാരാണ്. നമ്മൾ ഒന്നായി യു.എസ്.-ഇന്ത്യ ബന്ധം മുന്നോട്ട് കൊണ്ടുപോകുകയാണ്.''




ഇന്ത്യയിലെ യു.എസ്. മിനിസ്റ്റർ-കൗൺസിലർ ഫോർ കോൺസുലർ അഫയേഴ്സ് റസ്സൽ ബ്രൗൺ പറഞ്ഞു: ''ഇന്ത്യൻ വിദ്യാർത്ഥികൾ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഏറ്റവും വലിയ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ ഗ്രൂപ്പായി മാറാൻ ഒരുങ്ങുന്ന ഈ വർഷം, സ്റ്റുഡന്റ് വിസ ദിനത്തിലും ഈ വിദ്യാർത്ഥി സീസണുടനീളവും ഇന്ത്യയിലെ വിദ്യാർത്ഥി വിസ അപേക്ഷകരെ സ്വാഗതം ചെയ്യുന്നതിൽ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും ഞങ്ങളുടെ എജ്യുക്കേഷൻ യു.എസ്.എ. സഹപ്രവർത്തകരും ഏറെ ആവേശഭരിതരാണ്.''

കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പഠനത്തിനായി അമേരിക്ക തിരഞ്ഞെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2018, 2019, 2020 വർഷങ്ങളിൽ മൊത്തം അനുവദിച്ചതിനേക്കാൾ കൂടുതൽ സ്റ്റുഡന്റ് വിസകൾ 2023-ൽ ഇന്ത്യയിലെ യുണൈറ്റഡ് സ്റ്റേറ്റ്സ് നയതന്ത്ര മിഷൻ അനുവദിച്ചിട്ടുണ്ട്. ഈ അഭൂതപൂർവമായ വളർച്ച പ്രതിഫലിപ്പിക്കുന്നത് ഇന്ത്യയിലെ യു.എസ്. നയതന്ത്ര മിഷൻ വി

ദ്യാർത്ഥി അപേക്ഷകർക്കും അവരുടെ യാത്ര സുഗമമാക്കുന്നതിനും നൽകുന്ന മുൻഗണനയാണ്. 2021-നും 2023-നും ഇടയിൽ മറ്റെല്ലാ യു.എസ്. വിസകൾക്കുമുള്ള ആവശ്യകതയിൽ വന്ന 400 ശതമാനം വർദ്ധനവിനൊത്ത് നടപടികൾ സ്വീകരിച്ചപ്പോഴും ഇന്ത്യയിലെ യു.എസ്. നയതന്ത്ര മിഷൻ വിദ്യാർത്ഥികളെ മുൻഗണനയിൽ തന്നെ നിർത്തി. ഇന്ത്യയിലെ യു.എസ്. എംബസിയും കോൺസുലേറ്റുകളും ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥി വിസ അപേക്ഷകരുടെ എണ്ണത്തിൽ തുടർച്ചയായുള്ള വർദ്ധനവ് മുൻകൂട്ടി കാണുന്നു. ഈ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി 2024-ലെ വിദ്യാർത്ഥി വിസ സീസൺ ഇന്ത്യയിലെ എല്ലാ കാര്യാലയങ്ങളിലും വിപുലീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ വിദ്യാർത്ഥികളുടെ ഒന്നാം നമ്പർ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി യുണൈറ്റഡ് സ്റ്റേറ്റ്സ് തുടരുകയാണ്. മറ്റേതൊരു ലക്ഷ്യസ്ഥാനത്തേക്കാളും യു.എസ്. വിദ്യാഭ്യാസമാണ് ഇഷ്ടപ്പെടുന്നതെന്ന് 69 ശതമാനം ഇന്ത്യൻ വിദ്യാർത്ഥികളും പറയുന്നതായി പഠനങ്ങൾ കാണിക്കുന്നു. ഇന്ത്യൻ വിദ്യാർത്ഥികളാണ് ഇപ്പോൾ യുണൈറ്റഡ് സ്റ്റേറ്റ്സിലെ അന്തർദ്ദേശീയ ബിരുദ വിദ്യാർത്ഥികളിലെ ഏറ്റവും വലിയ ഗ്രൂപ്പ്. ഈ വിദ്യാർത്ഥികൾ മൂല്യവത്തായ യഥാർത്ഥ ലോക അനുഭവം നേടുകയും തൊഴിലധിഷ്ഠിത യു.എസ്. വിസകൾ സ്വീകരിക്കുകയോ അല്ലെങ്കിൽ ഇന്ത്യയിൽ അവരവരുടെ മേഖലകളിൽ മുൻനിരക്കാരാവുകയോ ചെയ്യുന്നു. ഇത്തരത്തിൽ യു.എസ്. വിദ്യാഭ്യാസത്തിന്റെ ആജീവനാന്ത നേട്ടം അവർ പ്രതിഫലിപ്പിക്കുന്നു.

യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് പോകാൻ തയ്യാറെടുക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് bit.ly/EdUSAindiaPDO24 എന്ന ലിങ്ക് സന്ദർശിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഔദ്യോഗിക വിവര സ്രോതസ്സായ എജ്യുക്കേഷൻ യു.എസ്.എ. നടത്തുന്ന ഒരു മുന്നൊരുക്ക ക്ലാസ്സിൽ ധപ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ -ജഉഛപ പങ്ക് ചേരുന്നതിലൂടെ യു.എസ്. വിദ്യാർത്ഥി വിസ പ്രക്രിയയെക്കുറിച്ച് മനസ്സിലാക്കാം


# ക്നാനായ സംഗമം : കുര്യാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്യും




ഡാലസ്: അടുത്ത മാസം 18, 19, 20, 21 തീയതികളിൽ ഡാലസ് ഫ്രിസ്കോയിലെ എംബസി സൂട്ട്സിൽ നടക്കുന്ന ക്നാനായ സംഗമത്തിൻറെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക്. ഈ മാസം 10ന് പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള റജിസ്ട്രേഷൻ അവസാനിച്ചിരുന്നു. പ്രസ്തുത സംഗമത്തിൽ ക്നാനായ സമുദായത്തിൻറെ വലിയ മെത്രാപ്പൊലീത്ത ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് മെത്രാപ്പൊലീത്ത മുഖ്യാതിഥി ആയിരിക്കും.

സമുദായ സെക്രട്ടറി ടി.ഒ ഏബ്രഹാം തോട്ടത്തിൽ, ക്നാനായ കമ്മറ്റി അംഗങ്ങളായ റ്റിജു ഏബ്രഹാം തോട്ടപ്പുറത്ത്, സാബു കണ്ണാട്ടിപ്പുഴ, തോമസുകുട്ടി തേവരുമുറിയിൽ എന്നിവർ പങ്കെടുക്കും. പ്രസ്തുത സമ്മേളനത്തിനോടനുബന്ധിച്ച് നോർത്ത് അമേരിക്കയിലെ എല്ലാ ക്നാനായ പള്ളികളുടെയും ആഭിമുഖ്യത്തിൽ വാദ്യമേളങ്ങളുടെ അകമ്പടിയോടെയുള്ള വർണ്ണശബളമാർന്ന ഘോഷയാത്ര ഉണ്ടായിരിക്കുന്നതാണ്. ചെണ്ടമേളം, പുരാതനപ്പാട്ട് ആരാധന ഗീതം, പരിശമുട്ട്, മിസ്റ്റർ & മിസ്സ് ക്നാനായ, ക്നാനായ മങ്ക & മന്നൻ, ക്നാനായ പ്രിൻസ് & പ്രിൻസസ്, ഡാൻസ്, സ്കിറ്റ്സ്, സോക്കർ, ബാസ്കറ്റ് ബോൾ, വോളി ബോൾ, ബാറ്റ്മിൻറൺ, വടംവലി എന്നിങ്ങനെ നിരവധി മത്സരങ്ങളും സംഘടിപ്പിക്കും.

തുടർന്ന് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെയും 75 വയസ്സിന് മുകളിൽ പ്രായമുള്ളവരെയും വിവാഹം കഴിഞ്ഞിട്ട് 50 വർഷത്തിൽ കൂടുതലായവരെയും ആദരിക്കും. 21ാം തീയതി ഞായറാഴ്ച രാവിലെ വിശുദ്ധ കുർബ്ബാനയെത്തുടർന്ന് നടക്കുന്ന സമാപന സമ്മേളനത്തോടെ സംഗമം പര്യവസാനിയ്ക്കുന്നതായിരിക്കുമെന്ന് പബ്ലിസിറ്റി കമ്മറ്റിയ്ക്കുവേണ്ടി ബാലു മാലത്തുശേരി അറിയിച്ചു..



ഫോമാ ട്രഷറർ സ്ഥാനത്തേക്ക്
ബിനൂബ് ശ്രീധരൻ
സാമ്പത്തിക രംഗത്ത് സുതാര്യതയും സത്യസന്ധതയും
മികച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം; സാമ്പത്തിക അച്ചടക്കം
പരിചയസമ്പന്നമായ നേത്രുത്വം
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
BINOOB SREEDHARAN
TREASURER
SUNNY KALLOOPPARA
VICE PRESIDENT
DR. PRINCE NECHIKAT DBA
JOINT SECRETARY
AMBILY SAJIMON
JOINT TREASURER

# സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെ ചേർത്തണക്കുകയെന്നതായിരിക്കണം സഭയുടെ ദൗത്യം: യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ



പി പി ചെറിയാൻ

മെസ്കിറ്റ് (ഡാലസ്):സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെ ചേർത്തണക്കുകയെന്നതായിരിക്കണം സഭയുടെ പ്രഖ്യാപിത ദൗത്യമെന്ന് യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു. ദൈവീക കൽപ്പന ലംഘിച്ച് മരണത്തിന് വിധിക്കപ്പെട്ട മനുഷ്യ വർഗ്ഗത്തെ വീണ്ടെടുക്കുന്നതിനു തൻറെ സ്നേഹ നിധിയായ ഓമനകുമാരനെ ഭൂമിയിലേക്ക് അയച്ചു ക്രൂശുമരണത്തിലൂടെ മനുഷ്യവർഗത്തെ വീണ്ടെടുത്ത സ്നേഹം നമ്മിൽ നിലനിൽക്കുന്നുവെങ്കിൽ സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെ കൂടി ചേർത്തണക്കുകയെന്ന ഉത്തരവാദിത്വം സഭയായി,സമൂഹമായി ശവ്യക്തികളായി ഏറ്റെടുക്കുവാൻ തയ്യാറാക്കണമെന്നു യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം പതിനാറാം വാക്യത്തെ അടിസ്ഥാനമാക്കി വചനശുശ്രൂഷ നിർവ്വഹിക്കവെ അഭിവന്ദ്യ യുയാക്കിം മാർ കൂറിലോസ് മെത്രാപ്പൊലീത്ത പറഞ്ഞു. ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനം ഏറ്റെടുത്തു നടത്തുന്ന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു എല്ലാവരുടെയും സഹകരണം തിരുമേനി അഭ്യർത്ഥിച്ചു .

മാർത്തോമ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്ത ആയി ഉയർത്തപ്പെട്ടശേഷം ആദ്യമായി ഡാലസ് സെൻറ് പോൾസ് മാർത്തോമാ ചർച്ചിൽ എത്തിച്ചേർന്ന യുയാക്കിം മാർ കൂറിലോസ് സഫർ ഗൺ മെത്രാപ്പൊലീത്തയ്ക്ക് ഊഷ്മള സ്വീകരണം നൽകി ജൂൺ 10 ഞായറാഴ്ച രാവിലെ 9 മണിക്ക് പള്ളി കവാടത്തിൽ എത്തിയ മെത്രാപ്പൊലീത്തയെ ഇടവകാംഗങ്ങളൾ ഇടവക ചുമതലക്കാർ എന്നിവർ ചേർന്നു സ്വീകരിച്ചു , തുടർന്ന് ദേവാലയത്തിൽ ബഹുമാനപ്പെട്ട തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അനുഷ്ഠിച്ചു ഇടവക വികാരി റവ ഷൈജു സി ജോയ് സഹകാർമികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം ചേർന്ന സ്വീകരണസമ്മേളനത്തിൽ ഇടവക വികാരി ഷൈജു സിജോയ് അധ്യക്ഷത വഹിക്കുകയും ആമുഖപ്രസംഗം നടത്തുകയും ചെയ്തു. ഇടവക സെക്രട്ടറി അജു മാത്യു ഔദ്യോഗികമായി തിരുമേനിയെ പള്ളിയിലേക്ക് സ്വാഗതം ചെയ്തു .ഇടവക വൈ




Experience
Elegance Redefined
in New Jersey
Dear Patron,
It is with great joy and pride that we
invite you to the grand opening of
our newly renovated Joyalukkas
showroom in New Jersey.
Location : 1665 Oak Tree Rd Suite
#325, Edison, NJ 08820
Date : Saturday, 15th June, 2024.
Time : 5:30 pm
Looking forward to your
support & presence.
Warm Regards,
Joy Alukkas
Chairman, Joyalukkas Group.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • INDIA • UAE • OMAN • QATAR • BAHRAIN • KSA • KUWAIT • SINGAPORE • MALAYSIA

സ് പ്രസിഡണ്ട് ഈശോ കുര്യൻ ആശംസകളർപ്പിച്ചു. ഭദ്രാസന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന മെറിറ്റ് അവാർഡിന് അർഹനായ ജെറിൻ ആൻഡ്രൂസിനും മാർത്തോമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ ആൻഡ് കൾച്ചറൽ നടത്തുന്ന ഈസ്റ്റേൺ ക്രിസ്ത്യാനിറ്റി ആൻഡ് സ്പിരിറ്റ് എന്ന വിഷയത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ജോതം പി സൈമണും സർട്ടിഫിക്കറ്റ് അഭിവന്ദ്യ തിരുമേനി വിതരണം ചെയ്തു ഇടവകയുടെ ഉപഹാരം ഇടവക ട്രസ്റ്റി വിനോദ് ചെറിയാൻ തിരുമേനിക്കു കൈമാറി . സ്വീകരണത്തിന് അഭിവന്ദ്യ തിരുമേനി സമുചിതമായി മറുപടി നൽകി ഇടവക ട്രസ്റ്റി എബി തോമസ് നന്ദി പറഞ്ഞു . പ്രാർത്ഥനയോടും ആശിർവാദത്തോടെ കൂടെ സ്വീകരണ പരിപാടി സമാപിച്ചു








# കെ.എച്ച്.എൻ.എ. സിൽവർ ജൂബിലി കൺവൻഷനു തയ്യാറെടുക്കുന്നു: ഡോ.നിഷാ പിള്ള

**സതീശൻ നായർ**

ചിക്കാഗോ: കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ 2025 ൽ നടക്കുന്ന ഹിന്ദു മഹാസംഗമം സംഘടനയുടെ രജതജൂബിലി ആഘോഷം കൂടിയായിരിക്കും. വിപുലമായ പരിപാടികളോടു കൂടി നടത്തപ്പെടുന്ന ഈ രജത ജൂബിലി ആഘോഷത്തിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞതായി പ്രസിഡന്റ് ഡോ.നിഷാ പിള്ള പറഞ്ഞു.

കെ.എച്ച്.എൻ.എ. മിഡ് വെസ്റ്റ് റീജിയൻ, ചിക്കാഗോ സംഘടിപ്പിച്ച മീറ്റ്& ഗ്രീറ്റ് പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു. സംഘടനയുടെ വിവിധ കർമ്മ പദ്ധതികൾ നടന്നു വരുന്നതായും, യുവ തലമുറയെ കൂടുതൽ ഉൾപ്പെടുത്തി വിവിധ പ്രോഗ്രാമുകൾ നടത്തി വരുന്നതായും പ്രസിഡന്റ് പ്രത്യേകം എടുത്തു പറഞ്ഞു. കൂടാതെ സദസ്സിന്റെ വിവിധ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സംഘടനയുടെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കർമ്മ പരിപാടികൾക്കും നിങ്ങൾ ഓരോരുത്തരുടേയും കൂട്ടായ സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു.

ട്രസ്റ്റി മെമ്പർ അരവിന്ദ് പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ജൂഡീഷ്യൽ അംഗം സതീശൻ നായർ-ഏവരേയും സ്വാഗതം ചെയ്തു. ജൂഡീഷ്യൽ കമ്മറ്റി ചെയർമാനും മുൻ പ്രസിഡന്റുമായ അനിൽ കുമാർ പിള്ള, വൈസ് പ്രസിഡന്റ് സുരേഷ് നായർ, ട്രസ്റ്റി മെമ്പർ പ്രസന്നൻ പിള്ള, കമ്മറ്റി മെമ്പർ വിജി.എസ്. നായർ യൂത്ത് ചെയർ നിതിൻ നായർ തുടങ്ങിയവർ സംസാരിച്ചു.

കൂടാതെ രാധാകൃഷ്ണൻ നായർ, എം ആർ.സി. പിള്ള, സുരേഷ് ബാലചന്ദ്രൻ, രവി കുട്ടപ്പൻ, ചന്ദ്രൻപിള്ള, രാജമ്മ ഗോപാലകൃഷ്ണൻ, ലക്ഷ്മി സുരേഷ് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു. വി.ഗോപാലകൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.





ഫോമാ അഡ്വൈസറി ബോർഡ്
ചെയർ സ്ഥാനത്തേക്ക്
ഷിനു ജോസഫ്
ഫോമായിൽ വിവിധ തലങ്ങളിൽ
മികവ് പ്രകടിപ്പിച്ച പ്രവർത്തനങ്ങൾ
സംഘടനയുടെ നന്മക്കായുള്ള നിലപാടുകൾ

# ആത്മീയ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടതായിരിക്കണം കുടുംബം: റവ.ഡോ. ജോബി



ഹൂസ്റ്റൺ: അക്കായയിലെ ക്രൈസ്തവ വിശ്വാസത്തിലെ ആദ്യ ഫലമായ കുടുംബം കൂട്ടായ പ്രവർത്തനത്തിൽ ഏർപ്പെട്ട്, ശുശ്രൂഷയിലെ കുറവുകളെ പരിഹരിച്ച്, ദൈവജനത്തിന്റെ മനസ്സ് തണുപ്പിച്ചതുപോലെ ആത്മീയ ശുശ്രൂഷയ്ക്കായി സമർപ്പിക്കപ്പെട്ടതായിരിക്കണം കുടുംബജീവിതം എന്ന് റവ.ഡോ. ജോബി മാത്യു യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ (യു.സി.എഫ്) പ്രതിവാര പ്രാർത്ഥന യോഗത്തിൽ മുഖ്യ സന്ദേശത്തിൽ ആഹ്വാനം ചെയ്തു.



മത്തായി കെ മത്തായി അധ്യക്ഷത വഹിച്ചു. ജോൺ കുരുവിള മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. കോശി എബ്രഹാം, അമ്മിണി കുരുവിള, ബാബു കൊച്ചുമ്മൻ എന്നിവർ പ്രാർത്ഥിച്ചു.

കുടുംബജീവിതത്തിൽ ധന്യമായ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മാത്തുക്കുട്ടി- മോളി ദമ്പതികൾക്ക് റവ.ജേക്കബ് ജോർജ്, മാത്യു വർഗീസ്, ജോർജ് മാത്യു, ആലീസ് വർഗീസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

ജെൻസൺ, ജാസ്മിൻ, കെസിയ എന്നിവരുടെ സാക്ഷ്യവും തുടർന്ന് സോഫിയുടെ ആശംസാ ഗാനവും ഉണ്ടായിരുന്നു. യു.സി.ഫ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

By. സജി പുല്ലാട്





# LIVE

## Television Channels
## Streaming of Events

MediaAppUSA

## 'VOD' Video On Demand
## Movies | Shows | Photos
## Event Tickets



**One App for All Media Outlets**

- amazon fireTV — Amazon fireTV
- ROKU — ROKU TV
- tv — Apple TV
- Google TV — GoogleTV
- Samsung SMART TV — Samsung TV
- LG Life's Good — LGTV
- Panasonic — Panasonic
- VIZIO — VIZIO TV
- iPhone
- Android

Download on the App Store | ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download 'MediaAppUSA'

# സുരേഷ് ഗോപി ജിക്ക് ഒരു തുറന്ന കത്ത്



**വിഷയം: കേരളത്തിന്റെ നിർണായകമായ ശുചിത്വ വിഷയം അഭിസംബോധന ചെയ്യുന്നു.**

പ്രിയ ശ്രീ സുരേഷ് ഗോപി ജി.......

കേന്ദ്ര സഹമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്ത ഞങ്ങളുടെ പ്രിയപ്പെട്ട സുരേഷ് ഗോപി ജിക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. താങ്കളിൽ നിക്ഷിപ്തമായ വകുപ്പ് എന്തുതന്നെയായാലും കേരളത്തിൻറെ മാലിന്യ വിഷയത്തിൽ താങ്കൾ ശ്രദ്ധ ചെലുത്തും എന്ന് പ്രതീക്ഷയിൽ ആണ് ഞാൻ ഈ കത്ത് എഴുതുന്നത്. തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിൻറെ ആകമാനമായുള്ള പുരോഗമനത്തിലും ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പുന്നതിലും താങ്കൾ ഈ കാലമത്രയും ചെയ്ത പ്രവർത്തികൾ വിലമതിക്കാവുന്നതിലും അപ്പുറമാണ്. ഭരത്ചന്ദ്രൻ ഐപിഎസ് ആയും ആനക്കാട്ടിൽ ചാക്കോച്ചിയായും മാളിയേക്കൽ തൊമ്മിയായും അഭ്രപാളികളിൽ അത്ഭുതം തീർത്ത താങ്കൾ കേന്ദ്ര സഹമന്ത്രിയായി വരുമ്പോൾ മാറ്റത്തിന്റെ വലിയ അത്ഭുതമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നമ്മുടെ പ്രിയപ്പെട്ട കേരളത്തിന്റെ ക്ഷേമത്തിലും വികസനത്തിലും അതീവ ഉത്കണ്ഠയുള്ള ഒരു വ്യക്തി എന്ന നിലയിൽ, അടിയന്തിരവും സുസ്ഥിരവുമായ ശ്രദ്ധ ആവശ്യമുള്ള, വൃത്തിയുടെയും ശുചിത്വത്തിന്റെയും പ്രശ്നം, താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഇത് എഴുതുന്നത്.

പ്രകൃതിയുടെ സൗന്ദര്യത്താൽ സമ്പന്നമായതും സാംസ്കാരിക പൈതൃകം നിറഞ്ഞതുമായ നമ്മുടെ കൊച്ചു കേരളം, നിർഭാഗ്യവശാൽ, നഗര-ഗ്രാമ പ്രദേശങ്ങളിലുടനീളം ശുചിത്വം നിലനിർത്തുന്നതിൽ കാര്യമായ വെല്ലുവിളികൾ നേരിടുന്നു എന്നത് എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ. ഈ കാലമത്രയും ഭരിച്ച ഗവൺമെന്റുകളും മറ്റ് പൗരസമിതികളും വിവിധ തരത്തിലുള്ള ശ്രമങ്ങൾ നടത്തിയിട്ടും, മാലിന്യ സംസ്കരണം, പൊതു ശുചിത്വം എന്നിവയുടെ പ്രശ്നം ഇന്നും നിലനിൽക്കുന്നു, ഇത് നമ്മുടെ കേരളത്തിൽ താമസിക്കുന്നവരുടെ ആരോഗ്യത്തെയും ജീവിത നിലവാരത്തെയും അതുപോലെ നമ്മുടെ സമ്പദ്


1st Annual
AAPI WORLD HEALTH CONGRESS
American Association of Physicians of Indian Origin
AAPI
Dive into the future of healthcare at the 1st AnnualAAPI World Health Congress, a pivotal event bringing together the brightest minds and hearts in healthcare
July 18-22
Marriott Marquis | New York
Anjana Samadder, MD
President, AAPI
Sumul Raval, MD
Secretary | Convention Treasurer
Achintya Moulick, MD
Convention Chair
Empowering Health Bridging Communities
Exploring Confluence: 'AI and Medicine'
'Literary & Film Seminar
Invited Dignitaries
Donald Trump
45th U.S. President
Amit Shah
Minister of Home Affairs of India
Sri Sri Ravishankar
World Spiritual Leader
Bernie Sanders
United States Senator
Michelle Obama
Former First Lady of U.S.
Dr. Mansukh Mandivya
Minister of Health and Family Welfare
Dr. Jesse Ehrenfeld
President of AMA
Dr. Vivek Murthy
U.S. Surgeon General
Eearly Bird Special
Discount Available Now!
Register now at aapiworldhealthcongress.org
More Info: 1-630-990-2277 | eMail: convention@aapiusa.org

വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമായ ടൂറിസം മേഖലയെയും കാര്യമായി ബാധിക്കുന്നു എന്നതും എല്ലാവർക്കും അറിവുള്ള കാര്യമാണല്ലോ.

മാലിന്യ സംസ്കരണം: നഗരപ്രദേശങ്ങളിൽ അവിടവിടെയായി ഉപേക്ഷിക്കപ്പെട്ട ഖരമാലിന്യങ്ങൾ വൃത്തിഹീനവും ദുർഗന്ധം വമിക്കുന്നതുമായ സാഹചര്യങ്ങളിലേക്കും ,പിന്നീട് ചെറിയ മഴ പെയ്യുമ്പോൾ ഉണ്ടാകുന്ന വെള്ളക്കെട്ട് പോലെയുള്ള പ്രശ്നങ്ങളിലേക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങളിലേക്കും നയിക്കുന്നു. മാലിന്യങ്ങൾ അതിൻറെ ഉറവിടത്തിൽ വെച്ചു തന്നെ വേർതിരിക്കയും റീസൈക്ലിംഗ് ചെയ്യേണ്ടവ അങ്ങനെ ചെയ്യുകയും സംസ്കരിക്കേണ്ടതായ മറ്റ് മാലിന്യങ്ങൾ ഫലപ്രദമായ രീതിയിൽ സംസ്കരിക്കുകയും ചെയ്യുന്ന കാര്യക്ഷമവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനം ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു അടിയന്തിര ആവശ്യമാണ്. ഈ വിഷയങ്ങളിലേക്ക് അധികൃതരുടെ ശ്രദ്ധ കൊണ്ടുവരുന്നതിന് താങ്കൾക്ക് കഴിയും.

ജലമലിനീകരണം: വ്യാവസായിക മാലിന്യങ്ങൾ നിറഞ്ഞ മലിനജലം പുറന്തള്ളുന്നത് വഴിയും, മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായി കളയുന്നത് വഴിയും കേരളത്തിലെ പല ജലാശയങ്ങളും ഇന്ന് മലിനമാണ്. നമ്മുടെ നദികളും പുഴകളും കായലുകളും വൃത്തിയാക്കുന്നതു വഴി നമ്മുടെ ഇക്കോ സിസ്റ്റത്തിനെ സംരക്ഷിക്കുന്നതിനും , സുരക്ഷിതമായ കുടിവെള്ളം എല്ലാവർക്കും ഉറപ്പാക്കുന്നതിനും ഇക്കോ ടൂറിസം പോലെയുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. വ്യാവസായിക മാലിന്യ ജലം പുറന്തള്ളുന്നതിനു മുമ്പ് ശുദ്ധീകരിക്കുന്നതിന് ആവശ്യമായ നിയമ നടപടികളും ഉണ്ടാക്കുന്നതിന് താങ്കൾക്ക് നേതൃത്വം നൽകുവാൻ ആകും.

പൊതുജന പങ്കാളിത്തവും ബോധവൽക്കരണവും: ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അത് പരിപാലിക്കുന്നതിൽ അവരുടെ പങ്കിനെക്കുറിച്ചും നമ്മുടെ പൗരന്മാരെ ബോധവത്കരിക്കുന്നതിന് പൊതുജന ബോധവൽക്കരണ കാമ്പെയ്‌നുകൾ അത്യന്താപേക്ഷിതമാണ്. കമ്മ്യൂണിറ്റി പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതും ഉത്തരവാദിത്തബോധം വളർത്തിയെടുക്കുന്നതും വൃത്തിയുള്ള കേരളത്തിന് ഗണ്യമായ സംഭാവന നൽകും ഇത്തരം കാര്യങ്ങളിൽ താങ്കൾക്ക് നിർണായകമായ സ്വാധീനം ചെലുത്തുവാൻ സാധിക്കും.

അടിസ്ഥാന സൗകര്യങ്ങൾ: മാലിന്യ സംസ്കരണ പ്ലാന്റുകൾ, പൊതു ടോയ്‌ലറ്റുകൾ, ഡെയിലി ക്ലീനിങ് സർവീസ് എന്നിവയുൾപ്പെടെ അവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വിഭവങ്ങളും കേരളത്തിൽ നിർണായകമാണ്. ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാലിന്യ സംസ്കരണ പ്ലാന്റുകൾ മാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. അതാത് ജില്ലാ ഭരണകൂടങ്ങളുമായും സംസ്ഥാന സർക്കാരുമായും സഹകരിച്ച് ഇത്തരം കാര്യങ്ങളിൽ നേതൃത്വം നൽകുവാൻ താങ്കൾക്ക് സാധിക്കും.

നയ നിർവഹണവും നിരീക്ഷണവും: ദീർഘകാല ശുചിത്വ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ശക്തമായ നയങ്ങളും നിയമങ്ങളും അവയുടെ കർശനമായ നിർവ്വഹണവും സ്ഥിരമായ നിരീക്ഷണവും ഉത്തരവാദിത്തവും ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സർക്കാരിതര സംഘടനകളുമായുള്ള സഹകരണവും താങ്കൾക്ക് ഉറപ്പിക്കാനാകും എന്നാണ് ഞങ്ങളുടെ വിശ്വാസം.

എല്ലാ വർഷവും കുടുംബത്തോടൊപ്പം കേരളത്തിലേക്ക് യാത്ര ചെയ്യുന്ന ഒരു സാധാരണ അമേരിക്കക്കാരൻ എന്ന നിലയിൽ, ഞങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മതിയായ പൊതു ടോയ്‌ലറ്റുകളുടെയും സുചിമുറികളുടെയും അഭാവം. ചില സ്ഥലങ്ങളിൽ ടോയ്‌ലറ്റുകൾ ഉണ്ടെങ്കിലും അവയുടെ അവസ്ഥ പലപ്പോഴും പരിതാപകരമാണ്. ഈ അവസ്ഥ ഞങ്ങൾക്ക് മാത്രമല്ല, യൂറോപ്പ്, അമേരിക്ക, ഗൾഫ് എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാർക്കും ഒരു പ്രധാന പ്രശ്നമാണ്.

ഞങ്ങൾ നമ്മുടെ സംസ്ഥാനം സന്ദർശിച്ച് തിരികെ വരുമ്പോൾ, അഭിമാനത്തോടെ ഞങ്ങളുടെ സഹ അമേരിക്കക്കാരുമായും യൂറോപ്യന്മാരുമായും കേരളത്തിലെ നല്ല അനുഭവങ്ങൾ പങ്കിടുവാനും ആഗ്രഹിക്കുന്നവരാണ്. എന്നിരുന്നാലും, പൊതു സൗകര്യങ്ങളുടെ നിലവിലെ അവസ്ഥ അതിന് ഞങ്ങളെ അനുവദിക്കുന്നില്ല.

പൊതു ടോയ്‌ലറ്റുകളുടെ ലഭ്യതയും അവയുടെ ഇപ്പോഴത്തെ വൃത്തിഹീനമായ അവസ്ഥ മെച്ചപ്പെടുത്തുന്നത് വഴിയും ,ഞങ്ങളുടെ പ്രത്യേകിച്ച് ഞങ്ങളോടൊപ്പം യാത്ര ചെയ്യുന്ന ഞങ്ങളുടെ സ്ത്രീകളുടെ യാത്രാനുഭവം മെച്ചപ്പെടുത്തുവാനും ഞങ്ങളുടെ കുട്ടികൾക്ക് കേരളത്തോടുള്ള സമീപനം മാറ്റിയെടുക്കുവാനും, കേരളത്തെക്കുറിച്ച് അഭിമാനത്തോടെ മറ്റുള്ളവരോട് പറയുവാനും ഞങ്ങൾക്ക് സാധിക്കും.

ഈ പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കവാൻ മുൻപ സേവനമനുഷ്ഠിച്ച പല രാഷ്ട്രീയക്കാരും മന്ത്രിമാരും കാര്യമായൊന്നും ചെയ്തിട്ടില്ല എന്നുള്ളത് നിരാശാജനകമായ കാര്യമാണ്. താങ്കളുടെ കാലാവധി ഇതിൽ നിന്നും വ്യത്യസ്തമായിരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു, ഈ വെല്ലുവിളികൾ പരിഹരിക്കാൻ താങ്കൾ നിർണ്ണായക നടപടി സ്വീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു. വൃത്തിയുള്ളതും കാര്യക്ഷമവുമായ അന്തരീക്ഷം ഉറപ്പാക്കുന്നത് കേരളത്തിൽ താമസിക്കുന്നവരുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, നമ്മുടെ സംസ്ഥാനത്തേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയും അതിലൂടെ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ഉയർത്തുകയും ചെയ്യാനാകും. താങ്കളുടെ നേതൃത്വവും ഈ വിഷയത്തോടുള്ള പ്രതിബദ്ധതയും കാര്യമായ മാറ്റമുണ്ടാക്കും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

താങ്കളുടെ മാർഗനിർദേശപ്രകാരം, വൃത്തിയിലും ശുചിത്വത്തിലും ഉയർന്ന നിലവാരം പുലർത്തുന്നതിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കുവാൻ കേരളത്തിന് കഴിയുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്.

താങ്കളെ വിജയിപ്പിച്ചു വിട്ട തൃശ്ശൂർ ജനതയ്ക്ക് ഞങ്ങളുടെ അഭിവാദനങ്ങൾ. നമ്മുടെ സംസ്ഥാനം വരുന്ന നാളെയിൽ നല്ല മാറ്റങ്ങൾ കാണുവാൻ കാത്തിരിക്കുകയാണ്. ഇന്ത്യയുടെ വികസനവും അതിലൂടെ കേരളത്തിൻറെ വളർച്ചയും ഉയർച്ചയും താങ്കളിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസവും തുടർന്നും ഉണ്ടാകട്ടെ എന്ന ആശംസിക്കുന്നു.

എല്ലാ നന്മകളും സർവ്വേശ്വരൻ നൽകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഈ കത്ത് ചുരുക്കുന്നു.

വാരിക്കാടൻ

# മോദിയുടെ മോഡി കളഞ്ഞ രാഹുൽ,
## വരുംകാല ഇന്ത്യയുടെ പ്രതീക്ഷ

ജോയി ഇട്ടൻ

ചരിത്രം ഒരിക്കൽ കൂടി രാഹുൽഗാന്ധിയുടെ പേര് ഇന്ത്യയുടെ രാഷ്ട്രീയ പുസ്തകങ്ങളിൽ എഴുതി വയ്ക്കുന്നു. ഒരിക്കലും തിരിച്ചു വരില്ല എന്ന് കരുതിയ ഒരു പാർട്ടിയെ അദ്ദേഹം പൂർവാധികം ശക്തിയോടെ തന്റെ ജനതയ്ക്ക് മുൻപിൽ പുനർ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇന്ത്യയുടെ മതേതരത്വവും ജനാധിപത്യം മൂല്യങ്ങളും സംരക്ഷിക്കാൻ, ഗാന്ധി കാണിച്ച മാർഗ്ഗങ്ങളിലൂടെ താഴെക്കിടയിലുള്ള മനുഷ്യരിലേക്ക് ഇറങ്ങിച്ചെന്ന് കാശ്മീരിലെ മഞ്ഞു വീഴുന്ന പകലുകളിൽ പോരാടുന്ന ജനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച രാഹുൽ ഇന്ത്യയുടെ വീണ്ടെടുപ്പുകളുടെ പ്രതീകമാണ്, പ്രതീക്ഷയാണ്.

2024 ലോക്സഭ തെരഞ്ഞെടുപ്പ് കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം അവരുടെ ചരിത്രം സംരക്ഷിക്കാൻ വേണ്ടിയുള്ള പോരാട്ടം കൂടിയായിരുന്നു. മോദി എന്ന ഫാസിസ്റ്റ് അടക്കിവാണിരുന്ന ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഗാന്ധിയൻ ആദർശത്തിന്റെ വിത്തുകൾ വീണ്ടെടുക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ കൂടിയായിരുന്നു. കോൺഗ്രസ് നിരയിൽ ഈ പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്ന് നയിക്കാൻ പ്രാപ്തിയുള്ള ഒരേ ഒരാൾ രാഹുൽഗാന്ധി മാത്രമായിരുന്നു. ഒരുപക്ഷേ ഈ പോരാട്ടം അദ്ദേഹത്തിന്റെ ജീനിൽ ഉറങ്ങിക്കിടക്കുന്നത് ആയിരിക്കാം. അതുമല്ലെങ്കിൽ കാലങ്ങളായി മോദി ഭരണകൂടത്തിന് മുൻപിൽ പോരാടികൊണ്ടേയിരിക്കുന്നവന്റെ മധുര പ്രതികാരമായിരിക്കാം. റായ്ബറേലിയിലും വയനാട്ടിലും ഒരുപോലെ രാഹുൽ ജയിച്ചു മുന്നേറിയപ്പോൾ തെളിഞ്ഞുനിന്നത് ജനങ്ങളുടെ ഭരണവിരുദ്ധ വികാരവും, രാഹുൽ ഗാന്ധി എന്ന യുവനായകനിൽ ഉള്ള വിശ്വാസവുമായിരുന്നു. ബിജെപിയുടെ പല കോട്ടകളും കോൺഗ്രസ് തകർത്തെറിഞ്ഞു. ജയിക്കുമെന്ന് ഉറപ്പിച്ച പലയിടത്തും കോൺഗ്രസ് ഇന്ത്യ മുന്നണിക്കൊപ്പം നിന്നുകൊണ്ട് വിജയം കൈവരിച്ചു.

മൂന്നു ലക്ഷത്തിലധികം ഭൂരിപക്ഷമാണ്



**രാജ്യം കത്തി കൊണ്ടിരിക്കുമ്പോൾ യാഗം നടത്തുന്ന ഒരു മോദിയെ പോലെ ഒരു പ്രധാനമന്ത്രിയല്ല രാഹുൽ. ആ മനുഷ്യന് ഇപ്പോഴും പ്രാധാന്യം ഇന്ത്യയിലെ ജനങ്ങൾ തന്നെയാണ്. അവിടെ മതമോ വർണ്ണമോ വർഗമോ ഒന്നും ബാധിക്കില്ല. ചില്ലറ മാജിക്കുകൾ കാണിച്ച് കുഞ്ഞുങ്ങളെ കബളിപ്പിക്കുന്ന മോദിയുടെ വീഡിയോകളിൽ നിന്നും എത്രയോ വ്യത്യസ്തമാണ് അവരെ ചേർത്തുപിടിക്കുന്ന അവർക്കൊപ്പം ഇരുന്ന് സംസാരിക്കുന്ന രാഹുലിന്റെ ചിത്രങ്ങൾ. ജനങ്ങളോട് സംസാരിക്കാൻ ജനങ്ങൾക്ക് വേണ്ടി സംസാരിക്കാൻ അവർക്കൊപ്പം ഇരിക്കണം ഒപ്പം നടക്കണം ഒപ്പം നിൽക്കണം എന്ന സത്യം രാഹുലിന് തിരിച്ചറിയാം.**



രാഹുൽഗാന്ധിക്ക് വയനാട്ടിൽ ലഭിച്ചത്. ഇത് ചൂണ്ടിക്കാട്ടുന്നത് കേരളം എന്തായാലും രാഹുലിനൊപ്പം ആണ് എന്ന് തന്നെയാണ്. റായ്ബറേലിയിലും മികച്ച ഭൂരിപക്ഷം തന്നെയാണ് രാഹുൽ നേടിയെടുത്തത്. മോദി ഗവൺമെന്റിന്റെ നിരന്തരമായ വേട്ടയാടലുകൾ അകത്തും പുറത്തും നേരിട്ട രാഹുൽ ഗാന്ധി തുറന്നു വയ്ക്കുന്നത് ഒരേകാധിപത്യത്തിൽ നിന്നും സ്വതന്ത്രമാകാൻ വേണ്ടിയുള്ള പുതിയ വാതിലുകളാണ്. ഇന്ത്യയുടെ ഒരു കോണിൽ നിന്നും മറ്റൊരു കോണിലേക്ക് രാഹുൽ ഗാന്ധി യാത്ര നടത്തിയപ്പോൾ ചിരിച്ചുതള്ളിയവരെല്ലാം തന്നെ 2004 ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോൾ രാഹുലിനെ അഭിവാദ്യം ചെയ്തുകൊണ്ട് പോസ്റ്ററുകൾ പങ്കുവെച്ചിരുന്നു. പ്രതീക്ഷയുടെ ഒരു മുഖം എന്നാണ് രാഹുൽഗാന്ധിയെ എല്ലാവരും വിലയിരുത്തിയത്. മോഡിയുടെ എല്ലാ തന്ത്രങ്ങളും പൊളിച്ചെഴുതി കൊണ്ടാണ് രാഹുൽഗാന്ധി ഇത്രത്തോളം ജനപ്രീതിയിലേക്ക് നടന്നു കയറിയതും ഇത്രത്തോളം ഭൂരിപക്ഷം തെരഞ്ഞെടുപ്പിൽ സ്വന്തമാക്കിയതും. ഒരു മോദി ഉണ്ടായിരിക്കും എന്ന് കരുതിയ തെരഞ്ഞെടുപ്പിൽ ഒരു രാഹുൽ ഇഫക്ട് ഉണ്ടാക്കിയെടുത്തതും അങ്ങനെ തന്നെയാണ്.

നമുക്കറിയാം ഹത്രസിൽ ഒരു പെൺകുട്ടി റേപ്പ് ചെയ്യപ്പെട്ടപ്പോൾ യുപി ഗവൺമെന്റിന്റെ മുഴുവൻ എതിർപ്പുകളും അവഗണിച്ചുകൊണ്ട് അന്നാ കുടുംബത്തിനൊപ്പം നിന്നത് രാഹുൽഗാന്ധിയും പ്രിയങ്ക ഗാന്ധിയും ആയിരുന്നു. ശീതീകരിച്ച മുറികളിൽ കിടന്നുകൊണ്ടല്ല രാഹുൽ ഈ വിപ്ലവ പോരാട്ടം നടത്തിയത് വെയിലും മഴയും മഞ്ഞും കൊണ്ട് സാധാരണ ജനങ്ങളിലേക്ക് ഇറങ്ങി നടന്നിട്ട് തന്നെയാണ്. കളിയാക്കലുകളും കുത്തു വാക്കുകളും എല്ലാം അതിജീവിച്ച് രാഹുൽ മുന്നേറുമ്പോൾ ഇന്ത്യൻ ജനതയുടെ മനസ്സിൽ ഇപ്പോഴും നിലകൊള്ളുന്ന ജനാധിപത്യ വിശ്വാസവും മതേതര മൂല്യങ്ങളും തന്നെയാണ് തെളിഞ്ഞുവരുന്നത്. അത് സംരക്ഷിക്കാൻ ഒരാളെ അവർ തിരഞ്ഞെടുക്കുകയാണ്. രാഹുൽ ഗാന്ധിയെ അവരുടെ പ്രതിപക്ഷ നേതാവായി കൊണ്ട് തന്നെ ജനങ്ങൾ ഈ വർഷം ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. മണിപ്പൂരിലെ കലാപഭൂമിയെ കുറിച്ച്, ഇന്ത്യയിൽ ജീവിക്കാൻ വേണ്ടി പോരാടുന്ന മനുഷ്യരെക്കുറിച്ച്, മോദി ഭരണത്തിനു കീഴിൽ ബുദ്ധിമുട്ടുന്ന ജനതയെക്കുറിച്ച്, അദാനിയുമായി രാജ്യം വിൽക്കാനുള്ള കരാറുകളും ഒപ്പിടുമ്പോൾ മോദി മറന്നുപോയ ഇന്ത്യയുടെ പൈതൃകത്തെയും സംസ്കാരത്തെയും മാനുഷിക മൂല്യങ്ങളെയും കുറിച്ച് രാഹുൽ ഇന്ത്യയിൽ ഉടനീളം പത്തുവർഷത്തോളം പറഞ്ഞുകൊണ്ടേയിരുന്നു. കേൾക്കുന്ന ജനറേഷനുകൾ മാറി മറഞ്ഞു പോയിട്ടും രാഹുൽ എന്ന മനുഷ്യൻ അദ്ദേഹത്തിന്റെ ജനാധിപത്യ ബോധ്യത്തെ ജനങ്ങളിലേക്ക് പകർന്നുകൊണ്ടേയിരുന്നു.

രാജ്യം കത്തി കൊണ്ടിരിക്കുമ്പോൾ യാഗം നടത്തുന്ന ഒരു മോദിയെ പോലെ ഒരു പ്രധാനമന്ത്രിയല്ല രാഹുൽ. ആ മനുഷ്യന് ഇപ്പോഴും പ്രാധാന്യം ഇന്ത്യയിലെ ജനങ്ങൾ തന്നെയാണ്. അവിടെ മതമോ വർണ്ണമോ വർഗമോ ഒന്നും ബാധിക്കില്ല. ചില്ലറ മാജിക്കുകൾ കാണിച്ച് കുഞ്ഞുങ്ങളെ കബളിപ്പിക്കുന്ന മോദിയുടെ വീഡിയോകളിൽ നിന്നും എത്രയോ വ്യത്യസ്തമാണ് അവരെ ചേർത്തുപിടിക്കുന്ന അവർക്കൊപ്പം ഇരുന്ന് സംസാരിക്കുന്ന രാഹുലിന്റെ ചിത്രങ്ങൾ. ജനങ്ങളോട് സംസാരിക്കാൻ ജനങ്ങൾക്ക് വേണ്ടി സംസാരിക്കാൻ അവർക്കൊപ്പം ഇരിക്കണം ഒപ്പം നടക്കണം ഒപ്പം നിൽക്കണം എന്ന സത്യം രാഹുലിന് തിരിച്ചറിയാം. ഇന്ത്യ മുന്നണി ഇന്ന് പ്രതിപക്ഷ സ്ഥാനത്തേക്ക് കടന്നു വരുമ്പോൾ രാഹുലിന്റെ ഈ തിരിച്ചറിവാണ് മുതൽക്കൂട്ടായത്. ഇതുവരെ കണ്ട രാഹുൽഗാന്ധിയെ ആയിരിക്കില്ല ഇനി മോദിയും ഇന്ത്യൻ ജനതയും കാണാൻ പോകുന്നത്. അയാൾ അടിമുടി മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യയ്ക്കുവേണ്ടി ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾക്ക് വേണ്ടി രാഹുൽ ഒരു മുഴുവൻ പൊതുപ്രവർത്തകനായി രൂപാന്തരപ്പെട്ടിരിക്കുന്നു. രാഹുലിന്റെ പ്രതിപക്ഷം വരാനിരിക്കുന്ന മോദി ഗവൺമെന്റിനെ നേരെ നയിക്കുന്നതിൽ സഹായിക്കുമെന്ന് ഉറപ്പാണ്. ജനദ്രോഹമായ ഒരു നയങ്ങളെയും അനുകൂലിക്കാതെ ഒരു ഫാസിസ്റ്റ് മനോഭാവത്തെയും പിന്തുണയ്ക്കാതെ രാഹുൽ ഇന്ത്യയ്ക്ക് വേണ്ടി മുന്നിലുണ്ടാകും



FOMAA
Team United 2024-2026
VOTE FOR
BAIJU VARGHESE
For FOMAA
General Secretary
കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ പ്രസിഡന്റ്
ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയണിന്റെ 2020–2024 ലെ ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (RVP)
ഫോമാ 2022 Cancun കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കോഓർഡിനേറ്റർ
ഫോമാ 2018 ചിക്കാഗോ കൺവെൻഷന്റെ നാഷണൽ രജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ
ഫോമാ ഹെല്പിങ് ഹാൻഡ്സ്, സാന്ത്വന സംഗീതം കോഓർഡിനേറ്റർ
പുതിയ ആശയങ്ങൾ...
ഉപാധികളില്ലാത്ത സൗഹൃദം...
മികച്ച സംഘാടനം
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ബൈജു വർഗീസ്സ് ഫോമയുടെ അടുത്ത ജനറൽ സെക്രട്ടറി ആയി ബഹുദൂരം മുന്നിൽ

ഫോമാ 2024-2026 വർഷത്തെ തെരഞ്ഞെടുപ്പ് അതിന്റെ അവസാന പാദത്തിലേക്കടുക്കുമ്പോൾ ബേബി മണക്കുന്നേൽ നയിക്കുന്ന പാനൽ ഫോമാ ടീം യുണൈറ്റഡ് ബഹുദൂരം മുന്നിലേക്ക്. ജനറൽ സെക്രട്ടറി സ്ഥാനാർഥി ബൈജു വർഗീസും, ട്രെഷറാറായി സിജിൽ പാലക്കലോടിയും വൈസ് പ്രസിഡന്റ് ശാലു പുന്നൂസും ജോയിന്റ് സെക്രട്ടറി പോൾ ജോസും ജോയിന്റ് ട്രെഷറാറായി അനുപമ കൃഷ്ണനും വിജയത്തിലേക്ക് എന്ന കാര്യത്തിൽ നോർത്ത് അമേരിക്കൻ മലയാളികൾക്കും ഫോമാ അംഗസംഘടനകൾക്കും ഡെലിഗേറ്റുകൾക്കും ഒരു സംശയവും ഇല്ല .

എന്തുകൊണ്ട് ബൈജു വർഗീസ്സ് ഫോമയുടെ അടുത്ത ജനറൽ സെക്രട്ടറിയാകണം?

വെല്ലുവിളികളും അവസരങ്ങളും ഒരുപോലെ നിറഞ്ഞ ഒരു പുതിയ യുഗത്തിന്റെ നെറുകയിൽ നിൽക്കുമ്പോൾ, പുതിയ ഉയരങ്ങളിലെത്താൻ നമ്മെ പ്രചോദിപ്പിക്കാൻ കഴിയുന്ന ഒരു ജനറൽ സെക്രട്ടറിയെ ഫോമായ്ക്ക് ആവശ്യമുണ്ട്

ഫോമായുടെ അടുത്ത ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുക്കാനുള്ള നിർണായക തീരുമാനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, ഫോമാ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കുക മാത്രമല്ല, അവയിൽ ദൃഢനിശ്ചയത്തോടെയും നിശ്ചയദാർഢ്യത്തോടെയും സഞ്ചരിക്കാനുള്ള മനക്കരുത്തും ഉള്ള ഒരാളെ തിരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

അമേരിക്കൻ മലയാളികൾക്ക് ബൈജു സുപരിചിതനാണ്. ഒട്ടനവധി പൊതു പ്രശ്നങ്ങളിൽ സജീവ ഇടപെടൽ നടത്തിക്കൊണ്ട് തന്റെ സാന്നിധ്യം സദാ അറിയിക്കുന്നുണ്ട് അദ്ദേഹം. ഭരിക്കുന്നവർ ആരായാലും കഴിഞ്ഞ കുറെ നാളുകളായിട്ടു എല്ലാ കാര്യങ്ങളിലും സഹായവുമായിട്ടു കൂടെയുള്ള ആളാണ് ബൈജു വർഗീസ്. അതേപോലെ തന്നെ തന്റെ അഭിപ്രായങ്ങൾ ശക്തമായ ഭാഷയിൽ തന്നെ അവതരിപ്പിക്കാറുള്ള വ്യക്തിയാണ് ബൈജു.

ബൈജു മറ്റ് മത്സരാർത്ഥികൾക്കിടയിൽ ഉയർന്നുനിൽക്കുന്നത്, ബൈജുവിൻറെ ശ്രദ്ധേയമായ യോഗ്യതകൾ കൊണ്ടുമാത്രമല്ല, അമേരിക്കൻ മലയാളികളുടെ കൂട്ടായ ക്ഷേമത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധത കൊണ്ടു കൂടിയാണ്!


കേരള അസ്സോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ ഭരണകാലത്തുടനീളം ബൈജു അസാധാരണമായ നേതൃത്വ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചു, ഐക്യം വളർത്തിയെടുക്കുകയും സംഘടന പുരോഗതി കൈവരിക്കുകയും ചെയ്തു. 52 ആഴ്ചകളുള്ള ഒരു വർഷത്തിൽ, 32 പ്രോഗ്രാം ചെയ്തുകൊണ്ട്, കാഞ്ചിന്റെ പ്രസിഡൻറ് എന്ന നിലയിൽ കാഞ്ചിനെ അമേരിക്കൻ സംഘടനകളിലെ താരമായി ഉയർത്തി, വളരെ നല്ല ഒരു ടീമുമായി മുന്നോട്ടു പോകുന്നു, രണ്ടായിരത്തോളം പേര് പങ്കെടുത്ത നോർത്ത് അമേരിക്കയിലെ തന്നെ ഏറ്റവും വലിയ യൂത്ത് ഫെസ്റ്റിവൽ ഒരുദാഹരണം മാത്രം ..

വാക്കിന്റെ എല്ലാ അർത്ഥത്തിലും താൻ ഒരു തത്വാധിഷ്ഠിത നേതാവാണെന്ന് തെളിയിച്ചുകൊണ്ട് സഹപ്രവർത്തകരുടെയും എതിരാളികളുടെയും ആദരവും ബൈജു നേടി! ഓരോ ശബ്ദവും കേൾക്കുകയും, എല്ലാ അഭിപ്രായവും പരിഗണിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ബൈജു വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ സ്ഥിരമായി കണ്ടെത്തി.

വിഭജനം സാധാരണമാണെന്ന് തോന്നുന്ന ഒരു സംഘടനാ ലോകത്ത്, ഒരു പൊതു ലക്ഷ്യത്തിൻ കീഴിൽ ആളുകളെ ഒരുമിച്ച് കൊണ്ടുവരികയും അവരെ ഉൾക്കൊള്ളുകയും ചെയ്യുന്ന ബൈജു ഫോമാക്ക് ഒരു മുതൽക്കൂട്ടായിരിക്കും എന്നതിൽ സംശയമൊന്നുമില്ല.

തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡ് ഉള്ള ബൈജു, കേരള അസോസിയേഷൻ ഓഫ് ന്യൂ ജേഴ്സിയുടെ ഇപ്പോഴത്തെ പ്രസിഡന്റാണ്. ഇതിന് മുൻപ്:-

! ഫോമാ മിഡ് അറ്റ്ലാന്റിക് റീജിയ



ണിന്റെ 2020-2024 ലെ ശക്തനായ റീജിയണൽ വൈസ് പ്രസിഡന്റ് (ഞഢജ)

!സൂം കോളുകളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ജനങ്ങൾക്കിടയിലേക്കിറങ്ങി പ്രവർത്തിച്ചുള്ള പാരമ്പര്യം

! ഫോമാ 2022 ഇമിരൗി കൺവെൻഷൻറെ നാഷണൽ രെജിസ്ട്രേഷൻ കോഓർഡിനേറ്റർ

! ഫോമാ 2018 ചിക്കാഗോ കൺവെൻഷൻറെ നാഷണൽ രെജിസ്ട്രേഷൻ കമ്മിറ്റി മെമ്പർ

! ഫോമാ ഹെല്പിങ് ഹാൻഡ്സ്, സാന്ത്വന സംഗീതം കോഓർഡിനേറ്റർ

ഫോമായുടെ ഏറ്റവും നല്ല താൽപ്പര്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു സ്ഥാനാർത്ഥിയുടെ അചഞ്ചലവുമായ ദൃഢനിശ്ചയത്താൽ നയിക്കപ്പെടുന്ന, ഫോമയുടെ ശോഭനമായ ഭാവിയിലേക്കുള്ള ഈ യാത്ര ബൈജുവിനെ ജനറൽ സെക്രട്ടറി ആയി തിരഞ്ഞെടുത്തു ചരിത്ര വിജയം നൽകികൊണ്ട് ആരംഭിക്കാം



ഫോമാ നാടകോത്സവം
മികച്ച നടൻ
സണ്ണി കല്ലൂപ്പാറ
ഫോമാ
പ്രവർത്തനങ്ങളിൽ മാത്രമല്ല
കലയിലും
ഒന്നാമൻ!!
ഫോമാ
വൈസ് പ്രസിഡന്റ്
സ്ഥാനാർത്ഥി
പ്രവർത്തന
മികവിന്
ഒരു വോട്ട്
SUNNY P NINAN
SUNNY KALLOOPPARA
FOMAA TEAM 2024-2026
THOMAS T OOMMEN
PRESIDENT
SAMUEL MATHAI
GENERAL SECRETARY
DR. PRINCE NECHIKAT DBA
JOINT SECRETARY
BINOOB SREEDHARAN
TREASURER
AMBILY SAJIMON
JOINT TREASURER

# ബി.ജെ.പി. എന്ത് ദ്രോഹം ചെയ്തു? വെറുതെ ഭീതി പരത്തുകയാണ് കേരളത്തിലെ ഇസ്‌ലാമിസ്റ്റുകൾ



വെള്ളാശേരി ജോസഫ്

**ഇന്ത്യയിൽ ബി.ജെ.പി.-യും, ആർ.എസ്.എസ്സും ആണല്ലോ കഴിഞ്ഞ പത്തു വർഷമായി ഭരിക്കുന്നത്; എന്നിട്ടെന്തു സംഭവിച്ചു? ഹിറ്റ്ലർ ജർമനിയിൽ ചെയ്തതുപോലെ കോൺസൻട്രേഷൻ ക്യാമ്പുകൾ ഇന്ത്യയിലും തുറന്നോ? ലക്ഷകണക്കിന് മുസ്ലീങ്ങളെ ഇന്ത്യയിൽ കൊന്നൊടുക്കിയോ? ബി.ജെ.പി. ഭരണത്തെ ചൊല്ലി വെറുതെ ആവശ്യമില്ലാത്ത ഭീതി പരത്തുകയാണ് കേരളത്തിലെ ഇസ്ലാമിസ്റ്റുകൾ**

വെള്ളാശേരി ജോസഫ്

തൃശൂരിൽ സുരേഷ് ഗോപിയുടെ വിജയത്തിന് പിന്നാലെ എത്രമാത്രം രോദനമാണ് സോഷ്യൽ മീഡിയയിൽ അരങ്ങേറുന്നതെന്നൊന്ന് നോക്കുക. സുരേഷ് ഗോപി ഏത് പാർട്ടിയിൽ പെട്ട ആളായാലും തൃശൂരിലെ ജനങ്ങൾ വോട്ടു ചെയ്തതുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ ജയിച്ചത്. അതിനെ വർഗീയ കൂട്ടുകെട്ടായി വ്യാഖ്യാനിക്കേണ്ട ഒരു കാര്യവുമില്ല. സുരേഷ് ഗോപി ജയിച്ചത് തൃശ്ശൂരിലെ ജനങ്ങൾ തികച്ചും ജനാധിപത്യപരമായി തീരുമാനിച്ചതിനാലാണ്. ബാക്കി കേരളത്തിൽ നിന്നുള്ള 19 എം.പി.-മാരും അങ്ങനെതന്നെയാണ് ജയിച്ചത്. ജനാധിപത്യത്തിൽ ജനങ്ങൾ വിധി എഴുതിയതിനെ ആരും എതിർക്കേണ്ട കാര്യമില്ല. എം.പി. എന്നുള്ള നിലയിൽ സുരേഷ് ഗോപിയുടെ പ്രവർത്തനങ്ങൾ മോശമായാൽ അത് ഇനി ചൂണ്ടിക്കാണിക്കുകയാണ് ജനാധിപത്യ സംവിധാനത്തിൽ വേണ്ടത്. അതല്ലാതെ, ഇനിയും സുരേഷ് ഗോപിയെ അധിക്ഷേപിക്കുന്നത് തൃശൂരിലെ ജനങ്ങളെ അധിക്ഷേപിക്കുന്നതിന് തുല്യമായിരിക്കും.

സുരേഷ് ഗോപിക്കെതിരേയുള്ള വ്യക്തിപരമായ ആക്രമണങ്ങളുടെ യതാർത്ഥ ഗുണഭോക്താവ് സുരേഷ് ഗോപി തന്നെയാണെന്നുള്ള ലളിതമായ വസ്തുത പുള്ളിക്കെതിരേ ആക്രമണങ്ങൾ നടത്തുന്നവർ ഒട്ടുമേ മനസിലാക്കുന്നില്ല. സുരേഷ് ഗോപിക്കും തൃശൂരുകാർക്കും എതിരായുള്ള അധിക്ഷേപങ്ങൾ ഭാവിയിൽ വരാനിരിക്കുന്ന തെരെഞ്ഞെടുപ്പുകളിൽ ബി.ജെ.പി.-ക്കും, സംഘ പരിവാറുകാർക്കും കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കാനേ പോകുന്നുള്ളൂ.

ഒരു ലോകസഭാ മണ്ഡലത്തിലും, ഏതാണ്ട് പത്തോളം നിയമസഭാ മണ്ഡലങ്ങളിലും ബി.ജെ.പി. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒന്നാമതെത്തി. അതാണെന്നു തോന്നുന്നു പലർക്കും അമിതമായ ഉത്കണ്ഠ സമ്മാനിച്ചിരിക്കുന്നത്. ബി.ജെ.പി. കേരളത്തിലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ജയിച്ചതിനെ ചൊല്ലി ഇത്രമാത്രം ഉത്കണ്ഠാകുലരാകുന്നവർ മുസ്ലിം ലീഗ് രണ്ടു സീറ്റിൽ വിജയിച്ചതിനെ പറ്റി എന്തെങ്കിലും മൊഴിയുന്നില്ല എന്നതും ശ്രദ്ധേയമാണ്. കേരളത്തിൽ സംഘ പരിവാറുകാരേക്കാൾ എത്രയോ ഭീകരമാണ് ഇസ്ലാമിക തീവ്രവാദികൾ. എത്രയോ ഭീകരമായ കൊലവിളിയും, തെറി വിളിയുമാണ് പരസ്യമായി സോഷ്യൽ മീഡിയയിൽ കൂടി തന്നെ ഇക്കൂട്ടർ ഉയർത്തുന്നത്. അതുകൊണ്ട് വർഗീയതയുടെ കാര്യത്തിൽ, ഇസ്ലാമിക വർഗീയതക്കെതിരെ ശക്തമായ നിലപാടെടുക്കാത്തവർക്ക് ഹിന്ദു വർഗീയതയെ വിമർശിക്കുവാൻ ധാർമികമായി ഒരു അവകാശവുമില്ല.

പണ്ട് ഒരു ടി.വി. ചർച്ചയിൽ ഇബ്രാഹിം സുലൈമാൻ സേട്ട് മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം 'അൾട്ടിമേറ്റ്' നിയമം എന്ന് പറയുന്നത് 'ഇസ്ലാമിക ശരിയാ' ആണെന്നു പറഞ്ഞു. ചർച്ചയിലുണ്ടായിരുന്ന ജാവേദ് അക്തറും മറ്റുള്ളവരും ഇബ്രാഹിം സുലൈമാൻ സേട്ടിൻറ്റെ പ്രസ്താവനയെ രൂക്ഷമായി എതിർത്തു. അന്ന് വെളിവുള്ള ജാവേദ് അക്തറും മറ്റുള്ളവരും ഇവിടെ ഉണ്ടായിരുന്നു; പക്ഷെ അത്തരക്കാരുടെ സംഖ്യ




Vote For FOKANA
Dream Team 2024 - 2026
A TEAM WITH NEW VISION & DIRECTION
SAJIMON ANTONY
MILLY PHILIP
VOTE FOR
MILLY
PHILIP
for
FOKANA
ADDI. ASSO.
TREASURER
"Together We Are Stronger"
ഫൊക്കാനയ്ക്ക് പുതിയ പ്രൊഫഷണൽ മുഖം

നാൾക്കുനാൾ കുറഞ്ഞു വരുന്നതുപോലെയാണ് സോഷ്യൽ മീഡിയയിലെ ഡിബേറ്റുകൾ കാണുമ്പോൾ തോന്നുന്നത്.

ഇബ്രാഹിം സുലൈമാൻ സേട്ട് 'ഇസ്ലാമിക ശരിയ'-യോട് കൂറ് പ്രഖ്യാപിച്ചത് തന്നെ തികഞ്ഞ വർഗീയതയായിരുന്നു. ഇന്ത്യൻ ഭരണഘടന പ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒരു എം.പി.-ക്ക് ആദ്യമായും അവസാനമായും കൂറ് തോന്നേണ്ടത് ഇന്ത്യൻ ഭരണഘടനയോട് മാത്രമാണ്. കേരളത്തിൽ ജോസഫ് സാറിൻ്റെ കയ്യും കാലും വെട്ടിയതും, രണ്ടു വർഷം മുമ്പ് രാജസ്ഥാനിലെ ഉദയ്പൂരിൽ തയ്യൽകാരനെ മതനിന്ദയുടെ പേരിൽ കഴുത്തറുത്ത് കൊന്നതും 'ഇസ്ലാമിക ശരിയ' നിയമം അനുസരിച്ചായിരുന്നു. ഇതുപോലുള്ള ഗോത്രീയ ശിക്ഷാ രീതികൾ ആധുനിക ഭരണഘടനാ മൂല്യങ്ങൾ പുലരുന്ന ഒരു രാജ്യത്ത് അനുവദിക്കാൻ ആവില്ല. അഫ്ഗാനിസ്ഥാനിലും ഇറാനിലും ഇന്നും ഉള്ളതുപോലെ പരസ്യമായുള്ള കല്ലെറിഞ്ഞു കൊല്ലലും ഭരണഘടനാ മൂല്യങ്ങൾ പുലരുന്ന ഇന്ത്യയിൽ അനുവദിക്കാൻ ആവില്ല.

കേരളത്തിൽ, 26 ശതമാനം വരുന്ന ശക്തമായ മുസ്ലീം 'വോട്ട് ബെയ്സ്' ഉണ്ട്. 1980–കൾക്ക് ശേഷം, ഗൾഫ് പണത്തിൻ്റെ കുത്തൊഴുക്ക് മൂലം കേരളത്തിലെ മുസ്ലിം കമ്യൂണിറ്റി സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹ്യമായും ശക്തമായ നിലയിലുമാണ്. മലയാളികളിൽ പലരും കേരളത്തിലെ 26 ശതമാനം വരുന്ന ഈ ശക്തമായ മുസ്ലീം 'വോട്ട് ബെയ്സ്' വെച്ചാണ് ഇന്ത്യയിലെ മൊത്തം മുസ്ലീംങ്ങളേയും നോക്കി കാണുന്നത്. സത്യം പറഞ്ഞാൽ, കേരളത്തിലെ പോലെ മുസ്ലീങ്ങൾ ഉത്തരേന്ത്യയിൽ അധികം സ്വാധീനമുള്ള കൂട്ടരല്ല. കേരളം, കാശ്മീർ, ഹൈദരാബാദ് – ഇങ്ങനെയുള്ള ചില സ്ഥലങ്ങളിൽ മാത്രമാണ് ഇന്ത്യയിലെ മുസ്ലീങ്ങൾക്ക് സംഘടിതമായ ശക്തിയുള്ളത്. നമ്മുടെ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ പോലെ ചില 'എലീറ്റ്' മുസ്ലിംസ് ഇന്ത്യയിൽ എമ്പാടുമുണ്ട്. പണ്ടത്തെ നവാബുമാരും, സുൽത്താന്മാരും ആയിട്ടുള്ള ഭരണവർഗത്തിൻ്റേയും രാജ വംശങ്ങളുടേയും തുടർച്ചയായ ഇവരെയൊക്കെ മാറ്റി നിർത്തിയാൽ, ഇന്ത്യയിലെ മുസ്ലീങ്ങളിൽ ബഹു ഭൂരിപക്ഷവും ദരിദ്രരാണ്; അവർ ശക്തമായ 'വോട്ട് ബെയ്സോ', സ്വാധീനമുള്ളവരോ അല്ല.

ഉത്തരേന്ത്യയിൽ മുസ്ലീങ്ങളെ പൊതുവേ രണ്ടായി തിരിച്ചു പറയാറുണ്ട്. 'അഷ്റഫ് മുസ്ലീം' ആണ് അതിലൊന്ന്. 'അഷ്റഫ് മുസ്ലീം' എന്നുവെച്ചാൽ നമ്മുടെ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ പോലുള്ള അപ്പർ ക്ലാസ് മുസ്ലീമാണ്. ഉന്നത വിദ്യാഭ്യാസം, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒക്കെ കൈമുതലായുള്ള അപ്പർ



**കേരളത്തിൽ, 26 ശതമാനം വരുന്ന ശക്തമായ മുസ്ലീം 'വോട്ട് ബെയ്സ്' ഉണ്ട്. 1980–കൾക്ക് ശേഷം, ഗൾഫ് പണത്തിൻ്റെ കുത്തൊഴുക്ക് മൂലം കേരളത്തിലെ മുസ്ലിം കമ്യൂണിറ്റി സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹ്യമായും ശക്തമായ നിലയിലുമാണ്. മലയാളികളിൽ പലരും കേരളത്തിലെ 26 ശതമാനം വരുന്ന ഈ ശക്തമായ മുസ്ലീം 'വോട്ട് ബെയ്സ്' വെച്ചാണ് ഇന്ത്യയിലെ മൊത്തം മുസ്ലീംങ്ങളേയും നോക്കി കാണുന്നത്.**

ക്ലാസ് മുസ്ലീംസ് ആണ് 'അഷ്റഫ്' മുസ്ലീം.

അടുത്ത വിഭാഗമാണ് 'അജ്ലഫ് മുസ്ലീം'. ഇവർ പിന്നോക്ക ദളിത് വിഭാഗമാണ്. ഇവരാണ് സത്യം പറഞ്ഞാൽ ഹിന്ദു ഫണ്ടമെൻ്റലിസ്റ്റുകളുടെ സ്ഥിരം ടാർഗറ്റ്. 'പശ്മണ്ട ജാതിയിൽ' പെട്ട ദളിത് മുസ്ലീംസും 'അപ്പർ കാസ്റ്റ്' മുസ്ലീംസും തമ്മിൽ ഉത്തർ പ്രദേശിലൊന്നും ഒരു താരതമ്യം പോലും സാധ്യമല്ലാ. ഉത്തരേന്ത്യയിലെ എല്ലാം മുസ്ലീംസും 'ഖാനും പത്താനും' ഒന്നുമല്ല. ടൈംസ് ഓഫ് ഇന്ത്യയിൽ സ്വാമിനാഥൻ അയ്യർ ഒരിക്കൽ ഈ 'പശ്മണ്ട ജാതിയിൽ' പെട്ട ദളിത് മുസ്ലീംസിനെ കുറിച്ച് എഴുതിയിരുന്നു. ബനാറസ് സാരിയുണ്ടാക്കുന്നവരും, അലിഗറിലെ പൂട്ടുകളുടെ നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുമായ അനവധി 'ഒക്കുപ്പേഷണൽ കാസ്റ്റ്' കൂടി ഉത്തരേന്ത്യയിലെ മുസ്ലിം വിഭാഗത്തിലുണ്ട്.

ഉത്തരേന്ത്യയിലെ മഹാ ഭൂരിപക്ഷം മുസ്ലിംസും ചെറുകിട കച്ചവടക്കാരോ, ചേരി നിവാസികളോ, ഇലക്ട്രിക്ക് റിക്ഷ ഓടിക്കുന്നവരോ ഒക്കെയാണ്. ഹിന്ദുകളിലും ഇഷ്ടം പോലെ ദരിദ്രരുണ്ട്. പക്ഷെ മുസ്ലീങ്ങളിൽ ഉള്ളതുപോലുള്ള ഒരുതരം 'ഗെട്ടോഐസേഷൻ' (ഏവലഭേശ്വമശേീ) ഹിന്ദുക്കളിൽ സംഭവിച്ചിട്ടില്ല. ആധുനിക വൽകരണ പ്രക്രിയയിൽ അവർ മുസ്ലീങ്ങളെക്കാൾ ബഹുദൂരം മുന്നിലുമാണ്.

പാർശ്വവൽക്കരിക്കപ്പെട്ടവർക്കെതിരേ സ്ഥിരം വയലൻസ് നടക്കുന്ന സ്ഥലമാണ് ഉത്തരേന്ത്യ. ഏതാനും വർഷങ്ങൾക്ക് മുമ്പ് ശിവസേനക്കാർ മുംബയിൽ ഓടിച്ചിട്ടു തല്ലിയത് പാവപ്പെട്ട ബീഹാറികളെ ആയിരുന്നു. ഒരു ഗതിയും പരഗതിയും ഇല്ലാത്തവരാകയാൽ ബീഹാറി 'മൈഗ്രൻ്റ് ലേബറേഴ്സിനെ' ഓടിച്ചിട്ടു തല്ലുന്നത് ഉത്തരേന്ത്യൻ സോഷ്യൽ സെറ്റപ്പിൽ വളരെ എളുപ്പമാണ്. മുസ്ലിം കമ്യൂണിറ്റിയിൽ പെട്ട ചിലർക്കെതിരെ ഉത്തരേന്ത്യയിൽ വയൽൻസ് നടക്കുന്നതും ഈ 'പാറ്റേണിലാണ്'. ഉത്തരേന്ത്യയിലെ മഹാഭൂരിപക്ഷം മുസ്ലീങ്ങളും റിക്ഷാക്കാരും, പഴകച്ചവടക്കാരും, പച്ചക്കറി കച്ചവടക്കാരും, വഴിയോര കച്ചവടക്കാരുമൊക്കെയായി താഴ്ന്ന വരുമാനക്കാരാകയാൽ അവർക്കെതിരെ വയലൻസ് ഉണ്ടായാൽ ചോദിക്കാനും പറയാനും ആളില്ല. സമൂഹത്തിലെ 'അണ്ടർ ഡോഗ്സിനെതിരേയാണ്' പലപ്പോഴും വയലൻസ് ഉണ്ടാകുമ്പോൾ ആളുകൾ തിരിയുന്നത്.

**തൃശൂരിലെ സുരേഷ് ഗോപിയുടെ വിജയത്തെ ചൊല്ലി വർഗീയത കുത്തിയിളക്കി കോൺഗ്രസിനെ ഇല്ലായ്മ ചെയ്യാനും, ആജീവനാന്തം കേരളം ഭരിക്കാനുമായി തന്ത്രങ്ങൾ മെനയുകയാണ് കേരളത്തിലെ ഇടതുപക്ഷം. സി.പി.എമ്മുകാർ കുറെ കാലമായി കേരളത്തിൽ പ്രചരിപ്പിക്കുന്നത് എന്താണെന്നു വെച്ചാൽ, 'അവർ മാത്രമേ മുസ്ലീമുകളുടെ രക്ഷക്കായി നിൽക്കുന്നുള്ളൂ' എന്നുള്ളതാണ്. 'മുസ്‌ലീംങ്ങൾക്കെതിരെ കേരളത്തിൽ പലരും വാളെടുക്കുന്നു' എന്ന പ്രതീതി ഉണ്ടാക്കി 'തങ്ങൾ മാത്രമേ അവരുടെ രക്ഷക്കുള്ളൂ' എന്നൊരു പുകമറ സൃഷ്ടിക്കാനാണ് കേരളത്തിലെ സി.പി.എം. ശ്രമിച്ചുകൊണ്ടിരിക്കുന്നത്.**




ഇതിനു പരിഹാരം തേടേണ്ടത് വിദ്യാഭ്യാസപരമായും, സാമ്പത്തികമായുമുള്ള ഉന്നതിയിൽ കൂടിയാണ്; അതല്ലാതെ മത തീവ്രവാദം ഇതിനൊരു പരിഹാരവുമല്ല. മത തീവ്രവാദം ഉണ്ടായാൽ, ഉത്തരേന്ത്യയിലെ പാവപ്പെട്ട മുസ്ലീമുകൾ കൂടുതൽ കൂടുതൽ പാർശ്വവൽക്കരിക്കപ്പെടാൻ മാത്രമേ പോകുന്നുള്ളൂ. ഉത്തരേന്ത്യയിലെ 'സ്ട്രക്ച്ചറൽ വയലൻസിൻറ്റെ' ഭാഗമായി മുസ്‌ലീംസിനെതിരേ എന്തെങ്കിലും അക്രമം ഉണ്ടായാൽ, 'മുസ്ലീമിന് ഇവിടെ ജീവിക്കാൻ വയ്യേ' എന്നുപറഞ്ഞു വ്യാപകമായ പ്രചാരണം നടത്തുന്നവരാണ് കേരളത്തിലെ ഇസ്‌ലാമിസ്റ്റുകൾ. ഇത്തരത്തിലുള്ള 'നറേറ്റീവുകൾ' മുസ്‌ലിം കമ്യൂണിറ്റിക്ക് കൂടുതൽ ദോഷം മാത്രമേ ഉണ്ടാക്കുകയുള്ളൂ.

ഇന്ത്യയിൽ ബി.ജെ.പി.-യും, ആർ.എസ്.എസ്സും ആണല്ലോ കഴിഞ്ഞ പത്തു വർഷമായി ഭരിക്കുന്നത്. എന്നിട്ടെന്തു സംഭവിച്ചു? ഹിറ്റ്ലർ ജർമനിയിൽ യഹൂദർക്കെതിരെ ചെയ്തതുപോലെ കോൺസൻട്രേഷൻ ക്യാമ്പുകൾ മുസ്ലീങ്ങളെ കൊന്നൊടുക്കുവാൻ വേണ്ടി ഇന്ത്യയിലും തുറന്നോ? ഏതാണ്ട് 60 ലക്ഷം യഹൂദരെയാണ് ഹിറ്റ്ലർ കോൺസൻട്രേഷൻ ക്യാമ്പുകൾ വഴി കൊന്നൊടുക്കിയത്. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് അത്തരത്തിൽ ഒരു കോൺസൻട്രേഷൻ ക്യാമ്പ് പോലും തുറക്കാനാവില്ല.

തൃശൂരിലെ സുരേഷ് ഗോപിയുടെ വിജയത്തെ ചൊല്ലി വർഗീയത കുത്തിയിളക്കി കോൺഗ്രസിനെ ഇല്ലായ്മ ചെയ്യാനും, ആജീവനാന്തം കേരളം ഭരിക്കാനുമായി തന്ത്രങ്ങൾ മെനയുകയാണ് കേരളത്തിലെ ഇടതുപക്ഷം. സി.പി.എമ്മുകാർ കുറെ കാലമായി കേരളത്തിൽ പ്രചരിപ്പിക്കുന്നത് എന്താണെന്നു വെച്ചാൽ, 'അവർ മാത്രമേ മുസ്ലീമുകളുടെ രക്ഷക്കായി നിൽക്കുന്നുള്ളൂ' എന്നുള്ളതാണ്. 'മുസ്‌ലീംങ്ങൾക്കെതിരെ കേരളത്തിൽ പലരും വാളെടുക്കുന്നു' എന്ന പ്രതീതി ഉണ്ടാക്കി 'തങ്ങൾ മാത്രമേ അവരുടെ രക്ഷക്കുള്ളൂ' എന്നൊരു പുകമറ സൃഷ്ടിക്കാനാണ് കേരളത്തിലെ സി.പി.എം. ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ബി.ജെ.പി. അധികാരത്തിൽ വന്നാൽ മുസ്‌ലീംങ്ങളെ മുഴുവൻ ജർമനിയിൽ ഹിറ്റ്ലർ യഹൂദരുടെ കാര്യത്തിൽ ചെയ്തതുപോലെ കൊന്നൊടുക്കുമെന്നും അതല്ലെങ്കിൽ അവരുടെ ഇന്ത്യൻ പൗരത്വം എടുത്തുകളഞ്ഞു നാടു കടത്തുമെന്നൊക്കെയുള്ള വ്യാപകമായ വ്യാജ പ്രചാരണമാണ് ഇസ്‌ലാമിസ്റ്റുകൾ ഇന്ത്യയിൽ എമ്പാടും നടത്തുന്നത്. ഇത്തരത്തിൽ വെറുതെ ആവശ്യമില്ലാത്ത ഭീതി പരത്തുകയാണ് കുറെ ഇസ്‌ലാമിസ്റ്റുകൾ കേരളത്തിലും. അവരുടെ മൂടു താങ്ങാനായി കുറെ ഇടതുപക്ഷക്കാരുമുണ്ട്. ഇടതുപക്ഷക്കാർ ബംഗാളിലെ 'മാരീജാപ്പിയിൽ' കൊന്നൊടുക്കിയതുപോലെ ബി.ജെ.പി.-യും, സംഘ പരിവാറുകാരും ഇതുവരെ ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് മുസ്ലീങ്ങളെ കൊന്നൊടുക്കിയിട്ടില്ലാ. ആർക്കെങ്കിലും അക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ ഗൂഗിൾ തുറന്ന് 'മാരീജാപ്പി കൊലപാതകങ്ങളെ' കുറിച്ച് നന്നായൊന്ന് പഠിച്ചാൽ മാത്രം മതി.

ബി.ജെ.പി. ഇന്ത്യയിൽ വീണ്ടും ഭരിക്കാൻ തുടങ്ങിയാൽ ഇവിടെ ഇസ്‌ലാമിസ്റ്റുകളും ഇടതുപക്ഷവും പ്രചരിപ്പിക്കുന്നതുപോലെ ഒരു കൊലപാതക പരമ്പരകളും വരില്ല. അമർത്യ സെൻ ചൈനീസ് ക്ഷാമത്തെ കുറിച്ച് പറഞ്ഞിട്ടുള്ളതുപോലെ ഏകാധിപത്യമാണ് ചൈനയിൽ മാവോയുടെ കാലത്ത് മുപ്പതു ദശലക്ഷം തൊട്ട് നാൽപ്പതു ദശലക്ഷം വരുന്ന ജനങ്ങളുടെ ജീവനെടുത്തത്. ആധുനിക ഇന്ത്യയിൽ മാധ്യമ സ്വാതന്ത്ര്യവും ജനാധിപത്യവുമൊക്കെയുണ്ട്. അതുകൊണ്ട് ഇവിടെ ആളുകൾ ലക്ഷക്കണക്കിനൊന്നും ഒരു ക്ഷാമം കൊണ്ടും 1947-നു ശേഷം മരിച്ചിട്ടില്ല. അതു തന്നെയേ ഇന്ത്യയിലെ മുസ്‌ലീംസിൻറ്റെ കാര്യത്തിലും സംഭവിക്കാൻ പോകുന്നുള്ളൂ. ജനാധിപത്യവും മാധ്യമ സ്വാതന്ത്ര്യവും നിലനിൽക്കുന്നിടത്തോളം കാലം ഇന്ത്യയിൽ ഒരു കൊലപാതക പാരമ്പരക്കും സാധ്യതയില്ലാ. ഇന്നത്തെ ഡിജിറ്റൽ യുഗത്തിലാണെങ്കിൽ ഒരു ഗവൺമെൻറ്റിനും പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും, ജനങ്ങൾ തമ്മിലുള്ള കമ്യൂണിക്കേഷനും കൂച്ചുവിലങ്ങിടുവാൻ സാധിക്കുകയുമില്ലാ.

(ലേഖകൻറ്റെ ഈ അഭിപ്രായങ്ങൾ തീർത്തും വ്യക്തിപരമാണ്. അതിന് ലേഖകൻറ്റെ ജോലിയുമായി ഒരു ബന്ധവുമില്ലാ.)

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

## 1-845-727-4022

**We will pick up the vehicle
and repair it fully to your satisfaction!**

# ഫോമാ പ്രവർത്തനത്തിൽ കൂടുതൽ സമയം ചെലവിടാൻ മോഹം: അനുപമ കൃഷ്ണൻ

വ്യവസായ രംഗത്ത് വലിയ വിജയം നേടിയ കമ്പനിയുടെ നേതൃത്വത്തിലുള്ള അനുപമ കൃഷ്ണൻ ഫോമാ ജോ. ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു എന്നത് സംഘടനക്കും മലയാളി സമൂഹത്തിനും അഭിമാനം പകരുന്നു. വ്യവസായ-സാമ്പത്തിക രംഗങ്ങളിൽ വിജയം നേടുന്നവർ സാമൂഹ്യ സേവനത്തോട് താൽപര്യക്കുറവ് കാട്ടുന്നതാണ് നാം പൊതുവെ കാണുന്നത്. അനുപമ കൃഷ്ണൻ അതിനു അപവാദമായി മുന്നോട്ടു വന്നത് അഭിനന്ദനമർഹിക്കുന്നു.

സ്റ്റേഡിയം, പാർക്കിംഗ് ലോട്ട് തുടങ്ങിയ സ്ഥലങ്ങളിൽ പ്രകാശം ചൊരിയുന്ന വലിയ ബൽബുകൾ നിർമ്മിക്കുന്ന കമ്പനിയുടെ ഗ്ലോബൽ സപ്ലൈ ചെയിൻ ഡയറക്ടർ ആണ് അനുപമ കൃഷ്ണൻ. ഭർത്താവ് സാബു കൃഷ്ണനൊപ്പം അവർ ഈ സ്വന്തം സ്ഥാപനത്തെ ദി നയിക്കുന്നു.

സേവന പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഫോമാ പോലുള്ള ഒരു ദേശീയ സംഘടന കൂടുതൽ അവസരങ്ങൾ ഒരുക്കുന്നു എന്ന തിരിച്ചറിവിലാണ് അവർ സംഘടനയിലും മത്സരരംഗത്തും എത്തിയത്.

കേരള അസോസിയേഷൻ ഓഫ് ഒഹായോ (കെ.എ.ഓ) പ്രസിഡന്റ് എന്ന നിലയിൽ സമൂഹത്തിന്റെ വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്താനും അവക്ക് തന്നാലായ പരിഹാരം കണ്ടെത്താനും ഉള്ള പ്രവർത്തനങ്ങൾ ആണ് ഒരു കേന്ദ്ര സംഘടനയിൽ പ്രവർത്തിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിയത്.

സാമൂഹ്യനീതിക്ക് വേണ്ടി വാദിക്കുകയും അതിൽ വ്യക്തമായ മാറ്റമുണ്ടാക്കുകയും ചെയ്തതിനു അനുപമയ്ക്ക് ഒരു ട്രാക്ക് റെക്കോർഡുണ്ട്.

കമ്പനി ബോർഡ് റൂമിൽ മാത്രമല്ല, ഗ്രേറ്റ് ലേക്സ് വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സണെന്ന നിലയിലും തന്റെ സമയവും വൈദഗ്ധ്യവും ഉപയോഗിച്ചു സ്ത്രീകളെ ഉന്നതിയിലേക്ക് നയിക്കാനും ശാക്തീകരിക്കാനും അവർ മുന്നിലുണ്ടായിരുന്നു. ഇതിനായി വിവിധ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു. കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ പ്രസിഡന്റായും (2023) അതിനു മുൻപ് വൈസ് പ്രസിഡന്റായും സജീവമായ സാമൂഹിക ഇടപെടുകളിലൂടെ സ്വന്തം പ്രതിബദ്ധത അടയാളപ്പെടുത്തുകയും ചെയ്തു.



സാമൂഹിക പ്രവർത്തനങ്ങളിൽ ഏറെ പ്രാധാന്യം നൽകിയത് മാനസികാരോഗ്യത്തെപ്പറ്റി അവബോധം ഉണ്ടാക്കാനാണ്. അസോസിയേഷൻ പ്രസിഡൻറായിരിക്കുമ്പോൾ, സമൂഹത്തിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ്, മാനസിക ക്ഷേമത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള വീഡിയോ കാമ്പെയ്ൻ ആരംഭിക്കാൻ അവർ മുന്നിട്ടിറങ്ങി.

കോഴിക്കോട്ടുകാരി എങ്കിലും പഠിച്ചത് ബാങ്കളൂരിൽ ആയിരുന്നു. അതിനാൽ മലയാളം എഴുതാനും വായിക്കാനും പ്രയാസം. പിതാവ് ആർമി ഓഫീസർ ആയിരുന്നു. അമ്മ സെൻട്രൽ ഗവണ്മെന്റിന്റെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥ. സഹോദരി പൂർണിമ ഹ്യൂസ്റ്റണിലുണ്ട്.

ഊർജ്ജസ്വലമായ വ്യക്തിത്വമാണ് അനുപമ കൃഷ്ണനെ വ്യത്യസ്തയാക്കുന്നത്. ഒരുവട്ടം അവരോട് സംസാരിക്കുമ്പോൾ തന്നെ അത് വ്യക്തമാകും. ഏറ്റെടുക്കുന്ന കാര്യങ്ങളിലൊക്കെ ഉന്നതമായ സാംസ്കാരിക പാരമ്പര്യവും ശക്തമായ പ്രവർത്തന നൈതികതയും (വർക്ക് എത്തിക്ക്സ്) കാത്തുസൂക്ഷിക്കുന്ന അവർ 1998-ൽ ഒഹായോയിലെത്തി.

അക്കാഡമിക് നേട്ടങ്ങളിൽ ഇന്റർനാഷണൽ ബിസിനസ്സിൽ എം.ബി.എയും ഉൾപ്പെടുന്നു.

എല്ലാവരുടെയും ശബ്ദം കേൾക്കുകയും എല്ലാവർക്കും ഊണ് മേശയിൽ ഒരു സ്ഥാനം നൽകുകയും ചെയ്താലേ സാമൂഹിക ഉന്നമനം സാധ്യമാകു എന്നവർ കരുതുന്നു. എല്ലാവരും വലിപ്പചെറുപ്പമില്ലാതെ ഒന്നിക്കുകയും എല്ലാ ശബ്ദങ്ങളും കേൾക്കുകയും വിലമതിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ പുരോഗതി ഉണ്ടാവുക എന്നാണ് അനുപമയുടെ വിശ്വാസവും നിലപാടും.

കുട്ടികളിലെ കാൻസറിനെതിരെ പോരാടുന്ന ദ പ്രയേഴ്സ് ഫ്രം മരിയ ഫൗണ്ടേഷൻ എന്ന പ്രാദേശിക സംഘടനയ്

ക്കായി അവർ ധനസമാഹരണ പരിപാടി വിജയകരമായി സംഘടിപ്പിച്ചു. KAO യുടെ പിക്നിക് വഴി തുക സമാഹരിച്ചും ഫൗണ്ടേഷന് നൽകി. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു വ്യക്തിയുടെ ചികിത്സാ ചെലവുകൾക്ക് വേണ്ടി ജയകരമായ ക്രൗഡ് ഫണ്ടിംഗ് കാമ്പെയ്ൻ സംഘടിപ്പിക്കാനും അനുപമ മുന്നോട്ടു വന്നു.

കലാരംഗത്തും അവരുടെ താല്പര്യം ശ്രദ്ധേയമാണ്. ക്ലീവ്ലാൻഡിലെ റെഡ്കോട്ട് സന്നദ്ധപ്രവർത്തകയായി

പ്ലേഹൗസ് സ്ക്വയറിൽ അനുപമയെ കാണാം. വായന, സംഗീതം, യാത്ര, സിനിമ എന്നിവയിലൊക്കെ ആനന്ദം കണ്ടെത്തുന്ന അനുപമ ടെന്നീസിൽ സജീവമാണ്. 10ഗ റൺ, ഹാഫ് മാരത്തൺ എന്നിവയിലും അനുപമ കായികക്ഷമത കാട്ടുന്നു. ആരോഗ്യ പരിപാലനത്തിനു താൻ ഏറെ പരിഗണന കൊടുക്കുന്നുവന്നവർ പറഞ്ഞു.

അനുപമ കൃഷ്ണനുമായി ഇ-മലയാളി നടത്തിയ അഭിമുഖത്തിൽ നിന്ന്

***പ്രചരണം എങ്ങനെ പോകുന്നു?***

പ്രചരണം നല്ലരീതിയിൽ പോകുന്നു. ഇതൊരു ഇന്ററസ്റ്റിംഗ് ജേർണിയാണ്. എല്ലാം നല്ല അനുഭവങ്ങളാണ്. ഇലക്ഷൻ അടുക്കും തോറും കാര്യങ്ങൾ കുറച്ചു വേഗത്തിലാണ് പോകുന്നത്. ഇനി മൂന്നുമാസമേ ഉള്ളൂ. അതുവേഗം തന്നെ പോകുമല്ലോ.

***വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ജനങ്ങളുമായി ബന്ധപ്പെടുമ്പോൾ അവരുടെ പ്രതികരണം എങ്ങനെയാണ്?***

പല സ്ഥലങ്ങളിൽ ഉള്ള ആളുമായി ബന്ധപ്പെടുമ്പോൾ അവരുടെ സ്വീകാര്യത വളരെ നല്ല അനുഭവമായിരുന്നു. അവർ ഒരു സുഹൃത്തായിട്ടാണ് കാണുന്നത്. അതൊരു പ്രചോദനമാണ്. ഫോമ എന്ന സംഘടനയോടുള്ള ജനങ്ങളുടെ സ്നേഹമാണ് ഇവിടെ കാണുന്നത്. വിവിധ സ്ഥലങ്ങളിലെ നല്ല ആളുകളെ പരിചയപ്പെടാൻ സാധിച്ചു. ഓരോ മീറ്റിംഗ് കഴിയുമ്പോഴും ഞാൻ വളരെ സന്തോഷത്തിലാണ്.

***ഫോമ എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ ജനങ്ങൾ എങ്ങനെ കാണുന്നു?***

നമ്മളെ ബന്ധപ്പെടുന്ന ആളുകൾ ഫോമയുമായി വളരെ കാലമായി ബന്ധമുള്ള ആളുകളാണ്. അവർക്ക് ഫോമയ്ക്കു എന്തു ചെയ്യാൻ പറ്റും എന്നറിയാം. അതിൽ കുറച്ചു പുതിയ ആളുകളുണ്ട്. ഫോമയെ പറ്റി അറിയില്ലെങ്കിലും അവർ നമ്മളുമായി സംസാരിക്കുമ്പോൾ ക്യൂരിയസാണ്. നമ്മൾ എന്താണ് ചെയ്യുന്നത്, എന്താണ് ഫോമാ എന്ന് ചോദിച്ചുകൊണ്ടിരിക്കും. കുറച്ചു പേർ ചോദിച്ചിട്ടുണ്ട്. എന്താണ് ഫോമാ ചെയ്യുന്നത് എന്നെല്ലാം.

***തെരഞ്ഞെടുപ്പ്പ് പ്രചരണം വ്യക്തിജീവിതത്തെയും ഔദ്യോഗിക ജീവിതത്തെയും എങ്ങനെ ബാധിക്കുന്നു. ഇതിനായി സമയം ചെലവഴിക്കുന്നത് അർത്ഥപൂർണ്ണമായി തോന്നുണ്ടോ?***

പ്രചരണത്തിനു കുറച്ചു സമയം കണ്ടെത്തണം. അത് സാമൂഹിക ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നു ചോദിച്ചാൽ എനിക്ക് അതു ഒരു ബുദ്ധിമുട്ടായി തോന്നുന്നില്ല. ഞാൻ അതിനെ സോഷ്യലൈസേഷന്റെ ഭാഗമായിട്ടാണ് കാണുന്നത്. നമ്മൾ കൂടുതൽ ആളുകളെ വിളിക്കണം, അതെല്ലാം ഇതിന്റെ ഭാഗമാണ്. എനിക്ക് തോന്നുന്നത് ഞാൻ കൂടുതൽ സമയം ഇതിൽ ചിലവഴിക്കണമെന്നാണ്.

ജോലി വളരെ പ്രധാനമാണ്. ഇലക്ഷൻ അടുക്കും തോറും എങ്ങനെ പോകുമെന്നറിയില്ല. ചിലപ്പോൾ കുടുംബത്തോടൊപ്പം ചിലവഴിക്കാൻ സമയം കുറവായിരിക്കും. കുടുംബം എന്നെ വളരെയധികം മനസിലാക്കുന്നു. എന്നാൽ ഇതൊരു ചെറിയ കാലയളവാണ്.എന്റെ കുടുംബത്തിലും സുഹൃത്തുക്കളുക്കും അറിയാം ഞാൻ ഇലക്ഷനിൽ നിൽക്കുന്നത്. അതുകൊണ്ട് അവരെല്ലാം സപ്പോർട്ടീവാണ്. ഇതുവരെ ഒരു സോഷ്യൽ കൂട്ടായ്മയ്ക്കും നോ പറയേണ്ടി വന്നിട്ടില്ല.

***ഭർത്താവ് സാബുവിന്റെ സപ്പോർട്ട് അറിയാം. ബാക്കിയുള്ളവരുടെ പ്രതികരണം എങ്ങനെയാണ്.?***

അവരുടെ പ്രതികരണം വളരെ പോസിറ്റീവാണ്. എല്ലാവരും വളരെ അധികം എക്സൈറ്റഡാണ്. നമ്മുടെ കുടുംബവും നമ്മുടെ സുഹൃത്തുക്കളും കൂടെ നിൽക്കുന്നില്ലെങ്കിൽ ഈ യാത്ര വളരെ ബുദ്ധിമുട്ടായിരിക്കും. ഫോമയുടെ റീജയണിൽ -ഇപ്പോഴത്തെ ഫോമയുടെ പ്രസിഡന്റിനെ വിളിച്ചപ്പോഴും എല്ലാവരും വളരെ സപ്പോർട്ടീവാണ്.

***വിജയിച്ചാൽ അത് വനിതകൾക്കും കിട്ടുന്ന അംഗീകാരമായി കാണുമോ? ഇതിലേക്ക് വരാൻ മടിക്കുന്ന സ്ത്രീകൾക്കു വേണ്ടി എന്തു ചെയ്യാൻ സാധിക്കും.***

ഞാൻ വിശ്വസിക്കുന്നത് ഇത് ഒരു പോസിറ്റീവ് സ്റ്റെപ്പാണ്. വരാൻ മടിച്ചു നിൽക്കുന്നവർക്ക് അത് ഒരു പ്രചോദനമായിരിക്കും. ഇങ്ങനെ ഒരു ഒരാൾ നിൽക്കുമ്പോൾ എനിക്കും ചെയ്യാൻ പറ്റുമെന്ന് അവർക്കും തോന്നും. സ്ത്രീകളെ ഇതിലേക്ക് കൊണ്ടുവരാൻ ശ്രമിക്കും. കഴിവുള്ള ആളുകളെ കണ്ടെത്തി പ്രത്യേകിച്ചും സ്ത്രീകൾക്ക് ഒരു ആത്മവിശ്വാസം നൽകാൻ ശ്രമിക്കും.

***കടുത്ത മത്സരമാണ് നടക്കുന്നത്. വേണ്ടായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നുണ്ടോ?.***

ഇതുവരെ അങ്ങനെയൊരു തോന്നൽ വന്നിട്ടില്ല. ഇനി മത്സരം കടുത്തു വരുമ്പോൾ അങ്ങനെ ഒരു പോയിന്റിൽ എത്തില്ലെന്ന് വിശ്വസിക്കുന്നു. പോസിറ്റീവായി ചിന്തിക്കണം. ഫോമയിൽ കുറെ ആളുകൾ എന്നോട് പറഞ്ഞിട്ടുണ്ട്. അവർ ഇലക്ഷനിൽ നിന്നിട്ടുണ്ട്. അവർ എന്നോട് പറഞ്ഞിട്ടുണ്ട് മടുപ്പ് തോന്നുമ്പോൾ അവരെ വിളിക്കണമെന്ന്. അവർ തീർച്ചയായും സപ്പോർട്ടു ചെയ്യുമെന്ന്.

***മറ്റു സ്ഥാനാർത്ഥികളെ കുറിച്ചുള്ള നിരീക്ഷണം എന്താണ്?***

എല്ലാവരും വളരെ അധികം അർപ്പണബോധമുള്ളവരാണ് . എല്ലാവരിലും ഞാൻ കണ്ടിരിക്കുന്നത് ഈ സംഘടനയിലുള്ള വിശ്വാസമാണ്. 2008 മുതൽ ഞാൻ ഈ സംഘടനയിലുണ്ട്. എല്ലാവർക്കും ഈ സംഘടനയോട് സ്നേഹമാണ്. എതിർ പാനലിലെ ആളുകളുമായും സംസാരിക്കാറുണ്ട്. എല്ലാവരും ഡെഡിക്കേറ്റഡാണ്. അവർക്ക് അവരുടെ കഴിവിലും പ്രവർത്തനങ്ങളിലും വളരെയധികം വിശ്വാസമുണ്ട്.

***ഫോമയുടെ കുറെ പദ്ധതികളുണ്ട്. അതിൽ നല്ലതായി തോന്നിയത് എന്താണ്?***

കഴിഞ്ഞ കൊല്ലം ചെയ്ത ചാരിറ്റി ഇനീഷേറ്റീവ് വളരെ നല്ലതായിരുന്നു. എസ്.ഓ.എസ്. വില്ലേജ് -കുറച്ചു കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ഫോമയുടെ പദ്ധതി വളരെയധികം ഇഷ്ടപ്പെട്ടു. സാമ്പത്തികമായി ബുദ്ധിമുട്ടുമുള്ളതും കുടുംബം നഷ്ടപ്പെട്ടതുമായ കുട്ടികൾക്ക് പിന്തുണ നൽകുന്ന ഫോമയുടെ പദ്ധതി വളരെ നല്ലതാണ്. ഞാൻ അവിടെ പോയിരുന്നു അവിടെ അവർ ഈ കുട്ടികൾക്ക് ഒരു കുടുംബാന്തരീക്ഷമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഫോമ യു.എസി.ലും കാനഡയിലും എല്ലായിടത്തുമുണ്ട്.

നമുക്ക് എന്തെങ്കിലും ആവശ്യം വന്നാൽ ജയിച്ചു വന്നാൽ യുവജനങ്ങളെ ഫോമയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കും. അവർക്കു വേണ്ടി കുറെ കാര്യങ്ങൾ ചെയ്താൽ മാത്രമേ അവരുടെ സപ്പോർട്ട് നമുക്ക് ലഭിക്കൂ. എല്ലാവരുടെ ജിവിതത്തിലും ഉയർച്ചയും താഴ്ചയും ഉണ്ടാകും. അവർക്കു വേണ്ടിയും സപ്പോർട്ട് സിസ്റ്റം ഉണ്ടാക്കും. അതിൽ പ്രത്യേകിച്ച് ഒരു പ്രായപരിധിയില്ല. ചെറുപ്പക്കാരായ അമ്മമാർക്കു വേണ്ട പിന്തുണ നൽകും. ജോലിയില്ലാതെ ബുദ്ധിമുട്ടുന്നവർക്കു വേണ്ടിയോ മാനസികമായി പിന്തുണ ആവശ്യമുള്ളവർക്കോ അങ്ങനെ സഹായം ആവശ്യമുള്ള എല്ലാവർക്കു വേണ്ടിയും ഒരു സപ്പോർട്ട് സിസ്റ്റം ഉണ്ടാക്കും.

***ഇതിൽ ഇറങ്ങിയതുകൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും?***

കുറെ നല്ല ആളുകളെ പരിചയപ്പെടാൻ സാധിച്ചു. വ്യത്യസ്ത ബാക്ക്ഗ്രൗണ്ടിലെ ആളുകലുമായി ബന്ധപ്പെടാൻ സാധിച്ചു. എടുത്തു പറയേണ്ട ദോഷങ്ങളൊന്നുമില്ല

# ജോസഫ് കാഞ്ഞിരംകുഴി മിയാമി ബെലെൻ ജെസ്യൂട്ട് ഹൈസ്കൂളിൽ നിന്ന് ബ്രിഗേഡിയർ അവാർഡ് കരസ്ഥമാക്കി

മയാമി: മയാമിയിലെ പ്രശസ്തമായ ബെലെൻ ജെസ്യൂട്ട് ഹൈസ്കൂളിൽ നിന്ന് 2013-2024ലെ ബ്രിഗേഡിയർ അവാർഡ് ജോസഫ് കാഞ്ഞിരംകുഴി കരസ്ഥമാക്കി. പഠനത്തി ലും പാഠ്യേതര വിഷയങ്ങളിലും നേതൃത്വത്തിലും സാമൂഹിക സേവനത്തിലും മികവ് പുലർ ത്തുകയും മറ്റ് വിദ്യാർത്ഥികൾക്ക് മാതൃകയാവുകയും ചെയ്താണ് ഈ നേട്ടം കൈവരിച്ചത്.

ഈ സ്കൂളിലെ മികച്ച ഔട്ട്ഗോയിംഗ് വിദ്യാർത്ഥിക്ക് നൽകുന്ന ഏറ്റവും ഉയർന്ന അംഗീകാരമാണ് ബ്രിഗേഡിയർ അവാർഡ്. ബ്രിഗേഡിയർ അവാർഡ് ലഭിക്കുന്ന വിദ്യാർത്ഥിയെ തെരഞ്ഞെടുക്കുന്നത് വിദ്യാർത്ഥികളും അധ്യാപകരും സ്കൂൾ മാനേജ്മെന്റും ചേർന്നാണ്.

ഈ സ്കൂളിന്റെ 170 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഇന്ത്യൻ വിദ്യാർത്ഥിക്ക് ഈ പുരസ്കാരം ലഭിക്കുന്നത്. ഹൈസ്കൂൾ ബിരുദദാന ചടങ്ങിനോടനുബന്ധിച്ചാണ് ഈ പുരസ്കാരം നൽകുപ്പെടുന്നത്. ബെലെൻ ജെസ്യൂട്ടിലെ സീനിയറായ ജോസഫ്, തന്റെ ഹൈസ്കൂൾ ജീവിതത്തിലുടനീളം മാതൃകാപരമായ വിദ്യാർത്ഥിയായും ലീഡറായും വേറിട്ടു നിന്നിരുന്നു. അദ്ദേഹത്തിന്റെ മികച്ച ജി.പി.എ., അനവധി ബഹുമതികൾ, അവാർഡുകൾ, അഡ്വാൻസ്ഡ് പ്ലേസ്മെന്റ് വിവിധ കോഴ്സുകളിലെ പങ്കാളിത്തം, അക്കാദമിക് മികവിനോടുള്ള അദ്ദേഹത്തിന്റെ സമർപ്പണവുമാണ് മാനദണ്ഡം. മാത്രവുമല്ല ക്ലാസ്സ്മുറിക്കപ്പുറം, നാഷണൽ ഹോണേഴ്സ് സൊസൈറ്റി പ്രസിഡന്റായും ഡിബേറ്റ് ടീമിന്റെ ക്യാപ്റ്റനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



സാമൂഹ്യ സേവനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും വളരെ പ്രശംസനീയമാണ്. ജോസഫ് നിരവധി കമ്മ്യൂണിറ്റി സേവനപദ്ധതികളിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ട്. മിയാമിയിലെ അധഃസ്ഥിത കമ്മ്യൂണിറ്റികളെ പിന്തുണയ്ക്കുന്ന സംരംഭങ്ങൾക്കായി എണ്ണമറ്റ മണിക്കൂറുകൾ നീക്കിവച്ചു. ഫുഡ് ബാങ്കുകൾ, മെന്റർഷിപ്പ് പ്രോഗ്രാമുകൾ, പരിസ്ഥിതി ശുചീകരണ പ്രോഗ്രാമുകൾ അവയിൽ ചിലതാണ്.

മറ്റുള്ളവർക്കുവേണ്ടി മനുഷ്യനായി തീരുക എന്ന ജെസ്യൂട്ട് മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും ഉയർത്തിപ്പിടിക്കുന്നതുമായിരുന്നു ജോസഫിന്റെ പ്രവർത്തനങ്ങളെന്ന് സ്കൂൾ പ്രസിഡന്റ് റവ. ഫാ. ഗിള്ളേർമോ എം. ഗാർസിയ ട്യൂണിയൻ എസ്.ജെ. പ്രശംസിച്ചു.

ബ്രിഗേഡിയർ അവാർഡ് തനിക്ക് ലഭിക്കുന്നത് അവിശ്വസനീയമായ ബഹുമതിയാണെന്ന് ജോസഫ് പറഞ്ഞു. അക്കാദമികമായി വളരുവാനും തന്റെ സമൂഹത്തെ സേവിക്കുവാനുമുള്ള എണ്ണമറ്റ അവസരങ്ങൾ ബെലെൻ സ്കൂൾ തനിക്ക് നൽകിയിട്ടുണ്ട്. അതിന് തന്റെ അധ്യാപകരോടും സ്കൂളിനോടും താൻ അങ്ങേയറ്റം നന്ദിയുള്ളവനാണെന്ന് ജോസഫ് പറഞ്ഞു.

സ്കൂൾ ബിരുദദാനച്ചടങ്ങിലെ അവസാന ഇനമായ ബ്രിഗേഡിയർ പ്രസംഗത്തിൽ അദ്ദേഹം ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചും ഗാന്ധിജിയെക്കുറിച്ചും സൂചിപ്പിച്ചത് ഏവരിലും മതിപ്പും ജിജ്ഞാസയും ഉളവാക്കി.



മികച്ച സ്കോളർഷിപ്പിന് അർഹനായ ജോസഫ്, പ്രശസ്തമായ ജോർജ്ജ്ടൗൺ യൂണിവേഴ്സിറ്റിയിൽ ചേർന്ന് തുടർന്നു പഠിക്കുവാനാണ് ആഗ്രഹിക്കുന്നത്. മാനന്തവാടിയിൽ നിന്ന് ഫ്ളോറിഡായിലെ മയാമിയിൽ സ്ഥിരതാമസമാക്കിയ ബേബി വർക്കി സി.പി.എ.യുടെയും മഞ്ജുവിന്റെയും മകനാണ് ജോസഫ്.

ഏക സഹോദരി ടെസ്സ ഡ്യൂക്ക് സർവ്വകലാശാലയിൽ ബിരുദ വിദ്യാർത്ഥിനിയാണ്.

# സംഗീത സംവിധായാകൻ ഷാജി സുകുമാരനെ ഐ ഓ സി കേരള ചാപ്റ്റർ പെൻസിൽവാനിയ കമ്മിറ്റി ആദരിച്ചു






കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് ചടങ്ങിൽ സംഗീത സംവിധാനത്തിന് പ്രത്യേക പരാമർശം നേടിയ സംഗീത സംവിധായകൻ ഷാജി സുകുമാരനെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്ററിന്റെ പെൻസിൽവാനിയ കമ്മിറ്റി ആദരിച്ചു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പ്രവർത്തകനും ഫിലഡെൽഫിയ മയൂര റെസ്റ്റോറെണ്ട് ഉടമയുമാണ് ഷാജി സുകുമാരൻ.

കെ ബി മധു സംവിധാനം ചെയ്ത ലൈഫ് എന്ന സിനിമയിൽ കെ എ മുരളീധരൻ രചിച്ച ഗാനങ്ങൾക്ക് സംഗീതം നൽകിയതാണ് ഷാജി സുകുമാരനെ ജൂറിയുടെ പ്രത്യേക അവാർഡിന് അർഹനാക്കിയത്. പി ജയചന്ദ്രനും മധു ബാലകൃഷ്ണനുമാണ് ലൈഫിലെ ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും ഗാനഭൂഷണം കഴിഞ്ഞ , ഗായകൻ കൂടിയായ ഷാജി സുകുമാരൻ സംഗീത സംവിധാനത്തിനുപുറമെ അമേരിക്കയിൽ സ്റ്റേജ് ഷോ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നേതൃത്വം നൽകാറുണ്ട്.




ചാപ്റ്റർ പ്രസിഡന്റ് സാബു സ്കറിയയുടെ അധ്യക്ഷതയിൽ പമ്പ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജനറൽ സെക്രട്ടറി കൊച്ചുമോൻ വയലത്ത് , ട്രെഷറർ ജോർജ് ഓലിക്കൽ , വൈസ് പ്രസിഡന്റുമാരായ അലക്സ് തോമസ്, ജീമോൻ ജോർജ് , വൈസ് ചെയർമാൻ ഫിലിപ്പോസ് ചെറിയാൻ , പ്രോഗ്രാം കോർഡിനേറ്റർ തോമസ് കുട്ടി വർഗീസ് , ഓവർസീസ് കോൺഗ്രെസ്സ് നാഷണൽ ജോയിന്റ് ട്രഷറർ ഡോ . ഈപ്പൻ ദാനിയേൽ , ഐഒസി കേരള പെൻസിൽവാനിയ ചാപ്റ്റർ നേതാക്കളായ സുമോദ് നെല്ലിക്കാല , എൽദോ വർഗീസ് , ജോൺ ചാക്കോ എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചു സംസാരിച്ചു.



FOMAA
TEAM UNITED 2024-26
സമൂഹത്തോട് പ്രതിബദ്ധത
പുരോഗതിയ്ക്ക് വേണ്ടി സമർപ്പണം
ഒരു ലക്ഷ്യം ഒരു അഭിനിവേശം
UNITY
OUR
STRENGTH
VOTE FOR
ANUPAMA KRISHNAN
Joint Treasurer candidate
FOMAA 2024-26
BABY MANAKUNNEL
for President
BAIJU VARGHESE
for General Secretary
CIGIL GEORGE
PALACKALODY
for Treasurer
SHALU PUNNOOSE
for Vice President
PAUL P. JOSE
for Joint Secretary
ANUPAMA KRISHNAN
for Joint Treasurer

# ഫ്ഫ പുല്ലേ





സുനിൽ വല്ലാത്തറ ഫ്ലോറിഡാ

1997 ഡിസംബർ മാസത്തിൽ എറണാകുളം കലൂരിലുള്ള പി വി എസ് ഹോസ്പിറ്റലിൽ കരൾ രോഗം മൂർച്ഛിച്ചു ചികിത്സയിൽ ആയിരുന്ന പഴയകാല നായക നടൻ എം ജി സോമന് സന്ദർശിച്ച സുരേഷ് ഗോപിയോട് അദ്ദേഹം തലയിൽ കൈ വച്ചു അനുഗ്രഹിച്ചു പറഞ്ഞു സുരേഷ് സിനിമയിൽ മാത്രമല്ല പൊതുരംഗത്തും പ്രശസ്തിയിലേക്ക് ഉയരും.

ഏതാണ്ട് നാൽപതു വർഷത്തോളമായി മലയാള സിനിമയിലെ അഭിനയ രംഗത്തുള്ള സുരേഷ് ഗോപിയെ ഏറെ പ്രശസ്തിയിലേക്ക് ഉയർത്തിയ പ്രധാന കാരണങ്ങളിൽ ഒന്ന് 1994 ൽ പുറത്തിറങ്ങിയ കമ്മീഷണർ സിനിമയിൽ സത്യസന്ദനായ പോലീസ് ഓഫീസർ ആയി അഭിനയിച്ച സുരേഷ് ഗോപി അഴിമതി വീരനായ പോലീസ് ഐ ജി ആയി അഭിനയിച്ച തന്റെ മേലുദ്യോഗസ്ഥൻ രാജൻ പി ദേവിന് നേരെ കൈ ചൂണ്ടി വിളിച്ച ''ഫ്ഫ പുല്ലേ ''എന്ന വൈറൽ ഡയലോഗ് ആണ്.

പിന്നീട് മിമിക്രി കലാകാരന്മാർ ഏറ്റെടുത്ത ഈ ഡയലോഗ് കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ മലയാളികൾ കൂടുന്ന എല്ലാ സംസ്ഥാനങ്ങളിലെ വേദികളിലും വിദേശ രാജ്യങ്ങളിലെ മലയാളികളുടെ സ്റ്റേജ് ഷോകളിലും മുപ്പതു വർഷത്തിൽ അധികമായി ഇപ്പോഴും അവതരിപ്പിക്കുന്നു.

എൺപതുകളുടെ ആരംഭത്തിൽ മലയാള സിനിമയിൽ ചെറിയ വേഷങ്ങൾ ചെയ്തു തുടങ്ങിയ സുരേഷ് ഗോപിയ്ക്കു ബ്രേക്ക് ആയതു 1986 ൽ തമ്പി കണ്ണന്താനം സംവിധാനം ചെയ്തു മോഹൻലാൽ നായകനായ രാജാവിന്റെ മകൻ ആണ്. ഈ ചിത്രത്തിൽ മോഹൻലാലിന്റെ സഹായി ആയി അഭിനയിച്ച സുരേഷ് ഗോപി പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റി.

തുടർന്ന് പിറ്റേവർഷം കെ മധുവിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ഇരുപതാംനൂറ്റാണ്ട് എന്ന സൂപ്പർഹിറ്റ് ചിത്രത്തിൽ നായകനായ മോഹൻലാലിനൊപ്പം ശേഖരൻകുട്ടി എന്ന വില്ലൻ കഥാപാത്രത്തെ അവതരിപ്പിച്ചു അരങ്ങു തകർത്ത സുരേഷ് ഗോപി പിന്നീട് വില്ലൻ കഥാപാത്രങ്ങളിലേയ്ക്കു ടൈപ്പ്‌ ചെയ്യപ്പെടുകയായിരുന്നു.

തൊണ്ണൂറുകളുടെ ആരഭത്തിൽ ഉദയം ചെയ്ത ഷാജി കൈലാസ് രെൺജി പണിക്കർ കൂട്ട്കെട്ടാണ് സുരേഷ് ഗോപിയെ ആക്ഷൻ ഹീറോ ആക്കി മാറ്റിയത്. ആ കൂട്ട്കെട്ടിൽ പിറവിയെടുത്ത തലസ്ഥാനം, ഏകലവ്യൻ, കമ്മീഷണർ തുടങ്ങിയ സിനിമകൾ സൂപ്പർ ഹിറ്റുകൾ ആയപ്പോൾ അതിലെ നായകനായ സുരേഷ് ഗോപി മലയാള സിനിമയിൽ ജയന് ശേഷം മറ്റൊരു ആക്ഷൻ ഹീറോ ആയി മാറുകയായിരുന്നു.

1997 ൽ ജോഷി സംവിധാനം ചെയ്ത ലേലം എന്ന സിനിമ സൂപ്പർ ഡ്യൂപ്പർ ഹിറ്റായപ്പോൾ അതിൽ അന്തരിച്ച എം ജി സോമന്റെ മകനായി ആനക്കാട്ടിൽ ചാക്കോച്ചി എന്ന ശക്തനായ കഥാപാത്രത്തെ അവതരിപ്പിച്ച സുരേഷ് ഗോപി മമ്മൂട്ടിയ്ക്കും മോഹൻലാലിനും ശേഷം മലയാള സിനിമയിൽ മൂന്നാമത്തെ സൂപ്പർസ്റ്റാർ ആയി മാറുകയായിരുന്നു.

ഇതിനിടയിൽ മകൾ ലക്ഷ്മി കാറപകടത്തിൽ മരണപ്പെട്ടത് അദ്ദേഹത്തിന്റെ

# Blue Ocean

Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com



ജീവിതത്തിലെ ഏറ്റവും വലിയ ഷോക്ക് ആയി മാറി.

പിന്നീട് മകളുടെ ഓർമ്മയ്ക്കു ഒരുപാട് ചാരിറ്റി പ്രവർത്തനങ്ങൾ നടത്തിയ അദ്ദേഹം ഇപ്പോഴും കേരളത്തിലെ പല ഭാഗങ്ങളിലും ചാരിറ്റിറ്റബിൾ ട്രസ്റ്റിന്റെയും സൊസൈറ്റിയുടെയും ഉപദേശകൻ കൂടി ആണ്.

കേരളത്തിൽ അധികം ക്ലച്ചു പിടിക്കാതെ പോയ്കൊണ്ടിരുന്ന ബി ജെ പി ക്ക് ഒരു സെലിബ്രിറ്റി പ്രവർത്തിക്കാൻ വേണം എന്ന ബി ജെ പി യിലെ ബുദ്ധിജീവികളുടെ കണ്ടുപിടുത്തമാണ് രാജ്യസഭ സീറ്റ് വാഗ്ദാനം ചെയ്തു കേന്ദ്ര നേതൃത്വം സുരേഷ് ഗോപിയെ സമീപിക്കുന്നതും അദ്ദേഹം ബി ജെ പി അംഗത്വം സ്വീകരിക്കുന്നതും.

2019 ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ തൃശ്ശൂരിൽ സ്ഥാനാർഥി ആയ അദ്ദേഹത്തിന് തെരഞ്ഞെടുപ്പു പ്രവർത്തനത്തിന് അധികം സമയം കിട്ടിയില്ലെങ്കിലും ഇരു മുന്നണികളെയും ഞെട്ടിച്ചു കൊണ്ട് 28 ശതമാനം വോട്ട് നേടി രണ്ടാം സ്ഥാനത്തായ ഇടതു മുന്നണിയുടെ രാജാജി മാത്യു തോമസിന്റെ തൊട്ടടുത്തെത്തി.

പിന്നീട് സ്ഥിര താമസം തൃശൂരിൽ ആക്കിയ സുരേഷ് ഗോപി കുടുംബ യോഗങ്ങളിലും സ്വകാര്യ ചടങ്ങുകളിലും പൊതു വേദികളിലും പ്രത്യക്ഷപ്പെട്ടു തൃശൂരിലെ സജീവ സാന്നിധ്യം ആയി.

ഇതിനിടയിൽ 2021ലെ നിയമസഭ തെരഞ്ഞെടുപ്പിലും തൃശൂർ മണ്ഡലത്തിൽ ഒരു കൈ പയറ്റിയ സുരേഷ് ഗോപി അവിടെയും വൻ മുന്നേറ്റം ആണുണ്ടാക്കിയത്.

നിയമസഭ തെരഞ്ഞെടുപ്പു കാലത്ത് തൃശൂർ ഞാൻ ഇങ്ങെടുക്കുവാ എന്ന് പറഞ്ഞതും ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത് ലൂർദ് മാതാവിന് കിരീടം വച്ചതും വലിയ വിവാദമായി വാർത്തകളിൽ നിറഞ്ഞു നിന്നതും ട്രോളന്മാർ ഏറ്റെടുത്തു വലിയ ട്രോളുകളായതും അദ്ദേഹത്തിന്റെ റേറ്റിംഗ് കൂടുകയും ഈ തെരഞ്ഞെടുപ്പിലെ മിന്നുന്ന ജയത്തിന് അത് സഹായിക്കുകയും ചെയ്തിട്ടുണ്ട്.

തെരഞ്ഞെടുപ്പു പോരാട്ട കളരിയിലെ അതികായനായ കെ മുരളീധരന് പകരം അദ്ദേഹത്തെ പിന്നിൽ നിന്നും കുത്തിയ നാട്ടിക കടപ്പുറത്തിന്റെ മകൻ ടി എൻ പ്രതാപൻ കോൺഗ്രസ് സ്ഥാനാർഥി ആയിരുന്നെങ്കിൽ സുരേഷ് ഗോപിയുടെ ഭൂരിപക്ഷം ഒന്നരലക്ഷം കടന്നേനെ.


ഈ തെരഞ്ഞെടുപ്പു വിജയത്തിൽ സുരേഷ് ഗോപി ആദ്യം നന്ദി പറയേണ്ടത് തുഷാർ വെള്ളാപ്പള്ളിയോടും രാഹുൽ ഗാന്ധിയോടും ആണ്. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂർ മണ്ഡലം എൻ ഡി എ സഖ്യ കക്ഷി ആയ ബി ഡി ജെ എസ് നു നൽകിയതാണ്. ബി ഡി ജെ എസ് ന്റെ അമരക്കാരൻ തുഷാർ വെള്ളാപ്പള്ളി തെരഞ്ഞെടുപ്പു പ്രചരണം ആരംഭിച്ചതും ആയിരുന്നു. അപ്പോഴാണ് രാഹുൽ ഗാന്ധി അപ്രതീക്ഷിതമായി വയനാട്ടിൽ മത്സരിക്കുവാൻ എത്തുന്നത്. അതോടെ സെലിബ്രെറ്റി പൊളിറ്റീഷനോട് മത്സരിച്ചാൽ ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ വാർത്ത പ്രാധാന്യം കൂടുതൽ കിട്ടുമെന്ന് മനസ്സിലാക്കിയ തുഷാർ വയനാട്ടിലേയ്ക്കു വണ്ടി കയറി. അങ്ങനെ തൃശൂർ സീറ്റ് ബി ജെ പി ഏറ്റെടുക്കുകയും സ്ഥാനാർഥി ആയി സുരേഷ് ഗോപിയ്ക്കു നറുക്ക് വീഴുകയുമായിരുന്നു.



കലാകാരന്മാരുടെ തറവാടായ കലാമണ്ഡലം ഉൾപ്പെടുന്ന തൃശൂരിൽ അതുല്യ കലാകാരനായ തൃശൂരുകാരുടെ സ്വന്തം സുരേഷേട്ടനായ സുരേഷ് ഗോപി കേന്ദ്ര മന്ത്രി ആയി വരുമ്പോൾ ഇനി നടക്കാൻ പോകുന്നത് വെറും പൂരമല്ല പൊടി പൂരമായിരിക്കും.


mine
diamonds unlimited
Diamonds Certified by:
INTERNATIONAL GEMOLOGICAL INSTITUTE
TIMELESS ELEGANCE
• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed
Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.
SHOP VIRTUAL CALL: +1(908) 848-3308
SHOP ONLINE AT www.malabargoldanddiamonds.com
NEW JERSEY: 1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916
CHICAGO: 2652 W DEVON AVENUE, IL 60659, TEL: 773 465 5755
MALABAR GOLD & DIAMONDS
OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA

# സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് കൊയർ മ്യൂസിക് ആൽബം പുറത്തിറക്കി






ന്യൂ ജേഴ്സി : സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് കൊയർ, വാഷിംഗ്ടൺ ടൗൺഷിപ്പ് , ന്യൂ ജേഴ്സി, അവരുടെ മ്യൂസിക് ആൽബം Tikvah (ഹോപ്പ്) ജൂൺ 9 ഞായറാഴ്ച ആരാധനയോടനുബന്ധിച്ചു പുറത്തിറക്കി. ഇടവക വികാരി റെവ ജോൺ ടി സ് ആൽബത്തിന്റെ ആദ്യ കോപ്പി ഇടവക വൈസ് പ്രസിഡന്റ് ജോർജ് തോമസിന് നൽകി പ്രകാശനം ചെയ്തു .

ഇടവകയിലെ അംഗങ്ങളായ ശ്രീ റെജി ജോസഫ് , ശ്രീ സാം പെണ്ണുക്കര, ശ്രീ കുരുവിള മാത്യു , ഷി ബി തോമസ് കൂടാതെ DSMC മുൻ ഡിറെക്ടർ റെവ ആശിഷ് തോമസ് ജോർജ്, ജോർജ് വർഗീസ് ഡാളസ് , ജോബിൻ തോമസ് ഫിലിപ്പ്, എന്നിവർ രചിച്ച ഗാനങ്ങൾക്ക് റെവ ആശിഷ് തോമസ് ജോർജ് , സുജിത് എബ്രഹാം, ജോബിൻ തോമസ് ഫിലിപ്പ് , കുരുവിള മാത്യു , ഷിബി തോമസ് , ജോസി പുല്ലാട് എന്നിവർ ഈണം നൽകി .

മ്യൂസിക് ആൽബം സുജിത് എബ്രഹാം സംവിധനം നിർവഹിച്ചു , ശ്രീ ബോബി മാത്യൂസ് പ്രൊജക്റ്റ്  മാനേജർ ആയും , കുരുവിള മാത്യു അസ്സിസ്റ് പ്രൊജക്റ്റ് മാനേജർ ആയും പ്രവർത്തിച്ചു

ഗാനങ്ങൾ പ്രശസ്ത ഗായകരായ ഇമ്മാനുവേൽ ഹെൻറി, എലിസബത്ത് രാജു , മെറിൻ ഗ്രിഗറി , മിഥില മൈക്കൽ, അനി  കൈപ്പട്ടൂർ, റെവ ആശിഷ് തോമസ് ജോർജ് , കൂടാതെ ഇടവകയിലെ വളർന്നു വരുന്ന ഗായകസംഘ അംഗങ്ങളായ സാറ വർഗീസ് , അനിക തോമസ് എന്നിവർ ആലപിച്ചു

മ്യൂസിക് ആ ബത്തിന്റെ കൂടുതൽ വിവരങ്ങൾ https://tikvahalbum.com/എന്ന വെബ്സറ്റൈിൽ ലഭ്യമാണ്

ഇടവകയുടെ കൊയറിന്റെ പ്രവർത്തനങ്ങൾക്ക് റെവ ജോൺ ടി സ് , സെക്രട്ടറി സജി മാത്യു , ട്രസ്റ്റീ ജിനു മാത്യു , മലയാളം വിഭാഗത്തിന് ശ്രീ ബോബി മാത്യൂസും , ഇംഗ്ലീഷ് വിഭാഗം ജോനാഥൻ സാമും നേതൃത്വം നൽകുന്നു . കൊയറിന്റെ പ്രവർത്തനങ്ങൾക്ക് ഏവരുടെയും പ്രാർത്ഥനയും സഹകരണവും തുടർന്നും ക്ഷണിക്കുന്നു .

# അബോർഷന് ഉപയോഗിക്കുന്ന മിഫെപ്രിസ്റ്റോൺ വിൽക്കാൻ സുപ്രീം കോടതി അനുമതി നൽകി




മെഡിക്കൽ അബോർഷന് ഉപയോഗിക്കുന്ന രണ്ടു മരുന്നുകളിൽ ഒന്നായ മിഫെപ്രിസ്റ്റോൺ *(Mifepristone)* നിരോധിക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളിയതോടെ അതു രാജ്യവ്യാപകമായി ലഭ്യമാക്കാൻ അനുമതിയായി. ഏകാഭിപ്രായത്തിലാണ് വ്യാഴാഴ്ച കോടതി നിരോധനം ആവശ്യപ്പെടുന്ന അപേക്ഷകൾ തള്ളിയത്.

മരുന്നിനു എഫ് ഡി എ നൽകിയ അനുമതി റദ്ദാക്കണം എന്നാവശ്യപ്പെടാൻ അപേക്ഷ നൽകിയ ഡോക്ടർമാർക്കു അവകാശമില്ലെന്നു കോടതി ചൂണ്ടിക്കാട്ടി. ജസ്റ്റിസ് ബ്രെറ്റ് കാവനാഗ് എഴുതി: അവർക്കു ആത്മാർഥമായ നിയമപരവും ധാർമികവും ആദർശപരവും നയപരവുമായ എതിർപ്പുകൾ ഉണ്ടെന്നത് കോടതി കാണുന്നു. എന്നാൽ ഫെഡറൽ കോടതിയിൽ ന്യായീകരിക്കാൻ കഴിയുന്ന വാദങ്ങൾ അവർ കൊണ്ടുവന്നിട്ടില്ല. 'മറ്റുള്ളവർക്കു മരുന്നു കിട്ടാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കാനുള്ള അപേക്ഷകന്റെ ആഗ്രഹം ന്യായമാവുന്നില്ല.'

ഡോക്ടർമാരുടെ കുറിപ്പടി കൊടുത്തു മിഫെപ്രിസ്റ്റോൺ ഇനി വാങ്ങാം. അല്ലെങ്കിൽ തപാലിൽ വരുത്താം.

പ്രത്യുല്പാദന അവകാശത്തിനുള്ള പോരാട്ടം ഇതോടെ അവസാനിക്കുന്നില്ലെന്നു പ്രസിഡന്റ് ജോ ബൈഡൻ പ്രസ്താവനയിൽ പറഞ്ഞു. 'രണ്ടു വർഷം മുൻപ് സുപ്രീം കോടതി റോ വേഴ്സസ് വെയ്ഡ് അസാധുവാക്കിയതോടെ സ്ത്രീകൾക്കു അടിസ്ഥാന അവകാശമാണ് നഷ്ടമായത്.



'പല സംസ്ഥാനങ്ങളിലും ആവശ്യം വേണ്ട ചികിത്സ ലഭിക്കാൻ സ്ത്രീകൾക്കു കഴിയുന്നില്ല. മിഫെപ്രിസ്റ്റോൺ ഇപ്പോൾ ലഭ്യമാണ് എന്നതു ശരി തന്നെ. എന്നാൽ മെഡിക്കൽ അബോർഷനെതിരെ റിപ്പബ്ലിക്കൻ പാർട്ടി നടത്തുന്ന ആക്രമണം രാജ്യമൊട്ടാകെ അബോർഷൻ നിരോധിച്ചു കിട്ടാനുള്ള അവരുടെ തീവ്രവും അപകടകരവുമായ ശ്രമങ്ങളുടെ ഭാഗമാണ്.'

മാർച്ചിൽ സുപ്രീം കോടതി എഫ് ഡി എ ഈ ഗുളികയ്ക്കു അനുമതി നൽകിയതിനെ കുറിച്ച് വലിയ സംശയങ്ങൾ ഉയർത്തിയിരുന്നു. എഫ് ഡി എ 2000ൽ അംഗീകരിച്ച മരുന്ന് വാങ്ങാനുള്ള നിയമങ്ങളിൽ 2016ലും 2021ലും ഇളവ് വരുത്തിയിരുന്നു.

മിഫെപ്രിസ്റ്റോൺ സാധാരണ മിസോപ്രോസ്റ്റോൾ *(Misoprostol)* കൂടി ചേർത്തു നൽകിയാണ് ഗർഭഛിദ്രം സാധ്യമാക്കുന്നത്. കഴിഞ്ഞ വർഷം രാജ്യത്തു നടത്തിയ ഗർഭഛിദ്രങ്ങളിൽ മൂന്നിൽ രണ്ടും ഇങ്ങിനെ ആയിരുന്നു.

2023 ഏപ്രിലിൽ ടെക്സസിലെ ഒരു ജഡ്ജ് മിഫെപ്രിസ്റ്റോൺ അനുവദിച്ച എഫ് ഡി എയുടെ 2000ലെ ഉത്തരവ് റദ്ദാക്കി. പിന്നീട് ഓഗസ്റ്റിൽ ന്യൂ ഓർലിയൻസിലെ അപ്പീൽ കോടതി എഫ് ഡി എ 2016ൽ നൽകിയ ഇളവുകൾ സ്റ്റേ ചെയ്തു.

ഐഡഹോയിൽ നിന്നുള്ള മറ്റൊരു അബോർഷൻ കേസ് സുപ്രീം കോടതിയുടെ മുന്നിലുണ്ട്. അബോർഷൻ നിരോധിച്ച സംസ്ഥാനങ്ങളിൽ പോലും അടിയന്തര ഘട്ടങ്ങളിൽ അതു ചെയ്തു കൊടുക്കാൻ ഡോക്ടർമാർക്കു ഫെഡറൽ സുരക്ഷ ഉണ്ടോ എന്നതാണ് കേസ്.



# മമതയുടെ അമിതവിശ്വാസം

ലേഖനം.
സാം നിലംപള്ളിൽ
samnilampallil@gmail.com

നരേന്ദ്ര മോദി സർക്കാർ വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരമേറ്റെങ്കിലും കേരളത്തിലെ മീഡിയകൾക്കും മാപ്രകൾക്കും ഇപ്പോഴും നേരംവെളുത്തിട്ടില്ലന്ന് തോന്നുന്നു. അവർ വിശ്വസിക്കുന്നത് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇൻഡി സഖ്യം സർക്കാർ രൂപീകരിക്കുമെന്നാണ്., ഇന്നല്ല നാളെ. തൽകാലം ഇൻഡിയെ പ്രതിപക്ഷത്തിരുത്താനാണ് ഉറച്ച തീരുമാനം. അഞ്ചാറ് സീറ്റുകളുടെ കുറവുണ്ട്. അതിപ്പോൾ അപ്പുറത്തേക്ക് പോയിട്ടുണ്ടെങ്കിലും താമസിയാതെ തിരികവരും. ബംഗാളിലെ മമത ബാനർജി വിവേകമുള്ള രാഷ്ട്രീയക്കാരി ആണെന്നാണ് കരുതപ്പെട്ടിരുന്നത്. പക്ഷേ, അവരും ഇപ്പോൾ സമനിലതെറ്റിയതുപോലുള്ള സംസാരമാണ്. മോദി സർക്കാരിന്റെ ആയുസ്സ് അവർ പ്രവചിച്ചുകഴിഞ്ഞു., വെറും പതിനഞ്ചു ദിവസം. അതിനുള്ളിൽ മോദി രാജിവച്ച് സന്യാസത്തിന് പോയിരിക്കും. നിതീഷ് കുമാറിനെ പ്രധാനമന്ത്രിയാക്കി ഇൻഡി മുന്നണി ഭരിക്കും. ആന്ധ്രയിലെ നായിഡുവിനെയും കൂടെക്കൂട്ടാം. അപ്പോൾ നമ്മുടെ പപ്പുക്കുട്ടനോ, ദീദി ? അവൻ പൊട്ടൻചെക്കനല്ലേ., കൂടെനടന്ന് ഭരണമെന്താണന്ന് പഠിക്കട്ടെ.

ഇൻഡി മുന്നണി അഞ്ചുവർഷം തികച്ചുഭരിക്കുമോ, ദീദി ? പപ്പുവിന്റെ പാർട്ടിക്കല്ലേ നൂറു സീറ്റുള്ളത്. അവർക്കല്ലേ പ്രധാനമന്ത്രിസ്ഥാനം കൊടുക്കേണ്ടത്. പപ്പു ഒഴികെ ആർക്കുവേണമെങ്കിലും കൊടുക്കുന്നതിന് ദീദിക്ക് സമ്മതമാണ്. വേണമെങ്കിൽ കേരളത്തിൽനിന്നുള്ള ഉണ്ണിത്താനെ പ്രധാനമന്ത്രി ആക്കിക്കോളു. ഉണ്ണിത്താന് പപ്പുവിനേക്കാൾ വിവരവും വിവേകവുമുണ്ട്. അദ്ദേഹത്തിനാണെങ്കിൽ പകുതി സമ്മതവുമാണ്.

അവസരം കാത്തിരിക്കാനാണ് ദീദിയുടെ ഉപദേശം. അവസരം വരും, വന്നില്ലെങ്കിൽ നമ്മൾ ഉണ്ടാക്കും. മോദി താഴെവീണില്ലെങ്കിൽ പിടിച്ചിറക്കണം. അതിന് ജനാധിപത്യവിരുദ്ധമായ ഏതുപ്രവർത്തിയും സ്വീകരിക്കാൻ തയ്യാറാകണം. ഇങ്ങനെപോയാൽ ശരിയാകത്തില്ല., എത്രനാളെന്നുകണ്ടാ നമ്മൾ കാത്തിരിക്കുന്നത്. പത്തുവർഷം പ്രതിപക്ഷത്തിരുന്ന് വേരിറങ്ങി., ഇനിയും അഞ്ചുവർഷംകൂടി ഇയാളെ സഹിക്കണമെന്നാണോ പറയുന്നത്. പറ്റില്ല, പറ്റില്ല, പറ്റില്ല, നൂറുതവണ പറ്റില്ല.

ബി ജെ പി ഒറ്റക്ക് 241 സീറ്റുകൾനേടി. അതായത് ഇരുപത്തെട്ട് പാർട്ടികൾകൂടി ഉണ്ടാക്കിയ ഇൻഡിമുന്നണി നേടിയതിനേക്കാൾ പതിനൊന്ന് സീറ്റുകൾ കൂടുതൽ. സഖ്യകക്ഷികളായ നിതീഷിന്റെ പാർട്ടിയും , ടി ഡി പിയും സ്വതന്ത്രന്മാരുംകൂടി 303 സീറ്റുകൾ. എന്നിട്ടും മോദിക്ക് ഭരിക്കാൻ അവകാശമില്ലെന്നാണ് മമതയുടെ വാദം. ഇലക്ഷനുമുൻപ് അവകാശപ്പെട്ടതുപോലെ 370 സീറ്റുകൾ നേടാൻ സാധിക്കാത്ത പാർട്ടിക്ക് ഭരിക്കാൻ അവകാശമില്ല. നിതീഷ് കുമാറിന്റെയും നായിഡുവിന്റെയും പിന്തുണ സ്ഥിരമായതല്ല. ഞങ്ങൾ വിളിച്ചാൽ അവർ എപ്പോൾ വേണമെങ്കിലും മോദിയെ ഉപേക്ഷിച്ച് വരാൻ തയ്യാറാണ്. പതിനഞ്ച് ദിവസങ്ങൾക്കുശേഷം (അതോ പതിനഞ്ച് വർഷമാണോ ഉദ്ദേശിച്ചത്) ഞങ്ങളുടെ ഇൻഡിമുന്നണി മന്ത്രസഭ രൂപീകരിക്കും. ഉണ്ണിത്താനെങ്കിൽ ഉണ്ണിത്താനെവച്ച്, എന്തായാലും പപ്പുവേണ്ട. അവനവിടെ മൂലക്കെങ്ങാനും ഇരുന്നോട്ടെ. അവിടിരുന്ന് കാര്യങ്ങൾ പഠിക്കട്ടെ.

ഇൻഡി മുന്നണിക്ക് ഭരിക്കണമെങ്കൽ മൂന്നുപേരുടെ പിന്തുണകൂടിവേണം, പഞ്ചാബിൽനിന്നുള്ള രണ്ടുപേരും കാഷ്യമീരിൽനിന്നുള്ള ഒരു തീവ്രവാദിയും. പഞ്ചാബിൽ നിന്നുള്ള രണ്ടുപേരിൽ ഒരാൾ ഇന്ദിര ഗാന്ധി ഘാതകൻ ബിയാന്ത് സിങ്ങിന്റെ മകനാണ് ,രണ്ടാമൻ വിഘടനവാദി അമൃത്പാൽ സിങ്ങും. രണ്ടുപേരും വൻഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ഈ മൂന്നുപേരെയും കൂട്ടി സർക്കാരുണ്ടാക്കാൻ മമതയും പപ്പുവും തയ്യാറാണോ ?

വയനാട്ടുകാർ ഇനിയും വെയിൽ കൊള്ളണമെന്നാണ് തോന്നുന്നത്. അവർ തോളിലേറ്റിയ പപ്പു അവരെ ഉപേക്ഷിക്കാൻ പോവുകയാണ്. അയാൾക്ക് വേറൊരു കാമുകിയെ കിട്ടി, പേര് ശ്രീമതി റായ്ബറേലി. വടക്കേയിൻഡ്യാക്കാരിയാണ്. വെളുത്ത സുന്ദരി. വയനാട്ടിലെ ഇരുനിറമുള്ള വിയർപ്പിന്റെ നാറ്റമുള്ള പെണ്ണിന്റെകൂട്ടല്ല മാഡം റായ്ബറേലി. രാഹുൽ ഇല്ലെങ്കിൽ സഹോദരി പ്രിയങ്കയെ തരണമെന്നാണ് വയനാട്ടുകാർ. പ്രിയങ്കക്ക് ഇലക്ഷനിൽ നിൽകാൻ താൽപര്യമില്ലെന്നാണ് കേൾക്കുന്നത്. ഇലക്ഷനിൽ മത്സരിച്ചാൽ പലബുദ്ധിമുട്ടുകളും ഉണ്ടാകും മാഡത്തിന്. വൈകിട്ടൊരു പരിപാടിയുണ്ട്,. അതൊരു ശീലമായിപ്പോയി. അതുകൊണ്ടാണ് പൊതുപരിപാടികളിലൊന്നും പങ്കെടുക്കാത്തത്. പ്രിയങ്കയും ഇല്ലെങ്കിൽ ഭർത്താവ് വാദ്ര ആയാലോ. പുള്ളിക്കാരൻ മത്സരിക്കാൻ ഒരുമണ്ഢലംതേടി നടക്കുകാ. ഗാന്ധി കുടുംബത്തിലെ പട്ടിയെ നിറുത്തിയാലും വയനാട്ടിലെ നല്ലവരായ ജനങ്ങൾ തങ്ങളുടെ വിലയേറിയ വോട്ടുകൾ നൽകി വിജയിപ്പിച്ചിരിക്കും.

വൈകിട്ടത്തെ പരിപാടി പറഞ്ഞപ്പോളാണ് നമ്മടെ സൂപ്പർസ്റ്റാറിനെ ഓർമ്മവന്നത്. അദ്ദേഹം സിനിമയിലെ ഹീറോയാണ്., പുലിയെ അതിന്റെ മടയിൽകയറി ഒറ്റക്കൈകൊണ്ടിടിച്ച് കാലപുരിക്ക് അയക്കുന്നതുകണ്ട് നമ്മൾ കോൾമയിർ കൊണ്ടതാണ്. എന്നാൽ ഡൽഹിക്ക് പോകാൻ അദ്ദേഹത്തിന് പേടിയാണ്. പിണറായിയുടെ കേരളോത്സവം ആണെങ്കിൽ പോകാം ., നരേന്ദ്ര മോദി വിളിച്ചാൽ പോകില്ല. കാരണം വലിയ തിരക്കിലാണ്., ഏതോ പീറസിനിമയുടെ ലൊക്കേഷനിലാണ് ആശാൻ. ഇയാളെക്കാൾ തിരക്കുള്ള തമിഴ് അണ്ണൻ രജനികാന്തും ഹിന്ദി സിനിമയിലെ സൂപ്പർസ്റ്റാർ ഷാരൂഖ് ഖാനും മോദിയുടെ സ്ഥാനാരോഹണത്തിൽ അഭിമാനപൂർവ്വം പങ്കെടുത്തു. നമ്മുടെ മമ്മുട്ടിയെ വിളിച്ചിരുന്നെങ്കിൽ അദ്ദേഹം തീർച്ചയായും പങ്കെടുക്കുമായിരുന്നു. പേടിത്തൊണ്ടനായ ഒരു നായകനെയാണല്ലോ നമ്മൾ ഇത്രനാളും ഹീറോയായായി ആരാധിച്ചിരുന്നതെന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company
State Farm Indemnity Company,
State Farm Fire and Casualty Company
State Farm General Insurance Company
1601489
Bloomington, IL

# മേയ് മാസ ആഘോഷങ്ങളും മാറുന്ന കേരള സമൂഹവും: കേരള റൈറ്റേഴ്സ് ഫോറം ചർച്ച




**ചെറിയാൻ മഠത്തിലേത്ത്**

ഹൂസ്റ്റൺ: ഗ്രിഗോറിയൻ കാലഗണനാരീതി പ്രകാരം അഞ്ചാമത്തെ മാസമായ മേയ് നമ്മെ സംബന്ധിച്ചിടത്തോളം ആഘോഷങ്ങളുടെയും ആചാരങ്ങളുടെയും സുന്ദര മാസമാണ്. 'മേയ് ഡേ' കൊണ്ടാടിക്കൊണ്ടാണ് ഈ മാസാരംഭം. തൊഴിൽ ചൂഷണങ്ങൾക്കെതിരെ അധ്വാനവർഗത്തിന്റെ പോരാട്ടസ്മരണകളുണർത്തുന്ന ലോക തൊഴിലാളി ദിനം. ഷിക്കാഗോയിലെ തൊഴിലാളി സമൂഹം 1886 മേയ് ഒന്നിന് നടത്തിയ ഐതിഹാസിക സമരത്തിന്റെ ഓർമ പുതുക്കലാണത്.

മേയ് മാസം അവസാനിക്കുന്നതാവട്ടെ 27-ാം തീയതിയിലെ 'മെമ്മോറിയൽ ഡേ'യും ആചരിച്ചുകൊണ്ടാണ്. മാതൃരാജ്യത്തിന്റെ അതിരുകളിൽ നിതാന്ത ജാഗ്രതയോടെ കാവൽ നിന്ന് ശത്രു നിഗ്രഹം നടത്തി യുദ്ധഭൂമിയിൽ വീരചരമം പ്രാപിച്ച ധീരസേനാനികളെയും ജീവിക്കുന്ന രക്തസാക്ഷികളെയും, ഒരിക്കൽ ജീവിതത്തിന്റെയും മരണത്തിന്റെയും നൂൽപ്പാലങ്ങൾ ആയുസിന്റെ ബലം കൊണ്ട് മറികടന്ന ജവാന്മാരെയും ആദരിക്കുന്ന 'മെമ്മോറിയൽ ഡേ'യും നാം സമുചിതമായി ആചരിച്ചു.

ആറാം തീയതിയായിരുന്നു 'മദേഴ്സ് ഡേ'. ഭൂമിയോളം ക്ഷമിക്കുന്ന സർവം സഹയാണ് അമ്മമാർ. അമ്മ... ആ കൊച്ചു വാക്കിൽ ഒളിഞ്ഞിരിക്കുന്നത് സുരക്ഷിതത്വത്തിന്റെയും കരുതലിന്റെയും സ്നേഹവായ്പിന്റെയുമൊക്കെയായ വലിയ ലോകമാണ്. സ്നേഹത്തിനായി കൊതിക്കുന്നവർക്ക് സ്നേഹവും നന്മയും കരുണയുമൊക്കെയാണ്... സഹനത്തിന്റെ, സ്വാന്തനത്തിന്റെ, ക്ഷമയുടെ ഒക്കെ പാഠപുസ്തകമായ മാതൃഹൃദയത്തെ വണങ്ങി അമ്മമാരെയും നമ്മൾ വണങ്ങി.

'സ്നേഹത്തിന് സുഖപ്പെടുത്താനാവാത്തത് ഒരു നേഴ്സിന് കഴിയും...' എന്നൊരു ചൊല്ലുണ്ട്. ജീവിതത്തിൽ ഒരു നേഴ്സിന്റെ കരുതൽ ലഭിക്കാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. ഏറ്റവും പ്രിയപ്പെട്ടരുടെ പോലും സാമീപ്യമില്ലാതെ ഒറ്റയ്ക്കാവുന്ന ജീവിതസന്ധികളെ നേരിടാൻ ചിലപ്പോൾ അവരാണ് തുണയാവുക. അങ്ങനെയാണ് സ്നേഹത്തിനു പോലും കടന്നെത്താനാവാത്ത ഇടങ്ങളിൽ കാരുണ്യവും കരുതലും ദയാവായ്പും കൊണ്ട് നേഴ്സുമാർ നമ്മുടെ വേദനകളെ മനസുകൊണ്ട് അകറ്റുന്നത്. 12-ാം തീയതി നേഴ്സുമാരെയും 'നേഴ്സസ് ഡേ'യിൽ ആദരിച്ചു.

വായനയുടെയും എഴുത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കേദാരവും മലയാള സാഹിത്യ സ്നേഹികളുടെ അമേരിക്കയിലെ പ്രഥമ മലയാളി കൂട്ടായ്മയുമായ, ഹൂസ്റ്റണിലെ കേരള റൈറ്റേഴ്സ് ഫോറത്തിന്റെ മേയ് മാസ കൂട്ടായ്മയിൽ, 'വേൾഡ് മൈഗ്രേറ്ററി ബേർഡ്സ് ഡേ', 'ഇന്റർനാഷണൽ റ്റീ ഡേ' ഉൾപ്പെടെയുള്ള മെയ്മാസ ആചാരങ്ങളും ആഘോഷങ്ങളും ചർച്ചചെയ്യപ്പെട്ടു. ഒപ്പം 'കേരളത്തിലെ മാറുന്ന സാമൂഹിക ചുറ്റപാടുകൾ' എന്ന അതീവ പ്രാധാന്യമുള്ള വിഷയത്തിലും കേരള റൈറ്റേഴ്സ് ഫോറം അംഗങ്ങൾ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തി.

കേരളത്തിലെ യുവജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ വിദേശ രാജ്യങ്ങളിലേയ്ക്കുള്ള വ്യാപകമായ കുടിയേറ്റത്തിന് കാരണമായത് തൊഴിൽ സുരക്ഷയുടെ അപര്യാപ്തത പോലുള്ള മാറ്റങ്ങളാണെന്ന്



പ്രോഗ്രാം കോർഡിനേറ്റർ ജോൺ മാത്യു ചൂണ്ടിക്കാട്ടി. ഇത് ഒരു സുപ്രഭാതത്തിൽ സംഭവിച്ച കാര്യമല്ല, ദശകങ്ങളായി നടക്കുന്ന കാര്യമാണ്. മലയാളികളുടെ മൽസര ബുദ്ധിയും വിദ്യാഭാസ നിലവാരത്തിലുണ്ടായ വിപ്ലവവുമാണെന്ന് പറഞ്ഞ അദ്ദേഹം ഇതിന് ഉപോൽബലകമായി കേരള സമൂഹത്തിലെ മൂന്ന് വിഭാഗങ്ങളുടെ കാര്യവും ഭംഗ്യന്തരേണ സൂചിപ്പിക്കുകയുണ്ടായി.

സ്വന്തമായി ബിസിനസ് ആരംഭിക്കുന്നവർ, മറ്റുള്ളവർക്കുവേണ്ടി തൊഴിലെടുക്കുന്നവർ, നാമമാത്രമായ സ്ഥലമുള്ള കൃഷിക്കാർ എന്നിവരാണവർ. തുടർന്ന് എന്തുകൊണ്ട് കേരളത്തിൽ വലിയ വ്യവസായങ്ങൾ വിജയിക്കുന്നില്ലെന്നതിന്റെ കാര്യകാരണങ്ങളും ജോൺ മാത്യു വിശദീകരിച്ചു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനവും പരിമിതമായ വിസ്തീർണവും, ഇരുമ്പ്, കൽക്കരി തുടങ്ങി വൻ വ്യവസായങ്ങൾക്കാവസ്യമായ പരമ്പരാഗതമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും, വ്യാവയായികാഭിമുഖ്യമുള്ള വ്യക്തികളുടെ അഭാവവും ഒക്കെയാണത്.

ചെറുകിട കർഷകർ നിലനിൽപ്പിനായി ക്ലേശിക്കുന്ന സാഹചര്യമാണ് കർഷക ആത്മഹത്യകൾ പെരുകുന്ന കേരളത്തിൽ നിലവിലുള്ളത്. തൻമൂലം ഇത്തരം കുടുംബങ്ങളിലെ പുതുതലമുറക്കാരായ യുവജനങ്ങൾ മെച്ചപ്പെട്ട തൊഴിൽ തേടി അന്യദേശങ്ങളിലേയ്ക്ക് ചേക്കേറാൻ തുടങ്ങി. അതിലൂടെ അവർ ഗ്ലോബൽ കൾച്ചറിന്റെ ഭാഗമാവുകയും ജീവിതരീതികളിലും പെരുമാറ്റത്തിലും തൊഴിൽ മേഖലയിലുമെല്ലാം അന്താരാഷ്ട്ര തലത്തിൽ ശോഭിക്കാനും തുടങ്ങയെന്ന് ജോൺ മാത്യു പറഞ്ഞു.

ജോൺ മാത്യുവിന്റെ അഭിപ്രായങ്ങളോട് യോജിച്ച എ.സി ജോർജ് ഈ സംവാദത്തിന് ണറ്റ് ചില മാനങ്ങളും നൽകിക്കൊണ്ടാണ് സംസാരിച്ചത്. ഗ്ലോബൽ കൾച്ചറിന്റെ ഭാഗമാവുമ്പോഴും ജനങ്ങൾ നമ്മുടെ നദികളും പ്രകൃതിയുമൊക്കെ മലിനമാക്കുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കി. കുറ്റകൃത്യങ്ങൾ വർധിക്കുന്നതിന്റെ ചില ഉദാഹരണങ്ങളും എ.സി ജോർജ് ചൂണ്ടിക്കാട്ടി. കേരളത്തിലെ രാഷ്ട്രീയാന്തരീക്ഷം അക്ഷരാർത്ഥത്തിൽ മോശപ്പെട്ട അവസ്ഥയിലെത്തിനിൽക്കുന്നു. കുറ്റവാളികൾ പണത്തിന്റെയും രാഷ്ട്രീയത്തിന്റെ സ്വാധീനത്തിൽ നിയമത്തിന് മുമ്പിലെത്താതെ രക്ഷപ്പെടുകയാണ്.

തൊഴിലില്ലായ്മയാണ് യുവജനങ്ങളെ വിദേശരാജ്യങ്ങളിലേയ്ക്ക് നയിക്കുന്നതെന്ന് സൂചിപ്പിച്ച ഡോ. ജോസഫ് പൊന്നോലി കേരളത്തിലെ ഉയർന്ന ക്രൈം റേറ്റിൽ തന്റെ ആശങ്ക രേഖപ്പെടുത്തുകയും ചെയ്തു. പബ്ലീഷിങ് കോർഡിനേറ്റർ മാത്യു നെല്ലിക്കുന്ന്, ഡോ. സണ്ണി എഴുമറ്റൂർ, അബ്ദുൾ പുന്നയൂർക്കുളം, ജോസഫ് തച്ചാറ, ഇന്നസെന്റ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ഉന്നത വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങി പലകാര്യത്തിലും ഒന്നാം സ്ഥാനത്തിലെന്നപോലെ മദ്യപാനത്തിലും കേരളം മുൻപന്തിയിലാണ്. എന്നാൽ പരമ്പരാഗത കാർഷിക മേഖലയിൽ പരാജയം തന്നെയെന്നും അഭിപ്രായമുയർന്നു.

റൈറ്റേഴ്സ് ഫോറത്തിന്റെ 21-ാം സമാഹാരത്തിന്റെ പുരോഗതി പബ്ളീഷിങ് കോർഡിനേറ്റർ മാത്യു നെല്ലിക്കുന്ന് അറിയിക്കുകയും ഇതിലേയ്ക്ക് താമസിയാതെ തങ്ങളുടെ രചനകൾ എത്തിച്ച് തരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. കേരള റൈറ്റേഴ്സ് ഫോറത്തിന്റെ അടുത്ത മീറ്റങ്ങ് ജൂൺ 30-ാം തിയതി ചേരുമെന്ന് പ്രോഗ്രാം കോർഡിനേറ്റർ ജോൺ മാത്യു അറിയിച്ചു.

# കെ സി സി എൻ എ കൺവെൻഷൻ സൗഹൃദ കൂട്ടായ്മകളുടെ കമ്മിറ്റിയെ ജോസ് നെടുമാക്കൽ നയിക്കും

കെ സി സി എൻ എ 15ആം കൺവെൻഷനിൽ 'Forane Get- togethers' സംഘടിപ്പിക്കുന്ന കമ്മിറ്റിയുടെ ചെയർമാനായി ഹ്യൂസ്റ്റണിൽ നിന്നുള്ള ജോസ് നെടുമാക്കലിനെ തിരഞ്ഞെടുത്തു. ജൂലൈ 4-7നു നടക്കുന്ന കൺവെൻഷന് ആതിഥേയത്വം വഹിക്കുന്നത് സാൻ അന്റോണിയോ ആണ്.



നെടുമാക്കലിനോടൊപ്പം കോ-ചെയർ ആയി മാത്യു കോട്ടൂർ (ഡാലസ്), സണ്ണി ഇടിയാലിൽ (ഷിക്കാഗോ), ദീപക് മുണ്ടുപാലത്തിങ്കൽ (അറ്റ്ലാന്റ) എന്നിവർ പ്രവർത്തിക്കും.

കൺവെൻഷനിൽ ഏറ്റവുമധികം പൂർവകാല സ്മരണകൾ ഉണർത്തുന്ന കൂട്ടായ്മയാണിത്. കുട്ടിക്കാലത്തെ സുഹൃത്തുക്കൾ, കൂടെ പഠിച്ചവർ, അയൽക്കാർ, ഒന്നിച്ചു വളർന്ന സുഹൃത്തുക്കൾ എന്നിങ്ങനെയുള്ളവരെ കണ്ടുമുട്ടാൻ അവസരം ഒരുക്കുന്നു.

സൗദി അറേബ്യ, ബംഗളുരു, മുംബൈ എന്നിവിടങ്ങളിൽ ഒട്ടേറെ കൂട്ടായ്മകൾ സംഘടിപ്പിച്ച അനുഭവ സമ്പത്തുള്ള ജോസ് നെടുമാക്കൽ ഹ്യൂസ്റ്റൺ കെ സി എസ് ജോയിന്റ് സെക്രട്ടറി ആണ്. മാത്യു കോട്ടൂർ ടെക്സസ് റീജിയൻ മുൻ ആർ വി പി ആണ്. സണ്ണി ഇടിയാലിൽ ഷിക്കാഗോയിൽ കെ സി എസ് എക്സിക്യൂട്ടീവ് മെമ്പർ ആയിരുന്നു. ലൈസൺ ബോർഡ് ചെയർമാനും. ദീപക് മുണ്ടുപാലത്തിങ്കൽ കെ സി എ ജി അറ്റ്ലാന്റയിൽ സജീവ പ്രവർത്തകനാണ്.

# കെ സി സി എൻ എ കൺവെൻഷന്റെ റിസെപ്ഷൻ കമ്മിറ്റി ചെയർപേഴ്സണായി സ്റ്റീഫൻ മറ്റത്തിൽ

കെ സി സി എൻ എ 15ആം കൺവെൻഷന്റെ റിസെപ്ഷൻ കമ്മിറ്റി ചെയർപേഴ്സണായി സ്റ്റീഫൻ മറ്റത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. ജൂലൈ 4 മുതൽ 7 വരെ ടെക്സസിൽ സാൻ അന്റോണിയോയിലാണ് കൺവെൻഷൻ നടക്കുക.

കോ-ചെയർ: ഷീബ പുറയംപള്ളിൽ, ഫ്രാൻസിസ് കിഴേക്കേക്കുറ്റ്, റോസമ്മ മൈക്കുഴിയിൽ, ബിൻസി പുഴക്കരോട്ട്, ലൂസി മറ്റത്തിപ്പറമ്പിൽ.

സാൻ അന്റോണിയോ നിവാസിയായ മറ്റത്തിൽ ക്നാനായ സമുദായത്തിന്റെ കഴിവ് തെളിയിച്ച നേതാവാണ്. കുവൈറ്റ് ക്നാനായ കത്തോലിക് അസോസിയേഷൻ പ്രസിഡന്റ് ആയിരുന്നു.

യുഎസിൽ എത്തിയ ശേഷം സാൻ അന്റോണിയോ യൂണിറ്റിന്റെ പ്രവർത്തങ്ങളിൽ സജീവമായി. പലകുറി നാഷനൽ കൗൺസിലിൽ പ്രതിനിധി ആയിരുന്നു.

ഫ്രാൻസിസ് കിഴേക്കേക്കുറ്റ് ഷിക്കാഗോ ക്നാനായ സമുദായത്തിൽ വളരെ സജീവമാണ്. ഷിക്കാഗോ കെ സി എസ് ട്രഷറർ ആയിരുന്നു. ഷിക്കാഗോലാൻഡ് മേഖലയിൽ കേരള സമൂഹ കാര്യങ്ങളിലും സജീവമാണ്. ഫൊക്കാന നാഷണൽ അസോസിയേഷൻ റീജനൽ വൈസ് പ്രസിഡന്റ് ആണ്.

സാൻ അന്റോണിയോ നിവാസിയായ ഷീബ പുറയംപള്ളിൽ അവിടെ 2022-2024 കാലത്തു യൂണിറ്റ് പ്രസിഡന്റ് ആയിരുന്നു. റോസമ്മ മൈക്കുഴിയിൽ ഏറെക്കാലം ന്യൂ യോർക്കിൽ ഐ കെ സി സി യൂണിറ്റിന്റെ സജീവ പ്രവർത്തക ആയിരുന്നു. യൂണിറ്റിൽ പല സ്ഥാനങ്ങളും വഹിച്ചു. ന്യൂ യോർക് വിമൻസ് ഫോറത്തിലും സജീവമായിരുന്നു.



ഡാളസ് ഫോർട്ടുർത് ക്നാനായ യൂണിറ്റ് സജീവ പ്രവർത്തക ആയിരുന്നു ബിൻസി പുഴക്കരോട്ട്. ഡാളസ് വിമൻസ് ഫോറത്തിലും സജീവം ആയിരുന്നു.

ലൂസി മറ്റത്തിപ്പറമ്പിൽ ഏറെക്കാലമായി ടാമ്പയിലാണ്. അവിടെ സമുദായത്തിന്റെ യുവ ജനങ്ങളെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ചു. കെ സി വൈ എൽ യൂത്ത് ഡയറക്ടറായിരുന്നു.

# മനോജ് മാന്തുരുത്തിൽ കെസിസിഎൻഎ കൺവൻഷന്റെ ഫെസിലിറ്റി കമ്മിറ്റി ചെയർമാൻ

ജൂലൈ 4 മുതൽ 7 വരെ സാൻ അന്റോണിയോയിൽ നടക്കുന്ന പതിനഞ്ചാമത് ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെസിസിഎൻഎ) കൺവൻഷന്റെ ഫെസിലിറ്റി കമ്മിറ്റി ചെയർപേഴ്സണായി സാൻ അന്റോണിയോയിൽ നിന്നുള്ള മനോജ് മാന്തുരുത്തിലിനെ നിയമിച്ചു.

ജിനോ കക്കട്ടിൽ (ഷിക്കാഗോ), സണ്ണി മുളവനാൽ (ഹൂസ്റ്റൺ), ബിനോയ് പുത്തൻമഠത്തിൽ (ഡാലസ്), സജി ജോസഫ് കുരികിലുംകുന്നേൽ (സാൻ അന്റോണിയോ) എന്നിവരാണ് കോ-ചെയർ.

സാൻ അന്റോണിയോയിലെ വിവിധ സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന മികച്ച സംഘാടകനാണ് മനോജ് മാന്തുരുത്തിൽ. സാൻ അന്റോണിയോ ക്നാനായ കമ്മ്യൂണിറ്റിയിലെ സജീവ അംഗമായ അദ്ദേഹം അർപ്പണബോധമുള്ള വ്യക്തിയാണ്.

ആദ്യദിനം മുതൽ ഈ കൺവെൻഷന്റെ നടത്തിപ്പിനുള്ള ആസൂത്രണത്തിൽ മനോജ് പൂർണ്ണമായും മുഴുകിയിരിക്കുന്നു . യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസിൽ ഔദ്യോഗിക പദവിയിലുള്ള അദ്ദേഹത്തിന്റെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം കൺവെൻഷന്റെ നടത്തിപ്പിൽ മുതൽക്കൂട്ടായിരിക്കും. ജിനോ കക്കട്ടിൽ നിലവിൽ ഗഇട ഷിക്കാഗോ വൈസ് പ്രസിഡന്റ് ആണ്. അദ്ദേഹത്തിന്റെ കഠിനാധ്വാനവും പ്രതിബദ്ധതയും പകരം വെക്കാനില്ലാത്തതാണ്. ഫെസിലിറ്റി കമ്മിറ്റിയിൽ അദ്ദേഹം സുപ്രധാന പങ്കു വഹിക്കും.

സാൻ അന്റോണിയോയിലെ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ മുൻ പ്രസിഡന്റും മുൻ കെസിസിഎൻഎ ടെക്സസ് റീജിയൻ ആർവിപിയുമാണ് സണ്ണി മുളവനാൽ. സാൻ അന്റോണിയോ നഗരത്തെക്കുറിച്ചും കൺവെൻഷൻ സൗകര്യങ്ങളെക്കുറിച്ചും ഏറെ പരിചിതൻ .

ബിനോയ് പുത്തൻമഠത്തിൽ ഓഡിറ്റർ, സ്പോർട്സ് കമ്മിറ്റി ചെയർ, ഡാളസ് കൾച്ചറൽ കമ്മറ്റി ചെയർ എന്നീ നിലകളിൽ ക്നാനായ സമൂഹത്തിന് വേണ്ടി നിരവധി സേവനങ്ങൾ ചെയ്തിട്ടുള്ള വ്യക്തിയാണ്.



സാൻ അന്റോണിയോയിലെ ആതിഥേയ യൂണിറ്റിൽ അംഗമാണ് സജി ജോസഫ് കുരിക്കിലുംകുന്നേൽ. കെസിഎസ് സാൻ അന്റോണിയോയുടെ തുടക്കം അതിൽ സജീവമായി പ്രവർത്തിച്ചു. കെസിഎസ്എസ്എ സെക്രട്ടറി ഉൾപ്പെടെ നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

# ഭാരതത്തിന്റെ കുതിപ്പിൽ പ്രവാസികൾ അഭിമാനിക്കണം: ഐസക്ക് ജോൺ







**അനിൽ ആറന്മുള**

ഹ്യൂസ്റ്റൻ: അമേരിക്കയിൽ പര്യടനം നടത്തുന്ന യു എ ഇ യിലെ അൽ ഖലീജ് ടൈംസ് മാനേജിംഗ് എഡിറ്റർ ശ്രീ ഐസക്ക് ജോൺ പട്ടാണിപറമ്പിലിന് ഫ്രൺസ് ഓഫ് വേൾഡ് മലയാളി കൗൺസിലും ഐ പി സി എൻ എ യും ചേർന്നു നൽകിയ ഊഷ്മളമായ സ്വീകരണത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പ്രോംപ്റ്റ് റീയൽറ്റി ഓഡിറ്റോറിയത്തിലാണ് യോഗം അരങ്ങേറിയത്.

1991 ൽ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് തുടങ്ങിവച്ച സ്വകാര്യ വ്യവസായ നയങ്ങൾക്ക് കരുത്തേകി അതിന്റെ പാരമ്മത്തിലെത്തിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കഴിഞ്ഞു. ഇന്ന് ഇൻഡ്യ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തി ആയി പരിലസിക്കുമ്പോൾ അത് എന്റെ രാജ്യം എന്ന അഭിമാനം ഓരോ പ്രവാസിക്കും ഉണ്ടാകണം നമ്മുടെ രാഷ്ട്രീയം എന്തു തന്നെ ആയാലും. അമേരിക്ക അവസരങ്ങളുടെ നാട് എന്നറിയപ്പെടുമെങ്കിൽ ഇന്ന് അത് ഇന്ത്യയായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ അവസരങ്ങൾ മുതലാക്കാൻ പ്രവാസികൾ ശ്രമിക്കണം. ഇൻഡ്യയുടെ നേട്ടങ്ങളുടെ പത്രിക ഉദ്ധരിച്ചുകൊണ്ട് ഐസക്ക് പറഞ്ഞു.

യോഗത്തിൽ അദ്ധ്യക്ഷതവഹിച്ച് സ്വാഗതമാശംസിച്ച മുൻ മലയാളി അസോസിയേഷൻ പ്രസിഡൻറ്, വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൻ പ്രോവിൻസ് സ്ഥാപകനുമായ എസ് കെ ചെറിയാൻ, മലയാളികൾ തങ്ങളുടെ അസ്ഥിത്വം അംഗീകരിക്കുമ്പോൾ തന്നെ ഇൻഡ്യൻ സമൂഹവുമായി കൂടുതൽ ഇഴുകി ചേരാൻ ശ്രമിക്കാത്തത് എന്തുകൊണ്ടാണ് എന്നു ചോദിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ ശ്രീ കെൻ മാത്യു, മാഗ് പ്രസിഡൻറ് മാത്യു മുണ്ടക്കൽ, ഇൻഡ്യാ പ്രസ്ക്ലബ് ഹ്യൂസ്റ്റൻ ചാപ്റ്റർ പ്രസിഡൻറും ' നേർക്കാഴ്ച' ചീഫ് എഡിറ്ററുമായ സൈമൺ വാളച്ചേരിൽ, പ്രോംപ്റ്റ് റിയൽറ്റി ജോൺ ഡബ്ലിയു വർഗീസ്, ശ്രീമതി പൊന്നു പിള്ള, വർഗീസ് മാത്യു (രാജേഷ്) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

ഐസക്ക് ജോൺ സ്ഥാപകനായിട്ടുള്ള യു എ ഇ കലാഭവൻ മുൻ അംഗമായിരുന്ന സെബാൻ ഗാനം ആലപിച്ചു. ആർ ജെ റെയ്നാ റോക്ക് എംസി ആയിരുന്നു.



# കണ്ണുനീർ തൂകുന്ന ജീവിതാനുഭവങ്ങളിൽ കൈവിടാത്ത ദൈവീക സാന്നിധ്യം അനുഭവിച്ചറിയണം ഡോ.യുയാകിം മാർ കൂറിലോസ് –



**പി പി ചെറിയാൻ**

ഡാളസ് :ജീവിതത്തിന്റെ പ്രതിസന്ധികളുടെ മധ്യേ,കണ്ണുനീർ തൂകുന്ന ജീവിതാനുഭവങ്ങളുടെ മദ്ധ്യ കൈവിടാത്ത ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചറിയുവാൻ നമുക്ക് കഴിയണമെന്നു മാർത്തോമ്മാ സഫ്രഗൻ മെത്രാപോലിത്തയും മുൻ നോർത്ത് അമേരിക്ക മാർത്തോമ്മാ ഭദ്രാസനാദിപനുമായിരുന്ന റൈറ്റ് റവ. ഡോ. യുയാകിം മാർ മാർ കൂറിലോസ് ഉദ്ബോധിപ്പിച്ചു

ദൈവീക കല്പന ലംഘിച്ചതിനാൽ ശപിക്കപ്പെട്ട ഭൂമിയിൽ(ഏതെൻ തോട്ടത്തിൽ) മറഞ്ഞു നിന്നിരുന്ന ആദ്യമാതാപിക്കളുടെ മുൻപിലാണ് ആദ്യമായി ദൈവം പ്രത്യക്ഷപ്പെട്ടതെങ്കിൽ, മരണത്തെ കീഴ്പെടുത്തി ഉയർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി പ്രത്യക്ഷപ്പെട്ടതു കല്ലറക് മുൻപിൽ കണ്ണുനീർ തൂകി നിന്നിരുന്ന സ്ത്രീ കളുടെ മുൻപിലും പിന്നീട് ഭരണാധികാരികളെ പേടിച്ചു മാളികയിൽ വാതിൽ അടച്ചിരുന്നു ശിഷ്യൻമാർകും, തുടർന്നു നിരാശരായി എമ്മുവസിലേക്കു പോകുകയായിരുന്ന ശിഷ്യർക്കു മുന്പിലുമാണ് . ഈ സന്ദർഭങ്ങളിലെല്ലാം ക്രിസ്തുവിനെ തിരിച്ചറിയാൻ കഴിയാതിരുന്നവരെ തന്റെ സാന്നിധ്യം ധയ് ര്യപ്പെടുത്തുന്നതായി കാണാമെന്നും തിരുമേനി പറഞ്ഞു.അതേസമയം ഉയർത്തെഴുന്നേറ്റ ക്രിസ്തു നമ്മുടെ മുൻപിൽ വെച്ചിരിക്കുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ നാം സന്നദ്ധരാകണമെന്നും തിരുമേനി ഓർമിപ്പിച്ചു .

ഹൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഇൻറർനാഷണൽ പ്രയർലൈൻ ജൂൺ 9 ചൊവാഴ്ച ഓൺലൈൻ പ്ലാറ്റുഫോമിൽ സംഘടിപ്പിച്ച 526 –മത് സമ്മേളനത്തിൽ ഡാളസ്സിൽ നിന്നും യോഹന്നാന്റെ സുവിശേഷം ഇരുപതി ന്റെ 19 മുതൽ 23 വരെയുള്ള വാക്യങ്ങളെ ആധാരമാക്കി ധ്യാനപ്രസംഗം നടത്തുകയായിരുന്നു അമേരിക്കയിൽ ഹ്രസ്വ സന്ദർശനത്തിന് എത്തിച്ചേർന്നിരിക്കുന്ന തിരുമേനി.

റവ മാത്യു വർഗീസ്( വികാരി ന്യൂജേഴ്‌സി എംടിസി)പ്രാരംഭ പ്രാർത്ഥന നടത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അഞ്ഞൂറോളം പേർ എല്ലാ ചൊവാഴ്ചയിലും പങ്കെടുക്കുന്നവെന്നത് ദൈവാനുഗ്രഹമായി കാണുന്നുവെന്നും,സഭാവ്യത്യാസമില്ലാതെ നിരവധി ദൈവദാസന്മാർ വചനം പ്രഘോഷിച്ചു സമ്മേളനത്തെ അനുഗ്രഹിച്ചതും നന്ദിയോടെ സ്മരിക്കുന്നതായി ആമുഖപ്രസംഗത്തിൽ ശ്രീ. സി.വി. സാമുവൽ, ഡിട്രോയിറ്റ് പറഞ്ഞു. .ഐ പി എല്ലിന്റെ ആരംഭം മുതൽ വളരെ താല്പര്യത്തോടെ മുടങ്ങാതെ പങ്കെടുത്തു കൊണ്ടിരുന്ന അറ്റ്ലാന്റയിൽ നിന്നുള്ള ഫിലിപ്പ് അത്യാൽ ചാക്കോ (രാജു)വിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി ഒരു നിമിഷം മൗനം ആചരിച്ചു .ഈ ദിവസങ്ങളിൽ ജന്മദിനവും, വിവാഹ വാർഷീകവും ആഘോഷിക്കുന്ന ഐ പി എൽ അംഗങ്ങളെ അനുമോദിക്കുകയും തുടർന്ന് സ്വാഗതം ആശംസികുകയും ചെയ്തു

ശ്രീമതി വൽസ മാത്യു, ഹൂസ്റ്റൺ, മധ്യസ്ഥ പ്രാർത്ഥനക്കു നേതൃത്വം നൽകി.. ശ്രീ.ജോസഫ് ടി.ജോർജ് (രാജു), ഹൂസ്റ്റൺ നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു. റവ. എൻ.വൈ ജോർജ് എബ്രഹാം കല്ലൂപ്പാറയുടെ സമാപന പ്രാർത്ഥനകും . യുയാകിം മാർ കൂറിലോസ് തിരുമേനിയുടെ ആശീർവാദത്തിനും ശേഷം യോഗം സമാപിച്ചു. ശ്രീ. ടി.എ. മാത്യു, ഹൂസ്റ്റൺ നന്ദി പറഞ്ഞു. ഷിജു ജോർജ്ജ്സാങ്കേതിക പിന്തുണ:നൽ



HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# ഫോമാ ജൂനിയർ അഫയേഴ്സ് കമ്മറ്റിയുടെ എലോക്വൻസ് 2024 വൻവിജയം

**ജോസഫ് ഇടിക്കുള**

(പി ആർ ഓ, ഫോമാ)

ഷിക്കാഗോ : ഫോമാ ജൂനിയർ അഫയേഴ്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഗ്രേഡ് 5 മുതൽ ഗ്രേഡ് 12 വരെയുള്ള സ്കൂൾ കുട്ടികൾക്കായി എലോക്വൻസ് 2024 എന്ന പേരിൽ നടത്തപ്പെട്ട മത്സരം വൻവിജയം, അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ടഗ് ഓഫ് വേഡ്സും സിനോനിം ഗെയ്മും ചേർന്നുള്ള മത്സരവും എട്ടാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ള കുട്ടികൾക്കായി പ്രസംഗമത്സരവുമാണ് അരങ്ങേറിയത്, പ്രിലിമിനറി റൌണ്ട്, സെമി ഫൈനൽ റൌണ്ട്, ഫൈനൽ റൌണ്ട് എന്നിങ്ങനെ മൂന്നു റൗണ്ടുകളിലായി നടന്ന വാശിയേറിയ മത്സരങ്ങളിലാണ് വിജയികളെ കണ്ടെത്തിയത്, ഫൈനൽ മത്സരങ്ങളിൽ ഓരോ വിഭാഗത്തിലും ഏഴു മത്സരാർഥികൾ വീതം മാറ്റുരച്ചു, അവസാനം ടഗ് ഓഫ് വേഡ്സ് വിഭാഗത്തിൽ ഫ്ലോറിഡയിൽ നിന്നുള്ള ജാനകി രാജ് ഒന്നാം സ്ഥാനവും രണ്ടും മൂന്നും സ്ഥാനങ്ങളിൽ ന്യൂ ജേഴ്സിയിൽ നിന്നുള്ള ജ്യൂവൽ ജറാൾഡ്, അഫ്രിയൽ ഫെർണാണ്ടസ് എന്നിവരും കരസ്ഥമാക്കി.




പ്രസംഗമത്സരത്തിൽ ഷിക്കാഗോയിൽ നിന്നുള്ള സാൽവിൻ ബിനോയ് ഒന്നാം സ്ഥാനം നേടി, രണ്ടാം സ്ഥാനത്തേക്ക് കണക്ടികട്ടിൽ നിന്നുള്ള അദ്വിത് നായർ, ഫ്ലോറിഡയിൽ നിന്നുള്ള ആൽഫ്രഡ് ജിനോയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി, വിജയികൾക്ക് **$300 $200 $100** വീതം ഡോളർ സമ്മാനവും ഫൈനലിൽ എത്തിയ മറ്റു കുട്ടികൾക്ക് പ്രോത്സാഹന സമ്മാനമായി **$25** വീതവും ക്യാഷ് അവാർഡുകൾ നൽകപ്പെട്ടു.

ഫോമാ ജൂനിയർ അഫയേഴ്സ് കമ്മറ്റി ചെയർ പേഴ്സൺ ജൂബി വള്ളിക്കളത്തിന്റെ നേതൃത്വത്തിൽ ജാസ്മിൻ പരോളും നിവിൻ ജോസും പ്രസംഗമത്സരങ്ങളും, ടഗ് ഓഫ് വേഡ്സ് മത്സരങ്ങൾ ഷൈനി അബൂബക്കറും പത്മരാജ് നായരും കോർഡിനേറ്റ് ചെയ്തു, ഡോക്ടർ ഷിജി അലക്സ്, ജോജോ വെള്ളാനിക്കൽ, സുനിതാ നായർ എന്നിവരായിരുന്നു പ്രസംഗമത്സരത്തിന്റെ വിധികർത്താക്കൾ, ഡോക്ടർ ജൂഡി റോയിയും ജാസ്മിൻ പരോളും ടഗ് ഓഫ് വേഡ്സിന്റെ വിധിനിർണയവും നടത്തി, പരിപാടിയുടെ മെഗാ സ്പോൺസറായി ഷിജു എബ്രഹാം, ഗോൾഡ് സ്പോൺസർ സുബിൻ കുമാരൻ ( കിയാൻ ഇന്റർനാഷണൽ ) സ്പോൺസർ ബൈജു വർഗീസ്, ഫോമാ നാഷണൽ പ്രസിഡന്റ് ഡോ .ജേക്കബ് തോമസ്, ജനറൽ സെക്രട്ടറി ഓജസ് ജോൺ, ട്രഷറർ ബിജു തോണികടവിൽ , വൈസ് പ്രസിഡന്റ് സണ്ണി വള്ളികളം, ജോയിന്റ് സെക്രട്ടറി ഡോ. ജയ്മോൾ ശ്രീധർ,ജോയിന്റ് ട്രഷറർ ജയിംസ് ജോർജ് എന്നിവർ ചടങ്ങിൽ വിജയികൾക്ക് ആശംസകൾ അറിയിച്ചു. കൂടാതെ 2024 ആഗസ്റ്റ് 8 ന് ഡൊമിനിക്കൻ റിപ്പബ്ലിക്കിലുള്ള പുന്താ കാനയിൽ വച്ച് നടത്തപ്പെടുന്ന ഫോമാ ഇന്റർനാഷണൽ കൺവൻഷനിൽ എല്ലാ വിജയികളെയും ആദരിക്കുമെന്നും എക്സിക്യൂട്ടീവ് കമ്മറ്റി

# ഇന്ത്യ മുന്നണിയുടെ വിജയം ജനാധിപത്യത്തിന്റെ വിജയമെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്റർ

ഭാരതത്തിലെ മതേതരത്വവും ജനാധിപത്യവും ഭരണഘടനയും കാത്തുസൂക്ഷിക്കാനുള്ള ഇന്ത്യൻ ജനതയുടെ സന്ദേശമാണ് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്ന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്ററിന്റെ പെൻസിൽവാനിയ ഘടകം യോഗം അഭിപ്രായപ്പെട്ടു.നാനൂറിലേറെ സീറ്റുകൾ നേടുമെന്ന പ്രഖ്യാപനത്തോടെ ബി ജെ പി നടത്തിയ പ്രചരണം ഭരണ ഘടന തിരുത്തിയെഴുതുമെന്ന ഭീതി ജനങ്ങളിൽ ഉളവാക്കിയതിനാൽ ഇത് അവർക്കു സ്വന്തമായി കേവല ഭൂരിപക്ഷം നേടാനുള്ള സാധ്യത ഇല്ലാതാക്കി. ലോകത്തിലെ ഏറ്റവും വലിയ മതേതരത്വ രാഷ്ട്രമായ ഇന്ത്യയിൽ മത വിദ്വേഷത്തിന് സ്ഥാനമില്ല എന്ന് മോഡിയെയും ബി ജെ പിയെയും ഓർമ്മപ്പെടുത്തുന്ന ഒന്നായിത്തീർന്നു തിരഞ്ഞെടുപ്പ് ഫലം. രാമക്ഷേത്രം നിലനിൽക്കുന്ന അയോധ്യയിലെ ഫൈസാബാദ് മണ്ഡലത്തിൽ ബി ജെ പി പരാജയം ഏറ്റു വാങ്ങേണ്ടി വന്നത് ഇതിനു ഉദാഹരണമാണമാണ്. കേരളം കണ്ട ഏറ്റവും മോശം മുഖ്യമന്ത്രിയായ പിണറായി വിജയന്റെയും സി പി എമ്മിന്റെയും ധാർഷ്ട്യം നിറഞ്ഞ സമീപനത്തോടുള്ള ജനങ്ങളുടെ പ്രതികരണമാണ് യു ഡി എഫിന് കേരളത്തിൽ ലഭിച്ച വിജയം. ഇന്ത്യ മുന്നണിയുടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും കേരളത്തിൽ യു ഡി എഫിന്റെയും വിജയത്തിൽ അനുമോദനങ്ങൾ അർപ്പിക്കുവാൻ ജൂൺ ഒൻപതിന് ഫിലഡൽഫിയ പമ്പ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ചാപ്റ്റർ പെൻസിൽവാനിയ ഘടകം പ്രസിഡന്റ് സാബു സ്കറിയയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി കൊച്ചുമോൻ വയലത്ത് , ട്രെഷറർ ജോർജ് ഓലിക്കൽ , വൈസ് പ്രസിഡന്റുമാരായ അലക്സ് തോമസ്, ജീമോൻ ജോർജ് , വൈസ് ചെയർമാൻ ഫിലിപ്പോസ് ചെറിയാൻ , പ്രോഗ്രാം കോഓർഡിനേറ്റർ തോമസ് കുട്ടി വർഗീസ് , ഓവർസീസ് കോൺഗ്രെസ്സ് നാഷണൽ ജോയിന്റ് സെക്രട്ടറി ഡോ . ഈപ്പൻ ദാനിയേൽ , ഐ.ഒ.സി കേരള പെൻസിൽവാനിയ ചാപ്റ്റർ നേതാക്കളായ സുമോദ് നെല്ലിക്കാല , എൽദോ വർഗീസ് , ജോൺ ചാക്കോ , ബിമൽ ജോൺ, ഷാജി സുകുമാരൻ എന്നിവർ പ്രസംഗിച്ചു.



# ബൈബിൾ ജപ്പടി മൽസരം ഫിലാഡൽഫിയയിൽ




**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: പൊതുവിജ്ഞാനത്തെ ആസ്പദമാക്കി എ. ബി. സി. ന്യൂസ് ചാനൽ സംപ്രേഷണം ചെയ്യുന്ന ജനപ്രീയ ജപ്പടി മൽസരത്തിന്റെ മോഡലിൽ ബൈബിൾ അതിഷ്ഠിതമാക്കി വിജ്ഞാനം, വിനോദം, ഉന്നത സാങ്കേതികവിദ്യ എന്നിവ സമഞ്ജസമായി സമന്വയിപ്പിച്ച് ഫിലാഡൽഫിയ സീറോമലബാർ പള്ളിയിൽ കഴിഞ്ഞ 9 വർഷങ്ങളായി ബൈബിൾ ജപ്പടി മൽസരം സണ്ടേസ്കൂൾ കുട്ടികൾക്കായി നടത്തിവരുന്നു.





ഈ വർഷത്തെ മൽസരം ജൂൺ 2 ഞായറാഴ്ച്ച നടന്നു. ദിവംഗതനായ ജോസഫ് ചാക്കോ അത്തിക്കളത്തിന്റെ (അപ്പച്ചി) സ്മരണാർത്ഥം അദ്ദേഹത്തിന്റെ പുത്രനും, സീറോമലബാർ പള്ളിയിലെ മതാധ്യാപകനുമായ ജോസ് ജോസഫ് ആയിരുന്നു പ്രോഗ്രാമിന്റെ മുഖ്യ സ്പോൺസർ.

ബൈബിൾ നിത്യേന വായിക്കുന്നതിനും, പഠിക്കുന്നതിനുമുള്ള പ്രചോദനം മതബോധനസ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി ആറുമാസം നീണ്ടുനിന്ന ബൈബിൾ പഠനവും, ക്വിസ് മൽസരങ്ങളും നടന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷത്തെ അടിസ്ഥാനമാക്കിയായിരുന്നു ചോദ്യങ്ങൾ. പ്രാഥമിക റൗണ്ടിൽ ബൈബിളിൽനിന്നുള്ള 250 ൽ പരം ചോദ്യങ്ങളും ഉത്തരങ്ങളും ഉൾക്കൊള്ളുന്ന ചോദ്യബാങ്ക് തയാറാക്കി കുട്ടികൾക്ക് പഠിക്കുന്നതിനായി നൽകിയിരുന്നു. നാലാം ക്ലാസുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾ മൽസരത്തിൽ വാശിയോടെ പങ്കെടുത്തു.

ക്ലാസുകളിൽ നടത്തിയ പ്രാഥമിക എഴുത്തുപരീക്ഷയിൽ എലമെന്ററി ഗ്രേഡുകളിലുള്ള കുട്ടികൾ ഉന്നതനിലവാരം പുലർത്തി. തുടർന്നു നടന്ന സെമിഫൈനൽ മൽസരത്തിലൂടെ പത്ത് കുട്ടികൾ ബൈബിൾ ജപ്പടി ഗ്രാന്റ് ഫിനാലെയിലേക്ക് മൽസരിക്കാൻ യോഗ്യത നേടി.













ജൂൺ 2 ഞായറാഴ്ച വി. കുർബാനക്കുശേഷം ഗ്രാന്റ് ഫിനാലെ ആയി നടത്തപ്പെട്ട ബൈബിൾ ജപ്പടി മൽസരം നിലവാരംകൊണ്ടും, സാങ്കേതിക മികവുകൊണ്ടും ശ്രദ്ധേയമായി. രണ്ടുകുട്ടികൾ വീതമുള്ള അഞ്ചു ടീമുകളായിട്ടാണ് ഗ്രാൻഡ് ഫിനാലെ മൽസരം നടന്നത്. പ്രവാചകന്മാരായ ഏശയ്യ, എസിക്കിയേൽ, ദാനിയേൽ, ജറമിയ, ജോനാ എന്നിവരുടെ പേരുകളായിരുന്നു ടീമിനു നൽകിയിരുന്നത്.

ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ പ്രാർത്ഥനാപൂർവം സദസ്യർക്കുള്ള ആദ്യചോദ്യം തൊടുത്തുവിട്ട് ബൈബിൾ ജപ്പടി മൽസരം ഉത്ഘാടനം ചെയ്തു. ട്രസ്റ്റിമാരായ ജോജി ചെറുവേലിൽ, സജി സെബാസ്റ്റ്യൻ, ജെറിൻ കുരുവിള, പോളച്ചൻ വറീദ്, ജോസ് തോമസ്, പാരീഷ് സെക്രട്ടറി ടോം പാറ്റാനിയിൽ, സ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, ജപ്പടി കോർഡിനേറ്റർമാരായ ജോസ് മാളേയ്ക്കൽ, ലീനാ ജോസഫ്, ജിറ്റി തോമസ്, എബൻ ബിജു, പി. ടി. ഏ. പ്രസിഡന്റ് ജോബി കൊച്ചുമുട്ടം എന്നിവർ ഉത്ഘാടനകർമ്മത്തിന് സാക്ഷ്യം വഹിച്ചു.

ടി. വി. മോഡലിൽ ലൈവ് ആയി നടത്തപ്പെട്ട ബൈബിൾ ജപ്പടി മൽസരങ്ങൾ കാണികളിൽ വലിയ ആവേശം ഉണർത്തി. വ്യത്യസ്തരീതിയിലുള്ള ചോദ്യറൗണ്ടുകൾ കുട്ടികളുടെ നാനാവിധ കഴിവുകൾ പരിശോധിക്കുന്നതിനു വേണ്ടി രൂപകല്പ്പന ചെയ്യപ്പെട്ടവയായിരുന്നു. റാപ്പിഡ് ഫയർ റൗണ്ട്, ഓഡിയോ/വീഡിയോ റൗണ്ടണ്ട്, ജപ്പടി റൗണ്ട് എന്നിങ്ങനെ 3 വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന മൽസരത്തിൽ മതാധ്യാപികയായ ജയിൻ സന്തോഷ് റാപ്പിഡ് ഫയർ റൗണ്ട് നയിച്ചു.

വിശുദ്ധ കുർബാനയിലെ വീഡിയോ ക്ലിപ്പുകളെ അടിസ്ഥാനമാക്കിയുള്ള ഓഡിയോ/വീഡിയോ റൗണ്ട് സ്കൂൾ വൈസ് പ്രിൻസിപ്പാൾ ജോസ് മാളേയ്ക്കലും, വി. മത്തായിയുടെ സുവിശേഷത്തിൽനിന്നുള്ള 25 ചോദ്യങ്ങളടങ്ങിയ ജപ്പടി റൗണ്ട് മതാധ്യാപികയായ ലീനാ ജോസഫും നയിച്ചു.

സാജു പോൾ, സാന്ദ്ര തെക്കുംതല, ഡോ. സക്കറിയാ ജോസഫ്, ഷൈനി തൈപറമ്പിൽ, ജ്യോതി എബ്രാഹം എന്നിവർ സഹായികളായി. ജിറ്റി തോമസ്, എബൻ ബിജു, എബിൻ സെബാസ്റ്റൻ, ജറിൻ കുരുവിള, ജോസ് തോമസ് എന്നിവർ സാങ്കേതിക സഹായം നൽകി.

എയിഡൻ തോമസ് ബിി, ആശിഷ് തങ്കച്ചൻ എന്നിവരുൾപ്പെട്ട ഏശയ്യ ടീം ഒന്നാം സ്ഥാനവും, റബേക്കാ ജോസഫ്, തോമസ് എബ്രാഹം എന്നിവർ പ്രതിനിധാനം ചെയ്ത ജറമിയ ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ജറമിയ ജോസഫ്, ക്ലാരാ ചാക്കോ എന്നിവർ നയിച്ച ജോനാ ടീം മൂന്നാം സ്ഥാനത്തും, ഡെലനി ഡോണി, ജോസ്ലിൻ ജോസഫിന്റെ ദാനിയേൽ ടീം നാലാം സ്ഥാനത്തും, ഡെയ്സി ചാക്കോ, ജാക്വലിൻ ജോസഫ് എന്നീ കുട്ടികൾ ഉൾപ്പെട്ട എസിക്കിയേൽ ടീം അഞ്ചാം സ്ഥാനത്തും എത്തി. വിജയിച്ച ടീമംഗങ്ങളെ സർട്ടിഫിക്കറ്റും, കാഷ് അവാർഡും സ്പോൺസർ ജോസ് ജോസഫും, ഏലിയാമ്മയും, ഇടവകവികാരി ദാനവേലിൽ അച്ചനൊപ്പം നൽകി അനുമോദിച്ചു.

ജപ്പടി മൽസരം തുടങ്ങുന്നതിനു മുൻപ് പവർപോയിന്റ് സ്ലൈഡുകളുടെ സഹായത്തോടെ ജിറ്റി തോമസ് ടീമുകളെ പരിചയപ്പെടുത്തി. ഓരോ ചോദ്യറൗണ്ട് കഴിയുമ്പോഴും സദസ്യർക്കുള്ള ചോദ്യങ്ങളും സമ്മാനങ്ങളും ഉണ്ടായിരുന്നതു കാണികളിൽ ആവേശമുണർത്തി. മതാധ്യാപിക ലീനാ ജോസഫ് ആയിരുന്നു മുഖ്യ ക്വിസ് മാസ്റ്റർ.

ഫോട്ടോ: ജോസ് തോമസ്

# ഫൊക്കാന ട്രഷറർ ബിജു കൊട്ടാരക്കരയ്ക്ക് വെള്ളനാട് കരുണാസായിയിൽ സ്വീകരണം നൽകി



തിരുവനന്തപുരം:ഏഷ്യയിലെ ഏറ്റവും വലിയ സൈക്കോ പാർക്ക് ആയ വെള്ളനാട് കരുണാ സായി മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച 'Look in to the Inner Eyes 'പ്രോഗ്രാമിൽ വെച്ച് ഫൊക്കാന ട്രഷറർ ബിജു ജോൺ കൊട്ടാരക്കരയ്ക്ക് സ്വീകരണം നൽകി. തിരുവനന്തപുരം ജില്ലയിലെ നേഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ, സൈക്കോളജി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടി മുൻ ഡി.ജി.പി ശ്രീ. ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. മാനസികമായ ആരോഗ്യമാണ് ഒരു വ്യക്തിയുടെ വിജയത്തിന് ഏറ്റവും പ്രധാനമായി വേണ്ടതെന്നും അതിനായി നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. കേരള വിദ്യാർത്ഥി സമൂഹത്തിൽ വളർന്നു വരുന്ന മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ചും അതിന്റെ ഭാവി പ്രശ്നങ്ങളെക്കുറിച്ചും വിശദമായി അദ്ദേഹം സംസാരിച്ചു.

ചടങ്ങിൽ ഫൊക്കാന ട്രഷറർ ബിജു കൊട്ടാരക്കര മുഖ്യ പ്രഭാഷണം നടത്തി. മെന്റൽ ഹെൽത്തും, മയക്കുമരുന്ന് ഇഷ്യൂസും സംബന്ധിച്ച് അമേരിക്കൻ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം സംസാരിച്ചത്. രണ്ട് രാജ്യങ്ങളിലെ ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ് മയക്കുമരുന്ന് ഉപയോഗവും തുടർന്നുണ്ടാകുന്ന മാനസിക പ്രശ്നങ്ങളും . ഇവയ്ക്ക് കേരളത്തിൽ നിന്ന് വ്യത്യസ്തമായ ഇടപെടലുകളാണ് അമേരിക്കയിൽ നടക്കുന്നത്. പക്ഷെ മനസ് നശിക്കുന്നതിന്റെ ഫലം ലോകത്ത് എല്ലായിടത്തും ഒന്നാണെന്ന് അദ്ദേഹം പറഞ്ഞു.



കരുണാ സായി മെന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും മന:ശാസ്ത്രജ്ഞനുമായ എൽ. ആർ മധുജൻ ആമുഖ പ്രഭാഷണം നടത്തി. ഓർമ്മകൾ നഷ്ടപ്പെടാതിരിക്കുക എന്നത് ഏതൊരാളെ സംബന്ധിച്ചും വലിയ അനുഗ്രഹമാണ്. നമ്മൾ നടന്ന വഴികൾ, അനുഭവിച്ച വേദനകൾ, സങ്കടങ്ങൾ, സന്തോഷങ്ങൾ . ഇന്നലകളെ ഓർക്കാൻ കഴിയുന്നത് നാളെകളെ സജീവമാക്കും . ഒപ്പം അവനവനിലേക്ക് നോക്കാൻ പഠിക്കണമെന്നും അദ്ദേഹം പറഞ്ഞു.



സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനത്തിന് ഫൊക്കാന ട്രഷറർ ബിജു കൊട്ടാരയ്ക്കരയ്ക്ക് മൊമെന്റോ ഋഷിരാജ് സിംഗ് നൽകി ആദരിച്ചു.കരുണാ സായി റിസേർച് സെന്റർ ലൈബ്രറിയിലേക്ക് തദവസരത്തിൽ മുഖം ഗ്ലോബൽ ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ നൽകി. നശാമുക്ത് ഭാരത് അഭിയാൻ കോർഡിനേറ്റർ ബി. ഹരികുമാർ , ഐ. ആർ. സി. എ കോർഡിനേറ്റർ സി. ലേഖ, കേരളാ എക്സ്പ്രസ് പത്രം സ്പെഷ്യൽ കറസ്പോണ്ടന്റ് അനിൽ പെണ്ണുക്കര എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.






# ചിക്കാഗോ ബ്രദേഴ്‌സ് ക്ലബ്ബിന്റെ പുതിയ ഭരണസമിതിയ്ക്കു ഉജ്ജ്വല തുടക്കം





ചിക്കാഗോ: വെസ്റ്റ് സബെർബ് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ചിക്കാഗോ ബ്രദേഴ്‌സ് ക്ലബ്ബിൻറെ 2024-26 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കു ഉജ്യലമായ തുടക്കം കുറിച്ചു. ക്ലബ് ഹാളിൽ പ്രസിഡണ്ട് സന്തോഷ് നായരുടെ അധ്യക്ഷതയിൽ ചേർന്ന ഉദ്‌ഘാടന യോഗം ആദ്യ പ്രസിഡണ്ട് ജോസ് സൈമൺ മുണ്ടപ്ലാക്കിൽ നിലവിളക്കു കൊളുത്തി ഉദ്‌ഘാടനം ചെയ്തു . പൊതുപ്രവർത്തന രംഗത്ത് ദീർഘനാളുകളായി ചിട്ടയായ മാതൃകാപ്രവർത്തനം നടത്തി വരുന്നവരാണ് പുതിയ ഭാരവാഹികളെന്നും അതുകൊണ്ടു തന്നെ ബ്രദേഴ്‌സ് ക്ലബ്ബിൻറെ ഭാവി ശോഭനമാണെന്നും ഉദ്‌ഘാടനം ചെയ്തു കൊണ്ട് ജോസ് സൈമൺ മുണ്ടപ്ലാക്കിൽ പറഞ്ഞു . ചിക്കാഗോയിലെ മലയാളി സമൂഹം ശ്രദ്ധിക്കപ്പെട്ട കൂട്ടായ്മയായി ബ്രദേഴ്‌സ് ക്ലബ്ബ് മാറിക്കഴിഞ്ഞുവെന്നും മുന്നോട്ടു വ്യത്യസ്തമായ പരിപാടികൾ അവതരിപ്പിച്ചു കൊണ്ട് ബ്രദേഴ്‌സ് ക്ലബ്ബിൽ കൂടുതൽ മലയാളി സാന്നിധ്യം ഉറപ്പു വരുത്തുമെന്നും പ്രസിഡണ്ട് സന്തോഷ് നായർ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു . അടുത്ത രണ്ടു വർഷത്തേക്കുള്ള കർമ്മപരിപാടികൾ ജന:സെക്രട്ടറി ജോജി കരിപ്പാപ്പറമ്പിൽ അവതരിപ്പിച്ചു .



ഉദ്‌ഘാടന സമ്മേളനത്തിൽ വൈസ് പ്രസിഡന്റ് സണ്ണി സൈമൺ മുണ്ടപ്ലാക്കിൽ സ്വാഗതവും ജന : സെക്രട്ടറി ജോജി കരിപ്പാപ്പറമ്പിൽ നന്ദിയും പറഞ്ഞു . അലക്സ് പടിഞ്ഞാറയിൽ ,ജിതേഷ് ചുങ്കത് ,സഞ്ജു പുളിക്കത്തൊട്ടിയിൽ , ജെയിൻ മാക്കിൽ, സതീശൻ നായർ , ഷിജു ചെറിയത്തിൽ,, തമ്പി വിരുത്തികുളങ്ങര , കുഞ്ഞുമോൻ കുളങ്ങര, ജോസഫ് പതിയിൽ, ഡോ: ജോസഫ് എബ്രഹാം തുടങ്ങിയവർ ആശംസകൾ അറിയിച്ചുകൊണ്ട് പ്രസംഗിച്ചു . പരിപാടികൾക്ക് കമ്മറ്റി മെംബേർസ് ആയ ടോമി അമ്പേനാട്ട് ,രാജു ഇടിയാലിൽ , സിബി മനയത്തു, രാജൻ കുരിയൻ ,ഷിബു മുളയാനിക്കുന്നേൽ, എ .സി . തോമസ് തുടങ്ങിയവർ നേതൃത്യം നൽകി . തുടർന്ന് കീർത്തന സ്മിതയുടെ നേതൃത്യത്തിൽ , ബെന്നി പാറക്കലും , ജോസ് മാത്യുവും ചേർന്ന് നടത്തിയ മ്യൂസിക്കൽ നെറ്റും നടന്നു.





# സാമ്പത്തിക മാന്ദ്യവും റെയ് ഗണോമിക്സും



നാല്പതു വർഷത്തിനാലെ-3
മീനു എലിസബത്ത്

എൺപതുകൾ അമേരിക്കയിൽ വലിയ സാമ്പത്തിക ദുരവസ്ഥയുടെ കാലഘട്ടമായിരുന്നു. പ്രസിഡന്റ് റെയ്ഗന്റെ ഭരണ തുടക്കത്തിൽ രാജ്യം സാമ്പത്തിക മാന്ദ്യത്തിലേക്ക് കൂപ്പ് കുത്തുന്ന കാലം. രാജ്യത്താകമാനം അതിന്റെ അലയടികളും പ്രതിഫലനങ്ങളും. അമിത പലിശക്കടം കയറി കർഷകർക്ക് കൃഷിസ്ഥലങ്ങൾ നഷ്ടപ്പട്ടു കൊണ്ടിരിക്കുന്നു. ലോൺ തിരിച്ചടക്കാനാവാതെ കച്ചവടം പൊട്ടിയ ബിസിനസുകാർ. തൊഴിലില്ലായ്മ അതിന്റെ മൂർദ്ധന്യത്തിൽ. കുതിച്ചുയരുന്ന മോർട്ടഗേജ് നിരക്കും അമിത പലിശ നിരക്കും. ഇക്കാരണത്താൽ കിടപ്പാടമില്ലാതായവരുടെയും വീട് വാങ്ങാനാവാത്തവരുടെയും എണ്ണവും കൂടി വന്നു. റിപ്പബ്ലിക്കൻസും ഡെമോക്റാറ്റ്സും ഒറ്റക്കെട്ടായി നിന്ന് റെയ്ഗണോമിക്സിനെ നിശിത വിമർശനം നടത്തിയിരുന്ന കാലം. അമേരിക്കക്കാർക്ക് റെയ്ഗൻ ഭരണകൂടത്തിനോട് വിശ്വാസം നശിച്ചു കൊണ്ടിരുന്ന കാലം. സാമ്പത്തിക പ്രശനങ്ങളുടെ മൂർധന്യത്തിലായിരുന്നു അമേരിക്കയുടെ എൺപതുകൾ.

ഈ പശ്ചാത്തലത്തിലാണ് അഭ്യസ്തവിദ്യരായ രണ്ടു പേരെ, കേരളത്തിൽ മര്യാദക്ക് സർക്കാർ ജോലി ചെയ്തിരുന്നവരെ, അത്യാവശ്യം നെല്ലും തേങ്ങയും കൃഷിയും ഉണ്ടായിരുന്നവരെ, തരക്കേടില്ലാതെ കുടുംബം പുലർത്തിയിരുന്നവരെ, സ്വന്തം വീടുണ്ടായിരുന്നവരെ, ജീവിക്കാൻ അത്യാവശ്യ ചുറ്റുപാടുകളൊക്കെ ഉണ്ടായിരുന്ന ഒരപ്പനെയും അമ്മയെയും കൊണ്ട് ഞങ്ങൾ അമേരിക്കക്കു വന്നിരിക്കുന്നത്. അല്ലങ്കിൽ അവർ ഞങ്ങളെ കൊണ്ട് വന്നിരിക്കുന്നത്. ഭീകരം!

വരുമ്പോൾ അപ്പന്റെ പേഴ്സിൽ ഇരുപതു ഡോളറുണ്ട്.

കൊച്ചമ്മയുടെ വീട്ടിലെ ഒരു മാസത്തെ സ്വർഗതുല്ല്യമായ താമസത്തിനു ശേഷം എല്ലാവരുടെയും സഹായത്തോടെ ഞങ്ങൾ ഒരു അപ്പാർട്മെന്റിലേക്കു താമസം മാറി. മൂന്നാഴ്ച്ച കൊണ്ട് സോഷ്യൽ സെക്യൂരിറ്റി കാർഡും ഗ്രീൻ കാർഡും തപാലിൽ വന്നു. അന്നൊക്കെ ഇവ കിട്ടാൻ വലിയ കാലതാമസമില്ല.

പേപ്പറുകൾ കിട്ടിയതോടെ ജോലിക്ക് അപേക്ഷിച്ചു തുടങ്ങി. അന്ന് പതിന്നാലു വയസു മുതലൊക്കെ പാർട്ട് ടൈം ജോലിക്കെടുക്കും. നാൽപ്പത് മണിക്കൂർ തികച്ചു തരില്ല. ഒരാഴ്ച്ച മുപ്പത്തിഎട്ടു മണിക്കൂറൊക്കെ കിട്ടും. സമ്മർ വെക്കേഷന് നല്ല ശതമാനം അമേരിക്കൻ പിള്ളേരും ജോലിക്ക് പോകും.

ഇന്റർവ്യുവിനു മദാമ്മ ചോദിച്ചത് ഒരക്ഷരം മനസിലായിരുന്നില്ലങ്കിലും അമ്മയുടെ സഹോദരിയുടെ ശുപാർശ ഉണ്ടായിരുന്നതിനാൽ ജോലി തരപ്പെട്ടു. അവരും അവിടെയാണ് ജോലി ചെയ്യുന്നത്. അമ്മയുടെ എല്ലാ സഹോദരങ്ങളും ഞങ്ങളെ ഓരോ രീതിയിൽ സഹായിച്ചു കൂടെ നിന്നു.

ഒരു ബന്ധുവിന്റെ ശുപാർശയിൽ അപ്പന് കെന്റക്കി ഫ്രൈഡ് ചിക്കനിൽ ചിക്കൻ വറക്കുന്ന പണി കിട്ടി. ഒരു മടിയും കൂടാതെ അപ്പനാ ജോലിക്കു പോയിത്തുടങ്ങി. ഞാനും അമ്മയും സഹോദരനും മലയാളികൾ ധാരാളം പേര് ജോലി ചെയ്യുന്ന നാഷണൽ ബാനർ എന്ന ഫ്ലാഗ് കമ്പനിയിൽ കയറി. അമ്മയുടെ മറ്റൊരു സഹോദരിയാണ് ഞങ്ങൾക്ക് റൈഡ് തരുന്നത്. അവരും ആ കമ്പനിയിൽ തന്നെ.

രാവിലെ അവരുടെ കാറിൽ പോകാൻ കുമ്പനാട്ടുകാരായ രണ്ടു മലയാളി സ്ത്രീകൾ കൂടിയുണ്ട്.

അഞ്ചുമണി രാവിലെ എഴുന്നേറ്റാലെ ആറ് മണിക്ക് ജോലിക്കു കയറാൻ കഴിയു. ചെറിയ ഒരു ഷെവി കാറിൽ ഞങ്ങൾ ആറു പേർ ഞെങ്ങി ഞെരുങ്ങി ഒരുവിധത്തിൽ ഇരിക്കും. കുമ്പനാട്ടുകാരികൾ രണ്ടും നല്ല വർത്തമാനക്കാരികൾ. അവരുടെ പ്രത്യേക രീതിയിലുള്ള വർത്തമാനം കേട്ട് ഉറക്കം മാറിയിട്ടില്ലാത്ത കണ്ണുകളോടെ ഞാനും സഹോദരനും പുറത്തേക്കു നോക്കി തൂങ്ങിപ്പിടിച്ചിരിന്നു കാഴ്ച്ചകൾ കാണും. കാരോൾട്ടൻ സിറ്റി ഉണർന്നു വരുന്നതേയുള്ളു. കാപ്പിക്കടകൾ സജീവം. വഴിയിലെങ്ങും ഒരു മനുഷ്യ ജീവി യെ കാണാനില്ല. എല്ലാവരും കാറിൽ. ട്രക്കിൽ. പിക്ക് അപ്പിൽ. വണ്ടികളുടെ ഒഴുക്കാണ്. നിർത്താത്ത ഒഴുക്ക്. ഈ മനുഷ്യരൊക്ക എവിടെ നിന്ന് വരുന്നു? എങ്ങോട്ടു പോകുന്നു ? ആ ?




MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India



കമ്പനിയിൽ ചെന്ന് കഴിഞ്ഞാൽ ഒരു മെഷിനിൽ പഞ്ചു ചെയ്തു വേണം അകത്തോട്ടു കയറാൻ. എല്ലാവരും അവരവരുടെ വർക്ക് ഏരിയയിൽ നിൽക്കും. ആറു മണിക്ക് നീണ്ട ബെല്ലോട് കൂടി ആ ദിവസത്തെ നാടകം ആരംഭിക്കും. പരിപൂർണ്ണ നിശബ്ദതയെ ഭേദിച്ചു തയ്യൽ മെഷിനുകളുടെ കട കട ശബ്ദം. തുണി വെട്ടുന്ന ശബ്ദം. അമ്മയെ കൊടി തയ്ക്കാനും അനുജനെ വെയർഹൌസിലുമായി നിയമിച്ചു. തയിച്ച കൊടികൾ മടക്കി പെട്ടിയിൽ വെച്ച് അഡ്രസ് എഴുതി ഒട്ടിക്കലായിരുന്നു എന്റെ പണി.ഒരു നിമിഷം പോലും കളയാതെ ജോലി ചെയ്യണം. സൂപ്പർവൈസർ ഇടക്കിടെ റോന്തു ചുറ്റി നടന്നു ശ്രദ്ധിക്കും. കുമ്പനാട്ടുകാരികൾ ഇതിനിടയിലും കലപില വെക്കുന്നുണ്ട്. ഇടക്കിടെ ലീഡ് ലേഡി വന്നു നിർദ്ദേശങ്ങൾ തരും. വർത്തമാനം പറഞ്ഞു നിൽക്കുന്നത് കണ്ടാൽ വഴക്കു പറയും.

രാവിലെയും ഉച്ചക്കും. വിശ്രമവേളകൾ ഉണ്ട്.

ബ്രേക്കിന് ഞങ്ങൾ അമ്മയുടെ അരികിലേക്ക് ചെന്ന് ഒപ്പം ഭക്ഷണം കഴിക്കും. അമ്മ മൂന്നു പേർക്കുള്ള ഭക്ഷണം പായ്ക്ക് ചെയ്തിട്ടുണ്ട്. ഒരു ഫ്ലാസ്കിൽ കാപ്പിയും. ഞങ്ങൾക്ക് വലിയ സന്തോഷമൊന്നുമില്ല. തമ്മിൽ സംസാരം പോലുമില്ല. വന്നു പോയല്ലോ എന്ന ഭാവമാണ് മുഖത്ത്. അമ്മക്ക് എല്ലാം പതിവ് പോലെ തന്നെ. പക്ഷെ ഞങ്ങളുടെ ഭാവവ്യത്യാസം അമ്മക്ക് മനസിലാകുമല്ലോ!

''ഇത് കുറച്ചു നാളല്ലെ, സ്കൂള് തുറക്കുന്നിടം വരെ മതി ജോലിയൊക്കെ,... അമ്മ ആശ്വാസം പറയും.

എന്നാലും, എല്ലാവരുടെയും ശമ്പളം ഇല്ലാതെ കാര്യങ്ങൾ നടന്നു പോവില്ലന്നു ഞങ്ങൾക്കറിയാം. കാറ് വാങ്ങിക്കണം. അപാർട്മെന്റ് റെന്റ് കൊടുക്കണം. മറ്റു ബില്ലുകൾ എല്ലാം വേറെ.

ജോലിക്കു കൂടുതലും മെക്സിക്കോക്കാരാണ്. സ്പാനിഷ് ആണ് ഭാഷ. വെള്ളക്കാരും കുറച്ചുപേരുണ്ട്. കേരളത്തിന്റെ പല ഭാഗത്തു നിന്നുമുള്ള സ്ത്രീകളും ചൈന, വിയറ്റനാം കമ്പോഡിയ, ലാവോസ് എന്നിവിടങ്ങളിൽ നിന്നുള്ള സ്ത്രീ പുരുഷൻമാരും ധാരാളം. ലഞ്ചു റൂമിൽ ഇവരുടെ കൂടെയിരുന്നുള്ള ഭക്ഷണം കഴിപ്പ് ആദ്യമൊക്ക മനം മറിപ്പുണ്ടാക്കിയിരുന്നു. ചുട്ട ഉണക്കമീനും കോഴിക്കുഞ്ഞു അകത്തുള്ള ചീമുട്ടയും പുഴുങ്ങിയ പന്നിയിറച്ചിയുമൊക്ക മൈക്രോവേവിൽ ചൂടാക്കിയെടുക്കുന്ന മണം അത്ര സുഖകരമായിരുന്നില്ല.

പിന്നെതംതാതാന്തംതിംതീംഎന്ന്മാത്രംനമുക്ക് തിരിയുന്ന അവരുടെ ഭാഷയും. ഇത് പോലെ ആയിരിക്കും നമ്മുടെ മലയാളം കേൾക്കുന്ന സായിപ്പിനും തോന്നുക!

ഫ്ലാഗ് മടക്കിയും പെട്ടി ഒട്ടിച്ചും എന്റെ കയ്യിലെ തൊലി കുമിളക്കാൻ തുടങ്ങി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആ ഭാഗം തഴമ്പിച്ചു പാട് വന്നു.

ഇടക്കൊരാൾ ഒരു കാർട്ടും ഉന്തി വന്നു പെട്ടികൾ എടുക്കാൻ വരും. അവനെക്കാണുമ്പോൾ എന്റെ മനസ് സങ്കടപ്പെടും. അതവനാണ്. പാവം എന്റെ കുഞ്ഞാങ്ങള. ബസേലിയോസ് കോളജിലെ പ്രി ഡിഗ്രി പെമ്പിള്ളേരുടെ ഹരം. സ്റ്റൈലൻ..സുന്ദരൻ. അവനു ചിരിയെ ഇല്ല. കാർട്ട് ഉന്തി അവനാ കെട്ടിടം മുഴുവൻ നടക്കും.

ഇടയ്ക്കു കൂടെ ജോലി ചെയ്തിരുന്ന ചില വെള്ളക്കാരികൾ ചില സംശയങ്ങൾ ചോദിക്കും. അസഹനീയം.

അവർ ഇന്ത്യക്കുറിച്ചു ടിവിയിൽ കാണുന്നതൊക്കെയാണ് ചോദിക്കുന്നത്.

അന്ന് അമേരിക്കൻ ടെലിവിഷനിൽ ഇന്ത്യയെക്കുറിച്ചു നല്ലതൊന്ന് കാണിക്കില്ല. മദർ തെരേസ കൽക്കട്ടയുടെ തെരുവുകളിൽ നിന്നും ചൊറിയും പഴുപ്പും പിടിച്ചു കിടക്കുന്ന കുഞ്ഞുങ്ങളെ വാരിയെടുത്ത് ശുശ്രൂഷിക്കുന്നതും, ട്രെയിനിൽ പോകുന്ന സായിപ്പ് ഇന്ത്യയിലെ ആളുകൾ റെയിൽ ഓരങ്ങളിൽ പ്രഭാത കൃത്യം നടത്തുന്നതുമായ ദൃശ്യങ്ങൾ ആണ് അമേരിക്കക്കാർ കണ്ടിരിക്കുന്നത്.

നിങ്ങളുടെ വീട്ടിൽ പാമ്പാട്ടികളുണ്ടോയെന്നും സ്വന്തം ആനയുണ്ടോയെന്നും എലികളെ ആരാധിക്കുന്ന അമ്പലത്തിൽ പോയിട്ടുണ്ടോയെന്നുമാണ് മദാമ്മക്കറിയേണ്ടത്. ആകെക്കൂടെ മൂഡ് ഓഫ് ആയിരിക്കുന്ന എന്നോടാണ് ഈ ചോദ്യങ്ങൾ! ഞാൻ എനിക്കറിയാവുന്ന ഇംഗ്ലീഷിൽ ഇതെല്ലം എതിർക്കും. ഇന്ത്യയുടെ ഗുണഗണങ്ങൾ അവളെ പറഞ്ഞു കേൾപ്പിക്കും. കാര്യമൊക്കെ ശരിയാ എന്റെ ഇന്ത്യയെ വല്ലോം പറഞ്ഞാൽ മദാമ്മ വിവരമറിയും. ചിലപ്പോൾ ഈ സംഭാഷണം വഴക്കു വരെയാകും. ഇതെല്ലം കേൾക്കുന്ന മുതിർന്ന മലയാളി സ്ത്രീകൾ എന്നെ ഉപദേശിച്ചു നന്നാക്കാൻ നോക്കും!

'കൊച്ചെ, അവരങ്ങനെ പലതും പറയും. നമ്മൾ കേട്ടില്ല കണ്ടില്ലന്നു വെച്ചങ്ങു വിട്ടേക്കണം. നമ്മക്കിവിടെ ജോലി ചെയ്യണ്ടായോ? ഒള്ള ജോലി പോയാ കിട്ടാനിപ്പോ വലിയ പാടാ'

എട്ടു മണിക്കൂർ ജോലി കഴിഞ്ഞിറങ്ങി കൂടെയുള്ളവരെയൊക്ക വീട്ടിൽ വിട്ട് ആന്റി ഞങ്ങളെ അപ്പാർട്ട്മെന്റിൽ ഇറക്കുമ്പോൾ അഞ്ചു മണിയോളമാകും.

അപ്പൻ ചിക്കൻ കടയിൽ നിന്നും വരാൻ പിന്നെയും ഇരുട്ടും. വരുമ്പോൾ മിക്കപ്പോഴും അപ്പന്റെ വെളുത്ത കൈകളിലെ രോമം കരിഞ്ഞിരിക്കുന്നതും കൈത്തണ്ട പലയിടത്തും പൊള്ളിയിരിക്കുന്നതും കാണാം. ആരും കാണാതെയിരിക്കാൻ ഷർട്ടിന്റെ കൈകൾ മടക്കാതെ വെയ്ക്കും . ദൈവമേ നെടുംപറമ്പിലെ കൊച്ചെറിയാച്ചന്റെ മകന് അമേരിക്കയിൽ വന്നു കോഴി വറക്കുന്ന പണി. മരുമോള്ക്കു തയ്യൽ! കൊച്ചുമക്കൾക്ക് കൊടി കമ്പനിയിൽ കൊടിമടക്ക്. ഇത് വല്ലോമാണോ നമ്മൾ സ്വപ്നം കണ്ട അമേരിക്ക?

വന്നു പോയല്ലോ എന്നോർത്ത ദിവസങ്ങൾ ആയിരുന്നു അതൊക്കെ. . വല്ല കാര്യോമോണ്ടാരുന്നോ ? ഇവിടെ സ്കൂൾ തുറക്കാൻ സെപ്റ്റമ്പർ ആകണം. കോളജിൽ ചേരണമെങ്കിൽ ഒരു വർഷം കഴിയണം. 12 മാസം ടെക്സസിൽ താമസിച്ചാലേ കോളജിൽ പഠിക്കാൻ ഫീസ് ഇളവുണ്ടാകു. നിരന്തരം കുനിഞ്ഞും നിവർന്നു പെട്ടി അടച്ചും കൊടി മടക്കിയും ദേഹം മുഴുവൻ വേദനയാണ്.

അമ്മയ്ക്കായിരുന്നു പണി കൂടുതൽ. ഒരു നാലര വെളുപ്പിനെങ്കിലും എഴുന്നേൽക്കണം. പ്രഭാത ഭക്ഷണവും ഉച്ചക്കത്തെ ആഹാരവും മൂന്നു പേർക്കുള്ളത് പൊതിഞ്ഞെടുക്കണം. സന്ധ്യക്കു വന്നാൽ അത്താഴം ഉണ്ടാക്കേണം. പാത്രമെല്ലാം കഴുകി ഉറങ്ങുമ്പോൾ ഒരു നേരമാകും. അമ്മ മാത്രം ഒരു പ്രയാസമോ സങ്കടമോ പുറത്ത് കാണിക്കാതെ എല്ലാം ചെയ്തു. അപ്പനിടക്കിടെ നാട്ടിലെ തന്റെ സുഖജോലിയെ കുറിച്ചോർത്തു നെടുവീർപ്പിടും. വിഷമം പറയും. ഞാനും സഹോദരനും പരാതികൾ ഉള്ളിലൊതുക്കി. ഞങ്ങൾ ആണല്ലോ ഈ വരവിനു നിർബന്ധം പിടിച്ചത്. മിണ്ടാതെ സഹിക്കാൻ ഞങ്ങൾ പഠിച്ചു.

നാട്ടിൽ നിന്നും പോരുന്ന സമയത്തു അമ്മയുടെ മറ്റൊരു സഹോദരിയുടെ ഒരെഴുത്തു വന്നത് ഞാൻ ഓർമ്മിച്ചു.

''അമേരിക്കയിൽ വന്നാൽ എന്ത് പണിയും എടുക്കുവാനുള്ള മനസ് ഉണ്ടാകണം. നാട്ടിലെ സ്ഥിതിയും കുടുംബമഹിമയും പറഞ്ഞിരുന്നാൽ കാര്യങ്ങൾ നടക്കില്ല. ആദ്യമൊക്ക വലിയ കഷ്ടപ്പാടായിരിക്കും. അതിനെല്ലാം തയ്യാറാണെങ്കിൽ ഇങ്ങോട്ടു വന്നാൽ മതി.

പിന്നെ ടീൻ എയ്ജ് പ്രായത്തിലുള്ള പിള്ളേരെ കൊണ്ട് വരുന്നതിന്റെ റിസ്ക് അത് വേറേ. പിള്ളേര് ചീത്തയായി പോകാൻ വളരെ എളുപ്പമാണ്. നിങ്ങൾ ഇതെല്ലം ഓർത്തു വേണം അവിടെ നിന്ന് പോരാൻ''.

അന്നത് വായിച്ചു വിഷമം ഉണ്ടായെങ്കിലും എങ്ങിനെയെങ്കിലും അമേരിക്കക്കു പോണം എന്ന വാശിയായിരുന്നു ഞങ്ങൾ പിള്ളേർക്ക്. ഫാഷന്റെയും പളപളപ്പിന്റെയും ക്രിസ് എവെര്ട്ടിന്റെയും മാർട്ടിന നവാരത്തിലോവയുടെയും. മൈക്കിൾ ജാക്സന്റെയും ജാസ് മ്യൂസിക്കിന്റെയും ഡോളറിന്റെയും നാടായ അമേരിക്ക. ബന്ധുക്കൾ നാട്ടിൽ വരുമ്പോൾ സ്വർണക്കടയും സാരിക്കടയും തൂത്തുവാരി കൊണ്ടുപോകുന്നത് കണ്ടിട്ടുള്ളതാണ്. ഒരു കർഷക കുടുമ്പത്തിന്റെ പശ്ചാത്തലമുള്ള ഞങ്ങളുടെ വീട്ടിൽ കാര്യങ്ങൾ അങ്ങിനെ ലാവിഷ് അല്ല. കാശൊക്കെ പിടിച്ചുള്ള ചിലവാക്കലെ ഉള്ളു. ഇതൊക്കെയാണ് അമേരിക്കയിലേക്ക് അന്ന് ഞങ്ങളെ ആകർഷിക്കുന്ന കാരണങ്ങൾ. പിള്ളേരല്ലേ!

ആന്റിയുടെ എഴുത്ത് വായിച്ചു അന്ന് മാതാപിതാക്കൾക്ക് ആശയക്കുഴപ്പമുണ്ടായെങ്കിലും എന്റെയും സഹോദരന്റെയും നിർബന്ധത്തിലായിരുന്നു അവർ പോരാമെന്നു സമ്മതിച്ചത്. അന്ന് ആന്റി പറഞ്ഞ കാര്യങ്ങൾ സത്യമായിരുന്നല്ലോ എന്ന് ഞാൻ ഓർത്തു.

യഥാർത്ഥ അമേരിക്കൻ ജീവിതത്തിന്റെ പച്ചയായ മുഖം എന്തെന്ന് ഞങ്ങൾ മനസിലാക്കി തുടങ്ങുകയായിരുന്നു.

തുടരും see more :
https://emalayalee.com/writer/14

# അരിസോണ ഇൻഡ്യൻ നഴ്‌സസ് അസോസിയേഷൻ അന്താരാഷ്ട്ര നഴ്‌സസ് ദിനമാഘോഷിച്ചു




മനു നായർ

ഫീനിക്സ്: അരിസോണ ഇൻഡ്യൻ നഴ്സസ് അസ്സോസിയേഷന്റെ (AZINA) നഴ്സസ് ദിനാഘോഷം ചാന്റ്ലർ സിറ്റിയിലെ ഇന്റർനാഷനൽ അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ ഹാളിൽ വച്ച് വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. അരിസോണ സ്റ്റേറ്റ് നഴ്‌സിംഗ് ബോർഡ് പ്രസിഡന്റ് കരോളിൻ മകോർമ്മീസ് വിശിഷ്ടാതിഥിയായിരുന്ന ചടങ്ങിൽ അരിസോണ ബ്ലാക് നഴ്സസ് അസോസിയേഷൻ ഫീനിക്സ് ചാപ്റ്റർ പ്രസിഡന്റ് ഡോ. റോസാ നോറിസ്, ഫിലിപ്പൈൻസ് നഴ്സസ് അസ്സോസിയേഷൻ മുൻ പ്രസിഡന്റ് ഡോ. എർലിൻഡ സിംഗരാജ, ഇന്റർനാഷനൽ അസംബ്ലി ഓഫ് ഗോഡ് ചർച്ചിന്റെ സീനിയർ പാസ്റ്റർ ഡോ. റോയ് ചെറിയാൻ തുടങ്ങിയവരും അതിഥികളായിരുന്നു.

കരൺ കോശിയും അനീറ്റ മാത്യുവും ചേർന്ന് പ്രാർത്ഥനാഗാനവും അമേരിക്കൻ ദേശീയഗാനവും ആലപിച്ചപ്പോൾ ലക്ഷ്മി നായർ, സിൻസി തോമസ് എന്നിവർ ചേർന്ന് ഇൻഡ്യൻ ദേശീയഗാനവും ആലപിച്ചു. തുടർന്ന് മുഖ്യ അതിഥികൾ ചേർന്ന് നിലവിളക്കു തെളിയിച്ച് ഈ വർഷത്തെ നഴ്സസ് ദിനാഘോഷങ്ങൾ ഔപചാരികമായി ഉൽഘാടനം ചെയ്തു. സംഘടനയുടെ പ്രസിഡന്റ് എലിസബത്ത് സുനിൽ സാം എല്ലാവരെയും ഈ ആഘോഷ പരിപാടികളിലേക്ക് സഹർഷം സ്വാഗതം ചെയ്യുകയും, തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സംഘടനയുടെ വളർച്ചയുടെ നാൾ വഴികളെക്കുറിച്ചും, സംഘടനയുടെ പോയ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സദസ്സിനു വിശദീകരിക്കുകയും ചെയ്തു.

അരിസോണ സ്റ്റേറ്റ് നഴ്‌സിംഗ് ബോർഡ് പ്രസിഡന്റ് കരോളിൻ മകോർമ്മീസ് തന്റെ ഉൽഘാടന പ്രസംഗത്തിൽ അസീനയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും, മുന്നോട്ടുള്ള സംഘടനാപ്രവർത്തനങ്ങൾക്ക് എല്ലാ വിധ സഹായ സഹകരണവും വാഗ്ദാനം ചെയ്യുകയും ഉണ്ടായി. എല്ലാ അതിഥികളും വളരെ പ്രചോദനാത്മകമായ നഴ്സസ് ദിന സന്ദേശങ്ങൾ നൽകി സദസ്സിനെ ഉത്സുകരാക്കി.

നഴ്‌സിംഗ് മേഖലയിൽ ചെയ്തിട്ടുള്ള പ്രവർത്തനമികവിനുള്ള അംഗീകാരമായ് AZINA യുടെ 2024-ലെ നഴ്‌സിംഗ് എക്സലൻസ് അവാർഡിന് റേച്ചൽ ജേക്കബ്, മിനി സുധീർ എന്നിവർ നഴ്സ് പ്രാക്റ്റീഷണർ വിഭാഗത്തിലും പ്രീതി സാംഗ, അരുണ റേച്ചൽ എന്നിവർ നഴ്‌സിംഗ് വിഭാഗത്തിലും അർഹരായി. നഴ്‌സിംഗ് എക്സലൻസ് അവാർഡിന് അർഹരായവരെ സമ്മേളന



ത്തിൽ വച്ച് ട്രോഫിയും പ്രശംസാപത്രവും നൽകി ആദരിച്ചു.




അസീന പ്രസിഡന്റ് തന്റെ പ്രസംഗത്തിൽ, ഇൻഡ്യൻ നഴ്സസിന്റെ നാഷനൽ സംഘടനയായ നൈനയുടെ 'നഴ്സ് സ്റ്റുവാർഡ്ഷിപ് 2024' അവാർഡ് കരസ്ഥമാക്കിയ അസീന എഡ്യുക്കേഷൻ കമ്മിറ്റി ചെയർ മേരി ബിജു, ബൈലൊ കമ്മിറ്റി ചെയർ സിൻസി തോമസ്, 2023-ഇൽ സിഗ്മ തേറ്റ ടൗ -ഇന്റർനാഷണൽ ഓണർ സൊസയറ്റി ഓഫ് നഴ്സിംഗ് സംഘടനയുടെ വളരെ പ്രശസ്തമായ ഗാരി ബ്രൗൺ കമ്മ്യുണിറ്റി സർവ്വീസ് സ്കോളർഷിപ്പിന് അർഹയായ



അസീന വൈസ് പ്രസിഡന്റ് ലക്ഷ്മിനായർ, നൈനയുടെ ''മെയ്ക്ക് എ ഡിഫറൻസ്'' അവാർഡ് ലഭിച്ച ഇവന്റ് കമ്മറ്റി ചെയർ സുമ ജേക്കബ്, ബാനർ യൂണിവേർസ്സിറ്റി മെഡിക്കൽ സെന്റർ ഓഫ് ഫീനിക്സിന്റെ 'എക്സല്ലൻസ് ഇൻ പ്രൊഫഷനലിസം' അവാർഡ് കരസ്ഥമാക്കിയ ലിനറ്റ് സെബാസ്റ്റ്യൻ, ഫീനിക്സ് വെറ്ററൻസ് അഫയഴ്സ് ഡിപ്പാർട്ട്മന്റിൽ നിന്നും പ്രശസ്തമായ 'ഡെയ്സി അവാർഡ് ' നേടിയ ജോളി തോമസ് എന്നിവർക്ക് പ്രേത്യേക അഭിനന്ദനം അറിയിച്ചു.

വൈസ് പ്രസിഡന്റ് ലക്ഷ്മി നായരുടെ നേതൃത്വത്തിൽ 'അസീന മെന്റൽ ഹെൽത്ത് ഇനിഷിയറ്റിവ് ' (AMHI) യൂത്ത് വിംഗ് അവതരിപ്പിച്ച മയക്കുമരുന്നുപയോഗത്തിന്റെ വിപത്തുകളെപറ്റി മാതാപിതാക്കളെയും കുട്ടികളെയും ബോധവാന്മാരാക്കുന്ന ലഘു നാടകം പ്രമേയം കൊണ്ടും അവതരണ മികവുകൊണ്ടും ശ്രദ്ധേയമായി. അസീന സെക്രട്ടറി സീമ നായർ ഈ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും സർവോപരി ഈ പരിപാടിയുടെ ഉജ്ജ്വല വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും, അതോടൊപ്പം അസീനയുടെ പ്രവർത്തനങ്ങൾക്കായ് ഉദാരമായ സംഭാവനകൾ നൽകിയ എല്ലാ സ്പോൺസേഴ്സിനും കൃതജ്ഞത രേഖപ്പെടുത്തി.



തുടർന്ന് അസീന മെംബേഴ്സ് കേക്ക് മുറിച്ച് അസീന ജന്മദിനവും നഴ്സസ് ദിനവും ആഘോഷിച്ചു. അസീനയുടെ വിവിധ പ്രർത്തനങ്ങളിൽ വോളന്റിയറിംഗ് ചെയ്ത നഴ്സസിനും യൂത്തിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ലഘുഭക്ഷണത്തോടെ മീറ്റിംഗ് അവസാനിക്കുകയും ചെയ്തു.

പ്രോഗ്രാമ്മിന്റെ അവതാരകരായ് അസീന ട്രെഷറർ അനിത ബിനുവും ഇലക്ഷൻ കമ്മിറ്റി ചെയർ ജെസ്സി എബ്രഹാമും പ്രവർത്തിച്ചു. നഴ്സിംഗ് മേഖലയുമായ് ബന്ധപ്പെട്ട ട്രിവിയ ക്വസ്റ്റ്യൻസ് സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും വിജ്ഞാനപ്രദവും രസകരവുമാക്കാൻ അവതാരകർക്ക് സാധിച്ചു. അസീനയുടെ മീഡിയ ആൻഡ് പുബ്ലിക്കേഷൻസ് ടീം അറിയിച്ചത്.






# 'മലയാളിയുടെ മാറുന്ന ഭക്ഷണ സംസ്കാരം'

## മലയാളം സൊസൈറ്റിയിൽ എം സി ചാക്കോ

ഹ്യൂസ്റ്റൻ ആസ്ഥാനമായുള്ള മലയാളം സൊസൈറ്റി ഓഫ് അമേരിക്കയുടെ 2024 ജൂൺമാസ മീറ്റിങ്ങ് ഒൻപതാം തീയതി വൈകിട്ട് നാലുമണിക്ക് നടത്തപ്പെട്ടു. മലയാളം സൊസൈറ്റി സെക്രട്ടറി ജോർജ് പുത്തൻകുരിശ് മീറ്റിംഗിൽ പങ്കെടുത്തവർക്ക് സ്വാഗതം അരുളി. അതുപോലെ ജൂൺ പതിനാറാംതീയതി ആഘോഷിക്കുന്ന ഫതേഴ്സ് ഡേയുടെ ആശംസകളും അദ്ദേഹം എല്ലാ ഫതേഴ്സിനും നേരുകയുണ്ടായി. ഓരോ വിഷയങ്ങൾക്കും അനുയോജ്യമായ ചിത്രങ്ങൾ ചേർത്ത് സൂം മീറ്റിങ്ങിനെ ചാരുതയുള്ളതാക്കി തീർക്കുന്ന എ. സി . ജോർജിനോടുള്ള നന്ദിയും രേഖപ്പെടുത്തി. മലയാളം സൊസൈറ്റിയിലെ സജീവംഗങ്ങളായ ജെയിംസ് ചിറത്തടത്തിലിന്റെ മാതാവിന്റെ നിര്യാണത്തിലും, ജോൺ കുന്തറയുടെ സഹോദരിയുടെ വേർപാടിലുമുള്ള മലയാളം സൊസൈറ്റിയുടെ അനുശോചനവും പുത്തൻകുരിശ് അറിയിക്കുകയുണ്ടായി. തുടർന്ന് പ്രധാന പ്രഭാഷകനായ എം. സി ചാക്കോയെ സദസിന് പരിചയപ്പെടുത്തി . ഹൂസ്റ്റ9 വെറ്ററ9സ് ഹോസ്പിറ്റലിൽ ഹിസ്റ്റോ ടെക്നോളജിസ്റ്റായിജോലിചെയ്യുന്നു. കാൽ നൂറ്റാണ്ട് ഷാ4ജയിലായിരുന്നതിനു ശേഷം 2006ൽ യു. എസ്സിലെത്തി. തിരുല്ലാ മാ4ത്തോമ്മാ കോളേജിൽ നിന്നും കെമിസ്ത്രിയിൽബിരുദം നേടിയതിനു ശേഷം വെല്ലൂ4 സി എം സി യിൽ തൊഴിൽ പരിശീലിച്ചു. തിരുവനന്തപുരം ശ്രീചിത്രായിൽ ജോലി തുടങ്ങി. നാട്, തിരുവല്ലായ്കു സമീപം വെണ്ണികുളം. ഭാര്യ ആനി, രണ്ടു മക്കളും നാലു കൊച്ചുമക്കളുമുണ്ട് . മലയാളം സൊസൈറ്റി മീറ്റിങ്ങിന്റെ മോഡറേറ്ററായി സാഹിത്യകാരനും എഴുത്തുകാരനുമായ തോമസ് കളത്തൂർ യോഗത്തെ നിയന്ത്രിച്ചു.



'മലയാളിയുടെ മാറുന്ന ഭക്ഷണ സംസ്കാരം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു അദ്ദേഹം പ്രഭാഷണം നടത്തിയത് കേരളത്തിന് മാത്രമായൊരു രുചി ഉണ്ടായിരുന്നുവോ?. ഉണ്ടാവാ9 സാദ്ധ്യതകുറവാണ്. അതി പുരാതന കാലം മുതല്ക്കേ അഷ്ടദിക്കുകളുമായി വാണിജ്യ ബന്ധമുണ്ടായിരുന്നതിനാൽ വൈവിധ്യമായ പലഹാരങ്ങൾ ലോകത്തിന്റെ പലേ ഇടങ്ങളിൽ നിന്നും ഇവിടെ എത്തിയിട്ടുണ്ട് എന്നുള്ള ആമുഖത്തോടെയാണ് പ്രഭാഷണം ആരംഭിച്ചത്. പോർട്ടുഗീസുകാരും ഡച്ചുകാരും ബ്രിട്ടീഷുകാരും മലയാളിയുടെ ഭക്ഷണസംസ്കാരത്തെ എങ്ങനെ സ്വാധീനിച്ചു എന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഒരു കാലത്ത് വല്ലപ്പോഴും കഴിച്ചിരുന്ന മാംസാഹാരം ഇന്നത്തെ നിത്യാഹാരമായി മറിയതുമൊക്കെ പ്രഭാഷണത്തിന് വിഷയീഭവിച്ചു. വിജ്ഞാനപരവും ഉദ്ബോധകവുമായ പ്രഭാഷണം ഭാഷാശൈലി കൊണ്ട് ധാന്യവുമായിരുന്നു.




തുടര്ന്നുള്ള ചർച്ചയിൽ ജോർജ് മണ്ണിക്കരോട്ട് (പ്രസിഡണ്ട് ) ശ്രീമതി പൊന്നുപിള്ള (വൈസ് പ്രസിഡണ്ട്) എ.സി . ജോർജ് (സൂം മാനേജർ ) ജോൺ ഇളമത (ക്യാനഡ) തോമസ് കളത്തൂർ, ഡോ. ജോസഫ് പോന്നോലി, പ്രൊഫ. വി.വി. ഫിലിപ്പ്, ജോസഫ് തച്ചാറ, ഉമ, രവി ദമ്പതികൾ (ഷിക്കാഗോ), എം.സി . ചാക്കോ, ജെയിംസ് ചിറത്തടത്തിൽ, ജോർജ് പുത്തൻകുരിശ് എന്നിവർ സജീവമായി പങ്കുകൊണ്ടു. എംസി ചാക്കോയുടെ പ്രതിഭാഷണത്തിനു ശേഷം മലയാളം സൊസൈറ്റി വൈസ് പ്രസിഡണ്ട് ശ്രീമതി പൊന്നുപിള്ള നന്ദി പ്രകാശിപ്പിക്കുകയും യോഗം അവസാനിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു




# ചാനലുകളിലെ അന്തിച്ചർച്ച : ആർക്കോ വേണ്ടി തിളയ്ക്കുന്ന സാമ്പാർ

**ഉയരുന്ന ശബ്ദം-112**

**ജോളി അടിമത്ര**

> ഒരു ദിവസവും വിടാതെ ഞാൻ കാണുന്ന പരിപാടിയാണ് അന്തിചർച്ച. എന്നുവച്ചാൽ എട്ടുമണിയുടെ ചാനൽ ചർച്ച. കഴിഞ്ഞദിവസം ഒരു ചാനലിൽ നടന്ന ചർച്ച തീർത്തും സഹിക്കാൻ വയ്യാത്തതായി. ടിവി ഓഫ്ചെയ്താണ് രക്ഷപ്പെട്ടത്. ഒന്നാംനിരയിൽ നിൽക്കുന്ന ഒരു ചാനലാണ്. പക്ഷേ ,ജനം തിരഞ്ഞെടുത്ത ബിജെപി എംപിയെ മനപൂർവ്വം തേജോവധം ചെയ്യാൻ കച്ചകെട്ടിയിറങ്ങിയ ചർച്ച. അദ്ദേഹം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ട് മണിക്കൂറുകൾ തികയും മുമ്പേ പടയൊരുക്കം തുടങ്ങിക്കഴിഞ്ഞു. ചോദ്യം കേട്ടാൽത്തോന്നും സഹതപിക്കയാണെന്ന്. സുരേഷ് ഗോപിയ്ക്ക് സഹമന്ത്രിസ്ഥാനം നൽകി പ്രധാനമന്ത്രി അപമാനിക്കയായിരുന്നോ എന്നാണ് ചാനൽ നയിച്ച മാധ്യമപ്രവർത്തകന് അറിയേണ്ടത്.

അങ്ങനെ മൂന്നാം വട്ടവും ഇന്ത്യയിൽ ,സോറി ഭാരതത്തിൽ താമര വിരിഞ്ഞു.താമരക്കുളത്തിലെ വിത്തുണങ്ങാൻ കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്നവരൊക്കെ നിരാശപ്പെട്ടു.ഭാരതത്തിലെ ജനകോടികൾക്ക് താമര മതിയെന്നുവച്ചാലെന്തു ചെയ്യും.ചുമ്മാ കുശുമ്പുകുത്തയിട്ടെന്തു ഫലം.വന്നു വന്നു ദേ ,കേരളത്തിലും താമര വിരിഞ്ഞു.എന്തെല്ലാം പുകിലായിരുന്നു.വാതുവച്ചവരും നഖം ചൊറിഞ്ഞവരും പുളികുടിച്ചുപോയി.ഇനി എങ്ങനേലും വലിച്ചു താഴെയിടണം.അതിനുള്ള പണിയെടുത്തു തുടങ്ങി..സത്യപ്രതിജ്ഞ ചെയ്തതിന്റെ പിറ്റേന്നു തന്നെ അതിനുള്ള വേല തുടങ്ങി.

ഒരു ദിവസവും വിടാതെ ഞാൻ കാണുന്ന പരിപാടിയാണ് അന്തിചർച്ച.എന്നുവച്ചാൽ എട്ടുമണിയുടെ ചാനൽ ചർച്ച.കഴിഞ്ഞദിവസം ഒരു ചാനലിൽ നടന്ന ചർച്ച തീർത്തും സഹിക്കാൻ വയ്യാത്തതായി.ടിവി ഓഫ്ചെയ്താണ് രക്ഷപ്പെട്ടത്. ഒന്നാംനിരയിൽ നിൽക്കുന്ന ഒരു ചാനലാണ്.പക്ഷേ ,ജനം തിരഞ്ഞെടുത്ത ബിജെപി എംപിയെ മനപൂർവ്വം തേജോവധം ചെയ്യാൻ കച്ചകെട്ടിയിറങ്ങിയ ചർച്ച.അദ്ദേഹം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ട് മണിക്കൂറുകൾ തികയും മുമ്പേ പടയൊരുക്കം തുടങ്ങിക്കഴിഞ്ഞു.ചോദ്യം കേട്ടാൽത്തോന്നും സഹതപിക്കയാണെന്ന്.സുരേഷ് ഗോപിയ്ക്ക് സഹമന്ത്രിസ്ഥാനം നൽകി പ്രധാനമന്ത്രി അപമാനിക്കയായിരുന്നോ എന്നാണ് ചാനൽ നയിച്ച മാധ്യമപ്രവർത്തകന് അറിയേണ്ടത്.എടാപ്പാ എന്തൊരു കൂത്താണിത്.മോദിജി നേരിട്ട് സുരേഷ്ഗോപിയെ ഡൽഹിക്കു വിളിപ്പിക്കുകയായിരുന്നല്ലോ.അതും സത്യപ്രതിജ്ഞയ്ക്കു തൊട്ടു മുമ്പ് . മോദിജിയുടെ മനസ്സിലുള്ളതെല്ലാം ചാനൽ ചർച്ചയ്ക്കു വരുന്ന പാവം ബിജെപി പ്രവർത്തകൻ വെളിപ്പെടുത്താൻ പറഞ്ഞാൽ ചുറ്റിപ്പോകയല്ലേയുള്ളു.കേരളത്തിലെ സാധാരണക്കാരായ പാർട്ടിപ്രവർത്തകർ ചാനൽ ചർച്ചയ്ക്കു വന്നിരുന്നുകൊടുക്കുമ്പോൾ നേരിടുന്ന ചോദ്യകൂരമ്പുകൾ ഭയങ്കരംതന്നെ.' കേരളത്തിൽനിന്ന് ഗംഭീരവിജയം നേടി പാർലമെന്റിലെത്തിയ ഏക വ്യക്തി ശ്രീ.സുരേഷ് ഗോപിയെ സഹമന്ത്രിയാക്കിയതിനു പിന്നിലെ കാരണം എന്താണ് ? .എന്തുകൊണ്ട് ക്യാബിനറ്റ് പദവി നൽകിയില്ല.സുരേഷ് ഗോപി സ്ഥാനം വേണ്ടെന്നു പ്രധാനമന്ത്രിയോട് പറഞ്ഞതായി കേട്ടത് ശരിയാണോ ?.പ്രധാനമന്ത്രിയുടെ മനസ്സിൽ എന്താണ് തുടങ്ങി മര്യാദകെട്ട ചോദ്യങ്ങളുമായി കുറെ അവതാരകരുടെ വിളയാട്ടം.കഷ്ടം തന്നെ.അതിനൊക്കെ മറുപടി പറയേണ്ടത് ചർച്ചയ്ക്ക് വിളികേട്ട് എത്തുന്ന മനുഷ്യൻമാർ.അതിന് കുറേ സ്ഥിരം കുറ്റികളുണ്ട്.അവരാണ് അവസാന വാക്ക്.കേരളത്തിലെ ബാക്കിയുള്ള മാധ്യമപ്രവർത്തകരെക്കൂടി അപമാനിക്കയാണ് ഈ ചാനൽകേസരികളെന്ന് മറക്കരുത്.

സുരേഷ് ഗോപി ഒരു പച്ചനുഷ്യനാണ് .അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിന്റെ പ്രതിഫലമാണ് ഈ വിജയം.എത്രയെത്ര അപമാനിക്കലുകൾ,ട്രോളുകൾ,പരിഹാസങ്ങൾ,തേജോവധം...ഒരു മാധ്യമപ്രവർത്തകയെത്തന്നെ ഗോദായിലിറക്കി പീഢനപരാതികൊടുപ്പിച്ച് അദ്ദേഹത്തെ ആക്രമിച്ചു. മാതാവിനു ചെമ്പുകിരീടം നൽകിയെന്നു പറഞ്ഞ് കരിവാരിത്തേച്ചു.കുടുംബത്തെപ്പോലും അപമാനിക്കുന്ന മര്യാദകെട്ട വേട്ടയാടലുകൾ.അതൊക്കെ കണ്ടു മനസ്സമടുത്താവണം സുരേഷ് ഗോപിയെ തൃശൂരുകാർ നെഞ്ചിലേറ്റിയത്.സിനിമയിലെ പഞ്ചുഡയലോഗുകൾ മണിമണിപോലെ അടിച്ചുവിടുന്ന വെറുമൊരു നടൻ മാത്രമല്ല സുരേഷ് ഗോപിയെന്നും അതിനപ്പുറത്ത് ഒരു അലിവുള്ള മനസ്സിനുടമയാണെന്നും കഴിഞ്ഞ വർഷങ്ങളിൽ അദ്ദേഹം തെളിയിച്ചുകഴിഞ്ഞു.ജാതിയും മതവുമൊന്നും നോക്കാതെ സഹായത്തിന് അർഹതപ്പെട്ടവരെ മനുഷ്യരായി മാത്രം കാണാനുള്ള അദ്ദേഹത്തിന്റെ മനസ്സ് വ്യത്യസ്തമാണ് ..ചട്ടിസമരം നടത്തിയ മറിയക്കുട്ടിയെപ്പോലുള്ളവരെ തേടിച്ചെന്ന് ചേർത്തുപിടിക്കാനുള്ള മനസ്സ് നമ്മുടെ ഹൃദയത്തിൽ അദ്ദേഹത്തിന് ഇരിപ്പടമൊരുക്കി.എന്തെങ്കിലും നാടിനുവേണ്ടി ചെയ്യാൻ മനസ്സും കഴിവും തന്റേടവുമുള്ള ആണൊരുത്തനാണ് സുരേഷ് ഗോപിയെന്ന്



കേരളത്തിലെ ജനങ്ങൾ ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു.കുറേക്കാലമായി കേരളരാഷ്ട്രീയത്തിലെ വെറും ഞഞ്ഞാപിഞ്ഞകളെ കണ്ടു മനംമടുത്ത നമ്മൾക്ക് ഒരാശ്വാസമാണ് സുരേഷ്ഗോപിയുടെ വരവ്.ഇതിനു മുമ്പും സിനിമാതാരങ്ങൾ കേരള രാഷ്ട്രീയത്തിൽ അരങ്ങേറിയിട്ടുണ്ട്.അവർക്കൊക്കെ വോട്ടുകൊടുത്തവരെ നിരാശപ്പെടുത്തിയ അനുഭവങ്ങളും കൺമുന്നിലുണ്ട്.നാടിനുവേണ്ടി ഒന്നും ചെയ്യാതെ കുത്തിയിരിക്കുന്നവർ.അവർക്കെതിരെ ഒരക്ഷരം ഉരിയടുന്നില്ല .പകരം സുരേഷ് ഗോപിയെ എങ്ങനെ കെട്ടുകെട്ടിക്കാമെന്ന് റിസർച്ചിലാണ് കുറേ മാധ്യമശിങ്കങ്ങൾ.പത്രധർമത്തിന്റെ അന്തസ്സിനെത്തന്നെ ചോദ്യം ചെയ്യാനിറങ്ങിത്തിരിച്ചിരിക്കുന്ന അവതാരങ്ങൾഎന്തായാലും .സുരേഷ് ഗോപിയിൽ ഞങ്ങൾക്കു പ്രതീക്ഷയുണ്ട്.വരും ദിവസങ്ങളിൽ നമ്മൾക്കത് കാണാം.

എനിക്ക് ഗരുതുല്യനാണ് കുര്യൻജി..സത്യസന്ധനായ ഒരാൾ ഞങ്ങൾ കോട്ടയംകാരുടെ സ്വന്തം കേന്ദ്രമന്ത്രി ശ്രീ ജോർജ് കുര്യൻ. മാധ്യമങ്ങളുടെ വലിയ ഏറൊന്നും കിട്ടാത്ത ആളാണ് കുര്യൻജി. ചാനൽ ചർച്ചയിലെ സ്ഥിരം സാന്നിധ്യം.ഒരു മനുഷ്യൻ പ്രതിഫലം ഇച്ഛിക്കാതെ 44 വർഷമായി തുടരുന്ന പാർട്ടിപ്രവർത്തനങ്ങളുടെ , കഠിനാദ്ധ്വാനത്തിന്റെ ഫലമാണ് ഈ അംഗീകാരം..1980-ൽ ബിജെപി രൂപീകൃതമായപ്പോൾ പ്രവർത്തകനായി സ്വയം സമർപ്പിച്ച വ്യക്തിയാണ്. തന്റെ ജീവിതം മുഴുവൻ പാർട്ടിക്കുവേണ്ടി സമർപ്പിച്ച ഒരു മനുഷ്യൻ.ഒന്നും വെട്ടിപ്പിടിച്ചില്ല. കട്ടുമുടിച്ചില്ല. പാർട്ടിയെ വിറ്റുതിന്നില്ല.സത്യപ്രതിജ്ഞയ്ക്കു തൊട്ടുമുമ്പുവരെ സാധാരണക്കാരനായ രാഷ്ട്രീയക്കാരനായി ഒതുങ്ങിക്കഴിഞ്ഞു കൂടിയ ആദർശധീരനായ മനുഷ്യനാണ് ജോർജ് കുര്യൻ.പല ഗൗരവതരമായ ചുമതലകളും പാർട്ടി ഇതിനു മുമ്പ് അദ്ദേഹത്തെ ഭരമേൽപ്പിച്ചിട്ടുണ്ട്.ക്രൈസ്തവർക്കിടയിലെ ഒരാൾ നാലുപതിറ്റാണ്ടിലേറെയായി ബിജെപിക്കാരനായി ജീവിച്ചുകൂടുക എന്നത് ഒരത്ഭുതം തന്നെയാണ്.കത്തോലിക്കർ സാധാരണ കോൺഗ്രസ്സും കേരള കോൺഗ്രസ്സും വിട്ടൊരു കളിക്കും പോകാത്തവരാണ്. വിശ്വാസത്തെ ചേർത്തു പിടിച്ചുകൊണ്ടുതന്നെ അദ്ദേഹം പാർട്ടിക്കൊപ്പം മുന്നേറി. എന്നു വച്ചാൽ കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും പപ്പാതി നൽകി വിജയിച്ച ഒരാൾ.ആ മനസ്സിൽ എന്തു രഹസ്യവും സുരക്ഷിതമാണ്.അതിനു തെളിവാണ് മന്ത്രിയാകുന്ന വാർത്ത അറിഞ്ഞ് കാണക്കാരി നമ്പ്യാർകുളത്തെ വിട്ടിലെത്തിയ പത്രപ്രവർത്തകരുടെ മുന്നിൽ അദ്ദേഹത്തിന്റെ ഭാര്യഅന്നമ്മ അന്തം വിട്ടത്.ഭാര്യപോലുമറിയാതെ സൂക്ഷിച്ച ആ വലിയ രഹസ്യം.അതാണ് അദ്ദേഹത്തിന്റെ പ്രതിബദ്ധത. എന്തുകൊണ്ട് അദ്ദേഹത്തിന് ഈ അംഗീകാരത്തിന് ഇത്രയും വൈകി എന്നതു മാത്രമാണ് എന്നെ അതിശയിപ്പിക്കുന്നത്.

മണിപ്പൂർ കലാപം തുടങ്ങിയ കാലത്ത് ഞാൻ അദ്ദേഹത്തോട് വളരെ ആശങ്കയോടെ സംസാരിച്ചിരുന്നു.ഗോത്രവർഗ്ഗക്കാർ തമ്മിൽ നടത്തുന്ന ഏറ്റുമുട്ടലുകളെ വർഗ്ഗീയവത്കരിച്ച് അരക്ഷിതത്വം എന്ന് പറഞ്ഞുപരത്താൻ ചിലരുടെ നീക്കമുണ്ടായി.ക്രൈസ്തവ നേതാക്കളിൽ ചിലർ മണിപ്പൂർ സന്ദർശിച്ച ശേഷം കേരളത്തിൽ പരത്തുന്ന പല വാർത്തകളും കല്ലുവച്ച നുണകളാണെന്ന് അദ്ദേഹം വ്യക്തമാക്കി.ഇപ്പോൾ കുറേ നാളുകളായി ആ നുണപ്രചാരകരെ കാണുന്നേയില്ല.എവിടെപ്പോയോ ആവോ.എന്തായാലും ബിജെപിയ്ക്കും ക്രൈസ്തവർക്കുമിടയിലെ ഒരു പാലമാണ് കുര്യൻജി.ഇതുവരെ അതൊരു തടിപ്പാലമായിരുന്നെങ്കിൽ പുതിയ സ്ഥാനലബ്ധിയോടെ ഇനി അതൊരു ഉരുക്കുപാലമാണ്.ക്രൈസ്തവരുടെ ആശങ്കകൾ പരിഹരിക്കാനും പാർട്ടിയിലേക്ക് കൂടുതൽ അടുപ്പിക്കാനും ന്യൂനപക്ഷക്ഷേമ സഹമന്ത്രികൂടിയായ ശ്രീ ജോർജ് കുര്യനു കഴിയും .അതു തന്നെയാണ് പാർട്ടിയുടെ ലക്ഷ്യവും എന്നതിൽ തർക്കമില്ല..

ഈ സമയത്ത് ഓർമിക്കേണ്ട മറ്റൊരു വ്യക്തി പ്രാഫ.ഒ.എം മാത്യുവാണ്.ജീവിതത്തിന്റെ നല്ലൊരു സമയവും ബിജെപിക്കുവേണ്ടി പ്രവർത്തിച്ച അദ്ദേഹത്തിന് അർഹിക്കുന്ന സ്ഥാനങ്ങൾ കിട്ടിയില്ല എന്നതാണ് സത്യം.ജേണലിസം ബിരുദാനന്തര ബിരുദകോഴ്സിനു പഠിക്കുമ്പോൾ എന്റെ അധ്യാപകനായിരുന്നു അദ്ദേഹം.പാർട്ടിയെപ്പറ്റി സംസാരിക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ അഭിമാനവും സന്തോഷവും ഇപ്പോഴും ഓർമിക്കുന്നു.തന്റെ പാർട്ടി കേരളത്തിൽ ശക്തമായ മുന്നേറ്റം നടത്തിയതിന്റെ ആനന്ദത്തിലായിരിക്കും പ്രായാധിക്യത്തിലും പ്രാഫ.ഒ.എം മാത്യു.

എന്തായാലും വലിയൊരു മാറ്റത്തിന്റെ തുടക്കമാണിത്.ഇടത്-വലത് ,വലത്- ഇടത് എന്നിങ്ങനെ രണ്ടു പാർട്ടികൾ മാത്രം മാറിമാറി നിരങ്ങി വെളുപ്പിച്ച സംസ്ഥാനത്ത് മൂന്നാമതൊരു പാർട്ടി സക്രിയമാവുകയായി.ഇനി പോരുകൾ മുറുകും.ഏറുകൾ പെരുകും.കാലുമാറ്റവും കൂറുമാറ്റവും അരങ്ങുതകർക്കും.രണ്ടുവർഷം കഴിഞ്ഞു നേരിടാൻ പോകുന്ന നിയമാസഭാ തിരഞ്ഞെടുപ്പിൽ ചില മാജിക്കുകൾ പ്രതീക്ഷിക്കുകയാണ് കേരള ജനത.

# കോൺസൽ വിജയകൃഷ്ണനു ഔദ്യോഗിക യാത്രയയപ്പ്; തോമസ് ടി ഉമ്മൻ പൊന്നാട അണിയിച്ചു




ന്യൂ യോർക്ക്: ഇന്ത്യൻ കോൺസുലേറ്റിൽ വിരമിക്കുന്ന കോൺസൽ (കമ്മ്യൂണിറ്റി അഫയേഴ്സ്) എ കെ വിജയകൃഷ്ണന് ന്യൂ യോർക്ക് കോൺസുലേറ്റിൽ ഔദ്യോഗികമായി യാത്രയയപ്പ് നൽകി. ഫോമാ നേതാവ് തോമസ് ടി ഉമ്മൻ, വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ് തോമസ് മൊട്ടക്കൽ തുടങ്ങി ഒട്ടേറെ കമ്മ്യൂണിറ്റി നേതാക്കളും പങ്കെടുത്ത യോഗത്തിൽ കോൺസൽ ജനറൽ അംബാസഡർ ബിനയ ശ്രീകാന്ത് പ്രധാന ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ഇന്ത്യൻ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ നേരിട്ട് അറിയുവാനും അവയ്ക്ക് പരിഹാരം കണ്ടെത്തുവാനും കോൺസൽ വിജയകൃഷ്ണൻ നടത്തിയ ശ്രമങ്ങൾ സമൂഹം നന്ദി പൂർവം ഓർക്കുമെന്ന് പ്രാസംഗികർ ചൂണ്ടിക്കാട്ടി. കോവിഡ് മഹാമാരി കാലത്ത് കോൺസുലേറ്റിൽ സഹായം തേടിയവർക്കു അദ്ദേഹം ആശ്വാസമായിരുന്നു എന്ന് അവർ ചൂണ്ടിക്കാട്ടി.

കോൺസുലേറ്റുമായി ദീർഘകാലമായുള്ള തന്റെ ബന്ധം അനുസ്മരിച്ച തോമസ് റ്റി ഉമ്മൻ കോൺസുലേറ്റ് സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിൽ വിജയകൃഷ്ണൻ വലിയ പങ്കു വഹിച്ചതായി ചൂണ്ടിക്കാട്ടി.

തുടർന്ന് തോമസ് റ്റി ഉമ്മനും ഡെപ്യൂട്ടി കോൺസൽ ജനറൽ ഡോ വരുൺ ജെഫും ചേർന്ന് വിജയകൃഷ്ണനെ പൊന്നാട അണിയിച്ചു.

വേൾഡ് മലയാളി കൗൺസിൽ നേതാവ് തോമസ് മൊട്ടക്കൽ, നഴ്സസ് അസോയിയേഷന്റെ താര ഷാജൻ, ഗുരു ദിലീപ്ജി, ഇന്ത്യൻ പനോരമ എഡിറ്റർ പ്രൊഫ. ഇന്ദ്രജിത് സലൂജ, ഗുരു ദിലീപ് ജി , തുടങ്ങിയവർ കോൺസൽ വിജയകൃഷ്ണന്റെ സേവനത്തിൽ നന്ദി രേഖപ്പെടുത്തുകയും, ആശംസകൾ നേരുകയും ചെയ്തു.

കോൺസൽ വിജയകൃഷ്ണൻ തന്റെ മറുപടി പ്രസംഗത്തിൽ ന്യൂ യോർക്ക് കോൺസുലേറ്റിന്റെ സേവനം ഇന്ത്യൻ സമൂഹത്തിലേക്ക് എത്തിക്കുവാൻ നടത്തിയ ശ്രമങ്ങൾ വിശദീകരിച്ചു. ഇന്ത്യൻ സമൂഹം നൽകിയ നിർലോപമായ സഹകരണത്തിന് അദ്ദേഹം നന്ദി അറിയിച്ചു.

എഫ്ഐ എ, എ ഐ എ, തുടങ്ങി വിവിധ സംഘടനകളിൽ നിന്നും പ്രതിനിധികൾ ആശംസകൾ നേർന്നു സംസാരിച്ചു








# ഡാളസ്സിൽ ആദ്യമായി സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് ഉജ്വലമായി




**പി പി ചെറിയാൻ**


ഡാളസ് ഡാളസ്സിൽ ആദ്യമായി സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് ജൂൺ 14 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് ഡാളസ് കേരള അസോസിയേഷനിൽ വെച്ച് നടത്തപ്പെട്ടു.കേരള അസോസിയേഷൻ ഓഫ് ഡാലസ് ,ഇന്ത്യ കൾച്ചറൽ എജുക്കേഷൻ സെൻറർ സംയുക്തമായിട്ടാണ് ദേശീയ വടംവലി മത്സരം സംഘടിപ്പിക്കുന്നത്.

'കുവൈറ്റിലെ തീപിടുത്തത്തിൽ മരണപ്പെട്ട പ്രിയ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു ഒരു നിമിഷം മൗനം ആചരിച്ചുകൊണ്ടാണ് പരിപാടിക്കു തുടക്കം കുറിച്ചത്.




1976 ആരംഭിച്ച കേരള അസോസിയേഷൻ ആദ്യമായാണ് ഒരു നാഷണൽ വടംവലി മത്സരം സംഘടിപ്പിക്കുന്നത് ജൂൺ 22 ആം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ് ആവേശകരമായ മത്സരം നടക്കുകയെന്നു സ്വാഗതം ആശംസിച്ചുകൊണ്ട് ഷിജു എബ്രഹാം (ഐസിഇസി പ്രസിഡന്റ്) പറഞ്ഞു

ഗാർലാൻഡ് സിറ്റിയിലുള്ള സെൻറ് തോമസ് കാത്തലിക്ക് ചർച്ച് പാർക്കിംഗ് ലോട്ടിലാണ് മത്സരം ക്രമീകരിച്ചിരിക്കുന്നതെന്നും പുരുഷന്മാരുടെ 9 ടീമുകളും വനിതകളുടെ





മൂന്ന് ടീമുകളുമാണ് മാറ്റുരയ്ക്കുന്നത് ന്യൂയോർക്ക് ചിക്കാഗോ തുടങ്ങി മറ്റു പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകൾ ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുമെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) പറഞ്ഞു



മൊത്തത്തിലുള്ള പ്ലാനിംഗ് അപ്ഡേറ്റ് ജോസി ആങ്ങിലിവേലിലും ,പ്രോഗ്രാം അപ്ഡേറ്റ് സുബി ഫിലിപ്പും വിവിധ പ്രോഗ്രാം ചുമതലയുള്ള ജെയ്സി രാജു , അനസ്വീർ മാംമ്പിള്ളി ,സാബു മുകളടി,വിനോദ് ജോർജ്,ടോമി നെല്ലുവേലിൽ,ദീപക് നായർ എന്നിവരും യോഗത്തിൽ വിശദീകരിച്ചു. മത്സര വിജയികൾക്കുള്ള ട്രോഫി സ്പോൺസർ ചെയ്തിരിക്കുന്ന ഹിമാലയൻ വാലി ഫുഡ്സ് ഡയറക്ടർ ഫ്രിക്സ്മോൻ മൈക്കിൾ , ഫോട്ടോഗ്രാഫി സൺ ഷൈൻ ഉടമ ബെന്നിജോൺ , അസോസിയേഷൻ ഭാരവാഹികൾ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് പ്രസിഡന്റ് സണ്ണി മാളിയേക്കൽ, മീന ലോറൻസ് ചിറ്റിലപ്പിള്ളി ,ഡാളസ് യൂത്തിനെ പ്രതിനിധീകരിച്ചു ജിജി പി സ്കറിയാ, സിജു വി ജോർജ് ( കേരള ലിറ്റററി സൊസൈറ്റി ) തുടങ്ങി പല പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

കേരള അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ ഇന്ത്യ കൾച്ചറൽ ആൻമലയാളം ലൈബ്രറിയിലേക്ക് ഡ് എജുക്കേഷൻ സെൻറർ പ്രസിഡണ്ട് ഷിജു എബ്രഹാം രക്ഷാധികാരികളായി 70 വളണ്ടിയർമാരും കേരള അസോസിയേഷൻ ,ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് ഇതിന് നേതൃത്വം കൊടുക്കുന്നത് ചെണ്ടമേളവും ബൈക്ക് റാലിയും ഫുഡ് കോർട്ടുകളും കലാപരിപാടികളും ചേർന്നുള്ള ഒരു മുഴുനീള മാമാങ്കമാണ് അരങ്ങേറുന്നത് .മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളറും രണ്ടാം സമ്മാനമായി 2000 ഡോളറും മൂന്നാം സമ്മാനമായി 1000 ഡോളറും നാലാം സമ്മാനമായി 500 ഡോളറും ലഭിക്കും



തുടർന്ന് ട്രോഫി അനാച്ഛാദനം പ്രദീപ് നാഗനൂലിൽ & ഷിജു അബ്രഹാം എന്നിവർ ചേർന്ന് നിർവഹിച്ചു. കേരളത്തിൽ നിന്നും എത്തിച്ചേർന്ന സാഹിത്യകാരനും നോവലിസ്റ്റുമായ ത്രിവിക്രമൻ രചിച്ച പുതിയ നോവലുകളുടെ കോപ്പി മലയാളം ലൈബ്രറിയിലേക്ക് നൽകിയത് ലൈബ്രറി ഡയറക്ടർ ബേബി കൊടുവത്തു പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ ഏറ്റു വാങ്ങി.

സെക്രട്ടറി മഞ്ജിത് കൈനിക്കര എല്ലാവരെയും വടംവലി മാമാങ്കത്തിലേക്ക് ക്ഷണിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു

# സൂപ്പർ എട്ടിൽ പോരാട്ടം 19 മുതൽ

**സനിൽ പി. തോമസ്**




ട്വന്റി 20 ലോക കപ്പിൽ സൂപ്പർ എട്ട് പോരാട്ടം 19 ന് ആന്റിഗ്വയിൽ തുടങ്ങുമ്പോൾ യു എസ്.എ. ദക്ഷിണാഫ്രിക്കയെ നേരിടും. തൊട്ടടുത്ത ദിവസം ബാർബഡോസിൽ അഫ്ഗാനിസ്ഥാനെ നേരിടും. ഇത്രയും ആകുമ്പോഴും സൂപ്പർ എട്ടിൽ രണ്ടു ബെർത്തുകൾ നിശ്ചയിക്കപ്പെട്ടിട്ടില്ല. ഗ്രൂപ്പ് എയിൽ നിന്ന് ഇന്ത്യയും യു.എസ്.എയും അടുത്ത റൗണ്ടിൽ എത്തി. യു.എസ്.-അയർലൻഡ് മത്സരം മഴ മുടക്കിയതോടെ പാക്കിസ്ഥാന് അവശേഷിച്ചിരുന്ന നേരിയ പ്രതീക്ഷയും അസ്തമിക്കുകയായിരുന്നു.

ഗ്രൂപ്പ് സി യിൽ നിന്ന് വെസ്റ്റ് ഇൻഡീസും അഫ്ഗാനിസ്ഥാനും സൂപ്പർ എട്ടിൽ കടന്നു. ഗ്രൂപ്പ് ബി യിൽ നിന്ന് ഓസ്ട്രേലിയയും ഗ്രൂപ്പ് ഡിയിൽ നിന്ന് ദക്ഷിണാഫ്രിക്കയും സൂപ്പർ റൗണ്ടിൽ എത്തി.

ഇനി അറിയേണ്ടത് ' ഗ്രൂപ്പ് ബിയിലും ഗ്രൂപ്പ് ഡിയിലും നിന്ന് അടുത്ത റൗണ്ടിൽ എത്തുന്ന ഓരോ ടീം ആരായിരിക്കും എന്നതാണ് . ഇംഗ്ലണ്ടിന്റെ കാര്യത്തിൽ മഴ വില്ലനാകുമോ എന്ന ആശങ്കയുണ്ട്. സ്കോട്ലൻഡ് കടന്നു കയറിയെന്നിരിക്കും .ഗ്രൂപ്പ് ഡിയിൽ ബംഗ്ലാദേശിനാണ് സാധ്യത. നെതർലൻഡ്സ് പൊരുതുന്നു.

പാക്കിസ്ഥാൻ, ശ്രീലങ്ക, ന്യൂസിലൻഡ്, ഇംഗ്ലണ്ട് ടീമുകൾ ഒരു പോലെ സൂപ്പർ എട്ടിൽ എത്താതെ വരുന്നത് ലോക ക്രിക്കറ്റിൽ അദ്ഭുതമായിരിക്കും. പക്ഷേ, ഇത് ട്വന്റി 20 ആണ്.

സൂപ്പർ എട്ടിൽ രണ്ടു ഗ്രൂപ്പായിരിക്കും. ആദ്യ രണ്ടു സ്ഥാനക്കാർ സെമിയിൽ കളിക്കും. സെമി മുതൽ നോക്കൗട്ട് ആണ്.

ആതിഥേയത്വം വഹിച്ച രണ്ടു ടീമുകളും സൂപ്പർ എട്ടിൽ കടന്നുവെന്നത് സംഘാടകർക്ക് ആവേശം പകരും. ഇനി മത്സരങ്ങൾ എല്ലാം വെസ്റ്റ് ഇൻഡീസിലാണ്.യു.എസ്.മുന്നേറിയെന്നു പറയുമ്പോൾ പാക്കിസ്ഥാനാണ് നഷ്ടം സംഭവിച്ചത്.കപ്പ് നേടിയാൽ വൻ തുകയാണ് പാക്കിസ്ഥാന് കാഷ് അവാർഡ് പ്രഖ്യാപിച്ചിരുന്നത്. ഹോക്കിയിലും ക്രിക്കറ്റിലും പാക്കിസ്ഥാന്റെ പഴയ മികവ് വീണ്ടെടുക്കാൻ ഭരണകൂടം തന്നെ മുന്നിട്ടിറങ്ങിയപ്പോഴാണ് ഈ തിരിച്ചടി സംഭവിച്ചത്.

അതിനിടെ ഇന്ത്യ - പാക്കിസ്ഥാൻ മൽസരം നടന്നപ്പോൾ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെ ജയിൽ മോചിതനാക്കണമെന്ന് ആവശ്യപ്പെടുന്ന ബാനർ പ്രദർശിപ്പിച്ചൊരു വിമാനം സ്റ്റേഡിയത്തിന്നു മുകളിൽ പ്രത്യക്ഷപ്പെട്ടെന്ന് അമേരിക്കൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പാക്കിസ്ഥാൻ ഒരേയൊരിക്കൽ ഏക ദിന ലോക കപ്പ് നേടിയപ്പോൾ നായകൻ ആയിരുന്നു ഇമ്രാൻ ഖാൻ. ഇപ്പോഴത്തെ പാക്കിസ്ഥാൻ ടീമിനെതിരെ വ്യാപക വിമർശനമാണ് പാക്കിസ്ഥാനിൽ ഉയർന്നിരിക്കുന്നത്.

കാനഡയുമായുള്ള ഇന്ത്യയുടെ പോരാട്ടം മഴ മൂലം ഉപേക്ഷിച്ചു.

ശനിയാഴ്ച ഫ്ലോറിഡയിലെ സെൻട്രൽ ബ്രോവാർഡ് റീജിയണൽ പാർക്ക് സ്റ്റേഡിയം ടർഫ് ഗ്രൗണ്ടിൽ നടക്കേണ്ടിയിരുന്ന പുരുഷ ടി20 ലോകകപ്പിലെ ഗ്രൂപ്പ് എയിലെ ഇന്ത്യയും കാനഡയും തമ്മിലുള്ള മത്സരം ഒരു പന്ത് പോലും എറിയാതെ ഉപേക്ഷിച്ചു.

ശ്രീലങ്ക-നേപ്പാൾ, അയർലൻഡ്-യുഎസ്എ ഏറ്റുമുട്ടലുകൾക്ക് ശേഷം ഈ ടൂർണമെന്റിലെ തുടർച്ചയായ മൂന്നാം തവണയാണ് ശനിയാഴ്ചത്തെ ഏറ്റുമുട്ടൽ ഉപേക്ഷിക്കപ്പെടുന്നത്. മുൻ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളായ സുനിൽ ഗാവസ്കറും സഞ്ജയ് മഞ്ജരേക്കറും ഗ്രൗണ്ട് പൂർണമായി മഴ നനയാത്ത വിധത്തിൽ മൂടാത്തതിൽ അതൃപ്തി പ്രകടിപ്പിച്ചു. മോശം കാലാവസ്ഥയിൽ വേദികൾ പൂർണ്ണമായും മഴ നനയാതെ വിധം ഐസിസി ടൂർണമെന്റുകളുടെ ചട്ടങ്ങളിൽ വ്യവസ്ഥ ഉണ്ടാക്കണമെന്ന് അവർ ശക്തമായി ശുപാർശ ചെയ്യുകയും ചെയ്തു.

ടീമുകൾ വേദിയിൽ എത്തുമ്പോൾ, ഔട്ട് ഫീൽഡ് നനഞ്ഞിരുന്നു.

2007-ലെ ചാമ്പ്യൻമാരായ ഇന്ത്യ, നാല് കളികളിൽ നിന്ന് ഏഴ് പോയിന്റുമായി ഗ്രൂപ്പ് എയിൽ നിന്ന് തോൽവിയറിയാതെ സൈൻ ഓഫ് ചെയ്തു. ജൂൺ 20-ന് ബാർബഡോസിലെ കെൻസിംഗ്ടൺ ഓവലിൽ അഫ്ഗാനിസ്ഥാനെതിരായ ആദ്യ സൂപ്പർ എട്ട് മത്സരത്തിലേക്ക് അവരുടെ ശ്രദ്ധ തിരിയും.

നേരത്തെ തന്നെ മത്സരത്തിൽ നിന്ന് പുറത്തായ പാകിസ്ഥാന് ഗ്രൂപ്പിൽ മൂന്നാം സ്ഥാനത്തെത്താൻ ഞായറാഴ്ച അയർലൻഡിനെതിരായ അവസാന മത്സരം ജയിച്ചേ മതിയാകൂ.

*ഫോട്ടോ: ഫ്ലോറിഡയിലെ ക്രിക്കറ്റ് ആരാധകർ; മഴമൂലം ശനിയാഴ്ച കാനഡയുമായുള്ള ഇന്ത്യയുടെ പോരാട്ടം ഉപേക്ഷിച്ചു*



# അച്ഛൻ എന്ന തണൽ മരം



**ശ്രീകുമാർ ഉണ്ണിത്താൻ**

ജീവന്റെ പാതിയായ അച്ഛന് വേണ്ടി ഒരു ദിനം മാത്രമോ എന്ന ചോദ്യത്തിന് ഉത്തരമില്ല. അമ്മയുടെ ഉദരത്തിൽ ഒരു കുഞ്ഞു ജന്മം കൊള്ളുമ്പോൾ മുതൽ അച്ഛന്റെ സ്വപ്നങ്ങൾക്കും ചിറകു മുളക്കും. ഒരു കുഞ്ഞിന്റെ വ്യക്തിത്വവികസനത്തിൽ അച്ഛനുള്ള പങ്കു നിർണായകമാണ്. ഒരു പക്ഷേ നാം ഇന്നനുഭവിക്കുന്ന സൗഭാഗ്യങ്ങൾ നമ്മുടെ പിതാക്കന്മാരുടെ സ്വപ്നമായിരിക്കാം. നാം എത്രയൊക്കെ പ്രരിശ്രമിച്ചു ജീവിതത്തിൽ വിജയം കൊയ്താലും അതിന്റെ പിന്നിൽ നമ്മെ നാം ആക്കിയ അച്ഛനെ വിസ്മരിക്കാൻ പറ്റുമോ? ലോകമെങ്ങും മാതൃദിനം കൊട്ടി ആഘോഷിക്കുന്നുണ്ടെങ്കിലും പിതൃദിനം മനഃപൂർവം അല്ലെങ്കിലും വിസ്മരിക്കപ്പെടാറുണ്ട് .

അച്ഛന്റെ സ്നേഹവാത്സല്യങ്ങളെ മനസ്സിൽ നിറക്കുന്ന ഓർമ്മകൾക്ക് ഇന്നും ബാല്യം. കാലങ്ങൾക്കിപ്പുറം ഞാനും ഒരച്ഛനായി നിൽക്കുമ്പോഴും, അച്ഛൻ പകർന്നു തന്ന സ്നേഹവും ലാളനയും മനസ്സിൽ മങ്ങാതെ നിൽക്കുന്നു. ഒരോ വ്യക്തിയുടേയും ജീവിതം പൂർണമാകുന്നതിൽ അച്ഛന്മാർ വഹിക്കുന്ന പങ്ക് ചെറുതല്ല. അച്ഛനെപ്പറ്റി ഓർക്കുമ്പോൾ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ എന്തായിരുന്നു എന്നല്ല, മറിച്ച് ഓരോ ഘട്ടത്തിലും നമുക്ക് ആരെല്ലാമായി മാറിയിരുന്നു എന്ന് പറഞ്ഞു തുടങ്ങുന്നതായിരിക്കും ശരി. കൂട്ടുകാരനായി, ഉപദേഷ്ടാവായി, കാവൽക്കാരനായി, രക്ഷകനായി.. അങ്ങനെ എന്തെല്ലാം വേഷപ്പകർച്ചകൾ! അച്ഛന്റെ കരുതലിനും സ്നേഹത്തിനും പകരം വെക്കാൻ ഈ ലോകത്ത് വേറെയൊന്നിനും കഴിയില്ല എന്നാണ് കാലം തെളിയിച്ചിട്ടുള്ളത്. ഉപാധികളില്ലാതെ നമ്മെ സ്നേഹിക്കാൻ രണ്ട് പേരെ ഉള്ളൂ ജീവിതത്തിൽ... അത് നമ്മുടെ അച്ഛനും അമ്മയും മാത്രമായിരിക്കും.

പത്തുമാസം ചുമന്നു നമ്മളെ നൊന്തു പ്രസവിച്ച അമ്മയുടെ കാര്യമോർത്താൽ നമ്മുടെ ഹൃദയം സ്നേഹം കൊണ്ട് നിറഞ്ഞു തുളുമ്പും എന്ന കാര്യത്തിൽ യാതൊരുസംശയവുമില്ല. നമുക്ക് കാണപ്പെട്ട ദൈവം തന്നെയാണ് അമ്മ. എന്നാൽ അമ്മയുടെ ഉള്ളിൽ നാം ഒരു പൂമൊട്ടായി വിടരാൻ തുടങ്ങിയത് മുതൽ തന്റെയുള്ളിലും പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയുമൊക്കെയായി ഒരു പൂന്തോട്ടം വിരിയിക്കാൻ തുടങ്ങുന്ന അച്ഛനെക്കുറിച്ച് ഓർക്കുമ്പോൾ നമ്മുടെ മനസ്സിലൂടെ കടന്നുപോവുക ഒരു തണൽമരമായി നിന്ന അച്ഛന്റെ ഓർമ്മകൾ ആയിരിക്കും. അമ്മയുടെ ത്യാഗത്തിനും സ്നേഹത്തിനുമൊപ്പം അച്ഛന്റെ വിയർപ്പും കഷ്ടപ്പാടും കൂടി ചേരുമ്പോഴാണ് ഓരോ കുഞ്ഞിന്റെയും ജീവിതം ധന്യമാകുന്നത്. ഓരോ കുടുംബവും സന്തുഷ്ടമാകുന്നതും.

അച്ഛൻറെ വിരൽ തുമ്പിൽ കിട്ടിയ വാത്സല്യവും കരുതലും എല്ലാം ഹൃദയത്തിൽ പതിഞ്ഞാണ് നാം വളർന്നത് . സുരക്ഷിതമായ ആ കൈകളിൽ കുസൃതിയും കുറുമ്പും കാട്ടി നമ്മൾ ഒരുപാട് തല്ല് മേടിച്ചു കൂട്ടിയിട്ടുമുണ്ട് . അതുകൊണ്ടു തന്നെ നമ്മുടെ മനസ്സിൽ അച്ഛന് മിക്കപ്പോഴും ഒരു വില്ലന്റെ റോൾ ആയിരിക്കും. Íമൃദുല വികാരങ്ങൾ നഷ്ടപ്പെടുത്തി എന്നതാണ് അച്ഛന്മാരുടെ പരാജയത്തിന്റെ വലിയ കാരണമായി കാണപ്പെടുന്നത്.Í

മിക്കവാറും എല്ലാ അച്ഛന്മാരും സ്വന്തം കുട്ടികളുടെ സന്തോഷവും താൽപര്യവും മാത്രം നോക്കുന്നവരാണ്. അതേസമയം തന്നെ കുട്ടികൾ തെറ്റ് ചെയ്താൽ തിരുത്തേണ്ട ഉത്തരവാദിത്തം, അവരെ നേർവഴിക്ക് നയിക്കേണ്ട ഉത്തരവാദിത്തം ഇതൊക്കെ സാധാരണ അച്ഛന്മാർക്ക് ഉണ്ടല്ലോ. അതുകൊണ്ടുതന്നെ എപ്പോഴും കുട്ടികളോട് സന്തോഷത്തോടെ പെരുമാറാനോ അവരുടെ താല്പര്യങ്ങൾക്ക് നിന്നുകൊടുക്കാനോ അച്ഛന്മാർക്ക് എപ്പോഴും സാധിക്കാറില്ല എന്നതാണ് സത്യം.

അച്ഛൻമാർ പല തരത്തിൽ പെട്ടവരുണ്ട്. ചിലർ സ്നേഹം വാരിക്കോരി നൽകും. മറ്റുചിലർ സ്നേഹം പ്രകടിപ്പിക്കുന്നതിൽ പിശുക്ക് കാണിക്കും. പക്ഷേ പൊതുവെ പറയുകയാണെങ്കിൽ അച്ഛന്മാർ ഒരു ഇത്തിരി സീരിയസ് ആയിട്ടാണ് മിക്ക വീടുകളിലും കാണുന്നത്. ശിക്ഷിക്കുന്ന കാര്യത്തിലും അച്ചന്മാർ ആ കർത്തവ്യം അങ്ങ് നിർവഹിക്കും. പലപ്പോഴും അമ്മമാർ പറയുന്ന ഒരു പദമാണ് Íഅച്ഛൻ ഇങ്ങു വന്നോട്ടെ നിന്നെ ശരിയാക്കുന്നുണ്ട്.Í

എന്റെ കുട്ടികൾ കുഞ്ഞായിരിക്കുമ്പോൾ അമ്മയേക്കാൾ കുടുതൽ ഇഷ്ടം എന്നോടാണ് എന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഞാൻ ജോലി കഴിഞ്ഞു വന്നാൽ അവർ എന്റെ പിന്നാലെ കാണും. ഊണും ഉറക്കവും എല്ലാം എന്നോടൊപ്പം തന്നെ. പലപ്പോഴും ഭാര്യയുടെ വക ഒരു ചോദ്യം കേൾക്കാം മോനെ നിനക്കിഷ്ടം അച്ചനെയോ അമ്മയെയോ? പരാജിതൻ എന്നും ഞാൻ തന്നെ ആയിരുന്നു.അവർ ഉറക്കമുണരുമ്പോൾ മുതൽ അവരെ പരിചരിക്കുന്ന അമ്മയെ തള്ളിപ്പറയാത്തതിൽ ഞാൻ അസൂയപ്പെട്ടതുമില്ല.

ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങൾ തരണം ചെയ്യാൻ കരുത്തു പകർന്ന, ഇരുൾ മൂടിയ വഴികളിൽ ഒരിക്കലും അണയാത്ത വെളിച്ചമായി നമുക്ക് മുൻപേ നടന്ന, ശാസിച്ചും, ശിക്ഷിച്ചും ഉപദേശിച്ചും വഴി കാട്ടിയായ, ഇന്നലെയിൽ നിന്നും ഇന്നിലേക്ക് കൈപിടിച്ച് നടത്തിയ, നടത്തുന്ന ആ തണൽ മരങ്ങൾക്കായി ആദരവിന്റെ ഒരു ദിനം....

വാർധ്യകൃത്തിൽ അവർക്കു തണൽ ആവാൻ ഈ ഓർമ്മകൾ നമ്മോടൊപ്പം ഉണ്ടാവട്ടെ!

എല്ലാ അച്ഛന്മാർക്കും ഹാപ്പി ഫാതെർസ് ഡേ

# Classifieds

Buy & Sell

REAL ESTATE

## Bridegroom Wanted

### Bridegroom wanted

Catholic parents seeking alliance for their daughter, a 29, with a Doctorate in Pharmacy from the Washington State University in Seattle. She is beautiful, dedicated and compassionate, and is been working as Pharmacist for two years. We are looking for a well-educated, understanding, and caring life partner, preferably with a medical professional background, who is around 30-32 years, from RC or other Christian suitable denominations. We believe in the importance of compatibility, respect, and shared values in a marriage.

Pl contact us with your son's details and recent photographs at **lalithundiyil@yahoo.com**

### Bride Wanted

Marthomite parents of Physician Associate (PA) 28 born and brought up in the US, seek alliance from qualified girls (ages between 25 to 28) from any Christian denominations. He is 6" tall and works in New York.
Interested parties please call 1-917-900-2123 or email info@medialogistics.us

### Bride groom Wanted

Marthomite parents of doctor, 26 born and brought up in the US, seek alliance from professionally qualified boys (ages between 26 to 29) from any Christian denominations. She is fair, 5"4" tall and family oriented and now works in New Jersey. Interested parties please call 1-917-900-2123 or email info@ media logistics .us

### Seeking Bride

B.Tech engineer, mechanical, now working in Dubai Working as a Quality Management System Administrator in Premier Composite Technologies, seeks alliance from girls, any denomination. He belongs to an Orthodox family in Wadakanchery, Thrissur. Age: 26; DOB: 26.01. 996; Weight: 61 kg; Height: 172 cm. Complexion: medium

Contact: 845 300 6781

### വരനെ ആവശ്യമുണ്ട്

ഹിന്ദു യുവതി, Bsc Nurse, വർക്ക് പെർമിറ്റ്, 39 വയസ്സ്, അവിട്ടം '5'1'. ഇരുനിറം. പുനർവിവാഹം. ബാധ്യതകളില്ല. ജാതി സാമ്പത്തികം പ്രശ്നമില്ല. US citizens only

Contact - 215-880-3341
or vincentemmanuel @aol.com

## Real Estate

3 BHK New Luxury Apartment In Trichur Town (Near Round)

Contact – 9846128822

### പത്തനംതിട്ടയിൽ ഭൂമി വിൽപ്പനയ്ക്ക്

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനു സമീപം 25 സെന്റ് സ്ഥലം വിൽപ്പനയ്ക്ക്. വില്ലകളോ ഫ്ലാറ്റുകളോ നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം.
കാതോലിക്കേറ്റ് കോളേജ് റോഡിന്റെ സൈഡിലും പത്തനംതിട്ട-ഓമല്ലൂർ റോഡിൽ നിന്ന് മീറ്റർ ഉള്ളിലാണ് കോമ്പൗണ്ട് വാൾ ഉണ്ട് . ദയവായി ബന്ധപ്പെടുക (516) 5031735.

Land for sale in changanacherry

Changanacherry: 28 Cents of prime land with about 25 meter frontal access to main bypass road and within walkable distance of town/railway, bus stations, schools, colleges, hospitals & places of worship. Suitable for commercial / residential projects – available for sale.

This portion of the land is part of larger 58 cent plot with a ancestral house of 4500 Sq.ft with separate entrance. Genuine buyers only - do contact at: Contact: +971552625657 email: plotcgy@gmail.com


ഗുരുകുലം

Established in 1993

Indian School of Culture, Languages and Arts

P.O Box 521, White Plains, N. Y. 10602



## MALAYALAM THROUGH ENGLISH

*by:*




**Dr. James Kurichi**

This 358-page book in 32 lessons teaches the English-speaking population to read, write, and speak Malayalam language.
It will be of enormous help to the descendants of Malayalee immigrants.
The best gift Malayalee immigrants can make to their children and grandchildren.
To purchase the book

email: malayalamthroughenglish@gmail.com

# നിര്യാതരായി



**അമ്മിണി ഫിലിപ്പോസ്**

ഡാളസ് കായംകുളം മാങ്കുഴിയിൽ പണക്കുന്നിൽ വെരി റവ.ഡോ കെ.ജി.ഫിലിപ്പോസ് എപ്പിസ്കോപ്പയുടെ പത്നി അമ്മിണി ഫിലിപ്പോസ് (74) ഡാളസ്സിൽ ജൂൺ 10 നു അന്തരിച്ചു .കായംകുളം താമരക്കുളത്ത് പള്ളിയാമ്പിൽ കുടുംബാംഗമാണ് . മക്കൾ: ഡോ.ഷീബ പി തോമസ്, സിസിലിയ പി ജോർജ്.മരുമക്കൾ: അനീഷ് തോമസ്, ലീജോ ജോർജ്ജ് കൊച്ചുമക്കൾ: ഒലിവിയ തോമസ്, ജെറമിയ ജോർജ്, ഡെവൻ തോമസ്, അരിയാന ജോർജ്. സഹോദരങ്ങൾ: മേരി ഗീവർഗീസ്, ലീലാമ്മ തങ്കച്ചൻ, മത്തായി ഗീവർഗീസ്, റേച്ചൽ മാത്യു, സൂസമ്മ തോമസ്.ബോസ്റ്റണിൽ 36 വർഷവും അഗസ്റ്റയിൽ (ജോ ർജിയ) 13 വർഷവും താമസി ച്ചിരുന്ന പരേത 7 മാസം മുൻപ് ഡാളസിലേക്ക് താമസം മാറ്റിയിരുന്നു



**ഏലിയാമ്മ ജോൺ**

ന്യൂജേഴ്‌സി: ന്യൂജേഴ്‌സി സെന്റ്.തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിലെ ആദ്യകാല ഇടവകാംഗം, ഈസ്റ്റ് വിൻസർ ടൗൺഷിപ്പിൽ താമസിക്കുന്ന ചെങ്ങന്നൂർ കല്ലിശ്ശേരി പാലനിൽക്കുന്നതിൽ ജോൺ വർഗീസിന്റെ പത്നി ഏലിയാമ്മ ജോൺ (കുഞ്ഞൂഞ്ഞമ്മ,84)അന്തരിച്ചു.1974-ൽ അമേരിക്കയിലേക്ക് കുടിയേറി. ദീർഘകാലം ജേഴ്‌സിസിറ്റി ക്രൈസ്റ്റ് ആശുപത്രി യിൽ രജിസ്റ്റേർഡ് നഴ്സ് ആയിരുന്നു. മക്കൾ: ജോൺ പി വർഗീസ് (പ്രസാദ്) ഭദ്രാ സന മുൻ പാസ്റ്ററൽ കൌൺസിൽ സെക്രട്ടറി, ശോശാമ്മ (പ്രസന്ന ഡേവിഡ്), പ്രമീള ജോൺ.

**കെ. പി.ദേവസ്യാച്ചൻ**

നാൽപാത്തിമല: വെട്ടിക്കൽ (കഴുതാടിയിൽ) കെ. പി.ദേവസ്യാച്ചൻ (68) അന്തരിച്ചു.



**മേരി മാത്യു,**

ന്യൂയോർക്ക്: ഫൊക്കാന മുൻ പ്രസിഡന്റ് പോൾ കറുകപ്പള്ളിയുടെ ഭാര്യ ലതയുടെ അമ്മ മേരി മാത്യു, 84, കെരളത്തിൽ അന്തരിച്ചു. റിട്ട. അധ്യാപികയായിരുന്നു. കഴിഞ്ഞ നവംബർ വരെ അമേരിക്കയിലായിരുന്നു. ഏഴു വർഷം മുൻപാണ് ഭർത്താവ് പെരുമ്പാവൂർ കുറുപ്പംപടി പടയാറ്റിൽ പി.കെ. മാത്യു അന്തരിച്ചത്. മക്കൾ: ലതാ പോൾ, റോക്ക് ലാൻഡ്, ന്യൂയോർക്ക്; സിബി മാത്യു, ;ഷെൽബി ഐസക്, യോങ്കേഴ്‌സ്, ന്യൂയോർക്ക്; ജെസി എബ്രഹാം, അബുദാബി. മരുമക്കൾ: പോൾ കറുകപ്പള്ളിൽ, ബിന്ദു സിബി, ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി സ്ഥാനാർഥി ജോൺ ഐസക്, ഏബ്രഹാം ജോർജ്. കൊച്ചുമക്കൾ: ലീപ & ജോബിൻ തോമസ്, ലിപിൻ & ഷേമ ജേക്കബ്, ജോബി ൻ, ശില്പ, അലിഷ, ജോഷ്, ഷാരൻ.



**മത്തായി ഫിലിപ്പോസ്**

ഫ്ളോറിഡ:കുണ്ടറ ഭരണിക്കാവിളയിൽ ഷാരൺ കോട്ടേജിൽ മത്തായി ഫിലിപ്പോസ് (74) ലേക്ക്‌ലാൻഡിൽ നിര്യാതനായി. ഭാര്യ മേഴ്‌സി വീയപുരം വേലിയിൽ കുടുംബാംഗമാണ്. മക്കൾ: ഷാരൻ (യു.എസ്), കെവിൻ (ദുബായ്). മരുമക്കൾ:ജിം മരത്തിനാൽ (ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ജനറൽ കൗൺസിൽ അംഗം ), ഷെറിൽ.

**വി.ജെ.മാത്യു**

കോട്ടയം:കളത്തൂർ വട്ടമറ്റത്തിൽ വസതിയിൽ വി.ജെ.മാത്യു (97) അന്തരിച്ചു. ഭാര്യ: കിഴക്കേക്കുറ്റ് അന്നമ്മ മാത്യു. മക്കൾ: പരേതനായ ജോസഫ് മാത്യു, വത്സമ്മ സിറിയക് തടത്തിൽ (വെട്ടിമറ്റം), സെലീന ജോൺ (കാനഡ), ലിസി ജോർജുകുട്ടി നെല്ലി ത്താനത്തുകാലായിൽ (കോതനല്ലൂർ).



**ബേബി ഇട്ടീര**

ഓസ്റ്റിൻ/തൃശൂർ:മാള വടക്കൻ തറവാട്ടിൽ പരേതനായ ഇട്ടീര ഭാര്യ ബേബി (82 വയസ്സ് ), ജൂൺ 11 രാവിലെ, അന്തരിച്ചു. മക്കൾ : ലൈല ടോമി റിട്ടയേഡ് കെ വി ടീച്ചർ ബാംഗ്ലൂർ, ഫാദർ ജോളി വടക്കൻ വികാരി ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളി. റൂബി ജോഷി റിട്ടയേർഡ് ടീച്ചർ ഡോൺ ബോസ്കോ മണ്ണുത്തി.സിജോ വടക്കൻ സിഇഒ ട്രിനിറ്റി ടെക്സസ് ഗ്രൂപ്പ്, ഓസ്റ്റിൻ, ടെക്സസ് യു എസ് എ. സിജി ബാബു ടീച്ചർ ക്രൈസ്റ്റ് അക്കാഡമി ബാംഗ്ലൂർ. ഫാദർ ലിജോ വടക്കൻ, എസ് ബിഡി, റെക്ടർ, ഗുമ്പെല്ല സലേഷ്യൻസ് ഓഫ് ഡോൺബോ സ്കോ എത്യോപ്യ, ലിജി സജീവ്.

**അന്നമ്മ ആന്റണി**

മണർകാട്:ഐരാറ്റുനട പെരുംതോട്ടത്തിൽ അന്നമ്മ ആന്റണി അന്തരിച്ചു.



**ഫാ. ജോസഫ് കല്ലേപ്പള്ളി**

കോഴിക്കോട്: ഈശോ സഭാംഗമായ ഫാ. ജോസഫ് കല്ലേപ്പള്ളി (81) അന്തരിച്ചു. കോട്ടയം പെരുമ്പയിൽകാട് സ്വദേശിയാണ്. ന്യൂയോർക്ക് അതിരൂപതയിലും പ്രവർത്തിച്ചിട്ടുണ്ട്. ഒരു വർഷമായി കോഴിക്കോട് മലാപ്പറമ്പിലുള്ള ക്രൈസ്റ്റ് ഹാളിൽ ചികിത്സയിലായിരുന്നു. ഈശോസഭാ കേരള പ്രവിശ്യയുടെ മുൻ പ്രൊവിൻഷ്യൽ, കോഴിക്കോട് സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ പ്രധാന അധ്യാപകൻ, തിരുവനന്തപുരം ലയോള സ്കൂൾ, സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, കണ്ണൂർ സെന്റ് മൈക്കിൾസ് സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകൻ, നെയ്യാറ്റിൻകര മുകുന്ദറ ലയോള സ്കൂൾ, മലാപ്പറമ്പ് സ്കൂൾ മാനേജരുമായി സേവനം അനുഷ്ഠിച്ചു.



**അമ്മിണിതോമസ്**

ഫിലാഡൽഫിയ : കുമ്പനാട് ചുണ്ടമണ്ണിൽ പനച്ചനില്ക്കുന്നതിൽ പരേതനായ സി.പി.ടി. തോമസിന്റെ ഭാര്യ അമ്മിണിതോമസ് (87) ജൂൺ ഏഴാംതീയതി വെ ള്ളിയാഴ്ച ഫിലാഡെൽഫി യായിൽ അന്തരിച്ചു. പരേത തിരുവല്ല കാവുംഭാഗം ചേരി പ്പറമ്പിൽ കുടുംബാംഗമാണ്. കേരളത്തിലും നാഗാലാന്റിലും ഹിന്ദി അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിലേക്ക് ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ അവസാനത്തോടെ എത്തി. ഇവിടെ പതിനാറു വർഷത്തോളം ജോലി ചെയ്തു. മക്കൾ : മിനി, മീന, മനോജ്, മിൻസി. മരുമക്കൾ : ജിജി (നൈനാൻ മത്തായി), രവി, രേണു (എല്ലാവരും യു.എസ്), പരേതനായ ഷില്ലർ വൂൾ.



**മോളി തോമസ്**

കല്ലറ: പുത്തൻപുരയിൽ പരേതനായ പി. ഐ. തോമസിന്റെ ഭാര്യ മോളി തോമസ് (88) നിര്യാതയായി. പരേത മാന്നാനം മാറമംഗലം കുടുംബാംഗമാണ്. മക്കൾ: ശാന്തമ്മ, സാബു, റ്റെസി, മിനി, സിബിച്ചൻ, സിനി (എല്ലാവരും യുഎസ്എ). മരുമക്കൾ:അബ്രാഹം തെക്കെചാമക്കാലയിൽ, കൈപ്പുഴ, ലിസിസാബു കട്ടത്തുപറമ്പിൽ മുട്ടം, പരേതനായ സ്റ്റാനീസ് മച്ചാനിയ്ക്കൽ രാജഗിരി, റ്റോണികളത്തിൽ എസ്എച്ച് മൗണ്ട്, അലക്സീന സിബി വടശേരികുന്നേൽ, കിടങ്ങൂർ, ജോബി നെല്ലിയ്ക്കൽ പേരൂർ.

**മറിയാമ്മ ചാക്കോ**

പരുത്തുംപാറ:കരുമാങ്കൽ മറിയാമ്മ ചാക്കോ (കുഞ്ഞമ്മ92) അന്തരിച്ചു. ഭർത്താവ്: പരേതനായ ഉലഹന്നാൻ ചാക്കോ.



**സി.ജി.മാത്യു**

മേമടങ്ങ്: ചാത്തംകോട്ട് സി.ജി.മാത്യു (മത്തച്ചൻ 89) നിര്യാതനായി.ഭാര്യ ആൻസി പുളിങ്കുന്ന് കാഞ്ഞിക്കൽ പുത്തൻപുരയിൽ കുടുംബാംഗം.മക്കൾ: ജറിൻ (യു എസ്എ), ജിഷ, ജിനു. മരുമക്കൾ: അർപ്പണ അറക്കതാഴത്ത്, എറണാകുളം (യു എസ്എ), പോൾ ചാത്തംകണ്ടം, മൂവാറ്റുപുഴ, മഞ്ജു പാലയ്ക്കൽ പാലാ.

**മോളി**

രാമപുരം:വട്ടുകുന്നേൽ മോളി (62) അന്തരിച്ചു. ഭർത്താവ്: പരേതനായ സലിം. മക്കൾ: അരുൺ സലിം, ജോസ്‌വിൻ സലിം. മരുമകൾ: ഡയോണ അരുൺ കുഴിക്കാട്ട് (വാഴത്തോപ്പ്).

**കെ.ജെ.ആന്റണി**

ചങ്ങനാശേരി: കുട്ടംപേരൂർ ചക്കാലയ്ക്കൽ കെ.ജെ. ആന്റണി (അന്തോ നിച്ചൻ-89) അന്തരിച്ചു.



**സിബി കാട്ടാമ്പള്ളി**

തിരുവനന്തപുരം: മലയാള മനോരമ മുൻ അസിസ്റ്റന്റ് എഡിറ്ററും തിരുവനന്തപുരം പ്രസ്ക്ലബ് ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ സിബി കാട്ടാമ്പള്ളി (ജോർജ് തോമസ്,65) അന്തരിച്ചു. എടത്വ പച്ച-ചെക്കിടിക്കാട് കരിക്കംപള്ളി നന്നാട്ടുമാലിൽ പരേതരായ പി.സി. തോമസ്-കാട്ടാമ്പള്ളിൽ ഗ്രേസിക്കുട്ടി ദമ്പതികളുടെ മകനാണ്. ഭാര്യ: കൊച്ചു റാണി ജോർജ് (മുൻ അധ്യാപിക, നിർമല ഭവൻ സ്കൂൾ, തിരുവനന്തപുരം). മക്കൾ: അമ്മു (അസി. പ്രഫസർ, ക്വീൻസ് യൂണിവേഴ്സിറ്റി ബെൽഫെസ്റ്റ്, യുകെ), തോമസ് (സീനിയർ അസോഷ്യേറ്റ്, ബെയിൻ ആൻഡ് കമ്പനി, ഡൽഹി). മരുമകൻ: അരുൺ പുളിക്കൻ (ഡിസൈൻ മാനേജർ, ലെവിസ്റ്റോക്ക്, സിംഗപൂർ).


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News